# മാരാരും
# മലയാള
# സാഹിത്യവും

032:1M99.9
K3

MUL
235662

# മാരാരും
# മലയാളസാഹിത്യവും

UNIVERSITY LIBRARY
18 JUN 1969
MADRAS

(Malayalam)

Mararum Malayalasahityavum

**Literary Criticism**

First Published October 1963

Printed at

INDIA PRESS, KOTTAYAM

Price Rs. 3.50

Copyright

K. M. Kuttikrishna Marar

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

# മാരാരും
# മലയാളസാഹിത്യവും

## സിമ്പോസിയം

NATIONAL BOOK STALL
SPCS LTD.
BR. KOTTAYAM

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം
വില ക. 3.50

Univ. Grants Commission

## കുട്ടികൃഷ്ണമാരാരുടെ കൃതികൾ

ഭാരതപര്യടനം
കൈവിളക്ക്
പലരും പലതും
സാഹിത്യവിദ്യ
സാഹിത്യസല്ലാപം
രാജാങ്കണം
ദന്തഗോപുരം
നിഴലാട്ടം
ചർച്ചായോഗം
മലയാളശൈലി
ഭാഷാപരിചയം
വൃത്തശില്പം
ഭാഷാവൃത്തങ്ങൾ
രഘുവംശം (വ്യാഖ്യാനം)
കുമാരസംഭവം ,,
മേഘസന്ദേശം ,,
വിശ്വാമിത്രൻ
പതിനഞ്ചുപന്യാസം
ഹാസ്യസാഹിത്യം

UNIVERSITY LIBRARY
CHENNAI-600 005
235662
O32:1M99:9
K3

S1518 B940 57/63-64 1-1000

# പ്രസ്താവന

ശ്രീമാൻ കുട്ടികൃഷ്ണമാരാരുടെ ഷഷ്ടിപൂർത്തി പ്രമാണിച്ച് മദിരാശിയിലുണ്ടായ ചർച്ചായോഗത്തിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളും മാരാരുടെ കൃതികളിൽനിന്ന് എന്റെ യുവസ്നേഹിതൻ ശ്രീ എം. ഗംഗാധരൻ തെരഞ്ഞെടുത്ത സാഹിത്യ ചിന്തകളുമാണ് 'മാരാരും മലയാളസാഹിത്യവും'. പൊതുവെ വിമർശനകലയുടെ നിലവാരവും മാരാക്ക് അതിലുള്ള പ്രാഗല്ഭ്യവും എടുത്തുരക്കുന്ന 'സാഹിത്യനിരൂപണത്തെപ്പറ്റി' എന്ന പ്രബന്ധം തികച്ചുമിവിടെ പ്രസക്തമാണെന്നതിനാൽ ലേഖകാനുവാദത്തോടെ ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കയാണ്.

സ്നേഹാദരങ്ങളുടെ സ്വരരൂപങ്ങളാണല്ലോ സർവ്വോപരി അഭികാമ്യം. ആ നിലയ്ക്ക് ഈ കൃതിക്ക്, അതിന്റേതായ ആസ്വാദ്യതയും അന്തസ്സുമുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു.

എം. ഗോവിന്ദൻ

## ഉള്ളടക്കം

1 സാഹിത്യലോകത്തിലെ ഒരു സുദിനം 9

—എം. പി. ശങ്കുണ്ണിനായർ

2 മലയാളത്തിലെ ഒരു ശക്തി 23

—സി. കെ. അപ്പുക്കുട്ടിഗുപ്തൻ

3 മാരാരും സംസ്കൃതവും 29

—ഡോ. കെ. കുഞ്ഞുണ്ണിരാജാ

4 കാളിദാസനും മാരാരും മലയാളിയും 40

—ഡോ. ശ്രീകൃഷ്ണശർമ്മ

5 ഭാരതപര്യടനം 49

—കെ. എൻ. എഴുത്തച്ഛൻ

6 മാരാരും മലയാളശൈലിയും 66

—ജെ. മാത്യൂസ്

7 സാഹിത്യനിരൂപണത്തെപ്പററി 80

—കെ. അയ്യപ്പപ്പണിക്കർ

8 സാഹിത്യത്തെക്കുറിച്ചു മാരാർ 90

—തായാട്ട ശങ്കരൻ

II

**സാഹിത്യം എന്ത്, എന്തിന്?**

—കുട്ടികൃഷ്ണമാരാര്

ഓജസ്സുള്ള പ്രതിപാദനം 105

ഭാഷയുടെ ആയുർവേദം 109

പ്രസരിപ്പുള്ള ഭാഷ 112

| | |
|---|---|
| സാഹിത്യസൃഷ്ടി എന്ന തൊഴിൽ | 115 |
| വൃത്തികേടുകളും സാഹിത്യവും | 119 |
| മഹാകവികളും കാലവും | 120 |
| കവി—മനുഷ്യോൽക്കർഷത്തിൻെറ ചിഹ്നം | 122 |
| സാഹിത്യത്തിൻെറ പരമലക്ഷ്യം | 123 |
| സാഹിത്യവും സമുദായാഭിവൃദ്ധിയും | 128 |
| യാഥാർത്ഥ്യങ്ങൾ സാഹിത്യത്തിൽ | 129 |
| രസനിഷ്പത്തി | 133 |
| അർത്ഥസംവിധാനം | 135 |
| കവിയും സിദ്ധാന്തങ്ങളും | 137 |
| ഭാവവും രൂപവും | 138 |
| സാഹിത്യനിരൂപണം | 140 |
| നൈഷധീയചരിതം | 148 |
| രാമൻെറ ഏകപത്നീവ്രതം | 156 |
| കാവ്യത്തിലെ ദുഃഖം | 164 |
| സ്വതന്ത്രചിന്ത | 168 |
| സംസ്കൃതപഠനം | 170 |
| മനുഷ്യത്വവും സംസ്കാരവും | 172 |
| കലയും സദാചാരവും | 175 |
| ശാശ്വതമൂല്യം | 177 |
| വ്യക്തിത്വമാണ് കാര്യം | 179 |
| നാടകത്തിലെ റിയലിസം | 182 |
| വിശുദ്ധമായ ചിരി | 184 |
| ഹാസ്യസാഹിത്യം | 186 |
| കണ്ണൻെറ അരങ്ങേററം | 189 |
| അധികാരേച്ഛയുടെ രൂപം | 198 |
| പ്രശംസനീയമായ അന്ത്യം | 201 |
| അഖിലനാശത്തിൻെറ വക്കത്ത് | 205 |

എം. പി. ശങ്കുണ്ണിനായർ

# സാഹിത്യലോകത്തിലെ ഒരു സുദിനം

മാരാരുടെ ഷഷ്ടിപൂർത്തി ഒരു ഗൃഹോത്സവം മാത്രമല്ലേ? സാഹിത്യലോകത്തിൽ അതു് ഒരു സുദിനമായതെങ്ങനെ? വിദ്യാലയങ്ങളിലോ സർവ്വകലാശാലകളിലോ കയറിക്കൂടി പഠിപ്പിച്ചും പാഠപുസ്തകനിർണ്ണയംകൊണ്ടു സാഹിത്യവ്യവസായികളെ രഞ്ജിപ്പിച്ചും നാട്ടനീളെ പരിവാരങ്ങളെ നിർത്തുവാൻ മാരാക്കു കഴിഞ്ഞില്ല; അദ്ദേഹം ഒരു എം. ഏ. യോ പിഎച്ച്. ഡി. യോ കരസ്ഥമാക്കിയിട്ടില്ലല്ലോ. അക്കാദമിയെന്ന ഖജാനയുടെ കള്ളത്താക്കോൽ ശക്തിസൂചകമായി കയ്യിൽ വെച്ചു് ആശ്രിതന്മാരെ വിളിച്ചുകൂട്ടുവാൻ മാരാക്കു സാധിച്ചില്ല; സക്കാർ അദ്ദേഹത്തെ നല്ലവണ്ണം കൺ മിഴിച്ചു് കാണുകപോലും ചെയ്തിട്ടില്ലല്ലോ. പ്രാമുഖ്യമുള്ള പത്രവാരികാദികളുടെ നായകത്വം നേടി സാഹിത്യസാമ്രാജ്യത്തിൽ രക്ഷാശിക്ഷകൾ നടത്താൻ മാരാക്കു തരം കിട്ടിയിട്ടില്ല. അദ്ദേഹം അക്ഷരസംശോധകൻമാത്രമാണല്ലോ. അപ്പോൾ മാരാർ മററാരുമല്ലാത്തതുകൊണ്ടു് അദ്ദേഹത്തെ മാനിക്കുമ്പോൾ നിങ്ങൾ വെറും സാഹിത്യകാരനെ മാനിക്കുകയാണു്. വിലക്ഷണമായ തൻെറ വീക്ഷാരീതിനിമിത്തം ഏറെ

പ്പേരെ അദ്ദേഹം അധിക്ഷേപിച്ചു; പൊതുജനമെന്ന ഇഷ്ടദേവതയെ കഴുതയെന്നു ഭർത്സിച്ച് മാനം കെടുത്തി. എന്നിട്ടും ജനങ്ങൾ ഈ ഷഷ്ടിപൂർത്തിയും ആഘോഷിച്ചു കളയാമെന്നു വെച്ചതു് കഴുതയായതുകൊണ്ടുതന്നെയോ? അല്ല എന്നതാണു് സത്യം.

പഴയ രീതിയിൽ സംസ്കൃതവിദ്യാഭ്യാസം മാത്രമേ മാരാർ നേടിയിട്ടുള്ളു. പൗരസ്ത്യവിദ്യകൾക്കു വിലയിടിഞ്ഞ ഒരു കാലഘട്ടത്തിലായിരുന്നു അദ്ദേഹത്തിൻെറ വളച്ച്. നമ്മുടെ ഭാഷകൾക്കും സാഹിത്യത്തിന്നും ചുമക്കേണ്ടിവന്ന ദുസ്സഹമായ ക്ലേശഭാരം മാരാരുടെ ജീവിതവീക്ഷണത്തിന്നു തെല്ലൊരു പാരുഷ്യം വരുത്തിവെച്ചിട്ടുണ്ടെന്നതു് വ്യക്തമത്രേ. സ്വന്തം അരിഷ്ടുകൾക്കു കാരണമായ സംസ്കൃതവിദ്യാഭ്യാസത്തെ അദ്ദേഹം ചിലപ്പോഴൊക്കെ തള്ളിപ്പറയുമെന്നു കേട്ടിട്ടുണ്ടു്. എന്നാൽ ആ പാരമ്പര്യമാണു് മാരാരുടെ അധൃഷ്യമായ ബലം. പദചിന്ത, രസഭാവചർച്ച, വ്യാഖ്യാനം, അലങ്കാരനിർവ്വചനം എന്നീ പഴയ രീതിയെ ധിക്കരിച്ച് പാശ്ചാത്യമായ ഒരു കാവ്യചിന്താരീതി മലയാളസാഹിത്യത്തിൽ വന്നുകയറുന്നതായി മാരാർ കണ്ടു. കാല്പനികപ്രസ്ഥാനത്തിൻെറ സമുദയത്തോടുകൂടി കേരളത്തിലെ കവിഭാവന സ്വതന്ത്രമായി. കവിഭാവനയുടെ പൂർവ്വഗാമിയും അനുഗാമിയുമായ വിമർശകഭാവനയേയും ഈ പരിവർത്തനം ബാധിച്ചു. പുതിയ ചിന്താരീതികളെ അവയുടെ മൂലസ്ഥാനത്തുവെച്ച് നേരിട്ടുതന്നെ മനസ്സിലാക്കുവാൻ മാരാരുടെ പ്രയത്നത്തിൻേറയോ മേധയുടേയോ തുച്ഛമായ ഒരു ഭാഗംമാത്രമേ ചെലവിടേണ്ടിയിരുന്നുള്ളൂ. എന്നാൽ അദ്ദേഹം അവയെ ഇംഗ്ലീഷുഭാഷയിലൂടെ സമീപിക്കുകയല്ല ചെയ്തതു്. നൂതനവിദ്യാഭ്യാസമുള്ളവർ മലയാളഭാഷയിൽ എഴുതിവന്ന

പ്രബന്ധങ്ങളെ സൂക്ഷ്മമായും വ്യാപകമായും മാരാർ അദ്ധ്യയനം ചെയ്തു; മനനം ചെയ്തു; പഴയ നിലപാടിന്റെ ബലവും ബലഹീനതയും കണ്ടുപിടിച്ചു. ഒരു വാജീകരണം കഴിച്ച് അദ്ദേഹം കളിക്കിറങ്ങി. പിന്നീടുള്ള കളി സന്ദശ്കരിൽനിന്നു കരഘോഷം വാങ്ങുന്നതായിരുന്നു. ശക്തന്മാരില്ലാതെ മിക്കവാറും ഒഴിഞ്ഞുകിടന്നിരുന്ന കളിസ്ഥലം കണ്ടു് ജോസഫ് മുണ്ടശ്ശേരി പാശ്ചാത്യഗ്രന്ഥങ്ങളോടുള്ള നിരന്തരപരിചയവും ശബ്ദഘോഷവും അല്പസ്വല്പം സംസ്കൃതജ്ഞാനവും അനല്പമായ ഹുങ്കൃതിയും പോർവിളികളുമായി കളിക്കാനിറങ്ങിയതും അക്കാലത്താണു്; അപ്പപ്പോൾ വായിക്കുന്ന ഇംഗ്ലീഷുപുസ്തകങ്ങളിൽ താൻ കണ്ട പുതുതന്ത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഈ മിന്നൽപ്പോർ മിക്കവാറും സംസ്കൃതപാരമ്പര്യത്തിൻെറ മാറിനെ ഉന്നംവെച്ചുകൊണ്ടായിരുന്നു. അങ്ങനെ മുണ്ടശ്ശേരി കളിച്ചു കയറുമ്പോഴാണു് പദവൃത്താലങ്കാരമാത്രജ്ഞൻ എന്നു പരിഹസിക്കപ്പെട്ട ഒരു പൗരസ്ത്യപണ്ഡിതൻ കാക്കശ്ശേരിയെപ്പോലെ മട്ടസ്സുടുത്തു് ഗോളിയായി നിലയുറപ്പിച്ചതു്. പിന്നീടു് പ്രതിദ്വന്ദ്വി തട്ടിയ ഒരു പന്തും ഈ ഗോളിയുടെ എതിർത്തട്ടുകൊണ്ടു് തെറിക്കാതിരുന്നിട്ടില്ല. ഏററവും കിഴിഞ്ഞവൻെറ വേഷത്തിൽ അർദ്ധനഗ്നനായ മഹാത്മജി സർവ്വാംഗം മിന്നുസത്തുണിയിൽ പൊതിഞ്ഞ വമ്പനാം ധ്വരയോടു് ഒപ്പത്തിനൊപ്പവും മെച്ചവും പറയുമ്പോൾ ഇന്ത്യക്കാക്കുണ്ടായിരുന്ന ആരസമായിരുന്നു പ്രസ്തുതസമരപരിപാടി കണ്ടുനിന്ന എന്നെപ്പോലുള്ളവക്കു്.

ഇത്തരം തക്കങ്ങൾ വെറും വ്യക്തികലഹങ്ങളല്ല. എന്തെങ്കിലും ഒരു സംഭവത്തേയോ ആശയത്തേയോ മറേറാ കേന്ദ്രമാക്കി ഘോരങ്ങളായ വിവാദങ്ങൾ മിക്ക

നാട്ടുകളിലും പല കാലങ്ങളിലും പൊട്ടിപ്പുറപ്പെട്ടുന്നതായി ക്കാണാം. സോള, ഒസ്കാർ വൈൽഡ്, മാർക്സ്, ബർനാഡ് ഷാ, ചെസ്റ്റർട്ടൺ, വെൽസ് മുതലായവരുടെ കാലങ്ങളിൽ പല വിവാദങ്ങൾ നടന്നതായും അവർ വീറോടെ പങ്കുകൊണ്ടതായും ചരിത്രപുസ്തകങ്ങളിൽ നാം വായിക്കാറുണ്ടല്ലോ. ആശയലോകത്തിലെ ഇത്തരം പ്രക്ഷോഭങ്ങൾക്കു വിശ്രുതമാണ് ഫ്രാൻസ്. ദ്വിതീയാക്ഷരപ്രാസവാദം, ബാലാകലേശവാദം, കവിരാമായണയുദ്ധം എന്നിങ്ങനെ ചായക്കോപ്പയിലെ കൊടുങ്കാററു പോലുള്ള ചില ശണ്ഠകൾ മലയാളസാഹിത്യത്തിലും ഉണ്ടായിട്ടുണ്ട്. അടുത്തകാലത്തുവെച്ച് അന്തരംഗങ്ങളായ ആശയതക്കങ്ങൾ നടന്നു. രാജ്യമാസകലം ചിന്താശക്തിയെ സമേധനം ചെയ്യുന്നതിന്നും വ്യക്തമായ ചേരിപിരിവിന്നും നാമോരോരുത്തരും എവിടെ നില്ക്കുന്നുവെന്നു സ്പഷ്ടമാകുന്നതിന്നും വിനോദത്തിന്നും മറ്റും ഈ തക്കങ്ങൾ പ്രയോജനപ്പെടാറുണ്ട്. കേരളക്കരയിൽ ഇക്കഴിഞ്ഞ ഒരു പുരുഷാന്തരത്തിൽ നടന്നിട്ടുള്ള വിവാദസംഗരങ്ങളുടെ മുന്നണിയിൽ പല കൈനിലകളും കാണാം. ഓരോ കൈനിലയിലും നേതാവും അകമ്പടിക്കാരുമുണ്ട്. എന്നാൽ മുൻവരിയിൽത്തന്നെയുള്ള ഒരു കൈനിലയിൽ ഒററയായി നിന്നു സമരം ചെയ്തുവന്ന ഒരു വ്യക്തിയുണ്ട്. അദ്ദേഹമാണ് കുട്ടികൃഷ്ണമാരാർ. തൻെറ പാർശ്വത്തിൽ സഹായിയായി നില്ക്കാൻ ആരെയും അദ്ദേഹം സമ്മതിച്ചിരുന്നില്ല. ജോസഫ് മുണ്ടശ്ശേരി ഈയിടെ പ്രസിദ്ധീകരിച്ച 'കൊഴിഞ്ഞ ഇലകൾ' എന്ന ആത്മകഥാസ്മൃതിയിൽ പറയുകയാണ്: "നമ്മുടെ സാഹിത്യകാരന്മാരിൽ മിക്കവരും തങ്ങൾക്കാരാധകന്മാരെക്കിട്ടാൻ നടക്കുമ്പോൾ ശ്രീ മാരാർ തനിക്കാരാദ്ധ്യന്മാരെ കിട്ടാനാവും ശ്രമിക്കു

ന്നതു്." (ഭാഗം 224) അടുത്തകാലംവരെ മാരാക്കു് ആരാധകന്മാരുണ്ടായിരുന്നില്ല. ഏതു പ്രതിവാദിയേയും അദ്ദേഹം ഒററയ്ക്കു് എതിർത്തു തോല്പിക്കും. ശ്രീ രാജരാജവർമ്മ സാഹിത്യലോകത്തിൽ കിരീടപതിയായി വാണ ഒരു കാലമുണ്ടായിരുന്നു. രാജരാജൻെറ കിരീടം അഴിച്ചു വെപ്പിച്ചതു്, മാരാരുടെ യൗവനാരംഭത്തിലെ ഒരു സാഹസമത്രേ. സഞ്ജയൻ ഒരവതാരമാണെന്നു പലരും ധരിച്ചുവശായപ്പോൾ, പാറപ്പുറത്തു കയറി അദ്ദേഹത്തിന്റെ കാൽ വാരി മറിച്ചിട്ടതും മാരാരുതന്നെ. പ്രഫസർ ശങ്കരൻനമ്പ്യാർ ചുളിവു പററാതെ സൂക്ഷിച്ചിരുന്ന സില്ക്കു കോട്ടു് പിച്ചിച്ചീന്തിയതും മറെറാരാളല്ല. സ്വകൃത്യം സമാപ്തപ്രായമായപ്പോൾ തന്റെ കീർത്തിയിൽനിന്നു് ഒരോഹരി വാങ്ങാൻ മാത്രം നീട്ടിയ ആ പ്രഭുഹസ്തത്തെ തട്ടിക്കളഞ്ഞു് സാഹിത്യലോകത്തിലെ സംരക്ഷകസ്ഥാനം സാമാന്യജനങ്ങൾക്കു കൊടുത്ത സാമുവൽ ജോൺസൻെറ ലേഖംപോലെ ഒരു പൊളിച്ചെഴുത്തായിരുന്നു, മാരാരുടെ 'കലാകമലാവിവാദം.' പിന്നെപ്പിന്നെ മാരാരാൽ ആക്രമിക്കപ്പെട്ടുകയെന്നതുതന്നെ ഒരു മാന്യതയായി പലരും കരുതാൻ തുടങ്ങി. ഒരു തലമുറക്കാലമായി സാഹിത്യരംഗത്തിലെ പ്രധാന വാദപ്രതിവാദങ്ങളിലെല്ലാം പങ്കുകൊണ്ട ഊർജ്ജസ്വലനായ താർക്കികൻ എന്ന നില ഇന്നു ജീവിച്ചിരുപ്പുള്ള സാഹിത്യകാരന്മാരിൽ മാരാക്കുമാത്രമേ ഉള്ളു. പ്രതിവാദിഭീഷണനായ മാരാർ വിവാദസംഗരങ്ങളിൽ മാന്യന്മാർ വർജ്ജിക്കേണ്ട വാക്പാരുഷ്യം കൈക്കൊള്ളുന്നു എന്ന പരാതിയുണ്ടു്. എന്നാൽ വ്യക്തിദൂഷണത്തിലേക്കു് ഒരിക്കലും അദ്ദേഹം വഴുതാറില്ല. മാത്രമല്ല, പലപ്പോഴും മാർദ്ദവം കാണിക്കാറുമുണ്ടു്. സരസ്വതിയുടെ അവതാരമെന്നു പറയാവുന്ന ഒരു നിരൂപിക

ഈയിടെ തന്നോട്ട കൂടയുദ്ധം തുടങ്ങിയപ്പോൾ, മാരാർ ശിഖണ്ഡിയെക്കണ്ട ഭീക്ഷ്മരെപ്പോലെ യുദ്ധവിമുഖനായി എന്നു സമീപസ്ഥന്മാർ പറയുന്നു.

ചോദ്യംചെയ്യുന്ന ഈ സ്വഭാവവും താക്കികത്വവും യുക്തിവിചാരതാല്പര്യവും മാരാക്ക് എവിടെനിന്നു കിട്ടി? കുറെയെല്ലാം അദ്ദേഹത്തിൻെറ സ്വഭാവത്തിലെ ഘടകങ്ങളായിരിക്കാം. എന്നാൽ ഈ ഘടകങ്ങളെ ബലപ്പെടുത്തിയ ഒരു സംഭവം ഞാൻ കേട്ടിട്ടുള്ളതു പറയാം. കുട്ടികൃഷ്ണമാരാർ പൗരസ്ത്യവിദ്യാപ്രചരണത്തിൽ വ്യാപൃതനായിരുന്ന പുന്നശ്ശേരിനമ്പിയുടെ ശിഷ്യനാണ്. എന്നാൽ മാരാരുടെ പ്രേഷ്ഠനായ ഗുരുനാഥൻ ശംഭുശർമ്മ എന്നൊരു തുളുബ്രാഹ്മണനായിരുന്നു. യൗവനത്തിലേ മരിച്ചുപോയ ഈ ശർമ്മ പൗരസ്ത്യവിദ്യകളിൽ കണ്ണുതെളിഞ്ഞവനും അതിമേധാവിയും അക്കാലത്ത് വൈദേശികരുടെ ഭരണത്തെ കളിയാക്കി 'സാത്വികസ്വപ്നഃ' എന്നൊരു സംസ്കൃത ഖണ്ഡകാവ്യം രചിക്കത്തക്കവിധം ഉല്പതിഷ്ണുവുമായിരുന്നുവത്രേ. ശിരോമണിപരീക്ഷ തുടങ്ങിയ വർഷത്തിൽ ആദ്യത്തെ വിദ്യാർത്ഥിയായ മാരാരെ അദ്ദേഹം അലങ്കാരശാസ്ത്രം പഠിപ്പിച്ചു. ഗുരുശിഷ്യബന്ധം കമ്പോളച്ചരക്കായ ഇക്കാലത്ത് ഈ പഴങ്കഥ പരിഹാസാസ്പദമാകാനിടയുണ്ട്. എങ്കിലും ഞാൻ ഈ സംഭവം അപ്രസ്തുതമായി കരുതുന്നില്ല. കാശ്മീരത്തുകാരനായ മഹിമഭട്ടൻ സംസ്കൃതഭാഷയിൽ 'വ്യക്തിവിവേകം' എന്നൊരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. കുറെക്കാലം പ്രചാരലുപ്തമായിക്കിടന്നിരുന്ന ഈ വാദഗ്രന്ഥം ചിന്തോദ്ദീപകമായ രീതിയിൽ ശംഭുശർമ്മയിൽനിന്നു പഠിക്കുവാൻ മാരാക്കും മാരാരെ പഠിപ്പിക്കുവാൻ ശംഭുശർമ്മക്കും ഭാഗ്യമുണ്ടായി, എന്നു പറഞ്ഞാൽ, എനിക്കു കിട്ടിയിട്ടുള്ള റിപ്പോർട്ടുകൾപ്രകാരം,

അതിശയോക്തിയാവില്ല. മാരാരുടെ ചിന്താരീതിയെ തുലോം ബാധിച്ച ഒരു കൃതിയാണ് 'വ്യക്തിവിവേക'മെന്ന് എനിക്കു തോന്നുന്നു. പ്രസ്തുത ഗ്രന്ഥം പഠിച്ച ലഹരിയിലല്ലേ, അദ്ദേഹം 'ഭാഷാഭൂഷണ'ത്തെ ധിക്കരിച്ചുകൊണ്ട് അന്ന് 'സാഹിത്യഭൂഷണം' നിമ്മിച്ചതു് എന്നു ഞാൻ സംശയിക്കുന്നു. പൂവ്വസിദ്ധാന്തങ്ങളെ ചോദ്യംചെയ്യുക, വിചാരാംശത്തിന്നു പ്രാധാന്യംനല്കുക എന്നീ പരിപാടികൾ മഹിമപ്പെടുന്നു പ്രിയങ്കരങ്ങളത്രേ. ഇംഗ്ലീഷുഭാഷയിലെ ചില പ്രാമാണികഗ്രന്ഥങ്ങൾ വായിക്കാതെ എങ്ങനെയാണ് മാരാർ 'മലയാളശൈലി' നിമ്മിച്ചതെന്നു സഞ്ജയൻ അത്ഭുതപ്പെടുകയുണ്ടായി. എന്നാൽ കാവ്യദോഷങ്ങളെ അഞ്ചായി തരംതിരിക്കുന്ന 'വ്യക്തിവിവേക'ത്തിലെ ദോഷപ്രകരണം വായിച്ചിട്ടുള്ളവക്ക് അങ്ങനെയൊരത്ഭുതമുണ്ടാവില്ല. ആ പഴയ സംസ്കൃതഗ്രന്ഥത്തെ അനുസരിച്ചാണ് 'മലയാളശൈലി' രചിച്ചിരിക്കുന്നതു് എന്നല്ല വിവക്ഷിതം. 'വ്യക്തിവിവേകം' മാരാരുടെ ചിന്താഗതിയെ സ്വാധീനിച്ചിട്ടുണ്ടെന്നു മാത്രം.

ചോദ്യംചെയ്യുന്ന മനോഭാവത്തിന്നു വിപരീതമായി മറെറാരു വശമുണ്ട്; സങ്കീൎണ്ണങ്ങളായ കാൎയ്യങ്ങളെ ചിട്ടപ്പെടുത്തുവാനും മാരാർ മിനക്കെടുന്നു. കുടനിവൎത്തുക, കുടുക്കിടുക മുതലായ കമ്മങ്ങളിൽ അദ്ദേഹത്തിന്നുള്ള ബേജാറിനെപ്പററി എഴുതിക്കണ്ടിട്ടുണ്ട്. ശരിയായിരിക്കാം. എന്നാൽ 'വൃത്തശില്പ'ത്തിലും 'മലയാളശൈലി'യിലും മററും നാം കാണുന്നതു് ക്രമപ്പെടുത്താനും അച്ചടക്കം പരിപാലിക്കാനും ഒരുങ്ങിയ നിയമജ്ഞനെയാണ്. മിക്ക മനുഷ്യരുടേയും സ്വഭാവത്തിൽ വിരുദ്ധഘടകങ്ങൾ കാണാം. മാരാർ പൎയ്യനുയോഗംചെയ്യാൻ മടിക്കാറില്ല; എന്നാൽ കുഴപ്പവും ക്രമരാഹിത്യവും അദ്ദേഹ

ത്തിന്നു ദുസ്സഹമാണു്. സാമൂഹ്യമായ കലക്കങ്ങൾ കാണുമ്പോൾ ആഹ്ലാദിക്കുന്ന ചിലരുണ്ട്. കലക്കത്തു കുഞ്ചൻ നമ്പ്യാരുടെ പ്രതിഭ ഇമ്പംകൊള്ളുന്നതു് ഇത്തരം സന്ദർഭങ്ങളിലത്രേ. ആനയോട്ടം, സവ്വാണിസ്സദ്യ, ഗൃഹകലഹം, പടയോട്ടം, ഘോഷയാത്രകൾ, കൂട്ടത്തല്ലു്, വിപ്ലവം, വിമോചനസമരം എന്നീ ക്രമലംഘനങ്ങളിലെല്ലാം എന്തോ അവാച്യമായ ഒരാനന്ദം അദ്ദേഹം അനുഭവിക്കുന്നതായി ത്തോന്നും. ഇതു് അപൂവ്വമായ ഒരു സിദ്ധിതന്നെ. എന്നാൽ മാരാക്കുള്ളതു് സങ്കീർണ്ണതകളെ നിയമബദ്ധമാക്കാനുള്ള ഒരു വാസനയാണു്. മാത്രമല്ല, താനേപ്പെട്ടിട്ടുള്ള പ്രവൃത്തി ജീവപ്രധാനമാണു് എന്ന വിശ്വാസം അദ്ദേഹത്തിൻെറ ഗൗരവഭാവത്തേയും അഭിനിവേശത്തേയും വദ്ധിപ്പിക്കുന്നു; എന്നാൽ സമചിത്തതയ്ക്കോ യുക്തിവിചാരനിഷ്ഠുരതയ്ക്കോ യാതൊരു കുറവുമില്ല. ഈ വിരുദ്ധഘടകങ്ങളും മാരാരുടെ ഭാവനയിൽ ഇണങ്ങുന്നു.

'ഒരു വിശിഷ്ടവ്യക്തിയുടെ ആത്മാവിഷ്കരണം മററൊരു വിശിഷ്ടവ്യക്തിയിലുണ്ടാക്കിയ ഫലത്തിന്റെ കലാപരമായ ആവിഷ്കരണം' എന്നിങ്ങനെ മാരാർ സ്വയം നിവ്വചിച്ചിട്ടുള്ള വിമശ്നത്തിൽ, മുൻനിർദ്ദേശിച്ച സ്വഭാവവിശേഷങ്ങൾക്കുമാത്രമല്ല, വ്യക്തിനിഷ്ഠമായ രുചിവിശേഷങ്ങൾക്കും സ്ഥാനമുണ്ട്. കവി മുതല്ക്കു വായനക്കാരൻ വരെയുള്ള ദൂരത്തെ ഒരു രേഖാരൂപത്തിൽ സങ്കല്പിച്ചാൽ, ആ രേഖയിലെ പല ബിന്ദുക്കളിലും നിന്നുകൊണ്ടു വിമശ്നം നടത്താം. കവി നില്ക്കുന്ന ബിന്ദുവിൽ നില്ക്കാം; കവിയെ പിന്നിൽ നിത്തി അദ്ദേഹത്തിൻെറ വക്താവായി സേവനം ചെയ്യാം. മിക്കവാറും വായനക്കാരന്റെ സ്ഥാനത്തുതന്നെ നില്ക്കാൻ ഇഷ്ടപ്പെടുന്നവരുമുണ്ടു്. ചിലർ അവിടെനിന്നു് അല്പം മുന്നോട്ടു

കയറി വായനക്കാരനു വെളിച്ചം കാട്ടിക്കൊടുക്കുന്ന നേതാവിന്റെ സ്ഥാനം സ്വീകരിക്കുന്നു. കവിയുടെ പിൻഭാഗത്തേക്കു നീങ്ങി പൂൎവ്വകാലനിയമങ്ങൾവെച്ചു ലക്ഷണയോജനം ചെയ്യുന്ന നിരൂപകന്മാർ ഇന്നും നിലവിലുണ്ടുതാനും. വായനക്കാരന്റേയോ കവിയുടേയോ ഒപ്പം നില്ക്കുവാൻ മാരാൎക്കു വിഷമമുണ്ട്. ഒന്നുകിൽ വക്താവ്; അല്ലെങ്കിൽ നേതാവ്. എന്നാൽ മാരാരുടെ ശക്തിവലയത്തിൽ പ്രവേശിച്ചവൻ, വായനക്കാരനായാലും കവിയായാലും, പുറത്തു കടക്കാൻ ക്ലേശിക്കേണ്ടിവരും. താൻ വിമൎശനത്തിന്നെടുത്ത കാവ്യങ്ങളിൽ ഒരു കുത കുത്തുവാൻ—ഒരു ചായ്‌വുണ്ടാക്കാൻ—സാധിച്ചിട്ടുള്ള ഏക വിമൎശകൻ നമ്മുടെ സാഹിത്യത്തിൽ മാരാരാണ്. ആ ചായ്‌വ് പില്ക്കാലത്തു വരുന്ന വായനക്കാരനെ സ്വാധീനിക്കാതിരിക്കില്ല. ഇങ്ങനെ കാവ്യങ്ങളിൽ ഒരു കുത കുതച്ചു വിടുന്നതു് ഉചിതമാണോ? കാവ്യങ്ങൾക്കു ജനനക്ഷണത്തിലുള്ള പുതുമയെ— അപരിക്ഷതത്വത്തെ— അന്യൂനമായി സൂക്ഷിക്കുകയല്ലേ വേണ്ടതു്? സഹൃദയനു വിമൎശകന്റെ സാന്നിദ്ധ്യംകൂടി അനുഭവപ്പെടുന്നതു് നന്നോ? ഇങ്ങനെയൊക്കെ ചോദ്യങ്ങളുണ്ടാകാം. എന്നാൽ വിമൎശനം ഒരു കലയാണ്; അതിന്നു പല മാൎഗ്ഗങ്ങളുമുണ്ടു് എന്നേ പറയാവൂ. നിങ്ങൾക്കു് ഒരു നദിയുടെ സ്രോതസ്സിനെ യഥാസ്ഥിതരൂപത്തിൽ ഉപയോഗപ്പെടുത്താം. അല്ലെങ്കിൽ അണ കെട്ടി യഥേഷ്ടം തിരിച്ചുവിടാം. മാരാരുടെ വിമൎശനം നിഷ്കൃഷ്ടമായ ഒരു നദീതടപദ്ധതിയാണ്; അണ കെട്ടി വെള്ളം തിരിക്കലാണ്. എന്നാൽ വെള്ളം നദിയുടെതന്നെ. കാവ്യങ്ങളെ വ്യാഖ്യാനിക്കുന്നതിൽ വിമൎശകന്നു സ്വാതന്ത്ര്യം വേണമെന്നു് ആബർക്രോമ്പി മൂന്നു ദശാബ്ദങ്ങൾക്കു മുമ്പ് വാദിക്കുക

യുണ്ടായി. നാമാകട്ടെ, 'വ്യാഖ്യാതാ വേത്തി' എന്ന ന്യായത്തിന്മേൽ നേരത്തെത്തന്നെ ഈ സ്വാതന്ത്ര്യം ആവശ്യത്തിലധികം സമ്മതിച്ചു കൊടുത്തിരിക്കുന്നു. കാവ്യങ്ങൾ കാലാന്തരത്തിൽ പുതിയ അർത്ഥങ്ങൾ ചേർന്നു കനപ്പെട്ടു വരുന്നു എന്നിങ്ങനെ ടി. എസ്. എലിയറ്റ് വാദിച്ചതും സ്മർത്തവ്യമാണ്. ചിന്താവിഷ്ടയായ സീത, നളചരിതം ആട്ടക്കഥ, കണ്ണുനീർത്തുള്ളി, മേഘസന്ദേശം, സ്വപ്നവാസവദത്തം, കുമാരസംഭവം മുതലായ കൃതികളെ പുനസ്സൃഷ്ടി ചെയ്തു മാരാർ എഴുതിയ വിമർശനങ്ങൾ അദ്ദേഹത്തിന്റെ പദ്ധതിക്കു തികഞ്ഞ നിദർശനങ്ങളത്രേ. ക്ലാസിക്കുകളുടെ വിമർശനത്തിലാണ് അദ്ദേഹം തികച്ചും ശോഭിക്കുക. പുതുകാവ്യങ്ങളുടെ വിമർശനം ചിലപ്പോൾ ഒന്നാംകിടയായില്ലെന്നു തോന്നാം. രാജാങ്കണങ്ങളിൽ വിഹരിച്ചവന്നു് ഇടത്തെരുവുകൾ അത്രയും സുഖകരങ്ങളായിരിക്കയില്ലല്ലോ.

ക്ലാസിക്കുകളിൽ ഉറച്ചു നില്ക്കുന്ന മാരാർ വിമർശനത്തിന്റെ മൗലികതത്വങ്ങളായി സ്വീകരിക്കുന്നതു് ജീവിതമൂല്യങ്ങളെത്തന്നെയാണ്. ജീവിതത്തേക്കാൾ വലിയതു് കലയാണെന്ന വിഡ്ഢിവാദം അദ്ദേഹം പുറപ്പെടുവിക്കുകയില്ല. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന്നു കാവ്യവ്യാഖ്യാനത്തിൽനിന്നു തുടങ്ങി, കാവ്യനിരൂപണത്തിലെത്തി, ഒടുക്കം ജീവിതവിമർശത്തിലേക്കു കടക്കേണ്ടിവന്നതു്. മാരാർ കണക്കിലെടുക്കുന്ന ജീവിതമൂല്യങ്ങൾ സ്ഥാവരങ്ങളാണെന്നും ചരിത്രബാഹ്യങ്ങളാണെന്നും മററും ആക്ഷേപിക്കപ്പെട്ടിട്ടുണ്ട്. വിമർശകരുടെ വിപ്രതിപത്തികളെപ്പററി അദ്ദേഹം പറയുന്നു: "അനിർവ്വചനീയമായ ഒരു സൗന്ദര്യമുണ്ട്. വിമർശനങ്ങൾ ആ തത്വത്തിനോട്ട് എത്രത്തോളം അടുത്തു വരുന്നുവോ അത്രത്തോളം അവയ്ക്കു്

ഐകരൂപ്യമുണ്ടാകുന്നു.'' സ്വയംപ്രകാശങ്ങളായ ഈ ജീവിതമൂല്യങ്ങൾ മിക്കവാറും വിശ്വാസത്തിന്റെ നൂല്പാലത്തിന്മേലാണു നില്ക്കുന്നതെന്നു ന്യായമായും നമുക്കു വാദിക്കാം. പക്ഷേ, അന്യരോട്—അതും ജീവിതത്തിന്റെ പശ്ചിമാർദ്ധത്തിലെത്തിയവരോട്—നിങ്ങൾ വിശ്വസിക്കാൻ പാടില്ലെന്നു പറയാൻ നാമാരാണ്? വിശ്വാസികളുടെ പാളയത്തിൽ മാരാർ ഒററയ്ക്കല്ലതാനും. പാശ്ചാത്യവിമർശനത്തിലും ഈ ചേരിപിരിവുണ്ട്. കാവ്യങ്ങളിലെ കാലികാംശം മുഖ്യാംശത്തിന്മേലുള്ള ഒരു പാട മാത്രമാണ്; ആ പാട നീക്കി സാക്ഷാദവസ്ഥ കാണിച്ചുകൊടുക്കുകയാണ് വിമർശകകൃത്യമെന്നു ചിലർ. കാലികാംശം യഥേഷ്ടം നീക്കാവുന്ന പാടയല്ല; അതിൽനിന്നാണ് അന്തരാത്മാവുപോലും സമുല്പന്നമാകുന്നതെന്നു മററു ചിലർ. രണ്ടുഭാഗത്തും പ്രബലന്മാരുണ്ട്.

മാരാരുടെ ഭാഷാശൈലിയെപ്പററിയും പ്രസ്താവിക്കട്ടെ. ആ ശൈലി പരക്കെ ശ്ലാഘിക്കപ്പെട്ടുവരുന്നതാണല്ലോ. കവിതയും മററും എഴുതുന്നവനേ സാഹിത്യകാരനാവൂ എന്നൊരു ധാരണ മുൻകാലങ്ങളിൽ ചിലർക്കുണ്ടായിരുന്നു; ഗദ്യം ഇടകൈകൊണ്ടെഴുതാവുന്ന ഒരു ലഘുകർമ്മം മാത്രം. മലയാളത്തിൽ ഈ ധാരണയെ നിരസിക്കാൻ പ്രധാനകാരണം മാരാരാണ്. അർത്ഥനിഷ്കർഷയില്ലാത്ത പദങ്ങൾ, വിസന്ധികൾ, പദക്രമത്തിൽ ഉദാസീനമായ വാക്യരചന, വാക്യവൈചിത്ര്യമില്ലാത്ത ഖണ്ഡിക ഇങ്ങനെയെല്ലാമായിരുന്നു പഴയ നില. മാരാരുടെ കടച്ചിൽപ്പണിയാണ് ഈ സ്ഥിതിക്കു വ്യത്യാസം വരുത്തിയതു്. ഇംഗ്ലീഷുക്ലാസ്സുകളിൽ റസ്കിൻ, ഹാസ്ലിററ്, ന്യൂമാൻ മുതലായവരുടെ വാക്യങ്ങൾ വ്യാഖ്യാനി

ക്കാൻ കൊട്ടക്കാറുണ്ടല്ലോ. അത്തരം ഗദ്യം മലയാളത്തിൽ നാം കാണുന്നതു് മാരാരുടെ കൃതികളിൽമാത്രമാണു്. പദനിഷ്കർഷയും പദക്രമനിഷ്കർഷയും ശ്വാസധാരാബന്ധവും ഊർജ്ജസ്വലതയും ആ രീതിയുടെ സവിശേഷതകളത്രേ. 'ഭാരതപര്യടന'ത്തിലെ യുദ്ധാന്ത്യവർണ്ണനം മുതലായ സന്ദർഭങ്ങളിൽ മാരാരുടെ ഗദ്യം പ്രഭാവപൂർണ്ണമാകുന്നതു കാണാം. ചെറുകഥയെഴുതാനും മററും ആ ശൈലി ഉതകിയെന്നു വരില്ല. ഭൗതികശാസ്ത്രത്തിൻെറ വളർച്ചനിമിത്തം നവീനപാശ്ചാത്യഗദ്യം നേടിയിട്ടുള്ള ലാഘവം, കണിശം, പ്രസന്നത മുതലായ ഗുണങ്ങളാകട്ടെ, മലയാളത്തിൽ ഇനിയങ്ങോട്ടുള്ള കാലത്തു് ഉണ്ടാകേണ്ടവയാണു്. എന്നാൽ പ്രസന്നതയുടേയും ലാളിത്യത്തിന്റേയും പേരിൽ ഗദ്യത്തെ ഈർച്ചപ്പൊടിപോലെ വിരസവും ഏകരൂപവുമാക്കാൻ സമ്മതിച്ചുകൂടാ. മലയാളഗദ്യം മാരാരുടെ പ്രവർത്തനങ്ങളിലൂടെ നേടിയതു് ഓജസ്സും പ്രൗഢിയും തന്നെക്കുറിച്ചുള്ള ബോധവുമാണു്; ലാഘവമല്ല. ആ ലേഖനങ്ങളുടെ വിശകലനസ്വഭാവമാണു് ഇതിന്നു കാരണം. വാരാന്ത്യപംക്തികൾ വായിച്ചു മുഴമിച്ചാലോ മൈതാനപ്രസംഗങ്ങൾ കേട്ടുകഴിഞ്ഞാലോ നിങ്ങൾ യാതൊന്നും ലാഭിക്കുന്നില്ല. മാരാരുടെ ഒരു ഖണ്ഡിക വായിച്ചാലോ? നിങ്ങൾ ഏതാനും ഒതുക്കുകൾ കയറിയിട്ടുണ്ടാവും. എന്തു വന്നാലും ആലോചിക്കില്ലെന്നു ശഠിക്കുന്നവർക്ക് മാരാർ ക്ഷണക്കത്തു കൊട്ടക്കാറില്ല. അദ്ദേഹത്തിന്റെ ഭാഷയ്ക്കുള്ള പ്രത്യായനശക്തിയെപ്പററി പലരും വാഴ്ത്തിയിട്ടുണ്ടു്. ശൈലി ആ മനുഷ്യൻതന്നെ എന്ന ചൊല്ലു ബാധകമാവുന്ന ചുരുക്കം ചില സാഹിത്യകാരന്മാരിൽ ഒരാളാണു് മാരാർ. സ്വന്തം സമീഹിതം നേടാൻ മാത്രമല്ല, അതിന്നു പററിയ ഒരുപകരണം നിർമ്മിക്കാൻകൂടി

ചിലർ ശ്രമിക്കുന്നു. മഹാത്മജിതന്നെ ഉദാഹരണം. അദ്ദേഹം തൻെറ കാര്യം സാധിച്ചു; അതിന്നു പററുന്ന വിധം ഒരുപകരണം നിർമ്മിക്കുകയും ചെയ്തു. മാരാരുടെ ശൈലിക്കും ഇതു സംഗതമാണ്. വാദിച്ചു ഫലിപ്പിക്കാൻ തുനിഞ്ഞ മാരാർ മലയാളഭാഷയെ വെട്ടിന്നും തടവിന്നും പററുന്ന ഒരു കുട്ട് വാളും പരിചയുമാക്കി മാററുകകൂടി ചെയ്തു.

'കൈവിളക്ക്' എന്ന പ്രബന്ധസമാഹാരത്തിന്നു കവിതാരൂപത്തിലുള്ള ഒരു മുഖവുരയുണ്ട്. സാരമിതാണ്: 'മാരാർ ഒരു കാമുകനും പ്രപഞ്ചം ഒരു കാമിനിയും. കണ്ടുമുട്ടിയാലുടനെ ഇവർ അധിക്ഷേപിക്കുവാനും കുത്തുവാക്കു പറയാനും തുടങ്ങുകയായി. പക്ഷേ രണ്ടുപേക്കുമറിയാം, ഒരാൾ മററാളുടെ ഉള്ളിലും ഉള്ളിൽ ഇരിപ്പുറപ്പിച്ചിട്ടുണ്ടെന്നു്. ഉദാസീനഭാവത്തിൽ കടന്നുപോവാൻ രണ്ടാൾക്കും സാദ്ധ്യമല്ല.' മാരാക്കും നിങ്ങൾക്കും അഭിപ്രായവ്യത്യാസമുണ്ടാകാം; എനിക്കുമുണ്ട്; ധാരാളമുണ്ട്. എന്നാൽ അദ്ദേഹത്തെ നിസ്സാരനാക്കി കണ്ടില്ലെന്നു നടിച്ച് കടന്നുപോവാൻ നിങ്ങൾക്കാവില്ല. മാരാക്കും അത്രയേ വേണ്ടു.

പൗരസ്ത്യവിദ്യയുടെ രണ്ടു സന്തതികൾ കാലോചിതമായ പാശ്ചാത്യചിന്തകളെ മിക്കവാറും രണ്ടാം കയ്യായിമാത്രം ഉൾക്കൊണ്ട് നമ്മുടെ സാഹിത്യത്തിൽ ഉയന്നു. ഒരാൾ കവിയായി; മറേറ ആൾ വിമശകനായി. കവിയായ ആൾ ശങ്കരക്കുറുപ്പത്രേ; വിമശകനായതു് മാരാരും. രണ്ടുപേരും ഭാരതീയപാരമ്പര്യത്തിൻെറ വിശിഷ്ടപ്രതിഭാസങ്ങൾതന്നെ.

പ്രതിവാദികളെ സ്തബ്ധരാക്കുന്ന താക്കികൻ, താൻ

വിമർശനത്തിന്നെടുത്ത കാവ്യങ്ങളിൽ കുതകൾ കുതച്ച വിമർശകൻ, നിയമങ്ങളെ ചോദ്യം ചെയ്യുന്നവൻ, അതേ സമയത്തുതന്നെ നിയമനിർമ്മാതാവ്, പാരമ്പര്യസംരക്ഷകൻ, ഊർജ്ജസ്വലമായ ഒരു ഗദ്യശൈലിയുടെ ഉടമസ്ഥൻ എന്ന നിലയ്ക്കെല്ലാം മാരാരെ ഈ ഷഷ്ടിപൂർത്തിവേളയിൽ ഞാൻ വണങ്ങുന്നു.

സി. കെ. അപ്പുക്കുട്ടി ഗുപ്തൻ

# മാരാർ—മലയാളസാഹിത്യത്തിലെ ഒരു ശക്തി

നമ്മുടെ എഴുത്തുകാരിൽ മിക്കപേരും ഭാഷാസാഹിത്യരംഗത്തിൽ പ്രവേശിക്കയും പ്രവൎത്തിക്കയും ചെയ്തിട്ടുള്ളതു്, സ്വന്തം ഭാഷയും സാഹിത്യവുമായുള്ള പരിചയത്തേക്കാളധികം പാശ്ചാത്യസാഹിത്യപരിചയം വെച്ചുകൊണ്ടാണു്. രണ്ടു സാഹിത്യങ്ങളിലും ഒരുപോലെ പ്രാവീണ്യം നേടാൻ കഴിഞ്ഞിട്ടുള്ള ചില എഴുത്തുകാരുമില്ലെന്നു പറഞ്ഞുകൂട; അത്രമാത്രം. മററുഭാഷകളറിയാത്ത മലയാളവായനക്കാൎക്കു പുത്തനായി തോന്നുന്ന കാഴ്ചപ്പാടുകളിൽ സാഹിത്യവിദ്യയെ സമീപിക്കുവാനും കൈകാര്യം ചെയ്യുവാനും, അങ്ങനെ അവരുടെ വീക്ഷാവീഥികളെ വിപുലീകരിക്കുവാനും ഈ രണ്ടുകൂട്ടൎക്കും കഴിഞ്ഞിട്ടുണ്ടെങ്കിൽ അത്രയൊന്നും അതിലത്ഭുതപ്പെടാനില്ല. എന്തുകൊണ്ടെന്നാൽ, സ്വപ്രയത്നം വളരെയൊന്നുമില്ലാതെതന്നെ, കുറേ ദൂരത്തോളമെങ്കിലും പരപ്രയത്നത്തിന്റെ സഹായത്തോടുകൂടി, അവൎക്കു സാധിക്കാവുന്ന ഒന്നാണതു്. അതു് തെററാണെന്നോ, വിലകുറഞ്ഞ ഏൎപ്പാടാണെന്നോ ഇവിടെ വിവക്ഷയില്ല. എന്നാൽ, ഇങ്ങനെ പുറംകോപ്പുകളുടെ ആലവട്ടവും വെൺചാമരവുമൊന്നുമില്ലാതെ സ്വന്തം ബുദ്ധിയുടേയും പ്രതിഭയുടേയും മാൎഗ്ഗദർശനമനുസരിച്ചുമാത്രം സാഹിത്യമേഖലയിലേക്കു കടന്നുചെന്നു് അപൂൎവ്വമായ ചിന്താസരണികൾ വെട്ടിത്തെളി

യിക്കുവാനും വായനക്കാരന്റെ സാഹിത്യാനുഭവത്തിന്നും സാഹിത്യവിജ്ഞാനത്തിന്നും ആഴം വർദ്ധിപ്പിക്കുവാനും സഹായിച്ചിട്ടുള്ള എഴുത്തുകാരൻ മറെറല്ലാവരേക്കാളും കൂടുതൽ ശക്തനും ശ്രദ്ധേയനുമാണെന്നു സമ്മതിക്കാതെ വയ്യ. അങ്ങനെയൊരാളാണു പുരുഷായുഷത്തിൻെറ ഉത്തരാർദ്ധത്തിലേക്കു കടക്കുന്ന കുട്ടികൃഷ്ണമാരാർ എന്നു ഞാൻ കരുതുന്നു. അദ്ദേഹത്തിൻെറ നേട്ടം, അതുകൊണ്ടു തന്നെ, മററു മഹാരഥന്മാരുടേതിനേക്കാൾ ആദരാഭിനന്ദനങ്ങൾ അർഹിക്കുന്നുമുണ്ട്. കൂട്ടത്തിൽ പറയട്ടെ, ഇതരസാഹിത്യജ്ഞാനം ഒരപരാധമാണെന്ന സൂചന ഇതിലില്ല. മാരാരുടെ വലുപ്പം കാണിക്കുവാൻ അങ്ങനെ മററുള്ളവരെ ഇടിച്ചുതാഴ്ത്തേണ്ടതുമില്ല. എങ്കിലും ചില വസ്തുസ്ഥിതികൾ പറഞ്ഞുവെച്ചു എന്നേ ഉള്ളു.

സംസ്കൃതവും മലയാളവും മാത്രം പഠിച്ചിട്ടുള്ളവർ പലപ്പോഴും പഴമയിലേക്കു പായുന്നതാണു കണ്ടിട്ടുള്ളത്. അത് ഒരിക്കലും ആ ഭാഷകളുടെ ദോഷമല്ലെന്നു മാരാർ സംശയാതീതമായ രീതിയിൽ തെളിയിച്ചിരിക്കുന്നു. ഇതുകൊണ്ടു മാരാർ മലയാളത്തിലെ ഒരു 'വിപ്ലവകാരി'യാണെന്ന്, ആ വാക്കിൻെറ സാധാരണാർത്ഥത്തിൽ, സൂചിപ്പിക്കയല്ല ഞാൻ ചെയ്യുന്നത്. സാഹിത്യത്തിലെ യഥാസ്ഥിതത്വത്തിന്നെതിരായ ഒരെരമ്പിക്കയററം എന്ന അർത്ഥസങ്കേതത്തിന്നു പകരം, സാഹിത്യത്തെസ്സംബന്ധിച്ച പഴയ പല സങ്കല്പങ്ങളുടേയും കെട്ടുകുററികൾ മാററിത്തറയ്ക്കുവാനുള്ള പരിവർത്തനോന്മുഖമായ പ്രയത്നം എന്നോ മറേറാ വിപ്ലവത്തിൻെറ വിവക്ഷിതമാവുമെങ്കിൽ മാരാർ മലയാളസാഹിത്യത്തിലെ ഒരു വിപ്ലവകാരിയാണെന്നു പറഞ്ഞാൽപോലും തെറ്റില്ലെന്നു തോന്നുന്നു. ഒരുപക്ഷേ അങ്ങനെ വിളിക്കുന്നത് മാരാർ ഇഷ്ടപ്പെട്ടുകയില്ലെ

ങ്കിലും. മാരാരുടെ മിക്ക ലേഖനങ്ങളും മലയാളസാഹിത്യത്തിൽ അദ്ദേഹം നടത്തുന്ന ചില 'ഇളക്കിപ്രതിഷ്ഠ'കളോ 'ശ്രദ്ധികലശ'ങ്ങളോ ആണെന്നു പറയാം. അദ്ദേഹം കൈവെച്ചിട്ടുള്ള മിക്ക വിഷയങ്ങളും സാഹിത്യത്തിലെ ഒരു കോളിളക്കത്തിലല്ലാതെ അവസാനിച്ചുകണ്ടിട്ടില്ല. സാഹിത്യത്തിന്റെ ഏതെങ്കിലും വശത്തെപ്പററി, അല്ലെങ്കിൽ സാഹിത്യത്തിലെ ഏതെങ്കിലും സമകാലപ്രശ്നത്തെപ്പററി ഒരെഴുത്തുകാരൻ പറയുന്നതു് സാഹിത്യവുമായി ബന്ധപ്പെട്ട എല്ലാ മണ്ഡലങ്ങളിലും ഒരു സംഭാഷണവിഷയമായിത്തീരുക, ഒരുപോലെ ശ്രദ്ധിക്കപ്പെടുക എന്നു വരുന്നതു് ആ എഴുത്തുകാരനു ലഭിക്കാവുന്ന ഏററവും വലിയ ഒരു ബഹുമതിയാണു്. മാരാരെപ്പോലെ ആ ബഹുമതി നേടാൻ കഴിഞ്ഞിട്ടുള്ളവർ മലയാളത്തിൽ ഏറെപ്പേരില്ല. പറയുന്ന കാര്യം വലുതോ ചെറുതോ എന്തുമാവട്ടെ, അതിൻെറ സൂക്ഷ്മസൂക്ഷ്മസ്വഭാവങ്ങളിലേക്കു് ആഴത്തിലാഴത്തിലിറങ്ങിച്ചെല്ലുക, അതിനെസ്സംബന്ധിച്ചു് നാം പലപ്പോഴും താലോലിച്ചുവന്നിട്ടുണ്ടാകാവുന്ന പല ധാരണകളുടേയും മോഹനമായ മിഥ്യകളെ നിർദ്ദാക്ഷിണ്യം ഭഞ്ജിക്കുക, പ്രമേയത്തിൻെറ ജീവസ്ഥാനങ്ങളിലേക്കു ശ്രദ്ധയേയും ചിന്തയേയും തിരിച്ചുവിടുക, യുക്തിവിചാരരീതികൊണ്ടു ശാസ്ത്രീയമായ വീക്ഷാഗതി വളർത്തുക— അങ്ങനെ പലതും മാരാരുടെ സാഹിത്യത്തിൻെറ സവിശേഷസ്വഭാവങ്ങളിലുൾപ്പെടും. അദ്ദേഹത്തിൻെറ ഇഷ്ടങ്ങളും അനിഷ്ടങ്ങളും ഒരുപോലെ ശക്തങ്ങളാണു്. രണ്ടും തികഞ്ഞ ആത്മാർത്ഥതയുടെ ബഹിരാവിഷ്കരണങ്ങളുമായിരിക്കും. മററു പലരുടേയും കാര്യത്തിലെന്നപോലെ, അവ വെറും നാട്യങ്ങളാകയില്ല. മാരാർക്കു കുറെയധികം സാഹിത്യശത്രുക്കളെ സമ്പാദിച്ചുകൊടുത്തിട്ടുള്ളതും അവ

രെപ്പോലും അദ്ദേഹം പറയുന്നതു് ശ്രദ്ധിക്കുവാൻ നിർബന്ധിച്ചിട്ടുള്ളതും അദ്ദേഹത്തിൻെറ ഈ പ്രത്യേകതയാണെന്നു തോന്നുന്നു. ഇഷ്ടാനിഷ്ടങ്ങളുടെ നടുക്കു തങ്ങുവാൻ താവളം കണ്ടെത്തുന്ന ചില സാഹിത്യകൗശലക്കാരുണ്ടു്. അവരുടെ കൂട്ടത്തിൽ മാരാരെ കണ്ടെത്തുവാൻ കഴികയില്ല. കൂട്ടത്തിൽ പറയട്ടെ, മാരാരുടെ ഇഷ്ടാനിഷ്ടങ്ങളിൽ ഏതാണു നിങ്ങൾക്കു കൂടുതലിഷ്ടം എന്നു് എന്നോടാരെങ്കിലും ചോദിച്ചാൽ ഒടുക്കത്തേതെന്നാണു ഞാനുത്തരം കൊടുക്കുക. ആരെയെങ്കിലും എന്തിനെയെങ്കിലും ഇഷ്ടപ്പെടുന്നേടത്തുവെച്ചല്ല, ഇഷ്ടപ്പെടാത്തേടത്തു വെച്ചാണു്, മാരാരെ കാണുവാൻ സ്വന്തം നിലയ്ക്കു ഞാൻ കൂടുതലിഷ്ടപ്പെടുക. അനുകൂലിക്കുന്ന സന്ദർഭങ്ങളിലല്ല, എതിർക്കുന്ന ഘട്ടങ്ങളിലാണു മാരാരുടെ വ്യക്തിത്വം തികച്ചും പ്രകാശിക്കുന്നതു്. എതിർക്കുമ്പോൾ എതിരാളിയുടെ തരിപോലും ബാക്കിവെയ്ക്കാതിരിക്കുവാൻ മാരാർക്കുള്ളത്ര വീറും വാശിയും മററാർക്കും കണ്ടിട്ടില്ല. എതിർക്കുന്നതിനിടയിൽ, ഏതു വിഗ്രഹത്തെ മുമ്പിലെഴുന്നെള്ളിച്ചു പിടിച്ചാലും ശരി, അതോരോന്നും ഉടച്ചു തകർത്തേ വിമർശകനായ മാരാർ വിരമിക്കുക പതിവുള്ളു. അങ്ങനെ നോക്കുമ്പോൾ സാഹിത്യത്തിലെ പഴയ ചിന്താശൈലികളെ സംരക്ഷിക്കുവാനല്ല മാരാർ ശ്രമിച്ചിട്ടുള്ളതെന്നും അതിൻെറ സ്ഥാനത്തു് ഒരു പുതിയ വിചാരക്രമവും വീക്ഷാസമ്പ്രദായവും സൃഷ്ടിക്കുവാനാണു് അദ്ദേഹം ആത്മാർത്ഥമായി യത്നിച്ചിരുന്നതെന്നും നിഷ്പ്രയാസം കാണാൻ കഴിയും.

സാഹിത്യവിമർശത്തിൽ മാരാർക്കുള്ള സഹജമായ ആത്മാർത്ഥത സംശയിക്കപ്പെട്ട ചില സന്ദർഭങ്ങളും ഉണ്ടായിട്ടില്ലെന്നു പറഞ്ഞുകൂടാ. ആറ്റൂരിൻെറ കേരളശാകുന്തളത്തെപ്പററി അദ്ദേഹം ചെയ്ത വിമർശം അത്തരത്തിലുള്ള

ഒന്നായിരുന്നു. നിരൂപണത്തിൽ പക്ഷപാതം 'ഒരു ചീത്തത്ത'മാണെന്ന അഭിപ്രായമല്ല തനിക്കുള്ളതെന്നു മാരാർ തുറന്നുപറഞ്ഞിട്ടുള്ളതു് ഓർക്കുന്നില്ലേ എന്നു ചോദിക്കുമായിരിക്കാം. ഉവ്വു്, അതു് ഓർമ്മയിലുണ്ടു്. 'നിഷ്പക്ഷമായ നിരൂപണം എന്നതിനർത്ഥം നിർജ്ജീവമായ ശരീരം എന്നാണു്' എന്നുവരെ വാദിച്ചിട്ടുള്ള ആളാണു് മാരാർ. ഒരു സാഹിത്യകൃതി വായിക്കുമ്പോൾ അതിനോടു തോന്നുന്ന അനുകൂലമോ പ്രതികൂലമോ ആയ പക്ഷപാതത്തെ വെളിപ്പെടുത്തുന്നതാവണം നിരൂപണമെന്നു മാരാർ പറയുമ്പോൾ നമുക്കു മനസ്സിലാക്കാനും കഴിയും. എന്നാൽ കേരളശാകുന്തളത്തെ വിമർശിച്ചപ്പോൾ ആ പക്ഷപാതം കൃതിയിൽനിന്നു കർത്താവിലേക്കു കടന്നു. കൃതിയോടു് അനുകൂലപക്ഷപാതവും തൽകർത്താവിനോടു പ്രതികൂലപക്ഷപാതവും കാണിച്ചു. കർത്താവിനോടുള്ള പ്രതികൂലപക്ഷപാതം ആ വ്യക്തിയുടെ കർത്തൃത്വത്തെ സംബന്ധിച്ചു തന്നെ മാരാർക്കു സംശയം ജനിപ്പിക്കത്തക്കവിധം ബലിഷ്ഠവുമായിരുന്നു. ഇതിൽ അമ്പരപ്പിക്കുന്ന ഒരു വൈരുദ്ധ്യമുണ്ടു്. അതുകൊണ്ടുതന്നെയാണു് ഈ കാര്യത്തിൽ മാരാരെടുത്ത നിലപാടു സംശയാതീതമല്ലാതെ പോയതും. എന്നിട്ടും മാരാർ കുലുങ്ങുകയുണ്ടായില്ല. സ്വന്തം നിലപാടിന്നു പുതിയ പുതിയ ന്യായീകരണങ്ങൾ കണ്ടെത്തുവാനാണു് അദ്ദേഹം ശ്രമിക്കയുണ്ടായതു്. മാരാരുടെ അനന്യസാധാരണമായ സ്വപ്രത്യയസ്ഥൈര്യം ഏതാണ്ടൊരു മർക്കടമുഷ്ടിയുടെ അതിർത്തിയിൽ ചെന്നു മുട്ടിയ ഒരു സന്ദർഭമാണിതെന്നു ഞാൻ വിചാരിക്കുന്നു.

മാരാരുടെ ശക്തിവ്യൂഹങ്ങൾക്കിടയിൽ, ഇങ്ങനെ ചില ദുർബ്ബലസ്ഥാനങ്ങളും കണ്ടേക്കാമെങ്കിലും അദ്ദേഹം മലയാളസാഹിത്യത്തിലെ നൂതനമായ ചിന്താശൈലിക്കും

സമീപനരീതിക്കും നല്കിയ വിലപിടിപ്പുള്ള സംഭാവനകളുമായി ഇടതട്ടിച്ചുനോക്കുമ്പോൾ, ഇതെല്ലാം നിസ്സാരമാണ്. മലയാളസാഹിത്യത്തിൽ സ്വാതന്ത്ര്യവും അധൃഷ്യവുമായ ഒരു യുക്തിവിചാരരീതിയും അപഗ്രഥനസമ്പ്രദായവും വളർത്തിക്കൊണ്ടുവരുവാൻ മാരാക്കു കഴിഞ്ഞു എന്ന സംഗതി മറെറല്ലാററിലും വെച്ച് ഏററവും തലയെടുപ്പോടുകൂടി നിലകൊള്ളുന്നു. അതിൻെറ പേരിലാണു ശത്രുക്കൾപോലും അദ്ദേഹത്തെ ബഹുമാനിക്കുന്നത്; അതുതന്നെയാണ് അദ്ദേഹത്തെ മലയാളസാഹിത്യത്തിലെ ഒരു ശക്തിയാക്കുന്നതും.

ഡോക്ടർ കെ. കുഞ്ചുണ്ണിരാജാ

# മാരാരും സംസ്കൃതവും

മലയാളസാഹിത്യത്തിനു മാരാർ നല്കിയ സംഭാവനകളിൽ ഗണ്യമായൊരു ഭാഗം സംസ്കൃതത്തിലെ മഹാഗ്രന്ഥങ്ങളെപ്പററിയുള്ള കലാസുന്ദരവും മർമ്മസ്പൃക്കുമായ സമഗ്രപഠനങ്ങളാണ്. സ്വച്ഛമായ സംസ്കൃതപാണ്ഡിത്യം സമ്പാദിച്ചൊരു സഹൃദയൻ കാലത്തിനൊത്തു വളൎന്നു സ്വതന്ത്രമായി ചിന്തിക്കുവാനും സ്വാഭിപ്രായം കലാസുഭഗമായി വേണ്ടവിധത്തിൽ ആവിഷ്കരിക്കുവാനും ശ്രമിച്ചാൽ എത്രത്തോളം വിജയം സിദ്ധിക്കുമെന്നതിന്നൊരു ഉത്തമനിദർശനമത്രേ കുട്ടികൃഷ്ണമാരാർ.

സംസ്കൃതവിദ്യാഭ്യാസമാണ് തന്നെ നശിപ്പിച്ചതെന്നു മാരാർ പലപ്പോഴും പറയാറുണ്ട്: ഒരു കാലത്ത് അദ്ദേഹമതു് ആത്മാർത്ഥമായി വിശ്വസിച്ചിരുന്നുവെന്നും തോന്നുന്നു. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ മോടിയാൎന്ന വേഷംകെട്ടിയവൎക്കേ ലൗകികജീവിതത്തിലെ വിജയകവാടങ്ങൾ തുറന്നുകിട്ടുകയുള്ളു എന്ന പരിതാപകരമായ പരമാർത്ഥം, മററു പല മഹാന്മാരേയുമെന്നപോലെ, മാരാരേയും നിരാശാഗർത്തത്തിന്റെ വക്കത്തെത്തിച്ചിട്ടുണ്ട്; അത്തരം സന്ദർഭങ്ങളിലായിരിക്കണം അദ്ദേഹം സംസ്കൃതവിദ്യാഭ്യാസത്തെ പഴിക്കുവാനിടയായതു്. എന്നാൽ, സാഹിത്യപരമായി മാരാരുടെ വളർച്ചയുടെ ചരിത്രം പരിശോധിക്കുന്നൊരു വിദ്യാർത്ഥിക്കു തികച്ചും മനസ്സിലാവും, അടിയുറച്ച സംസ്കൃതപാണ്ഡിത്യമാണ് ഇന്നത്തെ

ഉയർച്ചയ്ക്ക് ആധാരമെന്ന്. 'സാഹിത്യശിരോമണി' എന്ന സംസ്കൃതബിരുദം സമ്പാദിക്കുന്നതിനു മുൻപുതന്നെ പട്ടാമ്പി കോളേജിൽ സാക്ഷാൽ പുന്നശ്ശേരി നമ്പിയുടെ ശിഷ്യനായി പഠിക്കുന്ന കാലത്തുതന്നെ, കെ. എം. കുട്ടികൃഷ്ണമാരാർ സംസ്കൃതത്തിൽ പ്രൗഢലേഖനങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. അനാഗതശ്മശ്രുവായ ഈ യുവവിദ്യാർത്ഥിയുടെ സംസ്കൃതലേഖനങ്ങൾ, പണ്ഡിതകേസരികളുടെ വിലാസരംഗമായിരുന്ന 'സഹൃദയ'യിൽ മാന്യസ്ഥാനത്തുതന്നെ പ്രത്യക്ഷപ്പെടാറുണ്ട്. പി. എസ്സ്. അനന്തനാരായണശാസ്ത്രി, സി. പി. കൃഷ്ണനെളയത്, വി. ശങ്കുണ്ണിമേനോൻ മുതലായി പല മലയാളികളും അക്കാലത്തു സഹൃദയയിൽ ലേഖനങ്ങൾ എഴുതാറുണ്ട്. പട്ടാമ്പി വിദ്യാർത്ഥിയായിരുന്ന കാലത്തു മാരാർ പ്രസിദ്ധപ്പെടുത്തിയ "ഉപമാ കാളിദാസസ്യ" എന്ന ലേഖനംതന്നെ അദ്ദേഹത്തിനു കാളിദാസകൃതികളിലുള്ള പരിചയവും, സംസ്കൃതപാണ്ഡിത്യവും സഹൃദയത്വവും സ്പഷ്ടമാക്കുന്ന ഒന്നാണ്. ഒരു ഭാഗം ഇവിടെ ഉദ്ധരിക്കാം. കാലദേശോചിതമായ ഉപമാനങ്ങളാണ് ഉപമയ്ക്കു കാളിദാസൻ ഉപയോഗിക്കാറ് എന്ന വാസ്തവം ചൂണ്ടിക്കാണിക്കയാണ്: "അയമപരഃ കോ$f$പി വിശേഷോ$f$ദസീയോപമായാഃ, യദയം കസ്മിൻ കാലേ സമുപയുജ്യത ഇയമുപമാ കസ്മിംശ്ച ദേശ ഇതി സുവിമൃശ്യ തത്തൽകാലദേശയോരനുരൂപാനേവ പദാർത്ഥാനുപമാനത്വേനോരീകരോതി. തഥൈവ കഥാപാത്രൈഃ പ്രയുജ്യമാനായാമുപമായാം തേഷാം പരിചിതചരാണ്യേവ വസ്തൂനിദൃഷ്ടാന്തതയാദ്രിയന്തേ; ന പുനഃ കാലദേശയോർവിരുദ്ധം പ്രയോക്തുശ്ചാപരിചിതം പദാർത്ഥമുപമാനകോടിമാരോഹയതി, പശ്യത രഘുവംശേ — അരുണാരുണകിരണനികരപാടലീകൃത

ദിഗന്തരേ ഭഗവതി സവിതരി സമുപഗതേ പശ്ചിമാം ദിശം, വിരാമോന്മുഖേ ദിവസേ, സമായാത്യാം തമസ്വിന്യാം, പ്രാപ്തയൗവനായാം സായംസന്ധ്യായാം കാനനാന്തരാദാശ്രമപദം പ്രതിനിവർത്തമാനേന സ്വാനുചരേണ

പുരസ്കൃതാ വർത്മനി പാർത്ഥിവേന
പ്രത്യുദ്ഗതാ പാർത്ഥിവധർമ്മപത്ന്യാ
തദന്തരേ സാ വിരരാജ ധേനുർ-
ദിനക്ഷപാമദ്ധ്യഗതേവ സന്ധ്യാ.''

'ശബ്ദശക്തിമൂലധ്വനി'യെപ്പററിയ ഒരു പ്രൗഢലേഖനവും മാരാർ സഹൃദയയിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ധ്വന്യാലോകം, വ്യക്തിവിവേകം, ചിത്രമീമാംസ, രസഗംഗാധരം തുടങ്ങിയ സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ മാരാക്ക് അന്നുണ്ടായിരുന്ന അവഗാഹം വ്യക്തമാകുന്ന ഒന്നാണത്. 'ആര്യചാണക്യോ *f* മാത്യരാക്ഷസശ്ച'' എന്നു തുടങ്ങി വേറെയും ചില സംസ്കൃതലേഖനങ്ങൾ മാരാർ അക്കാലത്തു പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അധികകാലം കഴിയുന്നതിനു മുൻപുതന്നെ മാരാരുടെ ശ്രദ്ധ മലയാളഭാഷയിലേക്കു തിരിഞ്ഞതു് കൈരളിയുടെ മഹാഭാഗ്യം!

പട്ടാമ്പിക്കോളേജിലെ പ്രഥമാദ്ധ്യാപകനായിരുന്ന ശംഭുശർമ്മയുമായുണ്ടായ സൗഹാർദ്ദം മാരാരുടെ സംസ്കൃതപ്രണയം കുറച്ചുകാലത്തേക്കുകൂടി വളർത്തിക്കൊണ്ടുവന്നു. കവിയും പണ്ഡിതനും സഹൃദയനുമായിരുന്ന ശംഭുശർമ്മയുടെ 'സാത്വികസ്വപ്നം' 'പ്രകൃതിസംവിധാനം' എന്നീ രണ്ടു കൃതികൾ മാരാരുടെ നേതൃത്വത്തിലാണു പ്രസിദ്ധപ്പെടുത്തിയതു്. രാഷ്ട്രീയപ്രക്ഷോഭം വളർന്നുവന്നിരുന്ന അന്നത്തെ പരിതഃസ്ഥിതികൾ അന്യാപദേശരീത്യാ പ്രതിപാദിച്ചുകൊണ്ടുള്ള ഖണ്ഡകാവ്യങ്ങളാണവ രണ്ടും.

സാത്വികസ്വപ്നത്തിന് പുന്നശ്ശേരി നമ്പിയുടെ വിസ്തൃതമായൊരവതാരികയുമുണ്ടായിരുന്നു. "രാഷ്ട്രീയവിഷയാഹിതമതിഭിരവശ്യപ്രേക്ഷണീയം, പണ്ഡിതൈർവിമർശനീയം, സഹൃദയൈരാസ്വാദനീയം, മാണവകൈരദ്ധ്യേയം, സർവ്വഥാ സംസ്കൃതലോകേനാദരണീയം" എന്നും മററും പരസ്യങ്ങളുണ്ടായിട്ടും പുസ്തകത്തിനു വേണ്ടത്ര പ്രചാരം സിദ്ധിക്കയുണ്ടായില്ല. വലിയ ഉത്സാഹത്തോടും ശുഭപ്രതീക്ഷയോടുംകൂടി തുടങ്ങിയ ഈ സംസ്കൃതഗ്രന്ഥപ്രകാശനശ്രമം ചെന്നെത്തിയതു് ധനവ്യയത്തിലും നൈരാശ്യത്തിലുമാണു്. മുങ്ങിച്ചാവാൻ പോകുന്നവനെ കൈനീട്ടി രക്ഷിക്കുവാൻ ശ്രമിക്കുന്നവനും ചിലപ്പോൾ വെള്ളത്തിൽ താണുപോയെന്നു വരാം. നൈരാശ്യത്തിൻെറ തിക്തരസം അനുഭവിച്ചുകൊണ്ടു് മാരാർ "പ്രാകൃതസംവിധാന'ത്തിൻെറ ഉപോൽഘാതത്തിൽ സംസ്കൃതഭാരതിയെ അഭിസംബോധനം ചെയ്തുകൊണ്ടു പറയുകയാണു്: "ഹന്ത മാതഃ സംസ്കൃതഭാരതി, ഋഷിജനോപലാളിതേ, ചിരന്തനഭാരതീയഭൂമിപാലപരിലാളിതേ, അനേകകവിവരസമ്പോഷിതേ, അസ്മദീയപൂർവ്വപുരുഷനിഖിലസംസ്കാരൈകഹേതോ, അസ്മന്മാതൃധാത്രീപ്രിയവയസ്യേ, അസദൃശമധുരഭാഷിണി, അനേകതത്വഗർഭേ, അമൃതേ, ഭഗവതി, ഏവം പ്രതിക്ഷണമുൽക്കഷ്പദവീമധോ *f* ധോവിസ്രംസമാനാമത്രഭവതീമവേക്ഷ്യാശ്രുമാത്രേണാപ്യുപചരിതുമവിനിയുജ്യമാനക്ഷണേഷു പരിതഃ സോദരേഷു, സകാമാ അപി ആകിഞ്ചന്യപങ്കിലേ ദുർഭരണസങ്കടേ *f* സ്വതന്ത്രതാമഹാന്ധഗർത്തേ ചിരായ ബംഭ്രമ്യമാണാ വരാകഃ കിം നു ഖലു വിദധാമഹൈ വയം!"

ഈ നൈരാശ്യമായിരിക്കണം മാരാരെ സംസ്കൃത

സാഹിത്യപ്രവൎത്തനത്തിൽനിന്നും പിന്തിരിപ്പിച്ചതു്. പിന്നീട്ട് വള്ളത്തോളിൻെറ ശിഷ്യനായിക്കൂടി മലയാള ഭാഷയുടെ മൎമ്മം കണ്ടറിയുവാനും പ്രസന്നവും ഉജ്ജ്വല വുമായ ഭാഷാശൈലിയിൽ അസൂയാവഹമായ വൈദ ഗ്ദ്ധ്യം സമ്പാദിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. സൂക്ഷ്മ വും തീക്ഷ്ണവുമായ ചിന്താഗതി വളൎത്തിക്കൊണ്ടുവരു വാൻ മാരാരെ സഹായിച്ചതു് അദ്ദേഹത്തിനേററവും ഇഷ്ടപ്പെട്ട കവിയായ നാലപ്പാട്ടു നാരായണമേനോനാ യിരിക്കണം.

മലയാളത്തിൽ മാരാർ ആദ്യമായെഴുതിയ പുസ്തകം 'സാഹിത്യഭൂഷണ'മാണെന്നു തോന്നുന്നു. സംസ്കൃതസാ ഹിത്യത്തിൽ പരസ്പരമത്സരികളാണെന്നു വച്ചിട്ടുള്ള പല അഭിപ്രായങ്ങൾക്കും ആന്തരമായി രഞ്ജിപ്പുണ്ടെന്നും, സ്ഥൂലത്തെ വിട്ടു സൂക്ഷ്മത്തിലേക്കു കടന്നാൽ വലിയ വ്യ ത്യാസമൊന്നുമില്ലെന്നും വ്യക്തമാക്കുവാനുള്ളൊരു ശ്രമ മാണതിൽ. വാമനൻെറ കാവ്യാത്മാവായ രീതിയും ആന ന്ദവൎദ്ധനൻെറ കാവ്യാത്മാവായ ധ്വനിയും പരസ്പരവിരു ദ്ധമല്ലെന്നു സാംഗോപാംഗം വിവരിക്കുന്ന ആ കൃതിക്ക് വേണ്ടത്ര സ്വീകാരം ലഭിച്ചില്ലെന്നു മാത്രമല്ല, മഹാനായ ഭാഷാഭൂഷണകൎത്താവിനോട്ടു മല്ലിടുവാൻ ശ്രമിച്ചുവെന്ന അപവാദം മാരാൎക്കു സഹിക്കേണ്ടതായി വരികയും ചെയ്തു. ലബ്ധപ്രതിഷ്ഠനായതിനുശേഷം മാരാർ വൃത്തശി ല്പത്തെപ്പററി ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയപ്പോഴും ഇത്തരം ചില 'കുരുത്തക്കേടുകൾ' തലപൊക്കാതിരു ന്നില്ല.

സംസ്കൃതസാഹിത്യകൃതികളിൽ അസാമാന്യമായ പ രിചയം സിദ്ധിച്ചിട്ടുള്ള മാരാൎക്ക് അവയുടെ ഉള്ളിൽക്കട ന്നു് ത്യാജ്യഗ്രാഹ്യവിവേചനത്തോടെ ചിന്തിക്കുവാനുള്ള

കഴിവും ധൈര്യവുമുണ്ട്. സുപ്രസിദ്ധമായ 'ഗീതഗോവിന്ദ'ത്തിന് 'മധുരകോമളകാന്തപദാവലി' മാത്രമേ മേന്മയുള്ളുവെന്നും മററെല്ലാം ഗ്രഹണി പിടിച്ച കുട്ടികൾ അപ്പം പഴം പപ്പടം എന്നുരുവിടുംപോലെ സ്തനോപഭോഗാധരപാനാദിഭോഗപ്രകാരങ്ങളുടെ ആവർത്തനം മാത്രമാണെന്നും മാരാർ സധൈര്യം പറയും. കാളിദാസനേക്കാൾ കേമനെന്നു പലരും പുകഴ്ത്താറുള്ള നൈഷധീയചരിതകർത്താവായ ശ്രീഹർഷന് ഉല്ലേഖങ്ങളെക്കൊണ്ടുള്ള അമ്മാനമാട്ടംമാത്രമാണുള്ളതെന്നും ഔചിത്യദീക്ഷ തീരെയില്ലെന്നും അദ്ദേഹത്തെക്കാൾ എത്രയോ പടി മീതെയാണ് നമ്മുടെ ഉണ്ണായിവാര്യരെന്നും തെളിവുകൾ ഹാജരാക്കി മാരാർ സ്ഥാപിക്കും.

"ഉടലിലെമ്പാടും ഗോപീചന്ദനംകൊണ്ടു രാമപാദമുദ്രകുത്തി, ജയറാം ജയറാം" എന്നു പാടിക്കൊണ്ടു തലയിൽ തൊഴുകൈയുമായി ഭക്തിഭാവലഹരിയിൽ മതിമറന്നു ചാഞ്ചാടിനിൽക്കുന്ന തുളസീദാസാദികവികളേയും അവരുടെ അനുയായികളേയും തള്ളിനീക്കി വാല്മീകിയുടെ രാമന്റെ മുമ്പിൽച്ചെന്നു് നിശ്ശങ്കം മാരാർ ചോദിക്കും, "താനൊരു രാജ്യലോഭിയല്ലേ?" എന്നു്; കൂർത്ത യുക്തികളുടെ ശരവർഷത്തിൽനിന്നും രാമനുപോലും നില്ക്കക്കള്ളിയുണ്ടാകയുമില്ല!

മാരാരുടെ ഗദ്യവിവർത്തനത്തോടുകൂടിയ രഘുവംശവും കുമാരസംഭവവും മേഘസന്ദേശവും നമുക്കു ലഭിച്ചിട്ടുണ്ട്. വിവർത്തനമെന്നു പറയുന്നതിനേക്കാൾ വ്യാഖ്യാനമെന്നു പറയുന്നതായിരിക്കും കൂടുതൽ യുക്തം. കൈക്കുളങ്ങര രാമവാരിയരുടേതുപോലെ വ്യുൽപ്പത്തി ഉറപ്പിക്കുവാനുള്ള ഉപകരണമല്ല മാരാരുടെ വ്യാഖ്യാനം. മാരാർ തന്നെ പറയുന്നു: "വ്യാഖ്യാനമെഴുതുക എന്നതു് ഞാൻ

മനസ്സിലാക്കിയേടത്തോളം, കഠിനപദങ്ങളുടെ അർത്ഥം പറയലോ രസാലങ്കാരാദിയെ സമന്വയിപ്പിച്ചു കാണിക്കലോ അല്ല, കാവ്യത്തിന്റെ കലാത്മകവും ജീവിതവിമർശാത്മകവുമായ മൂല്യത്തെ വെളിപ്പെടുത്തുകയാണ്.'' ഇതുതന്നെയാണ് മാരാർ ചെയ്തിട്ടുള്ളതു്. കുറേക്കൂടി വിസ്തരിക്കാമായിരുന്നു എന്നു തോന്നുന്ന ഭാഗങ്ങളല്ലാതെ അനാവശ്യമെന്നു തോന്നുന്ന ഭാഗങ്ങൾ ആ വ്യാഖ്യാനങ്ങളിൽ കാണുകയില്ല. കലാമൂല്യത്തിൻേറയും ഔചിത്യദീക്ഷയുടേയും മാനദണ്ഡം വച്ചുകൊണ്ടു് സ്വപ്രത്യയസ്ഥൈര്യത്തെ പ്രമാണമാക്കി കാളിദാസകൃതികളിലെ പ്രക്ഷിപ്തപദ്യങ്ങൾ വേർതിരിച്ചു കാണിക്കുവാനും മാരാർ ശ്രമിച്ചിട്ടുണ്ടു്. അവതാരികകൾക്കു പുറമേ, കുമാരസംഭവത്തിലെ എട്ടാം സർഗ്ഗത്തേയും മേഘസന്ദേശത്തേയും മറ്റും പറ്റി വിസ്തരിച്ച നിരൂപണങ്ങൾ വേറെയുമുണ്ടു്. നാലപ്പാടിൻെറ രതിസാമ്രാജ്യമാണ് മേഘസന്ദേശത്തിൻെറ ശരിയായ കാതൽ കണ്ടെത്തുവാൻ മാരാരെ സഹായിച്ചതത്രേ!

എന്തുകൊണ്ടാണു മാരാർ മററു സംസ്കൃതപണ്ഡിതന്മാരെപ്പോലെ വൃത്താനുവൃത്തതർജ്ജമകളിൽ കൈവയ്ക്കാതിരുന്നതു്? മാരാക്കു നമ്മുടെ വിവർത്തകന്മാരെപ്പററിയുള്ള അഭിപ്രായം കേൾക്കൂ: ''അവിടെപ്പറഞ്ഞതിൽ പലതും മാറ്റിയും മറിച്ചും ഇവിടെ വന്നു പറയുന്ന ഏഷണിക്കാരെപ്പോലെയുള്ളവരാണ് നമ്മുടെ സാഹിത്യവിവർത്തകന്മാരിൽ മിക്കവരും. ഏതോ കാലവൈപരീത്യത്താൽ അക്കൂട്ടരാണ് മലയാളസാഹിത്യത്തിലെ മഹാവിവർത്തകന്മാരായി വിളികൊണ്ടിരിക്കുന്നതും. വലിയകോയിത്തമ്പുരാനിൽനിന്നു് ഒരു നേരിയ ഉറവായി പുറപ്പെട്ടു് അടിക്കടി പെരുത്തുവന്ന ഈ ദുർവാസന, ഹാ കഷ്ടം! ഇന്നും നമ്മുടെ സാഹിത്യത്തിൽ പരന്നൊഴുകുകതന്നെയാണ്

ചെയ്യുന്നതു്!'' സംസ്കൃതാഭിജ്ഞരായ മലയാളികൾക്കു് സംസ്കൃതസാഹിത്യകൃതികളിലെ കലാമൂല്യവും സംസ്കാരസമ്പത്തും ജീവിതവിമർശവും പരിചയപ്പെടുത്തിക്കൊടുക്കുന്ന കാര്യത്തിൽ മിക്ക തർജ്ജമകളും പരാജയപ്പെട്ടു കാണുന്നതുകൊണ്ടുള്ള നൈരാശ്യമായിരിക്കാം 'വ്യാഖ്യാനമാണു് ഭേദം' എന്നു മാരാർക്കു തോന്നുവാൻ കാരണം. നമ്മുടെ പഴയ തർജ്ജമകളിൽപ്പോലും ആർഷസംസ്കാരം ചോർന്നുപോയി പലപ്പോഴും ഹാസ്യമായി അധഃപതിക്കുന്നുവെന്നും ഇക്കാര്യത്തിൽ തുഞ്ചത്തെഴുത്തച്ഛൻ, നമ്പ്യാർ തുടങ്ങിയവർപോലും അപരാധികളാണെന്നും മാരാർ ചൂണ്ടിക്കാണിക്കയുണ്ടായിട്ടുണ്ടു്.

മാരാരുടെ കൃതികളിൽ അതിപ്രധാനമായ ഭാരതപര്യടനം മഹാഭാരതം കടഞ്ഞെടുത്ത നവനീതമാണു്; ഭാരതത്തിലെ സംസ്കാരസമ്പത്തും കലാമൂല്യവും ജീവിതവിമർശവും മലയാളികൾക്കാസ്വാദിക്കുവാൻതക്കവിധം സുന്ദരമായി പ്രതിപാദിക്കുന്നൊരു പുസ്തകമാണതു്. ഇതിനൊരു ഇംഗ്ലീഷുപരിഭാഷയുണ്ടായിരുന്നുവെങ്കിൽ ഇതിൻെറ മേന്മ കൂടുതൽ ജനങ്ങൾ മനസ്സിലാക്കിയേനേ! മാരാരുടെ ഷഷ്ടിപൂർത്തി ആഘോഷത്തിന്റെ ഒരു ചടങ്ങായി ഇതിനൊരു ഇംഗ്ലീഷുതർജ്ജമ തയ്യാറാക്കുന്നതു് ഏറ്റവും സമുചിതമായിരിക്കുമെന്നെനിക്കു തോന്നുന്നു.

സാഹിത്യനിരൂപകൻ എന്ന നിലയ്ക്കാണല്ലോ മാരാരുടെ പ്രശസ്തി അത്യുച്ചകോടിയിൽ നില്ക്കുന്നതു്. സാഹിത്യശിരോമണി എന്ന നിലയ്ക്കുതന്നെ സംസ്കൃതസാഹിത്യശാസ്ത്രഗ്രന്ഥങ്ങൾ പഠിച്ചു് അവയിലെ കലാതത്വങ്ങൾ മാരാർ മനസ്സിലാക്കിയിരുന്നു. ഭരതനും ആനന്ദവർദ്ധനനും മററും കണ്ടറിഞ്ഞ കലാവിദ്യയുടെ പരമ

രഹസ്യങ്ങൾ മാരാരുടെ കണ്ണു തെളിയിച്ചു. മററു ചില സംസ്കൃതപണ്ഡിതന്മാരെപ്പോലെ അന്ധമായ സംസ്കൃതഭ്രമവും സങ്കുചിതബുദ്ധിയും മാരാരെ തീണ്ടുകയുണ്ടായില്ല. പാശ്ചാത്യധിഷണാശാലികൾ കലാസൗന്ദര്യത്തെപ്പററി നടത്തിയിട്ടുള്ള ചിന്തകളും കഴിയുന്നത്ര മനസ്സിലാക്കുവാനും പൗരസ്ത്യതത്വങ്ങളുമായി താരതമ്യപ്പെടുത്തുവാനും അദ്ദേഹം ശ്രമിച്ചു. എം. പി. പോളും മുണ്ടശ്ശേരിയും മററും ആണ് ഈ വഴിയിൽ അദ്ദേഹത്തിനു വെളിച്ചം നല്കിയതു് എന്നു തോന്നുന്നു. ക്രാന്തദർശികളല്ലാത്ത സംസ്കൃതപണ്ഡിതന്മാക്കിടയിൽത്തന്നെ കലാസൗന്ദര്യത്തെപ്പററിയുള്ള പ്രഥമപാഠങ്ങൾപോലും മനസ്സിലാകാതെ ബാഹ്യരൂപത്തിൽ ഭ്രമിച്ച് പല കുഴപ്പങ്ങളും വന്നിട്ടുണ്ടെന്നു മാരാർ കണ്ടെത്തി. അനിർവചനീയവും അനുഭവൈകവേദ്യവും രചനാനിഷ്ഠവുമായ മാധുര്യവിശേഷം വൈദർഭിയെന്ന പേരിൽ വാമനനും മററും പ്രതിപാദിച്ചിട്ടുണ്ട്. അനന്തരകാലങ്ങളിൽ 'വൈദർഭി' വെറും മധുരവ്യഞ്ജനപ്രാസമായി താഴ്ന്നുപോയി. രസഭാവാനുഭൂതിയുടെയും സന്ധിസന്ധ്യംഗഘടനയുടെയും ചർച്ചയിലാണ് സംസ്കൃതപണ്ഡിതന്മാർ കലാതത്വത്തിന്റെ മർമ്മം വ്യക്തമാക്കിയതു്. സാഹിത്യനിരൂപണത്തെ ഒരു ശാസ്ത്രമെന്ന നിലയ്ക്കു വളർത്തിക്കൊണ്ടു വരുവാനാണ് സംസ്കൃതത്തിലെ കലാമർമ്മജ്ഞന്മാർ ശ്രമിച്ചതു്. അതുകൊണ്ടുതന്നെയാണ് ശബ്ദസൗഭാഗ്യത്തേയും ഉക്തിവൈചിത്ര്യത്തേയും മുൻനിർത്തിക്കൊണ്ടുള്ള പഠനങ്ങൾക്ക് സംസ്കൃതത്തിൽ സ്ഥാനം കുടിക്കൂടിവന്നതും.

മാരാർ സാഹിത്യവിദ്യയെ ഒരു കല എന്ന നിലയ്ക്കു പോഷിപ്പിക്കയാണു ചെയ്തതു്. ശാസ്ത്രീയമായ നിഷ്പക്ഷതയല്ല, ആസ്വാദകന്റെ വ്യക്തിഗതമായ അഭിപ്രായ

ങ്ങൾ ആവിഷ്കരിക്കുന്ന, ഗുണപക്ഷപാതമാണ് മാരാരുടെ ആദർശം. കാവ്യപ്രകാശമല്ല, ധ്വന്യാലോകമാണ് മാരാർ മാതൃകയാക്കിയതെന്നു പറയാം. മാരാരുടെ നില സംസ്കൃതചിന്തകന്മാരുടെ നിലയിൽനിന്നു തുലോം വിഭിന്നമൊന്നുമല്ല. കലാമൂല്യത്തിന്റെ മാനദണ്ഡംതന്നെ സഹൃദയാഹ്ലാദമാണെന്നാണല്ലോ സംസ്കൃതസാഹിത്യശാസ്ത്രം വിധിക്കുന്നതു്. സഹൃദയന്മാരുടെ കലാസൗന്ദര്യബോധത്തെ ഉണർത്തുവാനും വളർത്തുവാനും സാഹിത്യത്തിനുള്ള ശക്തിതന്നെയാണ് അതിന്റെ ശാശ്വതമൂല്യം. സൗന്ദര്യബോധം മനുഷ്യസഹജമാണെങ്കിലും അതിനെ ഉണർത്തുവാൻ യഥാർത്ഥകലയ്ക്കു മാത്രമേ കഴിയൂ. അതായതു്, കലാംശമാണ് സഹൃദയനാസ്വാദ്യമെന്നും സഹൃദയനാസ്വാദ്യമാവുന്നതേതോ അതാണ് കലയെന്നും പറയണം. സഹൃദയന്റെ വ്യക്തിഗതമായ അനുഭൂതിക്ക് സാഹിത്യനിരൂപണത്തിൽ നല്ലൊരു സ്ഥാനമുണ്ടെന്നു വ്യക്തം.

കുട്ടികൃഷ്ണമാരാരുടെ സാഹിത്യനിരൂപണങ്ങളിൽ ഒരിടത്തും മൗലികപ്രശ്നങ്ങളെ സംബന്ധിച്ച് ഒരിക്കലും കാലിടറുകയോ വാക്കു പതറുകയോ ചെയ്യുന്നില്ലെങ്കിൽ അതിനൊരു പ്രധാനകാരണം, കലാമൂല്യത്തെപ്പറ്റി പൗരസ്ത്യരും പാശ്ചാത്യരുമായ ചിന്തകന്മാരുടെ അഭിപ്രായങ്ങൾ പഠിച്ചു സുചിന്തിതവും സുവ്യക്തവുമായി സ്വന്തം നില അദ്ദേഹം രൂപവൽക്കരിച്ചിട്ടുണ്ടെന്നതാണ്. എം. ആർ. നായർ കണ്ണുഭൂഷണത്തിലെ നാലു വരിയിൽ ചൂണ്ടിക്കാണിച്ച 'ഭാസുരച്ഛായ' അലങ്കാരവും തദുത്ഥാപിതമായ വ്യംഗ്യവുമാണെന്നും, ശങ്കരക്കുറുപ്പിന്റെ 'സിംബോളിസം' സാദൃശ്യമൂലകമായ ആരോപാദ്ധ്യവസായങ്ങളോടുകൂടിയ അപ്രസ്തുതപ്രശംസാദൃക്തിവൈചിത്ര്യംതന്നെ

യാണെന്നും, 'ഇമോഷണൽ കൻടെന്റ്' എന്നു പറയുന്നത് വ്യംഗ്യധ്വനികൾതന്നെയാണെന്നും വാദിക്കുവാൻ അദ്ദേഹം മുതിർന്നതും ഇതുകൊണ്ടുതന്നെ. സംസ്കൃതപാണ്ഡിത്യത്തിന്റെ ദൂഷ്യങ്ങൾ വെളിപ്പെടുത്തി പുച്ഛിച്ചുതള്ളുമ്പോൾപോലും മാരാർക്കറിയാം സംസ്കൃതത്തിന്റെ മണ്ണിലാണു താൻ ഉറച്ചുനില്ക്കുന്നതെന്ന്.

ഡോക്ടർ ശ്രീകൃഷ്ണശർമ്മ

## കാളിദാസനും മാരാരും മലയാളിയും

പല നല്ല വസ്തുക്കളും ഒരുക്കൂട്ടിവയ്ക്കുന്നവർ പലരുണ്ട്; അവയെ സ്വയം അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്നവർ കുറവാണ്; മററുള്ളവർക്കുകൂടി പങ്കിട്ട് അവരോടൊത്ത് അങ്ങനെ ചെയ്യുന്നവരാകട്ടെ, നന്നെ കഷ്ടിയും. കാളിദാസൻെറ മൂന്നു കാവ്യങ്ങൾക്കും മലയാളത്തിൽ വ്യാഖ്യാനമെഴുതിയ ശ്രീ. കുട്ടികൃഷ്ണമാരാര് ഈ 'നന്നെ കഷ്ടി'യായ ആളുകളിലൊരാളാണ്. അല്ലെങ്കിൽ, മലയാളികളിൽ സംസ്കൃതപണ്ഡിതന്മാർക്കോ കാളിദാസകവിത വായിച്ചവർക്കോ വലിയ പഞ്ഞമുണ്ടോ? കാളിദാസകാവ്യങ്ങളാസ്വദിച്ചവരും ആസ്വദിക്കുന്നവരും നല്ലൊരു സംഖ്യയുണ്ടാവും. എന്നാലും, മലയാളിക്കു കാളിദാസനെ തെറ്റിദ്ധരിപ്പിക്കാതെ പരിചയപ്പെടുത്തിക്കൊടുത്തതു് മാരാരു മാത്രമല്ലേ? ഈ കാരണത്താൽത്തന്നെ, മാരാരുടെ മററു ഗ്രന്ഥങ്ങളേയും സാഹിത്യസിദ്ധാന്തങ്ങളേയും കാലക്കൊടുങ്കാററു് അടിച്ചു പറത്തിക്കളഞ്ഞാലും, മലയാളി ശ്രദ്ധിക്കാതായാലും, കാളിദാസനും മലയാളഭാഷയും ജീവിക്കുന്നേടത്തോളം കാലം മാരാരെ മറക്കുവാൻ മലയാളിക്കാവതല്ല.

മാരാരുടെ വ്യാഖ്യാനത്തോടുകൂടി ആദ്യം പ്രസിദ്ധപ്പെടുത്തിയ കാളിദാസകാവ്യം കുമാരസംഭവമാണ്. അതിൻെറ അവതാരികയിൽ ഡോ. സി. നാരായണമേനോൻ 'ലക്ഷണമൊത്ത' ഒരു വ്യാഖ്യാനം തന്നതിന്

മാരാക്കു നന്ദി രേഖപ്പെടുത്തിയിട്ടുണ്ട്. എന്താണീ 'ലക്ഷണമൊത്ത' വ്യാഖ്യാനം? മാരാരുടെ ഗദ്യപരിഭാഷ സാമാന്യം ഭാഷാപരിചയവും ഗ്രന്ഥപരിശീലനപാടവവുമുള്ള മലയാളികഠ മനസ്സിലാക്കുവാൻ വിഷമമുള്ളതല്ല. മൂലശ്ലോകം വായിക്കാതെ പരിഭാഷമാത്രം വായിക്കുന്നവനും കാളിദാസകാവ്യത്തിന്റെ രുചി നുണയാം. വ്യാഖ്യാനക്കുറിപ്പുകൾ നാതിസംക്ഷേപവിസ്തരങ്ങളാണ്; കാവ്യമമ്മത്തെ തൊടുന്നവയുമാണ്. ഇതെല്ലാം 'ലക്ഷണമൊക്കൽ' തന്നെ. എന്നാൽ, ഇതിലും കവിഞ്ഞൊരു 'ലക്ഷണമൊക്കൽ'കൂടി ഈ വ്യാഖ്യാനങ്ങൾക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നു.

ഈ 'ലക്ഷണമൊക്കൽ' മൂലകവിയുമായി വ്യാഖ്യാതാവിനുണ്ടാവുന്ന സമ്പൂണ്ണമായ ഹൃദയസംവാദത്തിൽനിന്നാണ് ഉയിരെടുക്കുന്നതു്. കാളിദാസകവിത പ്രസന്നവും ഗംഭീരവുമാണ്. വെറും ഭാഷാവ്യുല്പത്തിമാത്രം ആവശ്യപ്പെടുന്ന വിദ്യാത്ഥിയും സാരസ്വതതത്വത്തിന്റെ സാക്ഷാത്കാരത്തിൽ ഭേദഭാവന നീങ്ങി ആനന്ദസ്വഭാവനായിത്തീരുന്ന കാവ്യയോഗിയും കാളിദാസകവിതയിൽ വിഹരിക്കുവാൻ ഇഷ്ടപ്പെടുന്നു. ഇതാണ് മഹാഗ്രന്ഥങ്ങളുടെ മാഹാത്മ്യം. പതഞ്ജലിയുടെ മഹാഭാഷ്യത്തെപ്പറ്റി ഭത്തൃഹരി പറയുന്ന വാക്യം കാളിദാസകവിതയ്ക്കും യോജിക്കുന്നതുതന്നെ. "അലബ്ധഗാധേ ഗാംഭീയ്യാത് ഉത്താന ഇവ സൗഷ്ഠവാത്." ഈ രഹസ്യം മാരാർ മനസ്സിലാക്കുക മാത്രമല്ല ചെയ്തതു്, തന്റെ വ്യാഖ്യാനത്തിൽ വെളിപ്പെടുത്തുക കൂടി ചെയ്തു. പോരാ, മാരാരുടെ വ്യാഖ്യാനംതന്നെ ഈ പ്രസന്നതാഗംഭീയ്യങ്ങൾക്കു് ഉദാഹരണമാണ്. വെറും വ്യുല്പിത്സുവായ വിദ്യാത്ഥിക്കും കാവ്യമമ്മത്തിൽ സ്പർശിപ്പാൻ വെമ്പുന്ന സഹൃദയനും നിരാശതാലേശ

മേശാതെ മാരാരുടെ വ്യാഖ്യാനത്തെ സമീപിക്കാം. മൂലഗ്രന്ഥകത്താവുമായി സമരസം ഇണങ്ങിച്ചേരുവാൻ കഴിഞ്ഞ വ്യാഖ്യാതാവിൻെറ വ്യാഖ്യാനമാകയാലാണു് ഇതു 'ലക്ഷണമൊത്ത' വ്യാഖ്യാനമായതെന്നു ചുരുക്കം.

മലയാളത്തിൽ മാരാക്കു മുമ്പും കാളിദാസകാവ്യങ്ങൾക്കു വ്യാഖ്യാനം വന്നിട്ടുണ്ടു്. ഓരോ കാവ്യത്തിനും മൂന്നോ നാലോ വീതം പദ്യവിവത്തനവും ഉണ്ടായിട്ടുണ്ടു്. എന്നാൽ, മാരാരുടെ വ്യാഖ്യാനംപോലെ ഇങ്ങേത്തലയ്ക്കലും അങ്ങേത്തലയ്ക്കലുമുള്ള കാവ്യാരാധകനായ മലയാളിക്കു് ഒന്നുപോലെ പ്രയോജനപ്പെടുന്ന ഒരു വ്യാഖ്യാനം വേറെയില്ലതന്നെ. പ്രയോജനപക്ഷത്തിൽ, ഇതും മാരാരുടെ വ്യാഖ്യാനത്തിൻെറ മേന്മതന്നെ. മാത്രമല്ല, ഞാൻ കണ്ടിട്ടുള്ളേടത്തോളം, ഇത്രയും കലാശില്പം നിറഞ്ഞ ഒരു വ്യാഖ്യാനസരണി മലയാളത്തിലല്ലാതെ മറെറാരു ഭാഷയിലുമുണ്ടായിട്ടില്ല. കാളിദാസൻെറ കവിതയെ സമീപിക്കുന്ന മലയാളിയെ മാരാർ തൻെറ അനനുകരണീയമായ ഭാഷാശൈലികൊണ്ടു തടഞ്ഞുനിത്തുകയും, കാളിദാസൻെറ കൈകുലുക്കിക്കുകയും ചെയ്യുന്നു. അതു കഴിഞ്ഞാൽ പിന്നെ; കാളിദാസൻെറ ഹൃദയത്തിലേക്കു് അയാളെ എടുത്തൊരേറാണു്. അവിടെ എത്തിയവനു് തൻെറ കൈയിലുള്ള പാത്രത്തിൻെറ വലിപ്പമനുസരിച്ചു് പാനംചെയ്യുകയും, തൻെറ ഞരമ്പുകളുടെ കഴിവനുസരിച്ചു് ലഹരിപിടിക്കുകയും, തനിക്കുള്ള വിവേകശക്തിക്കനുസരിച്ചു് ജീവിതരഹസ്യങ്ങളെ വേർതിരിച്ചറിയുകയുമാവാം. ഈ ശില്പത്തിൻെറ വൈഭവം കാരണം, കവിക്കും തനിക്കുമിടയിൽ നില്ക്കുന്ന മാരാരെ മലയാളി ചിലപ്പോൾ കാണാതെതന്നെ പോയേക്കും. അതായതു്, മററു വ്യാഖ്യാതാക്കൾ തങ്ങളുടെ കാളിദാസനെ

വായനക്കാരനു പരിചയപ്പെട്ടുത്തുകയും, അവരുടെ സംഭാഷണം തീരുന്നതുവരേയും അവക്കിടയിൽ നില്ക്കുകയും ചെയ്യുമ്പോൾ, മാരാർ പരിചയപ്പെട്ടത്തൽ കഴിഞ്ഞാൽ ശരിയായ 'ജൻറിൽമാൻ' രീതിയിൽ അവിടം വിട്ടു നിൽക്കുന്നു. ഇതു് കവിയേയും സഹൃദയനേയും കൂടുതൽ അടുപ്പിക്കുകയും അവരുടെ മനസ്സിലുണ്ടായേക്കാവുന്ന ആശങ്കകളെ അകററുകയും ചെയ്യുന്നു. ഇതാണു് മാരാർ ചെയ്തിട്ടുള്ള അത്ഭുതകൃത്യം. ഇതിനു മലയാളി ആ 'ജൻറിൽമാനോ'ട്ടു് എത്രതന്നെ കൃതജ്ഞതയുള്ളവനായിരിക്കേണ്ട!

രണ്ടാമതു പ്രസിദ്ധപ്പെട്ടത്തിയ രഘുവംശവ്യാഖ്യാനത്തിൻെറ അവതാരികയിൽ, കാളിദാസകവിതയെ താൻ സമീപിച്ച വിധവും, അതിൻെറ വ്യാഖ്യാനത്തിൽ തനിക്കു നേരിടേണ്ടിവന്ന തൂലാമാലയായ പ്രശ്നങ്ങളും അവയ്ക്കു താൻ നേടിയ പരിഹാരങ്ങളും മാരാർ നിരൂപിച്ചിട്ടുണ്ടു്. പാഠനിർണ്ണയം, താല്പര്യനിർണ്ണയം, പ്രക്ഷിപ്തനിർണ്ണയം എന്നീ വിഷമംപിടിച്ചതും, എങ്ങനെ ചെയ്താലും വിമർശനങ്ങളിൽനിന്നൊഴിവുകിട്ടാൻ പ്രയാസമുള്ളതുമായ ദുർഗ്ഗങ്ങൾ കേറിക്കടക്കുന്നതിൽ, മുൻവ്യാഖ്യാതാക്കളുടെ സഹായഹസ്തം ചിലപ്പോഴെല്ലാം ലഭിച്ചിട്ടുണ്ടെങ്കിലും, സ്വന്തം മനസ്സാക്ഷിയുടെ വെളിച്ചത്തെത്തന്നെയാണു് മാരാർ പ്രധാനമായും അവലംബിച്ചതു്. സാഹിത്യവ്യവസായം ഒരു 'ഹോബി'യോ പുറംപൂച്ചോ മാത്രമാകാതെ സ്വധർമ്മമായിത്തീർന്നിട്ടുള്ള, അങ്ങനെയാണെന്നു് ആത്മാർത്ഥമായി വിശ്വസിക്കുന്ന ഒരു വ്യക്തിക്കേ ഇത്രയും ആത്മവിശ്വാസം കൈവരികയുള്ളൂ; അതിൽ തെററുപററാതിരിക്കയും ചെയ്യൂ.

മൂന്നാമതായി പ്രസിദ്ധീകരിച്ച മേഘസന്ദേശവ്യാ

ഖ്യാനത്തിന്റെ മുഖവുരയായിച്ചേർത്തിരിക്കുന്ന 'ആസ്വാദിക്കേണ്ടതെങ്ങിനെ' എന്ന ലഘൂപന്യാസം ഏതൊരു സാഹിത്യവിദ്യാർത്ഥിക്കും പുതുതായ ഒരു കാവ്യാസ്വാദദൃഷ്ടിയുണ്ടാക്കിക്കൊടുക്കാതിരിക്കയില്ല. ആ മഹത്തായ കാവ്യസൃഷ്ടിയുടെ പുറംപോക്കുകൾമാത്രം കണ്ടു വില നിർണ്ണയിച്ച പുരാതനന്മാരുടേയും ആധുനികന്മാരുടേയും ദൃഷ്ടിവൈകല്യത്തെ മാരാർ അതിൽ സ്പഷ്ടമായെടുത്തുകാട്ടിയിട്ടുണ്ട്. ഈ ലഘൂപന്യാസം ഹൃദയത്തിലലിയിച്ചശേഷം 'മേഘസന്ദേശ'ത്തിലൂടെ യാത്രചെയ്യുന്ന സഹൃദയൻ അത്ഭുതകരമായ കാളിദാസകാവ്യലോകത്തിൽ അനായാസം എത്തിച്ചേരുന്നു. അങ്ങനെ, കാളിദാസകവിതയിൽ നീന്തിത്തുടിക്കുവാനും, അടിയിലേക്കു മുങ്ങി അനർഘങ്ങളായ മുത്തുകൾ വാരിയെടുക്കുവാനും, പണ്ഡിതനല്ലാത്ത, വെറും വായനക്കാരനായ, മലയാളിയെക്കൂടി പഠിപ്പിക്കാൻ പരിശ്രമിച്ചുവെന്നതാണു് മാരാരുടെ വ്യാഖ്യാനങ്ങളുടെ യഥാർത്ഥത്തിലുള്ള മേന്മയായി ഞാൻ കണക്കാക്കുന്നതു്.

രണ്ടായിരം കൊല്ലങ്ങൾക്കു മുൻപ് ജീവിച്ച ഒരു മഹാകവിയുടെ, നാനാദേശങ്ങളിലേയും ജനങ്ങൾക്കിടയിൽ പ്രചുരപ്രചാരം സിദ്ധിച്ചുപോന്ന കൃതികളുടെ പാഠനിർണ്ണയം ചെയ്യുന്ന കാര്യം അതിപ്രയാസംകൊണ്ടുമാത്രം സാദ്ധ്യമോ അസാദ്ധ്യമോ എന്നുകൂടിത്തന്നെ പറയാം. ഈ പാഠഭേദങ്ങളുടെ ഉറവിടത്തെപ്പററി മാരാർ രഘുവംശവ്യാഖ്യാനത്തിന്റെ അവതാരികയിൽ സവിസ്തരമായും യുക്തിയുക്തമായും അഭ്യൂഹിച്ചിട്ടുണ്ട്. നവീനഗവേഷകന്മാർ, പ്രാചീനങ്ങളായ വ്യാഖ്യാനങ്ങളെയും താളിയോലഗ്രന്ഥങ്ങളെയും അടിസ്ഥാനമാക്കിയാണു് പ്രാചീനകൃതികളുടെ പാഠനിർണ്ണയം ചെയ്തുപോരുന്നതു്. ഈ

മാൎഗ്ഗത്തിന്റെ അഭികാമ്യതയേയും സത്യസന്ധതയേയും മാരാർ ആക്ഷേപിക്കുന്നില്ലെങ്കിലും, അതിന്റെ അപൎയ്യാപ്തതയെപ്പററി അദ്ദേഹം ന്യായമായും ആശങ്കിക്കുന്നുണ്ട്. ഈ ആശങ്ക അടിസ്ഥാനമില്ലാത്തതല്ലെന്ന്, ഈയിടെ സാഹിത്യ അക്കാദമി പ്രസിദ്ധപ്പെടുത്തിയ മേഘസന്ദേശത്തിന്റെ 'ക്രിട്ടിക്കൽ എഡിഷൻ' കണ്ടപ്പോൾ എനിക്കു ബോദ്ധ്യമായി. മാരാരാകട്ടെ, അധികവും തന്റെ അന്തഃകരണപ്രവൃത്തിയെത്തന്നെയാണ് പാഠനിൎണ്ണയത്തിൽ മാൎഗ്ഗദൎശകമായെണ്ണുന്നത്. ഇതു വെറും ആത്മനിഷ്ഠമായ ഒരു സമീപനമാൎഗ്ഗവും തന്മൂലം അശാസ്ത്രീയവുമല്ലേ എന്നു ചോദിക്കുന്നവരുണ്ടാവാം. വിവേചനമില്ലാതെ സ്വന്തം അന്തഃകരണപ്രവൃത്തിയെ പിൻതുടരുകയാണ് മാരാർ ചെയ്തിരുന്നതെങ്കിൽ, ഈ ചോദ്യത്തിനു കാമ്പു കൂട്ടമായിരുന്നു. എന്നാൽ, കാളിദാസന്റെ കവിതകളുടെ അനുസ്യൂതമായ പരിശീലനത്താലും, മുൻവ്യാഖ്യാതാക്കന്മാർ അംഗീകരിച്ച പാഠങ്ങളുടെ നിരൂപണദൃഷ്ട്യാ ഉള്ള പരിശോധനത്താലും ശുദ്ധി വരുത്തിയതും കവിഹൃദയമായി സംവാദം സമ്പാദിച്ചതുമായ സ്വന്തം അന്തഃകരണത്തിന്റെ പ്രചോദനങ്ങളെയാണ് അദ്ദേഹം പിൻതുടരുന്നത്. "സതാം ഹി സന്ദേഹപദേഷു വസ്തുഷു പ്രമാണമന്തഃകരണപ്രവൃത്തയഃ" എന്നു ദുഷ്യന്തനെക്കൊണ്ടു പറയിച്ച കാളിദാസന്റെ ദൃഷ്ടി മാരാൎക്കും കൈവന്നിരിക്കുന്നുവെന്നു സാരം. ഈ പ്രസ്താവത്തെ, ഒരു സ്വേച്ഛാനിഷ്ഠന്റെ ധൎമ്മധ്വജിത്വമായി വ്യാഖ്യാനിക്കുന്നവർ അതേ ആരോപം മാരാരിലും ചെയ്തേക്കാം.

പ്രക്ഷിപ്തശ്ലോകങ്ങളുടെ നിൎണ്ണയത്തിലും മാരാൎക്കീ മാൎഗ്ഗംതന്നെ തുടരേണ്ടിവന്നു. ഒരിക്കൽ അദ്ദേഹമിങ്ങനെ

സംഭാഷണമദ്ധ്യേ പ്രസ്താവിച്ചതു് ഞാനോക്കുന്നു: "ചില ശ്ലോകമങ്ങെടുക്കുമ്പോൾ കനം നന്നെ കുറവായിത്തോന്നും; കാളിദാസശ്ലോകത്തിന്റെ കനം കൈയിൽ തൂങ്ങിയില്ലെങ്കിൽ ഞാനതു മാററിനിർത്തും." ഈ നിലപാട്ടം വിമശ്നങ്ങൾക്കു വിധേയമാകാം. എന്നാൽ, കവിതയുടെയും പ്രത്യേകിച്ചും കാളിദാസകാവ്യത്തിന്റെയും മമ്മം മനസ്സിലാക്കിയ ഒരു മേധാവിക്കു മാർഗ്ഗദശകമായി ഈ വിഷയത്തിൽ മറെറന്തൊന്നാണുണ്ടാവുക? പ്രക്ഷിപ്തങ്ങളെന്നു കരുതുന്നതിനു പ്രേരകങ്ങളായ പ്രമാണങ്ങളെ മാരാർ അതാതു ശ്ലോകങ്ങളുടെ അടിക്കുറിപ്പിൽ കാണിക്കുകയും ചെയ്തിരിക്കുന്നു. പ്രാചീനകാവ്യങ്ങളെ തുറന്ന മനസ്സോടെ സമീപിക്കുകയെന്ന ഈ സമ്പ്രദായം പലരും മാരാരിൽനിന്നു പഠിക്കേണ്ടതാണു്. വെറും ആത്മരുചിയല്ല, നിരൂപണദൃഷ്ടിയുടെ പിൻതാങ്ങുള്ള ആത്മരുചിയാണു്, പ്രക്ഷിപ്തനിർണ്ണയത്തിൽ മാരാക്കു വഴികാട്ടിയെന്ന പ്രധാനമായ സംഗതി വിസ്മരിക്കത്തക്കതല്ല.

എങ്കിലും, രഘുവംശകാവ്യത്തിൽ പ്രത്യേകിച്ചും പ്രക്ഷിപ്തങ്ങളായി മാരാർ ഗണിച്ചിട്ടുള്ള ശ്ലോകങ്ങളെപ്പററി വിപ്രതിപത്തിയുണ്ടാകാം. ഒരു സന്ദർഭം ഞാൻ ഓക്കുന്നു. രഘുവംശം പ്രസിദ്ധപ്പെട്ടത്തി അധികം കഴിയുന്നതിനു മുമ്പു് ഒരുദിവസം കാര്യവശാൽ ഞാൻ 'മാതൃഭൂമി'യിൽ ചെല്ലുകയുണ്ടായി. മാരാർ ചോദിച്ചു: "രഘുവംശം കണ്ടുവോ?" ഞാനതിനു മറുപടി പറയുന്നതിനു മുമ്പുതന്നെ ശ്രീ എൻ. വി. കൃഷ്ണവാര്യർ ഒരു കുസൃതിച്ചിരിയോടെ ഇങ്ങനെ പറഞ്ഞു: "കോഴിക്കോട്ടങ്ങാടിയിൽക്കൂടെ വന്നപ്പോൾ കുറെ ശ്ലോകങ്ങൾ അനാഥങ്ങളായി അലയുന്നതു കണ്ടില്ലേ? അവയെല്ലാം കാളിദാസ

ൻേറതല്ലെന്നും പറഞ്ഞു മാരാർ തള്ളിയവയാണ്. അവ യുടെ പരാതി വർദ്ധിച്ചപ്പോൾ, 'കാളിദാസൻ തന്നെ പ്രക്ഷിപ്ത'മാണെന്നും പറഞ്ഞ് മാരാർ കേസവസാനി പ്പിച്ചു.'' ഒരു വെറും 'സൗഹാർദ്ദവെടി' മാത്രമായിരിക്കാം ഇത്. എങ്കിലും, രഘുവംശത്തിലെ പ്രക്ഷിപ്തശ്ലോകങ്ങ ളുടെ നിർണ്ണയത്തിൽ, മററു രണ്ടു കാവ്യങ്ങളിലുമെന്ന പോലെയുള്ള, തെളിഞ്ഞ മനസ്സ് മാരാക്കുണ്ടായിരു ന്നുവോ എന്നു ചിലപ്പോഴൊക്കെ ഞാൻ സംശയിച്ചി ട്ടുണ്ട്. പക്ഷേ, ഈ വിഷയത്തിലുള്ള കാഠിന്യത്തെ തിക ച്ചും മനസ്സിലാക്കുകയും തെററു പററാമെങ്കിലും തനിക്കു വേറെ പോംവഴിയില്ലെന്നു തുറന്നു സമ്മതിക്കുകയും താൻ കൈക്കൊള്ളാത്ത ശ്ലോകങ്ങൾക്കും കൂടി പരിഭാഷയെഴുതു ന്നതിൽ വൈമനസ്യം കാണിക്കാതിരിക്കുകയും ചെയ്ത മാരാരുടെ ഉച്ചൈശ്ശിരസ്ത്വത്തിനു മുമ്പിൽ നമ്മുടെ തല കുനിയുകതന്നെ ചെയ്യണം.

താല്പര്യാർത്ഥനിർണ്ണയത്തിൽ മാരാരുടെ വിരുത് അന്യാദൃശമായിരിക്കുന്നതു കാണാം. കാളിദാസന്റെ പദ ങ്ങളുടെ, ആശയങ്ങളുടെ, പാത്രങ്ങളുടെ, ജീവിതനിരീ ക്ഷണസരണിയുടെ, മർമ്മം ഗ്രഹിച്ചവനു മാത്രമേ, ഈ മാർഗ്ഗത്തിൽ ഇടരില്ലാതെ നടക്കാനാവൂ. 'ഏഷാ പ്രസന്ന സ്തിമിതപ്രവാഹാ' എന്ന രഘുവംശം 13–ാം സർഗ്ഗത്തിലെ ശ്ലോകത്തിലെ 'പ്രസന്നപദ'ത്തിന്റെ പ്രയോജനം, മേഘ സന്ദേശത്തിലെ എട്ടാമത്തെ പ്രക്ഷിപ്തശ്ലോകത്തിൻെറ വ്യാഖ്യാനത്തിൽ മാരാർ കാണിച്ചിരിക്കുന്നതു നോക്കുക. കാളിദാസൻെറ നായികാനായകന്മാരായ പാർവ്വതീപരമേ ശ്വരന്മാരുടെയും, ശകുന്തളാദുഷ്യന്തന്മാരുടെയും സ്വഭാവ വിശേഷത്തെ മാരാർ എങ്ങനെ സൂക്ഷ്മമായി താരതമ്യ

പ്പെട്ടത്തിയിരിക്കുന്നു എന്നും കാണുക.* മാത്രമല്ല, നാനാമുഖവും അത്ഭുതകരവുമായ കാളിദാസീയവിജ്ഞാനത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും മാരാർ നടത്തിയ ദൃഷ്ടിവിക്ഷേപങ്ങളും ഈ വ്യാഖ്യാനങ്ങളിൽ തെളിഞ്ഞുകാണാം. ആശയസംവാദങ്ങളുള്ള ഭാഗങ്ങളെ വേണ്ടിടത്ത് എടുത്തുകാട്ടി താല്പര്യനിർണ്ണയം ചെയ്യുന്ന മാരാരുടെ വ്യാഖ്യാനരീതി ആദരണീയമാണ്.

മാരാരുടെ ആത്മാർത്ഥതയും, സാഹിത്യവാശിയും ഗുണപക്ഷപാതവും, അദ്ദേഹം അർത്ഥമാക്കുന്ന 'ഹാസ്യ'വും, തനിക്കു യോജിക്കാൻ വയ്യാത്ത അഭിപ്രായങ്ങളെ—അവയുടെ ഉറവിടം ഏതു തന്നെയായാലും—ഫലൈകവേദ്യവും അതിതീവ്രമായ ആയുധപ്രയോഗംകൊണ്ടു പിന്നോക്കം പായിക്കുന്ന കൈവിരുതും, മിതഭാഷിത്വവും മഹാമനസ്കതയുമെല്ലാം ഈ കാവ്യവ്യാഖ്യാനങ്ങളിലും തെളിഞ്ഞുകാണാം. ഇതെല്ലാം ചേർന്നതാണ് മാരാർ.

ചുരുക്കത്തിൽ, ആദ്യം സൂചിപ്പിച്ചതുപോലെ മാരാരുടെ മറെറല്ലാ ഗ്രന്ഥങ്ങളും മറവിയിലാണ്ടാൽക്കൂടി, മഹത്തായ കാളിദാസകവിതയിലേക്ക് ഒരു രാജപദ്ധതി വെട്ടിത്തെളിച്ച മാരാരെ മലയാളികൾ മറക്കാൻ കഴികയില്ല. 'സാഹിത്യശിരോമണി'ത്വം ആ പേരുള്ള ബിരുദത്തെ മാരാർ സ്വയം പുച്ഛിച്ചതല്ലുമെങ്കിലും, കാളിദാസകാവ്യവ്യാഖ്യാനത്തിൽ കടന്നുകൂടി മാരാരേയും മലയാളിയേയും ധന്യമാക്കിയിരിക്കുന്നു. ഈ ധീരനായ സാഹിത്യമർമ്മജ്ഞന്ന് ധന്യവാദങ്ങൾ!

---

* ഒരു ശ്രാവ്യകാവ്യമായെണ്ണപ്പെട്ടുന്നതെങ്കിലും, ദൃശ്യകാവ്യത്തിന്റെ പദവിയിലേക്കുയന്നതാണ് 'കമാരസംഭവ'മെന്നു്, അതിലെ സന്ധിസന്ധ്യംഗഘടനകളെ വിവരിക്കുന്ന മാരാരുടെ വ്യാഖ്യാനം തെളിയിച്ചിരിക്കുന്നതും അവധേയമാണ്.

കെ. എൻ. എഴുത്തച്ഛൻ

# ഭാരതപര്യടനം

ശ്രീ. കുട്ടികൃഷ്ണമാരാരുടെ ഭാരതപര്യടനം ഞാൻ പര്യാലോചനയ്ക്കു തിരഞ്ഞെടുത്തിട്ടുള്ളതു രണ്ടു കാരണംകൊണ്ടാണ്. ഒന്നാമതു്, മാരാരുടെ കൃതികളിൽ ഒന്നാംകിടയിൽ പെട്ടതെന്നു സർവ്വസമ്മതമായ ഒന്നാണതു്. രണ്ടാമതു്, ഏററവും പരപ്പേറിയ സംസ്കൃതസാഹിത്യത്തിൽ മഹാഭാരതത്തെപ്പോലെ സഹൃദയന്മാരെ ആകർഷിച്ചിട്ടുള്ള ഗ്രന്ഥമില്ല. കാളിദാസകൃതികൾ കവിതയെന്ന നിലയ്ക്കു് ഉൽകൃഷ്ടങ്ങൾതന്നെ. അവയിൽ ഓരോന്നിന്നും പ്രത്യേകം ആരാധകന്മാരുണ്ടു്. ഞാൻ രഘുവംശത്തിന്റെ പക്ഷപാതിയാണു്. ആ മഹാകാവ്യത്തിൽ ഒരു കുലീനകുടുംബത്തിൻെറ ആനുകാലികമായ താഴ്ചയുയർച്ചകൾ വിഭിന്നപ്രകൃതികളായ പാത്രങ്ങളിൽക്കൂടി കവി ചിത്രീകരിച്ചിരിക്കുന്നു. കാളിദാസരുടെ മററു കൃതികൾ, ഇതിൽ സൂചിപ്പിക്കുകയും സ്പർശിക്കുകയും ചെയ്ത ചില ഭാഗങ്ങളുടെയും പ്രശ്നങ്ങളുടെയും വിപുലവൽക്കരണമാണെന്നു തോന്നാം. എന്നാൽ ഭാരതത്തിൻെറ നില ഇതൊന്നുമല്ല. 'ഇതിലുള്ളതേ മറെറവിടേയുമുള്ളു; ഇതിൽ ഇല്ലാത്തതു മറെറവിടേയും ഇല്ല' എന്നു മഹാഭാരതത്തെപ്പററി ഒരു പൗരാണികവാക്യമുണ്ടു്. ഭാരതം ഒരു കുടുംബകഥയാണെങ്കിലും വളരെ പരന്ന ക്യാൻവാസ്സിൽ വരച്ച അതിലെ സംഭവങ്ങളും മനുഷ്യചിത്രങ്ങളും ആരേയും ഇരുത്തിച്ചിന്തിപ്പിക്കും. ഭാരതപര്യടനകാരൻതന്നെ ഒരിടത്തു ചൂണ്ടി

ക്കാണിച്ചിട്ടുണ്ട്, യൂറോപ്യൻ ഇതിഹാസങ്ങളെപ്പോലെ വീരപുരുഷന്മാരുടെ അപദാനങ്ങൾ കീർത്തിക്കുന്നവ മാത്രമല്ല ഭാരതാദികളെന്ന്. അഗാധമായ ജീവിതപ്രശ്നങ്ങൾ അവയിൽ നിപുണദൃഷ്ടിക്കു മാത്രം വിഷയമാകുന്ന തരത്തിൽ അന്തർഭവിച്ചിട്ടുണ്ട്. എന്നാൽ അവയൊന്നും കാണണമെന്നില്ല, ആ മഹാഗ്രന്ഥത്തെ ആരാധിക്കാൻ. അതിൽ തലങ്ങും വിലങ്ങും വാരിവിതറിയിട്ടുള്ള ലോകോക്തികളും ഉപദേശങ്ങളും തന്നെ നമ്മുടെ ഹൃദയസംസ്കാരത്തെ വളരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ കഴിവുള്ളവയാണ്. നാം വിദ്യാഭ്യാസം നേടുകയും ഉയർന്ന ഡിഗ്രി എടുക്കുകയും ചെയ്തേക്കാം. സ്ഥാനമാനങ്ങളും സമ്പത്തും ആവശ്യത്തിലധികവും ലഭിച്ചേക്കാം. എന്നാൽ ജ്ഞാനോദയംകൊണ്ടുണ്ടാകുന്ന ആ സംസ്കാരമോ ഹൃദയവിശാലതയോ ഇതുകൊണ്ടൊന്നും ഉണ്ടാവുന്നില്ലെന്നതു് അനുഭവസിദ്ധമാണ്. മൃഗത്തെ മനുഷ്യനാക്കാനെന്നപോലെ മനുഷ്യനെ മൃഗത്തിലും നികൃഷ്ടനാക്കാനും വിദ്യാഭ്യാസത്തിന്നു കഴിയും. അതു ശരിയായ വിദ്യാഭ്യാസമല്ലെന്നുള്ള കാര്യം വേറെ. ഉയർന്ന മാനുഷികമൂല്യങ്ങളെപ്പററി അറിവുണ്ടാക്കുകയും അതോടുകൂടി, ലൗകികജീവിതത്തിന്നത്യാവശ്യമായ യാഥാർത്ഥ്യബോധത്തിൽനിന്നു വിട്ടുനില്ക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സാഹിത്യഗ്രന്ഥങ്ങൾ എന്നും ആരാധ്യങ്ങളായിരിക്കും. മഹാഭാരതം ഏതു മാനദണ്ഡംവെച്ചു നോക്കിയാലും ഹിമാലയംപോലെ ഉയർന്നുനില്ക്കുന്നു. അതിൻെറ സംസ്കരണശക്തിയോടൊപ്പം സാന്ത്വനശക്തിയും അത്ഭുതകരമാണ്. വിദുരോപദേശത്തേക്കാൾ ശ്രേഷ്ഠമായ--ലോകാനുഭവങ്ങളെ ആറ്റിക്കുറുക്കി എടുത്ത—ഒരു ചിന്താഭണ്ഡാരം ലോകസാഹിത്യത്തിൽ നിങ്ങൾക്കു കണ്ടുകിട്ടു

കയില്ല. എന്നാൽ വിചിത്രസ്വഭാവികളായ വ്യക്തികളാണ് ഇതിലെ വിഷയം. സാമൂഹ്യചലനങ്ങളെ നിഷ്കൃഷ്ടമായി പഠിക്കാനുള്ള ശ്രമമല്ല, ലോകത്തേയും ജീവിതത്തേയും അനുകമ്പയോടുകൂടി വീക്ഷിക്കാനുള്ള ശ്രമമാണ് പഴയ കലാകാരന്മാർ നടത്തിയിട്ടുള്ളത്. പ്രാചീനസാഹിത്യങ്ങൾ മിക്കതും സാമൂഹ്യജീവിതത്തിൻെറ കനത്ത അടിയൊഴുക്കുകളിലേക്കു ദൃഷ്ടിപായിക്കുന്നവയല്ല. മനുഷ്യൻ നീങ്ങുമ്പോഴും ചരിത്രം നീങ്ങുന്നതായിത്തോന്നുകയില്ല. മനുഷ്യനെ മനസ്സിലായാലും അവൻെറ ചരിത്രരഹസ്യങ്ങൾ അജ്ഞാതമായിക്കിടക്കും. വ്യക്തിസംസ്കാരം സാമൂഹ്യസംസ്കാരത്തിൽ ഒട്ടിപ്പിടിക്കാതെ കിടക്കുന്നതായിത്തോന്നും. എന്നാൽ ഇത്തരം ആശയങ്ങൾ പഴയ സാമൂഹ്യവ്യവസ്ഥയുടെ പരിധികളുള്ളിൽ ജീവിച്ചിരുന്ന കലാകാരന്മാരുടെ ശ്രദ്ധയിൽ പെട്ടിരുന്നില്ലെങ്കിൽ അതിലത്ഭുതമില്ല. ഇവയെല്ലാം പ്രായേണ പുതിയ സാമ്പത്തികജീവിതം ഉണ്ടാക്കിയ ചിന്താഗതികളാണ്. മാത്രമല്ല, വ്യക്തിസംസ്കാരത്തിൻെറ വില ഏതുകാലത്തും കുറയാത്തതുകൊണ്ട്, വ്യാസരെ മാർക്സ് മുഴുവനാക്കുന്നുവെന്ന് ഒരാൾ പറഞ്ഞാൽ അതിൽ വിചിത്രമായിട്ടൊന്നുമില്ല. അതിരിക്കട്ടെ. ഭാരതത്തിൻെറ മാഹാത്മ്യത്തിലെ ഒരു ഭാഗം അതിലെ സദുക്തിരത്നങ്ങളാണെന്നു മുമ്പു പറഞ്ഞുവല്ലോ. ഭാരതപര്യടനകാരൻ കഥാപാത്രങ്ങളുടേയും മററും ഉള്ളിൽ കടന്ന് അതിഗഹനമായ ചിന്ത നടത്തുമ്പോഴും ഈ വസ്തുത മറന്നിട്ടില്ലെന്ന് ഓരോ അദ്ധ്യായത്തിൻേറയും ഒടുവിൽ ചേർത്ത ഉൽകൃഷ്ട പദ്യങ്ങൾ—എത്ര വായിച്ചാലും പുതുമപോകാത്ത പദ്യങ്ങൾ— തെളിയിക്കുന്നുണ്ട്.

ഒരുലക്ഷത്തിരുപതിനായിരം പദ്യങ്ങളുള്ള മഹാ

ഭാരതം ഗുണംകൊണ്ടെന്നപോലെ വലുപ്പംകൊണ്ടും ലോകസാഹിത്യത്തിൽ മുൻനില്ക്കുന്നു. പല ചിന്തകന്മാരുടെയും കവികളുടെയും കൈകൾ വളരെ കാലത്തോളം ഈ ഗ്രന്ഥത്തിൻെറ വലുപ്പം കൂട്ടാൻ സഹായിച്ചിട്ടുണ്ടെന്നതിന്നു സംശയമില്ല. ജ്ഞാനാനുഭൂതികളെ സംബന്ധിച്ചിടത്തോളം, കിട്ടാവുന്ന ഒരു തുള്ളി വെള്ളവും കളയാതെ സംഭരിച്ചുവെക്കുകയാണ് ഭാരതസമുദ്രം ചെയ്തിട്ടുള്ളത്. ഏറ്റവും പരത്തിപ്പറയുന്ന സ്വഭാവമാണ് ഇതിലെല്ലാടത്തും കാണുക; ഈ സ്വഭാവവിശേഷമായിരിക്കാം ഒരു വ്യാസനെ ഗ്രന്ഥകർത്താവാക്കികല്പിക്കാൻ ഇടയാക്കിയത്. ഇന്നത്തെ നിലയിൽ ഈ ഗ്രന്ഥം രൂപം പ്രാപിച്ചത് ക്രിസ്തു ആദിശതകങ്ങളിലാണെന്നു പറയപ്പെടുന്നുണ്ട്. ഏതായാലും ഇന്ത്യൻചിന്താപദ്ധതികളെല്ലാം വേണ്ടത്ര വളൎന്ന ഒരു ദശയെയാണ് ഈ കൃതി പ്രതിനിധാനം ചെയ്യുന്നത് എന്നതിൽ സംശയമില്ല. പൂനാ ഓറിയന്റൽ ഇൻസ്റ്റിററ്യൂട്ടിൽനിന്നു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള മഹാഭാരതത്തിൻെറ ആധുനികസമ്പ്രദായത്തിലുള്ള പരിഷ്കൃതപ്പതിപ്പ് അനവധി പ്രക്ഷിപ്താംശങ്ങൾ കാണിക്കുന്നുണ്ട്. എന്നാൽ ഒരു സഹൃദയനെ സംബന്ധിച്ച് ഇത് അത്ര പ്രധാനപ്പെട്ട കാൎയ്യമല്ല. ഉത്തരരാമായണം പ്രക്ഷിപ്തമാണെന്നു മിക്കവാറും പണ്ഡിതസമ്മതമാണ്. എന്നാൽ രാമായണത്തിൽനിന്ന് ആ ഭാഗം നീക്കം ചെയ്താൽ കലയ്ക്കു നേരിടാവുന്ന നഷ്ടം ഒന്നാലോചിച്ചുനോക്കുക. രഘുവംശം പതിന്നാലാം സൎഗ്ഗവും ഉത്തരരാമചരിതം നാടകവും നഷ്ടപ്പെടാൻ നാം ആഗ്രഹിക്കുകയില്ല. കല ഭാവപൂൎണ്ണതയാണ്, വസ്തുപൂൎണ്ണതയല്ല ആവശ്യപ്പെടുന്നത്. തന്മൂലം ഒടുവിൽ പറഞ്ഞതിന്നു രണ്ടാം സ്ഥാനമേ ഉള്ളു. മഹാഭാരതം പലരുടേയും കൂടിയ കൃതിയാകാം; പ്രക്ഷിപ്താംശങ്ങൾ

അതിൽ സുലഭമാകാം. അതിലെ പല കഥകളും ഓരോരുത്തർ സരസ്വതീവിലാസംപോലെ കെട്ടിച്ചമച്ചതാകാം. നല്ല ശ്ലോകങ്ങൾ കിട്ടിയേടത്തുനിന്നെല്ലാം അതിൽ പെറുക്കി നിറച്ചിട്ടുണ്ടെന്നും വരാം. എന്നാൽ അതൊക്കെ ഗവേഷണപണ്ഡിതന്മാരുടെ ശ്രദ്ധ അർഹിക്കുന്ന വിഷയങ്ങൾ മാത്രമാണ്. സഹൃദയനെ സംബന്ധിച്ചിടത്തോളം അതിനൊന്നും വലിയ സ്ഥാനമില്ല. ആ മഹാഗ്രന്ഥം നമ്മിലുണ്ടാക്കുന്ന വികാരങ്ങളും വിചാരങ്ങളും എന്തെല്ലാം? അവ നമ്മെ കൂടുതൽ ലോകജ്ഞരാക്കാനും സംസ്കൃതചിത്തരാക്കുവാനും സഹായിക്കുന്നുണ്ടോ? വിധിരൂപത്തിലാണുത്തരമെങ്കിൽ—അതങ്ങനെ ആവാനേ വഴിയുള്ളൂ—ഗ്രന്ഥപഠനത്തിൽ മറ്റൊന്നും നമുക്ക് അന്വേഷിക്കേണ്ടതായിട്ടില്ല.

കലാനിരൂപണം ഭാവപ്രധാനവും വ്യാഖ്യാനപ്രധാനവും ആണെപ്പോഴും. ഇവിടെ നാം, ഒന്നെങ്ങനെ സംഭവിച്ചുവെന്നല്ല, അതെങ്ങനെ നമ്മെ ബാധിക്കുന്നുവെന്നാണ് നോക്കുന്നതു്. ചിന്നിച്ചിതറിക്കിടക്കുന്ന ലോകവസ്തുതകൾക്കു് ഒരു പ്രത്യേകാത്മം കൊടുക്കുകയാണ് കലയിൽ ചെയ്യുന്നതു്. ചരിത്രയാഥാർത്ഥ്യങ്ങൾ ഒന്നിച്ചുകൂട്ടി ഒരു നോവലിസ്റ്റ് സ്വന്തം ഭാവനയിൽ പുടപാകം ചെയ്തു പുതിയ രൂപത്തിൽ പ്രദർശിപ്പിക്കുന്നു. ഒരേ അനുഭവത്തെ പല ദൃഷ്ടിവെച്ചും വീക്ഷിക്കാം; വിവരിക്കാം. കവിയുടെ സ്വന്തം സംസ്കാരം, ചിന്ത, കല്പനാശക്തി തുടങ്ങിയതെല്ലാം ഇതിൽ സഹകരിക്കുന്നു. ഇതുപോലെതന്നെ നിരൂപകൻ മുമ്പിലിരിക്കുന്ന ഗ്രന്ഥത്തിലെ പാത്രങ്ങളിലും സംഭവങ്ങളിലും തന്റെ വ്യക്തിമുദ്ര പതിപ്പിച്ച് അവയെ പുതുമയുള്ളതാക്കിത്തീർക്കും. കാവ്യപ്രപ

ഞ്ചം നിത്യയൗവനമായിരിക്കുന്നതിന്നു കാരണം, വീക്ഷണഗതിയനുസരിച്ച് അതിന്നു കൊടുക്കാവുന്ന വ്യാഖ്യാനത്തിന്ന് അതിരില്ലെന്നതാണ്. ഓരോ നിരൂപകനും സ്വന്തം നിലപാടിൽനിന്നു കാവ്യം പരിശോധിക്കുന്നു. ഈ നിലപാടു തികച്ചും ശരിയായിക്കൊള്ളണമെന്നില്ല; എല്ലാവർക്കും ആ അഭിപ്രായങ്ങൾ സമ്മതമായിക്കൊള്ളണമെന്നുമില്ല. നിരൂപകൻ സ്വീകരിച്ച മാനദണ്ഡങ്ങൾ വെച്ചു നോക്കുമ്പോൾ അദ്ദേഹത്തിൻെറ വ്യാഖ്യാനത്തിന്നു പുതുമയും യുക്തിയുമുണ്ടോ എന്നാണു നോട്ടം. ഇവിടെയാണ് നിരൂപണം ഒരു കലയാകുന്നതും ജീവൽസൃഷ്ടിയാകുന്നതും. മലയാളത്തിലെന്നല്ല ഏതു ഭാഷയിലും, പുസ്തകാഭിപ്രായം പറയുന്നവർ പലരും ഉണ്ടാകുമെങ്കിലും നിരൂപകന്മാർ കുറവാണ്. പഴയ ചട്ടക്കൂടിന്നുള്ളിൽ നിന്നുകൊണ്ടു ചിലതെല്ലാം പറയുകയെന്നല്ലാതെ വ്യക്തിത്വമുള്ള അഭിപ്രായം പുറപ്പെടുവിക്കുന്നവർ ചുരുങ്ങും. അതിലത്ഭുതവുമില്ല. ചിന്തിക്കുക ലോകത്തിലെ ഏററവും വിഷമമേറിയ ജോലികളിൽ ഒന്നാണ്. ആ ചിന്തയെ മനുഷ്യജീവിതത്തോടു സമന്വയിപ്പിച്ച മാംസളമാക്കിത്തീർക്കുക എന്നതു് അതിലും പ്രയാസമാണ്. അതിലും കഠിനമാണ്, അതു വ്യക്തവും ശുദ്ധവും ആയ ഭാഷയിൽ അന്യൎക്കു പകൎന്നു കൊടുക്കുക എന്ന ജോലി. ഈ മൂന്നും കുട്ടികൃഷ്ണമാരാരിൽ സമ്മേളിച്ചതാണ് അദ്ദേഹത്തെ ആരാധ്യനാക്കിത്തീൎത്തിരിക്കുന്നതു്. മാരാരുടെ ചിന്ത, കലാസൗഭാഗ്യം നിലനിൎത്തിക്കൊണ്ടു് ഒററക്കൽഗോപുരങ്ങളായി നിലനില്ക്കുന്നു. അദ്ദേഹത്തിൻെറ നിരൂപണം രാജാങ്കണത്തിലും ഭാരതപൎയ്യടനത്തിലും, ഭാവഗീതങ്ങളുടെ സൗഭാഗ്യവും ഇതിഹാസങ്ങളുടെ അന്തസ്സും പുലൎത്തുന്നതായിക്കാണാം.

വ്യാകരണവും അലങ്കാരവും മററും വിട്ട് മാരാരുടെ ചിന്ത കലയുടെ ആത്മാവുമായി ഏററുമുട്ടുന്നതു്, വള്ളത്തോൾ, നാലപ്പാടൻ എന്നിവരുടെ സാഹചര്യം ആരംഭിച്ചതിന്നു ശേഷമാണെന്നു തോന്നുന്നു. ഏതായാലും സാധാരണനിരൂപകന്മാരിൽ കാണാത്ത ചില സിദ്ധികൾ അദ്ദേഹത്തിന്നുണ്ട്. ഒന്നാമത്തേതു്, തലനാരിഴയ്ക്കു പഴുതില്ലാതെ ചുഴിഞ്ഞു ചെല്ലുന്ന ബുദ്ധിവിശേഷം തന്നെ. അതു് അഗാധമായ വസ്തുതകൾ കാണ്മാനും, അവയെ ചിട്ടയിൽ അടക്കി നിരത്തി വായനക്കാരുടെ മുമ്പിൽ പ്രദർശിപ്പിക്കാനും അദ്ദേഹത്തെ സഹായിക്കുന്നു. രണ്ടാമത്തെ സിദ്ധി നിരൂപകൻെറ സംസ്കൃതജ്ഞാനമാണ്. സാഹിത്യനിരൂപണത്തെ സംബന്ധിച്ച സൂക്ഷ്മരഹസ്യങ്ങൾ മനസ്സിലാക്കാൻ ഇതു ഗണ്യമായി സഹായിച്ചിട്ടുണ്ട്. മൂന്നാമത്തെ സിദ്ധി—അതിനെ ഒരു 'സിദ്ധി'യെന്നു പറയാമെങ്കിൽ—ഇതരഭാഷകളുമായുള്ള അടുപ്പക്കുറവാണ്. തന്മൂലം വിദേശപണ്ഡിതന്മാർ പറഞ്ഞ കുറെ അഭിപ്രായങ്ങൾ ഉദ്ധരിച്ചു പണ്ഡിതമുദ്ര നേടാൻ ഉള്ള ശ്രമം മാരാരിൽ കാണുകയില്ല. സ്വന്തം പ്രതിഭയുടെ മൂലധനം കൊണ്ടു നടത്തുന്ന ഒന്നാംകിട വ്യാപാരമാണ് അദ്ദേഹത്തിന്റേതു്. അതിൽ വിദേശച്ചരക്കുകൾ കാണും; എന്നാൽ അതു സ്വയം പരിശോധിച്ചു സ്വന്തം മുദ്ര പതിച്ചതായിരിക്കും. ഇതിനെല്ലാം പുറമെ, സ്വന്തം കഴിവിലുള്ള ഉദാത്തമായ ഒരു മതിപ്പും, കുലീനത വിടാത്ത ഒരു പരിഹാസവും നമ്മുടെ നിരൂപകനിൽ കാണാം. തൊഴിലിന്നു തികച്ചും പററിയ വിധം, കടഞ്ഞു തെളിയിച്ച ശക്തിയേറിയ ഭാഷ—ഇതു ചിലപ്പോൾ മററുള്ളവരെ മുറിപ്പെട്ടുത്തുമെങ്കിൽ അതിൽ അത്ഭുതപ്പെടേണ്ടതില്ല—മാരാരുടെ മറെറാരു സിദ്ധിതന്നെ. ദീർഘകാലപരിശീലനംകൊണ്ടു

തികഞ്ഞ ഹസ്തലാഘവം നേടാൻ അദ്ദേഹത്തിൻെറ തൂലികയ്ക്കു കഴിഞ്ഞിട്ടുണ്ട്.

ഭാരതപര്യടനത്തിൽ മാരാർ, നമ്മുടെ ആർഷപാരമ്പര്യത്തെപ്പററി പലതും ജല്പിക്കാറുള്ള പണ്ഡിതന്മാരെ അനുകരിച്ച്, മഹാഭാരതത്തിൻെറ ദിവ്യത്വത്തേയോ മഹത്വത്തേയോ പററി അന്ധമായി സ്തുതിക്കുകയല്ല ചെയ്തിട്ടുള്ളതു്. ഭാരതത്തിൻെറ തന്നെ ഭാഗമായ ഭഗവൽഗീതയെപ്പററി പഴമക്കാരും പുതുമക്കാരും ആയ പണ്ഡിതന്മാർ എഴുതിയുണ്ടാക്കിയ വ്യാഖ്യാനങ്ങൾക്കുണ്ടോ വല്ല കണക്കും? ദ്വൈതികളും, അദ്വൈതികളും, വിശിഷ്ടാദ്വൈതികളും, ദ്വൈതാദ്വൈതികളും, ഹിംസക്കാരും അഹിംസക്കാരും എല്ലാം ആ ഗ്രന്ഥത്തെ സ്വന്തം ഇഷ്ടമനുസരിച്ചു വ്യാഖ്യാനിച്ചിട്ടുണ്ട്. അതിൽ കാണാത്ത അർത്ഥവും, തത്ത്വവും, സത്യവും മറെറങ്ങും ഇല്ലെന്നു സ്ഥാപിക്കാൻ എത്രയോ പ്രയത്നവും മഷിയും ചെലവാക്കിയിരിക്കുന്നു. ടിലാക്കും അരവിന്ദഘോഷും വമ്പിച്ച പഠനങ്ങൾ നടത്തിയ ഗ്രന്ഥമാണതു്. ഗാന്ധിജികൂടി സ്വന്തം മുദ്രയുള്ള ഒരു വ്യാഖ്യാനം അതിന്മേൽ ഒട്ടിച്ചിട്ടുണ്ട്. എന്നാൽ ഈ വ്യാഖ്യാനസമുദ്രത്തിൽ കിടന്നു വീർപ്പുമുട്ടിയ ഗീത, ടാഗോറിൻെറ ഒരു കഥയിലെ തത്തയെപ്പോലെ, എത്രയോ മുമ്പു ചത്തു വെറുങ്ങലിച്ചുപോയതായിട്ടാണു് സാധാരണക്കാൎക്കു തോന്നുക. പുതിയ അർത്ഥം കല്പിക്കാൻ ഉള്ള ശ്രമം മാരാരിലുമുണ്ട്; എന്നാൽ അദ്ദേഹത്തിന്നു മഹാഭാരതം പ്രധാനമായും ഒരു കുടുംബചരിത്രമാണു്. അതിലെ നടന്മാർ നമ്മുടെ ഇടയിലുള്ള സാധാരണക്കാർതന്നെ. ദിവ്യതയുടെ പ്രതിഭാസമല്ല, സാധാരണമനുഷ്യത്വത്തിൻെറ നിഴലും വെളിച്ചവും ഇടകലൎന്ന പ്രകാശനമാണതിലുള്ളതു്. വ്യാസൻെറ പഴയ

വിരുന്നു് ഇന്നത്തെ നമ്മുടെ ഭാവനയുടെയും ചിന്തയുടെയും വിശപ്പടക്കുന്നതെങ്ങനെ എന്നദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. വേദം പകുക്കുകയോ വേദാന്തം രചിക്കുകയോ ചെയ്ത വ്യാസരെ പ്രധാനമായും മനുഷ്യചരിത്രഗായകനായിട്ടാണു് നമ്മുടെ നിരൂപകൻ കാണുന്നതു്. മാത്രമല്ല, ലോകത്തിന്റെ നന്മതിന്മകളെ—പ്രത്യേകിച്ചും ഒടുവിൽ പറഞ്ഞവയെ—യാതൊരു കലവറയും കൂടാതെ തുറന്നു കാട്ടുന്നതിൽ മഹാഭാരതം അങ്ങേയററംവരെ വിജയിച്ചിട്ടുണ്ടെന്നും നാം ഭാരതപര്യടനത്തിൽനിന്നു മനസ്സിലാക്കുന്നു. പലതരത്തിലുള്ള ആളുകളും ദേശങ്ങളും ആയി പരിചയപ്പെടുകയും അങ്ങനെ മനഃസംസ്കാരം വർദ്ധിപ്പിക്കുകയും ആണു് പ്രായേണ തീർത്ഥയാത്രകൊണ്ടു മതങ്ങൾ ഉദ്ദേശിച്ചിട്ടുള്ളതെന്നു പറയാറുണ്ടു്. മാരാരുടെ ഭാരതപര്യടനം ഇത്തരത്തിലുള്ള ഒരു തീർത്ഥയാത്രയാണു്. നിങ്ങൾ മുക്തിയിൽ വിശ്വസിച്ചാലും ഇല്ലെങ്കിലും ശരി, ആ യാത്ര നിങ്ങളെ കൂടുതൽ വിശാലഹൃദയരാക്കും; കൂടുതൽ മനക്കരുത്തും ആലോചനാശക്തിയും ഉള്ളവരാക്കും. ഒരു പ്രപഞ്ചംപോലെ പരന്നുകിടക്കുന്ന ഒരു മഹാഗ്രന്ഥത്തെ സത്തായ ഭാഗമൊന്നും വിടാതെ പതിനെട്ടദ്ധ്യായങ്ങളിൽ പത്തിരുന്നൂറു പേജുകളിൽ സംഗ്രഹിച്ചിരിക്കുന്നു. അതിലെ ചില ഭാഗങ്ങൾ, എഴുത്തുകാരന്റെ ആത്മാവു് അതിൽ അത്രയും ഇഴുകിച്ചേർന്നിരിക്കുകകൊണ്ടു്, അസാധാരണമായ രീത്യുൽക്കർഷം പ്രാപിച്ചിട്ടുമുണ്ടു്. മഹാഭാരതത്തെ ഉപജീവിച്ചു മറെറാരു മഹത്തായ കലാസൃഷ്ടി നടത്തുകയാണു് മാരാർ ചെയ്തിട്ടുള്ളതു്.

വ്യാസരുടെ അനുകമ്പാപൂർണ്ണമായ പൊട്ടിച്ചിരിയിൽ (ഋശ്യശൃംഗകഥ) ഒരൊന്നാന്തരം മനഃശാസ്ത്രതത്ത്വം നാം കാണുന്നു. "മനുഷ്യനിലുള്ള പ്രകൃതിപ്രേരണകളെ

അനങ്ങാത്തവിധം കെട്ടിയിട്ടാൽ തപസ്സ്—സദാചാരം—തനിയെ ശരിപ്പെട്ടുകൊള്ളുമെന്ന മിഥ്യാസങ്കല്പത്തിൽ കുട്ടികളെ കണ്ണും ചെവിയും പൊത്തി വളൎത്തുകയും, ഒട്ടുക്കം ആ പ്രകൃതിപ്രേരണ അരുതാത്ത പഴുതുകളിലൂടെ തല നീട്ടി പലപ്പോഴും അവരെ അപകടത്തിൽ പെടുത്തിയതായിക്കണ്ടു പകച്ചുപോകയും ചെയ്തുപോരുന്ന നമ്മുടെ സാമുദായികജീവിതത്തിലെ തലമുറകളിലേക്കെല്ലാം'' വ്യാസരുടെ പരിഹാസം പരന്നൊഴുകുന്നതായി നിരൂപകൻ ചൂണ്ടിക്കാണിക്കുന്നു. ദുൎയ്യോധനാദികൾ ഭാരതത്തിൽ മാത്രമല്ല നമ്മുടെ ഇടയിൽത്തന്നെയുണ്ടു്. സുയോധനൻ, ദുൎയ്യോധനൻ എന്നു രണ്ടു പേരുകളിൽ മാത്രം അറിയപ്പെടുന്ന ആ ക്ഷത്രിയരാജാവു് മനുഷ്യനിലെ അധികാരമോഹത്തിൻെറ പ്രതീകമാണു്. ജയം മാനം എന്നിവയ്ക്കുവേണ്ടി എന്തു കുറ്റംകൃത്യവും അതു ചെയ്യും. എന്നാൽ നാം അതിൻെറ ആരാധകരാണു്. പാണ്ഡവസമുദായത്തെ ഒററവ്യക്തിയായി ഗണിച്ചാൽ, ആ വ്യക്തിയുടെ ഹൃദയത്തിൽ ആദ്യമുദിക്കുന്ന പ്രാകൃതചിത്തവൃത്തിക്കു ഭീമസേനനും, ഉത്തരക്ഷണത്തിൽ അതിനെ തടയുന്ന ധൎമ്മബോധത്തിന്നു യുധിഷ്ഠിരനും, ഉടനെ ധൎമ്മാനുകൂലമായുണ്ടാകുന്ന ഉദ്യമത്തിനു് അൎജ്ജുനനും പ്രതിനിധീഭവിക്കുന്നു'' എന്നാണു് മാരാർ പറയുന്നതു്. എത്ര അഭ്യസിച്ചാലും ചിന്തിച്ചാലും മനോജയം പ്രയാസമാണെന്നും, തന്റെ കാൎയ്യം വരുമ്പോൾ ഏതു മഹാനും ഹീനകൃത്യങ്ങൾ ചെയ്തുപോകുമെന്നും, പലപ്പോഴും അശക്തിയാണു് ധൎമ്മത്തിൻെറ കൊററക്കുടയുമേന്തി നടക്കുന്നതെന്നും മഹാഭാരതപാത്രങ്ങൾ തെളിയിക്കുന്നുണ്ടു്. യുധിഷ്ഠിരാദികളുടെ ഓരോ ചിന്തയും പ്രവൃത്തിയും നിരൂപകൻെറ നിഷ്കൃഷ്ടപരിശോധനയ്ക്കു വിഷയമാകുന്നു. അശ്വത്ഥാമാവിൽ

032:1M99:9
K3



പുകയുന്ന ആ പ്രതികാരബോധത്തെപ്പററി ഇത്ര നന്നായി മററൊരാൾ ചിത്രീകരിച്ചിട്ടില്ല. "തലമുറകളിലൂടെ വീണ്ടും പ്രതികാരേച്ഛയായി ഊട്ടം കൂടി, തനിക്കുള്ള അനർഘമായ രത്നം പൊയ്പോയാലും എതിരാളിക്കു മൂലോച്ഛേദം വരുത്തിയേ നിൽക്കു എന്നു വാശിയായി വേരുറക്കുന്ന ആ പക, പക എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിൻെറ പ്രതിനിധിയല്ലാത്ത മറെറാന്നുമല്ല ഈ ചെകുത്താൻ. അതിനെ, അവനെ, എപ്പോഴും എവിടേയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണു്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിനർത്ഥം" എന്നു് അദ്ദേഹം പറയുന്നതു കേൾക്കുക. ധൃതരാഷ്ട്രർ, ഭീഷ്മർ, കർണ്ണൻ, ഗാന്ധാരി, കുന്തി തുടങ്ങിയ ഓരോ കഥാപാത്രത്തെയും പററി നാം പൊതുവിൽ ചിലതെല്ലാം ധരിച്ചുവെച്ചിട്ടുണ്ടു്; കൃഷ്ണൻ, ബലരാമൻ, ധർമ്മപുത്രർ തുടങ്ങിയവരെപ്പററിയും. എന്നാൽ മാരാർ അവരുടെയെല്ലാം ചരിത്രം എടുത്തു പെരുമാറുമ്പോൾ ആ വ്യക്തികൾക്കെല്ലാം ഒരു പുതിയ ജീവൻ കിട്ടുന്നു. സാധാരണദിക്കിലല്ല പലപ്പോഴും അദ്ദേഹത്തിൻെറ കൈ ചെല്ലുക; തന്മൂലം അറിയേണ്ട കാര്യം പലപ്പോഴും വേറൊന്നാണെന്നും, അറിഞ്ഞതു കുറെയെല്ലാം തെററാണെന്നും ഉള്ള ബോധം വായനക്കാരിൽ ഉണ്ടാകുന്നു. "നേശേ ബലസ്യേതി ചരേദധർമ്മം" (താൻ ബലത്തിനാളല്ല എന്നു വന്നാൽ അധർമ്മം ചെയ്യാം) എന്ന മാർക്കണ്ഡേയവാക്യത്തിൻെറ ദൂരവ്യാപകമായ അർത്ഥം നിരൂപകൻ ഓരോ ഘട്ടത്തിലും എങ്ങനെ ഘടിപ്പിക്കുന്നുവെന്നു നോക്കുക. 'തനിക്കുതാൻപോരുമയോടെ ചെയ്യുന്നതേതും ധർമ്മവും മറിച്ചുള്ളതേതും അധർമ്മവുമാണു്' എന്ന ആ സിദ്ധാന്തം അപകടം പിടിച്ചതാണെന്നു തോന്നാം: അതിനെതിരായി

MUL
235662

വാദിക്കാം. എന്നാൽ ലോകചരിത്രം ഇന്നോളം ധർമ്മിഷ്ഠന്റെ ചരിത്രമായിട്ടല്ല, ബലവാന്റെ ചരിത്രമായിട്ടാണ് ഇരുന്നിട്ടുള്ളത് എന്ന വാസ്തവം മറക്കാൻ വയ്യ. കാലന്റെ ബലം കാര്യങ്ങളെ വിപരീതമായിക്കാണിക്കുകയാണ് എന്നർത്ഥത്തിലുള്ള ഒരു പദ്യം ഭാരതപര്യടനത്തിൽ ഉദ്ധരിച്ചിട്ടുണ്ട്; ഈ വിപരീതദർശനം കാര്യങ്ങളുടെ അടിയിലേക്കു ചുഴിഞ്ഞുചെല്ലുന്ന നിരൂപകനെ സംബന്ധിച്ചും ശരിയാണ്. പ്രപഞ്ചത്തിന്റെ ഉള്ളിലോട്ടിറങ്ങുന്തോറും കാണുന്ന വൈരുദ്ധ്യങ്ങൾ ആണ് അതിന്റെ ബാഹ്യാവരണത്തെക്കാൾ ഒരു ചിന്തകന്റെ ദൃഷ്ടിയെ ആകർഷിക്കുന്നത്.

മഹാഭാരതത്തിലെ ഓരോ വരിയും ഓരോ വാക്യവും ഓരോ കഥയും രക്തത്തിൽ അന്തർല്ലയിച്ച ഒരാളാണ് ഭാരതപര്യടനത്തിന്റെ കർത്താവെന്നു കാണാൻ പ്രയാസമില്ല. ചിരിപ്പിക്കുന്നതോ ചിന്തിപ്പിക്കുന്നതോ ആയ ഒരു ഭാഗവും അദ്ദേഹം കാണാതിരിക്കുന്നില്ല. അംബയുടെ പേരിൽ വന്ന അകാരണമായ അനുകമ്പയ്ക്കു, തപസ്വിയായ പരശുരാമന്റെ ഉപബോധമനസ്സിൽ കിടക്കുന്ന പുരുഷസഹജമായ വികാരങ്ങളായിരിക്കാം കാരണമെന്നൂഹിപ്പാൻ സാമാന്യം ധൈര്യം വേണം. എന്നാൽ,

> "തസ്യാശ്ച ദൃഷ്ട്വാ രൂപം ച
> വയശ്ചാഭിനവം പുനഃ
> സൗകുമാര്യം പരം ചൈവ
> രാമശ്ചിന്താപരോഽഭവൽ"

എന്ന വ്യാസവാക്യം തന്നെ മാരാർ ഉദ്ധരിക്കുമ്പോൾ ആരും അതു ശരിയാണെന്നു സമ്മതിച്ചുപോകുന്നു. കാണാത്തതു കാണാനും പറയാത്തതു പറയാനും ഉള്ള എഴുത്തു

കാരൻെറ കഴിവിന്നു ഭാരതപര്യടനത്തിലെ ഓരോ ഭാഗവും ഉദാഹരണമായിരിക്കുന്നുണ്ട്. "മുമ്പ് അർജ്ജുനന്റെ മുമ്പാകെ വന്നു തോല്പിച്ചുപോയ കിരാതമൂർത്തിയുടെ രൂപാന്തരമാണ്, ഇപ്പോൾ പാണ്ഡവന്മാരുടെ കൂടെ നിന്നു വിജയം നേടിക്കൊടുത്ത ഈ പാർത്ഥസാരഥി; ഒന്നു ശൈവം, മററതു വൈഷ്ണവം എന്ന വ്യത്യാസം മാത്രമുണ്ട്" എന്നു വായിക്കുമ്പോൾ സാധാരണബുദ്ധിക്ക് അമ്പരപ്പു തോന്നുന്നതിൽ അത്ഭുതമെന്തുള്ളു? അർജ്ജുനൻെറ ഗാണ്ഡീവത്തിലുള്ള മമതാഭിമാനത്തെപ്പററിയുള്ള കഥകൾ പറഞ്ഞു നിരൂപകൻ പറയുന്നു: "ഒരാൾ തന്റെ സർവ്വാതിശായിയായ നേട്ടമെന്നെണ്ണുന്ന കാര്യം വേണ്ടസമയത്തു് അയാളെ തെല്ലും സഹായിക്കുന്നില്ലെന്നു കണ്ടിട്ടുപോലും, അയാൾക്ക് അതിന്മേലുള്ള പിടി അഴഞ്ഞു പോകുന്നില്ലല്ലോ എന്ന് ഋഷി ഇവിടെ വിഷാദിക്കുന്നു." 'വ്യാഖ്യാതാ വേത്തി നോ കവിഃ' എന്നു പറയാറുണ്ടല്ലോ. ഭാരതപര്യടനത്തിലെ ചില ഭാഗം വായിക്കുമ്പോൾ വ്യാസർ കണ്ടതിനെക്കാളും മാരാർ കണ്ടിരിക്കാം എന്നു തോന്നും. ഏതായാലും ലോകത്തിൽനിന്നു വിട്ടുനില്ക്കുന്നവരായി ഗണിക്കാറുള്ള ഋഷികൾ എത്രമാത്രം ലോകജ്ഞരാണെന്നും, അവരുടെ ഉയൎന്ന ജീവിതചിന്തകൾ എത്രമാത്രം പ്രായോഗികപ്രാധാന്യമുള്ളവയാണെന്നും നിരൂപകൻ നമ്മെ ഓരോ ഭാഗത്തും അനുസ്മരിപ്പിക്കുന്നു. ഭാരതം വിഷാദസ്ഥായിയും വിരക്തിപ്രധാനവുമാണെന്ന സാധാരണവാദത്തെ എതിൎത്തുകൊണ്ടദ്ദേഹം പറയുകയാണ്: "ഭാരതത്തിൽ ഒരു പ്രപഞ്ചം മുഴുവൻ അടങ്ങിയിരിക്കുന്നു. എന്നാൽ അവയെല്ലാററിനും കേന്ദ്രീഭവിച്ചിരിക്കുന്ന ആശയം, ഈ സ്നേഹസാരമാണെന്നു ഞാൻ വിചാരിക്കുന്നു; മററു പലരും വിചാരിക്കുന്നതു

പോലെ, ജീവിതവൈരാഗ്യമാണെന്നു കരുതുവാൻ വഴി കാണുന്നില്ല.'' അതിന്നുള്ള കാരണം കേൾക്കുമ്പോൾ, നല്ല സമ്മതമില്ലാത്തവരും ഒന്നു മൂളിപ്പോകും, 'ആയിരിക്കാം' എന്നു്. കടംവാങ്ങാത്ത ചിന്തയായതുകൊണ്ടു മാരാരുടെ അഭിപ്രായങ്ങൾക്കു വ്യക്തമായ കെട്ടുറപ്പുണ്ടു്. അതു നിങ്ങൾക്കു തള്ളാം, കൊള്ളാം. അങ്ങിങ്ങും തൊടാത്ത—ആത്മവിശ്വാസക്കുറവുകൊണ്ടോ പ്രസാദനവ്യഗ്രതകൊണ്ടോ ദുർബ്ബലമായ—ഒരു നിഷ്പക്ഷത അതിലില്ല. നിരൂപകൻ നിഷ്പക്ഷനായിരിക്കണമെന്ന അഭിപ്രായവും മാരാക്കില്ല. സ്വാഭിപ്രായം സാധൂകരിപ്പാൻ തൻെറ ആവനാഴിയിലെ അവസാനത്തെ അമ്പും അദ്ദേഹം പ്രയോഗിക്കും. എന്നാൽ അതോടുകൂടി എതിരാളിയുടെ കൈയിലും വിശേഷിച്ചൊന്നും ബാക്കിയുണ്ടായെന്നു വരില്ല.

ഇതിഹാസമർമ്മങ്ങൾ ചൂണ്ടിക്കാണിക്കുന്ന ഭാരതപര്യടനംപോലുള്ള ഒരു കൃതി നമ്മുടെ ഭാഷയുടെ ഒരു മികച്ച നേട്ടംതന്നെ. എന്നാൽ മാരാരുടെ ബുദ്ധിവിമാനംവഴിക്കു യാത്ര നടത്തുമ്പോൾ വായനക്കാർ അല്പം കരുതലോടുകൂടിയിരിക്കുന്നതു് നന്നു്. കാരണം പഴയവഴിയിൽ കൂടിയല്ല ആ യാത്രകൾ എന്നതുതന്നെ. ഞാൻ ആദ്യമേ പറഞ്ഞുവെച്ചപോലെ, കലാനിരൂപണം മിക്കവാറും ഭാവപ്രധാനമാകയാൽ പലതരത്തിലുള്ള വ്യാഖ്യാനവും അതിൽ സാധൂകരണാർഹമാണു്. ഭാരതപര്യടനം വായിക്കുന്ന ഒരാൾ മഹാഭാരതത്തിലെ കഥയ്ക്കും, പാത്രങ്ങൾക്കും, പ്രസ്താവനകൾക്കും എല്ലാം നമ്മുടെ നിരൂപകൻ കൊടുക്കുന്ന അർത്ഥമേ ഉള്ളുവെന്നോ, അതെല്ലാം നൂറു ശതമാനം ശരിയാണെന്നോ ധരിക്കുന്നതു് ഒരുപക്ഷേ അതെഴുതിയ ആളോടുതന്നെ ചെയ്യുന്ന അനീതിയായിരിക്കും. വായനക്കാരന്നു ചിന്തിക്കുന്നതിന്നുള്ള ചില മാർഗ്ഗങ്ങൾ

നിർദ്ദേശിക്കുകയാണ് പ്രധാനമായും മാരാർ ചെയ്തിട്ടുള്ളത്. ഓരോ എഴുത്തുകാരനും പ്രിയതരങ്ങളായ ചില ധാരണകളും വിശ്വാസങ്ങളുമുണ്ട്. ഇതൊക്കെ സകാരണങ്ങളോ തികച്ചും യുക്തിപൂർവ്വങ്ങളോ ആയിരിക്കണമെന്നില്ല. അവയോടു വികാരബന്ധം ഉണ്ടായാൽ മതി അയാൾ എഴുതുന്നതിലെല്ലാം അതു വന്നു പെടും. ഭൂതകാലത്തിന്റെ ഉള്ളിലേക്ക് അഗാധമായി ചുഴിഞ്ഞുചെല്ലുന്ന കണ്ണുകൾ വർത്തമാനകാലത്തെ മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടുവെന്നും വരാം. ഏററവും വലിയ ശാസ്ത്രജ്ഞൻ വിശ്വാസത്തിൻെറ ലോകത്തിൽ കുട്ടിയെപ്പോലെ പെരുമാറിക്കാണാറില്ലേ? യുദ്ധസന്നാഹം മുറുകിയ ഘട്ടത്തിലുണ്ടായ ഭഗവാൻെറ ദൗത്യയാത്രയെ ഗാന്ധിജിയുടെ നവഖാലിയാത്രയോടു ഭാരതപര്യടനകാരൻ ഉപമിക്കുന്ന ഭാഗം നോക്കുക. അദ്ദേഹം പറയുന്നു: "കൃഷ്ണനും ഗാന്ധിജിയും തമ്മിലുള്ള വ്യത്യാസം ഇതുമാത്രമാണ്—ഹിംസാശക്തിയും അഹിംസാശക്തിയും. അതത്രേ ആ ദ്വാപരയുഗമഹാത്മാവിൽനിന്ന് ഈ കലിയുഗമഹാത്മാവിൽ കാണുന്ന പുരോഗതി." ഈ വീരാരാധനയ്ക്കു ചില വിശ്വാസങ്ങളുടെ ബലംമാത്രമേ ഉള്ളുവെന്നു വ്യക്തമാണ്. ഇന്ത്യയുടെ ദേശീയബൂർഷ്വാവിപ്ലവത്തിന്നു നേതൃത്വം കൊടുത്ത ഗാന്ധിജി യഥാർത്ഥത്തിൽ തല്ലാനും, കൊല്ലാനും, അസത്യം പറവാനും, വാക്കു മാററാനും ഒന്നും മടിയുള്ള ആളായിരുന്നില്ല. ഇന്ത്യൻ സ്വാതന്ത്ര്യം എന്ന ഒറ്റ ലക്ഷ്യം നേടാൻ പരിതഃസ്ഥിതിക്കനുസരിച്ചു ചില പദ്ധതികൾ അവതരിപ്പിച്ചതാണ് അദ്ദേഹത്തിൻെറ മെച്ചം. ആ സങ്കീർണ്ണവ്യക്തിയെപ്പററി വസ്തുനിഷ്ഠമായ ഒരു പഠനം 'ഗാന്ധിജിയും ഗാന്ധിസവും' എന്ന ഇ. എം. എസ്സിന്റെ ഗ്രന്ഥത്തിൽ കാണാം. ആദ്ധ്യാത്മികതയുടെ മൂടുപടമിട്ടു

ഗാന്ധിയുഗത്തിന്റെ അടിത്തട്ടിലേക്കിറങ്ങാൻ ഭാരതപര്യ്യടനകാരൻ ഇഷ്ടപ്പെട്ടുന്നില്ല; യഥാൎത്ഥത്തിൽ ആ യുഗത്തിന്റെ മുദ്രയുള്ളതാണു് ആ ഗ്രന്ഥംതന്നെ. മഹാഭാരതകഥ നടന്ന കാലത്തെ ആളുകളും ഇന്നത്തെ ആളുകളും തമ്മിൽ സ്വഭാവത്തിൽ വ്യത്യാസമില്ല; എന്നാൽ അവരെ നയിച്ചിരുന്ന പ്രാകൃതികശക്തികൾ, നവീനസാമ്പത്തികവ്യവസ്ഥയിൽ ദുർഗ്രഹമായ ചില സാമൂഹ്യശക്തികളായി മാറിയിട്ടുണ്ടു്. ഇവയേയും കൂടി കണക്കിലെടുത്തേ ഇന്നത്തെ ഒരു നേതാവിനെ മനസ്സിലാക്കാൻ കഴിയൂ. ഗാന്ധിജിയെ വേണ്ടപ്പോൾ വേണ്ടിടത്തോളം മാത്രം പിന്തുടരുകയും, വേണ്ടാത്തപ്പോൾ പിൻതള്ളുകയും ചെയ്യു ചില സാമൂഹ്യസാമ്പത്തികശക്തികൾ ഉണ്ടു്. കൃഷ്ണനെ ഉയർത്തിയ സാമൂഹ്യവ്യവസ്ഥ താരതമ്യേന സരളപ്രകൃതിയാണു്. ഈ വിചിന്തനം ഇവിടെ നില്ക്കട്ടെ.

മാരാർ ഭാരതപര്യ്യടനത്തിൽ നടത്തിയ നവീനാൎത്ഥകല്പനകളിൽ ചിലതു് അതിഗഹനങ്ങളാണു്. ആസ്വാദ്യങ്ങളെങ്കിലും അവ പലപ്പോഴും എഴുത്തുകാരന്റെ ബുദ്ധിവിലാസത്തിന്റെ വിജയസ്തംഭങ്ങൾ മാത്രമായി അവശേഷിക്കുന്നു. കുടുംബകലഹം മാത്രമല്ല, വിഭിന്നപ്രകൃതികളായ വ്യക്തികൾമാത്രമല്ല, ഭാരതത്തിലുള്ള; വ്യക്തിഹൃദയത്തിലെ ഓരോ വികാരത്തിന്റെയും പ്രതീകങ്ങൾ കൂടിയാണു് അതിലെ പാത്രങ്ങൾ എന്നെല്ലാം പറയുമ്പോൾ അതിലൊരു പുതുമയുണ്ടെന്നതു ശരിതന്നെ. എന്നാൽ ഇത്തരം അൎത്ഥകല്പനകൾക്കു്, മഹാഭാരതയുദ്ധം ധൎമ്മാധൎമ്മങ്ങൾ തമ്മിൽ നടത്തിയ യുദ്ധമാണെന്നും കുരുക്ഷേത്രം പ്രപഞ്ചംതന്നെയാണെന്നും മററുമുള്ള ഭഗവൽഗീതാവ്യാഖ്യാതാക്കന്മാരുടെ അൎത്ഥകല്പനകളുമായി തോതിലല്ലാതെ ഗുണത്തിൽ വ്യത്യാസമില്ല. ബുദ്ധിവ്യാപാ

രത്തോടൊപ്പംതന്നെ ഒരു മിസ്റ്റിക് ചിന്താഗതിയോടുള്ള മമതാവും ഭാരതപര്യടനത്തിൽ പലേടത്തും കാണാം. ധർമ്മതത്ത്വങ്ങളുടെ പുനഃപ്രതിഷ്ഠ നടത്തേണ്ടിവരു മ്പോൾ പഴമയെ പുതുമയുമായി കൂട്ടിയിണക്കേണ്ടിവരും. എന്നാൽ ഈ ശ്രമം കവിഞ്ഞുപോയാൽ ചില മതപ്ര സംഗക്കാരുടെ വ്യാഖ്യാനങ്ങളിൽ കാണാറുള്ള കൃത്രി മത്വം വന്നുപോകും എന്ന വസ്തുത ശ്രദ്ധേയമാണ്.

ഇതെല്ലാം നിസ്സാരമായ രുചിഭേദങ്ങളായി ഗണി ക്കാനേ ഉള്ളൂ. മനസ്സിരുത്തി പല പ്രാവശ്യം അദ്ധ്യയനം ചെയ്യേണ്ടതും, അങ്ങനെ ചെയ്താൽ ധാരാളം പ്രതിഫലം ലഭിക്കുന്നതുമായ ഒരു വിശിഷ്ടഗ്രന്ഥമാണ് ഭാരതപര്യ ടനം. മഹാഭാരതം ഇന്ത്യയിലെ ഏററവും പ്രസിദ്ധി പെററ ഗ്രന്ഥമാകയാൽ, അതിൻെറ സുചിന്തിതമായ ഒരു മാർമ്മികവ്യാഖ്യാനമായി കല്പിക്കാവുന്ന ഈ കൃതിയും ഇന്ത്യയിലെ ഇതരഭാഷകളിൽ വിവർത്തനം ചെയ്യേണ്ട താണ്. ഇത്തരം കൃതികൾ അവയിൽ വല്ലതിലും ഉണ്ടോ എന്നുകൂടി സംശയം തോന്നുന്നു. ഏതായാലും പണ്ഡി തന്മാരുടേയും അക്കാദമികളുടേയും ശ്രദ്ധ ഇതിലേക്കു തിരി ഞ്ഞാൽ കൊള്ളാം.

ജെ. മാത്യൂസ്

# മാരാരും മലയാളശൈലിയും

കൈരളിയെ ലക്ഷണഗ്രന്ഥാഭരണങ്ങൾ അണിയിച്ചു രൂപവതിയാക്കാൻ പ്രയത്നിച്ച ലീലാതിലകകാരൻ മുതൽ കേരളപാണിനി വരെയുള്ള മഹാമതികളുടെ മഹനീയപംക്തിയിലേക്കു പിൽക്കാലത്തു കടന്നുചെന്ന ചുരുക്കം ചില പണ്ഡിതന്മാരിലൊരാളാണ് കുട്ടികൃഷ്ണമാരാർ. ഇക്കാലത്ത്, സാഹിത്യലോകത്തിൽ പേരും പെരുമയും നേടാൻ വെമ്പൽകൊള്ളുന്നവർ തിരിഞ്ഞു നോക്കാത്ത ഒരു പുറംപന്തിയാണത്. സാഹിത്യസാമ്രാജ്യത്തിലെ സുഭഗജീവികൾ എത്തിനോക്കാൻ മടിക്കുന്ന ദിക്കിൽ പാഞ്ഞുകയറുന്ന വിഡ്ഢികളായിട്ടേ, ലാക്ഷണികന്മാരെ നാം ഇന്നു ഗണിക്കുന്നുള്ളു. പക്ഷേ, ഭാഷാപ്രപഞ്ചത്തിൽ ധർമ്മത്തിനു ഗ്ലാനി സംഭവിക്കയും അതിർവരമ്പുകളുടെ അതിക്രമണംമൂലമുള്ള അരാജകത്വം ആകാശംമുട്ടെ തല പൊക്കുകയും ചെയ്യുമ്പോൾ അവരുടെ വിഡ്ഢിത്തമാണൊരു നവാവതാരമായി തീരുന്നത്, അല്ലെങ്കിൽ തീരേണ്ടത്.

പണ്ഡിതനായ സാഹിത്യവിമർശകൻ, ഉജ്ജ്വലഗദ്യകാരൻ, ഭാരതപര്യടനകർത്താവ്, പരമഹാസ്യവാദക്കാരൻ എന്നീ നിലകളിലാണ് മാരാർ പരക്കെ അറിയപ്പെടുന്നത്. എന്നാൽ, ലാക്ഷണികനായ മാരാരെ അറിയുന്നവർ നന്നേ ചുരുക്കമാണ്. വാസ്തവത്തിൽ, അദ്ദേഹത്തെ ഭാരതപര്യടനകർത്താവായി അറിയുകയേക്കാൾ മല

യാളശൈലീകർത്താവായി അറിയുകയാണിന്നത്തെ വലി യൊരാവശ്യമെന്ന് എനിക്കു തോന്നുന്നു. അദ്ദേഹത്തി ൻെറ കൃതികളിൽ ലക്ഷണഗ്രന്ഥങ്ങളുടെ പദവി അർഹി ക്കുന്നവ, സാഹിത്യവിദ്യയും ഭാഷാപരിചയവും മലയാ ളശൈലിയും വൃത്തശില്പവുമാണ്.

ഈ കൃതികളെ മലയാളസാഹിത്യക്ഷേത്രത്തിൽ ഏതൊരിടത്താണ് കുടിയിരുത്തേണ്ടതെന്നാരായുമ്പോൾ, കേരളപാണിനിയുടെ കേരളപാണിനീയം, ഭാഷാഭൂഷ ണം, സാഹിത്യസാഹ്യം, വൃത്തമഞ്ജരി എന്നീ കൃതിക ളുടെ പംക്തിയിലേക്ക്, ന്യായ്യമായിത്തന്നെ, നമ്മുടെ നോട്ടം ചെന്നുചേരുന്നു. ഇസ്സംഗതി മാരാരുടെ മലയാള ശൈലിയുടെ അവതാരികയിൽ തൽകർത്താവായ സഞ്ജ യൻ സൂചിപ്പിച്ചിട്ടുണ്ട്. 'കേരളപാണിനീയത്തിനുശേ ഷം പ്രസിദ്ധീകരിക്കപ്പെട്ട മലയാളപുസ്തകങ്ങളിൽവച്ച് ഏററവും ഒഴിച്ചുകൂടാത്തവയെന്ന് വിശേഷിപ്പിക്കാവുന്ന നന്നേ ചുരുക്കം ചില പുസ്തകങ്ങളിലൊന്ന്" എന്നാണ ദ്ദേഹം 'മലയാളശൈലി'യെപ്പററി പറയുന്നതു്. കേരള പാണിനിയുടെ സാഹിത്യസാഹ്യം, വൃത്തമഞ്ജരി തുട ങ്ങിയ കൃതികളുടെ അനന്തരാധികാരികളായി മേല്പറഞ്ഞ മാരാർകൃതികളെ കല്പിക്കാം. കേരളപാണിനിയുടെ കൃതി കൾ രാജധാനിയെ അലങ്കരിക്കുന്ന സ്മാരകശിലാശില്പ ങ്ങളാണെങ്കിൽ, മാരാരുടെ കൃതികൾ പെരുവഴിവക്കത്തു നാട്ടിയ നാഴികക്കല്ലുകളാണ്.

ലക്ഷണഗ്രന്ഥങ്ങളുടെ പ്രയോജനത്തിൽ വിശ്വാസ മില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുവരുന്ന കാലമാണിതു്. ചെറുകഥാകൃത്തുക്കളും നോവൽകർത്താക്കളും മററും വ്യാക രണം പഠിച്ചുപോകരുതെന്നുവരെ നമ്മുടെ ചില സാഹി ത്യകാരന്മാർ പറഞ്ഞുവച്ചിട്ടുണ്ടു്. ഭാഷ സൃഷ്ടിക്കയും

നിയന്ത്രിക്കയും ചെയ്യുന്നതു് വൈയാകരണന്മാരല്ലെന്നും താനും തന്നെപ്പോലുള്ള സാഹിത്യകാരന്മാരുമാണെന്നും നമ്മുടെ സാഹിത്യകാരശ്രേണിയുടെ തലപ്പത്തു നിന്നു കൊണ്ടുദ്ഘോഷിക്കാനും ഇവിടെയാളുണ്ടായി. ഭാഷ സൃഷ്ടിക്കയും അതിന്റെ ഗതി നിയന്ത്രിക്കയും ചെയ്യുന്നതു് ജനസമുദായമാണെന്ന പ്രാഥമികഭാഷാവിജ്ഞാനീയതത്വം പോലും അദ്ദേഹം വിസ്മരിക്കയാണു ചെയ്തതു്. ലക്ഷണഗ്രന്ഥങ്ങളോടുള്ള വൈരം ഇത്ര പ്രചുരമായി പ്രചരിക്കാൻ കാരണം, ലക്ഷണഗ്രന്ഥധർമ്മത്തെപ്പററിയുള്ള അജ്ഞതയോ, തെററിദ്ധാരണയോ ആവണം. ലക്ഷണഗ്രന്ഥങ്ങൾ ചെയ്യുന്നതു്, കുററിയുടെ മൂട്ടിൽ കയറു കുരുക്കി തളയ്ക്കുകയല്ല, പുതിയ മേച്ചിൽ പുറങ്ങളിലേക്കു് വഴി തെളിക്കാൻ സഹായിക്കയാണു് എന്ന വാസ്തവം ഗ്രഹിച്ചാൽ ഇത്തലമുറക്കാർക്കു് അവയോടുള്ള ശാത്രവം അവസാനിപ്പിക്കാൻ പ്രയാസമില്ല. അടങ്ങിയൊതുങ്ങി പണിയെടുക്കാൻ ഇച്ഛിക്കുന്നെങ്കിൽ ആനയ്ക്കു് അങ്കുശം സ്വാതന്ത്ര്യധ്വംസിയല്ല. മദമിളകി പരക്കംപായാൻ തുടങ്ങുന്നവനാണു് അതു് ശത്രുവായിത്തീരുന്നതു്. അതിനാൽ, നിരന്തരപരിണാമിയായ ഭാഷയ്ക്കും സാഹിത്യത്തിനും നിയമം നിർമ്മിക്കുക പാഴ്‌വേലയാണെന്ന അപവാദം വക വെച്ചുകൊടുക്കാൻ വയ്യാ. ഈവക വസ്തുതകളുടെ വെളിച്ചത്തിലാണു്, മാരാർപ്രഭൃതികളായ ലാക്ഷണികന്മാരുടെ സേവനങ്ങളുടെ മാററും മഹിമയും തെളിയുന്നതു്.

മലയാളശൈലിയുടെ അവതാരികയിൽ, സഞ്ജയൻ പറയുന്നു: "ഒരു ജീവൽഭാഷയുടെ ദിനംപ്രതിയെന്നപോലെ മാറിക്കൊണ്ടിരിക്കുന്ന ശൈലീനിയമങ്ങളെ സംഗ്രഹിച്ചിട്ടു കാര്യമെന്തു് എന്നൊരു പൂർവ്വപക്ഷത്തെ ഞാൻ ഈ ഘട്ടത്തിൽ പ്രതീക്ഷിക്കുന്നു. മാറിക്കൊണ്ടിരിക്കുന്ന

നിയമങ്ങളെക്കൂടി, അവയുടെ മാററങ്ങളെ ക്രമപ്പെട്ടത്താനും നേർവഴിക്കാക്കുവാനും, സവ്വോപരി, ഏതു ഘട്ടത്തിലും ഭാഷയെ ഭ്രാന്താലാപത്തിൻെറ നിരത്ഥകത്വത്തിൽനിന്നും നിരങ്കുശത്വത്തിൽനിന്നും രക്ഷിക്കുവാനും, കൂടെക്കൂടെ ഇത്തരം ഗ്രന്ഥങ്ങളിൽ സംഗ്രഹിക്കേണ്ടതു് അത്യാവശ്യമാണെന്നാണു് ഇതിനുള്ള സമാധാനം." മാററത്തിനു നേർവഴി കാട്ടിക്കൊടുക്കുക എന്ന ലക്ഷണഗ്രന്ഥധമ്മമാണിവിടെ സഞ്ജയൻ ഊന്നിപ്പറയുന്നതു്. വ്യാകരണം തെററിച്ചു ഭാഷ പ്രയോഗിക്കുന്നതിനും വ്യാകരണമറിയണമെന്നു്, കേരളത്തിലെ നിരൂപകന്മാരിൽ ഒന്നാംകിടക്കാരനായ ഒരു മാന്യൻ ഈ ലേഖകനോടു പ്രസംഗവശാൽ പറഞ്ഞതിൻെറ താൽപയ്യവും മറെറാന്നല്ല.

മാരാരുടെ ലക്ഷണഗ്രന്ഥങ്ങളിൽ, പലതുകൊണ്ടും പ്രാധാന്യം പ്രാപിച്ച കൃതിയാണു് മലയാളശൈലി. അതു രംഗപ്രവേശം ചെയ്ത ചുററുപാടുകളുടെ ചരിത്രത്തിലേക്കു നാമൊന്നു തിരിഞ്ഞു നോക്കുക. ആധുനികമലയാളഗദ്യത്തിൻെറ പ്രണേതാക്കളും സംവദ്ധകരും പാശ്ചാത്യപണ്ഡിതന്മാരായിരുന്നുവെന്നതു് ഇക്കാലത്തു് പരക്കെ സമ്മതമാണല്ലോ. പാശ്ചാത്യഭാഷകളിൽ വളരെ മുന്നേറിയിരുന്ന ഗദ്യസാഹിത്യത്തിൻെറ ചുവടു പിടിച്ചാണു് ആ പാശ്ചാത്യപണ്ഡിതന്മാർ മലയാളഗദ്യമാനദണ്ഡങ്ങൾ നിമ്മിച്ചതു്. തികച്ചും ശ്ലാഘനീയമായ ഈ ഉദ്യമത്തിൽ അവക്കു്, മലയാളത്തിനു നിരക്കാത്ത ചില പാശ്ചാത്യശൈലികൾ അറിഞ്ഞും അറിയാതെയും അവതരിപ്പിക്കേണ്ടിവന്നു. തന്മൂലം അവരുടെ ഗദ്യശൈലിക്കു് 'പാതിരിമലയാളം' എന്ന പരിഹാസപ്പേരുമുണ്ടായി. പക്ഷേ, മലയാളത്തിൻെറ മണ്ണിൽ പിറന്നു് മുലപ്പാലോടൊപ്പം മലയാളഭാഷ ഉൾക്കൊണ്ടവ

രെന്നഭിമാനിക്കുന്ന നാം പിൽക്കാലത്തു ചെയ്തതെന്താണ്? പാതിരിമലയാളത്തിൻെറ പ്രശസ്യതകൾ മുഴുവൻ കളഞ്ഞുകുളിച്ച് അതിൻെറ പരിഹാസ്യതകൾ ആസകലം തലയിലേററിക്കൊണ്ടു നടക്കയല്ലേ നാം ചെയ്തതു്? ഭാഷാഗദ്യത്തിൻെറ ഈട്ടുചുവട്ടുകൾ ഉറപ്പിക്കാൻ പുറപ്പെട്ട കേരളപാണിനിയുടെകാലത്തുതന്നേ, ഇംഗ്ലീഷ് ശൈലിയുടെ കൈയ്യേററം ഒരു പ്രശ്നമായിക്കഴിഞ്ഞിരുന്നെന്നു് സാഹിത്യസാഹ്യത്തിൽ സൂചനകളുണ്ടു്. "ഇംഗ്ലീഷ്‌വിദ്യാഭ്യാസം ചെയ്തിട്ടുള്ള ചില മലയാളികളുടെ ഭാഷാപോഷണസംരംഭം അസ്ഥാനത്തായിപ്പോകുന്നു എന്നു പലപ്പോഴും ഭാഷാഭിമാനികൾക്കു് ശോചിക്കേണ്ടി വരാറുണ്ടു്" എന്നു് അദ്ദേഹം മുഖവുരയിൽ പറയുന്നതിൻെറ താൽപര്യമതാണു്.

"മാതൃഭാഷാഭിമാനം എത്രതന്നേ പ്രബലമായിരുന്നാലും മനസ്സിലും വചസ്സിലും അതു വ്യാപരിക്കുന്നതിൻെറ ശതാംശംപോലും വാസ്തവമായ പ്രവൃത്തിയിൽ വരുന്നില്ലെന്നുള്ള പരമാൎത്ഥം സലജ്ജം സമ്മതിക്കേണ്ടിയിരിക്കുന്നു" എന്നതായിരുന്നു അന്നത്തെ അവസ്ഥ. എന്നാൽ മനസ്സിലും വചസ്സിലും പോലും മാതൃഭാഷാഭിമാനം ദുർബ്ബലമായിത്തീൎന്ന പിൽക്കാലത്തെ കഥ പൂൎവ്വാധികം വഷളാണു്. കേരളത്തിൽ ഇംഗ്ലീഷ്‌വിദ്യാഭ്യാസം കേരളപാണിനിയുടെ കാലത്തേക്കാൾ പ്രചുരമായി പ്രചരിക്കയും ഇംഗ്ലീഷ് പഠിച്ചവർ മലയാളസാഹിത്യത്തിൽ മുമ്പും വമ്പും കയ്യടക്കുകയും ചെയ്തതോടെ, കേരളപാണിനി കെട്ടിയ വേലികളും അദ്ദേഹത്തിന്റെ പ്രതീക്ഷകളും ഒപ്പം തകൎന്നു പൊളിഞ്ഞുപോയി. മുക്കാൽ പങ്കും ഇംഗ്ലീഷിൽനിന്നുള്ള തർജ്ജമകളായി കഴിയുന്ന ദിനപത്രങ്ങളുടെ വളർച്ചയും സൈ്വരവിഹാ

രവും ഈ പൊളിച്ചിലിൻെറ ഉന്തിനോടൊപ്പം തള്ളിക്കൊടുത്തു. "ശൈലീഭംഗങ്ങളും അപഭ്രംശങ്ങളും നിറഞ്ഞ വികൃതവും കലുഷവും ദുർബ്ബലവും വൃഥാസ്ഥൂലവുമായ ഗദ്യമെഴുതുന്നതു പതിവാക്കിയവർ" എന്നു സഞ്ജയൻ ജീവത്സാഹിത്യകാരന്മാക്കു നല്കിയ വിശേഷണം വാസ്തവത്തിൽ, മലയാളഗദ്യകാരന്മാക്കു സാമാന്യേന യോജിക്കുന്നതാണു്. അങ്ങനെ മലയാളഗദ്യശൈലിയുടെ നാട്ടിൽ തികഞ്ഞ അരാജകത്വവും അഴിമതിയും നടമാടുന്നതു കണ്ടപ്പോൾ, "നിൽക്കൂ, ഇങ്ങനെ പോയാൽ പന്തിയല്ല" എന്നൊരു താക്കീതു നല്കാൻ കുട്ടികൃഷ്ണമാരാർ മലയാളശൈലിയുമായി രംഗത്തു വന്നു.

ഭാഷയുടെ ആത്മാവിൻെറയും തന്മയുടെയും മുദ്രകളാണതിൻെറ ശൈലികൾ. "ഏതു ജീവൽഭാഷയുടെ കാര്യത്തിലും വ്യാകരണനിയമങ്ങളെക്കാൾ എത്രയോ പൂർണ്ണമായും കൂടെക്കൂടെയുമാണു് ശൈലീനിയമങ്ങൾ മാറുക എന്നതു സർവ്വവിദിതമാണല്ലോ" എന്നു് സഞ്ജയൻ പറയുന്നുണ്ടെങ്കിലും, ഭാഷാശൈലി എന്നതു് കുറേക്കൂടെ അഗാധസ്പർശിയാണെന്നും ഭാഷയുടെ യഥാർത്ഥശൈലി അങ്ങനെ എളുപ്പത്തിൽ മാറ്റാവുന്നതല്ലെന്നും മാരാർ വിശ്വസിക്കുന്നു. അതു ശരിയാണുതാനും. അതിനാൽ, ഭാഷയ്ക്കു ശൈലീവിഷയകമായി നേരിടുന്ന പരാഭവങ്ങൾ ഒരിക്കലും നിസ്സാരീകരിക്കാവതല്ല. നമ്മുടെ ഭാഷ പരകീയഭാഷകൾക്കു് മററു പല വിഷയങ്ങളിൽ വശപ്പെട്ടാലും ശൈലീവിഷയത്തിൽ അങ്ങനെ ചെയ്യുന്നതു സ്വാത്മാവിനെ ചെകുത്താനു് വില്ക്കലാണെന്നു് ഭാഷാമർമ്മജ്ഞന്മാർ സമ്മതിക്കും. ദൗർഭാഗ്യവശാൽ, അതുതന്നെയാണിന്നത്തെ മലയാളഗദ്യത്തിനു് സംഭവിച്ചുകൊണ്ടിരിക്കുന്നതു്. ഈ ദുർഗ്ഗതി ഇവിടംകൊണ്ടു നില്ക്കു

ന്നില്ല. മലയാളഗദ്യത്തിൽ ഇംഗ്ലീഷ്ഭാഷയുടെ വ്യാകരണത്തിന്റെ അധിപ്രസരവും അല്പാല്പം ഉണ്ടായിത്തുടങ്ങിയിട്ടുണ്ടെന്ന് സൂക്ഷ്മദൃക്കുകൾക്കു കാണാം. അങ്ങനെ ഇംഗ്ലീഷും മലയാളവും കലർന്ന പുതിയൊരു മണിപ്രവാളം ഉടലെടുക്കില്ലെന്നാരറിഞ്ഞു! 'ഗംഗപോലുള്ള പേരാററിൻവിശുദ്ധി'യുണ്ടെന്ന് നാം വാഴ്ത്തിപ്പാടുന്ന നമ്മുടെ ഭാഷയ്ക്ക്, വിണ്ണവർഗംഗയ്ക്കുമുണ്ടാവാത്തൊരധഃപതനമായിരിക്കില്ലേ അപ്പരിണാമം? ഈ അധോഗതി തടുത്തുനിർത്തിഭാഷയെ കൈപിടിച്ചു കരകയററാനുള്ളയത്നമാണ്'മലയാളശൈലി'യുടെ നിർമ്മാണത്തിൽ മാരാർ ചെയ്തത്.

ഇപ്പുസ്തകം വെറും പാണ്ഡിത്യാഭിമാനവിലസിതമാണെന്നു പറയുക തികച്ചും തെററാണ്. ഒരു പണ്ഡിതപ്രവരനെയല്ല, തികഞ്ഞ മാതൃഭാഷാസ്നേഹിയെയാണ് നാം ഈ കൃതിയിൽ കണ്ടുമുട്ടുന്നത്. അദ്ദേഹം പഴയ തലമുറയുടെ പാണ്ഡിത്യപാരമ്പര്യത്തിൽ വളർന്നയാളാണെങ്കിലും അതിന്റെ വക്കാലത്തും കൊടിയും പിടിച്ചുകൊണ്ടുള്ള പോക്കല്ല മാരാരുടെ മലയാളശൈലി. അദ്ദേഹം സംസ്കൃതഭാഷാഭിജ്ഞനാണെങ്കിലും ആ ഭാഷയുടെ പരിരക്ഷണമല്ല 'മലയാളഗദ്യശൈലി'യുടെ ലക്ഷ്യം. സാഹിത്യസാഹ്യത്തിന്റെ അവതാരികയിൽ അപ്പൻ തമ്പുരാൻ കേരളപാണിനിയെപ്പററി ചെയ്ത ഒരു വിമർശം ഓർമ്മയിൽ വരുന്നു: "ഭാഷാഭൂഷണത്തിൽ സംസ്കൃതപക്ഷപാതിയായിരുന്ന ഗ്രന്ഥകാരൻതന്നെ സാഹിത്യസാഹ്യത്തിൽ ആംഗലഭാഷാപക്ഷം പിടിച്ചു പുറപ്പെട്ടു കാണുമ്പോൾ, ആ മഹാന്, മലയാളഭാഷയിൽ മാത്രമേ പക്ഷപാതമുള്ളൂവെന്നു തെളിയുന്നുണ്ട്." മാരാർക്കു പക്ഷപാതമുണ്ടെങ്കിൽ മലയാളഭാഷയോടുമാത്രമാണ്. മലയാള

ത്തിൽ പ്രയോഗിക്കുന്ന സംസ്കൃതശബ്ദങ്ങളുടെ ശുദ്ധിയിൽ അദ്ദേഹം നിഷ്കർഷിക്കുമ്പോഴും മലയാളശൈലിയുടെ ശുദ്ധിതന്നെയാണ് അദ്ദേഹത്തിൻെറ ഉന്നം. "സംസ്കൃതം പ്രയോഗിക്കയാണെങ്കിൽ, പാകം വന്ന സംസ്കൃതംതന്നെ വേണം പ്രയോഗിക്കുക. അതിനു കഴിവില്ലാത്തപ്പോൾ, ഏതു നിലയ്ക്കും നിവൃത്തിയുള്ളേടത്തോളം, അവയെ ഒഴിച്ചു വയ്ക്കുകയാണു മലയാളത്തിനും നല്ലത്, സംസ്കൃതത്തിനും നല്ലത്," എന്ന മാരാരുടെ നിർദ്ദേശം ഇവിടെ ഉദ്ധാര്യ മാണ്. ചില ലേഖകന്മാരോ പത്രമാസികകളോ പത്തോ നൂറോ പ്രാവശ്യം പ്രയോഗിച്ചുകഴിഞ്ഞു എന്നതുകൊണ്ടു മാത്രം ഏതു ഭ്രഷ്ടപദത്തേയും മലയാളികൾ സ്വീകരിച്ചു കൊള്ളണം എന്നു പറയുന്നതു് അനഭിജ്ഞതയുടെ ദുശ്ശാഠ്യമാണെന്നും അവയെല്ലാം കുറഞ്ഞൊന്നു ശ്രദ്ധി ച്ചാൽ തിരുത്താവുന്നതും തിരുത്തേണ്ടതുമാണെന്നും മാരാർ വിശ്വസിക്കുന്നു. എങ്കിലും 'മോഹം' 'ആഗ്രഹം' എന്ന രണ്ടു സംസ്കൃതവാക്കിനു് സംസ്കൃതത്തിൽ വെവ്വേറെ രണ്ട് അർത്ഥമാണുള്ളതെന്നുവച്ചു്, അവയെ ഇനി മലയാളാർത്ഥ ത്തിൽ ഉപയോഗിച്ചുകൂടാ എന്നു പറയാൻ തോന്നിക്കു ന്നിടത്തോളം നീണ്ടുപോകുന്ന സംസ്കൃതനിഷ്കർഷ അദ്ദേഹ ത്തിനില്ലതാനും. "ശക്തിയായ എതിർപ്പു്, ബലമായ വാദം, മാനമായ സന്ധി, ഗൗരവമായ സംഗതി, വിരോധ മായ വാക്കു്, അനുസരണമായ പ്രവൃത്തി" ഇത്യാദി പ്രയോഗങ്ങൾ തെറ്റാണെന്നു് സംസ്കൃതപാണ്ഡിത്യം പിറു പിറുക്കുമെങ്കിലും, മാരാർ അതു വകവയ്ക്കാൻ കൂട്ടാക്കാത്തതു തീർച്ചയായും അദ്ദേഹത്തിൻെറ മലയാളപക്ഷപാതം കൊണ്ടാണ്. "സംസ്കൃതപദങ്ങളെ ഉപയോഗിക്ക എന്ന തു്, പലരും ധരിച്ചിട്ടുള്ളതുപോലെ, വരമൊഴിയുടെ ഒഴിച്ചുകൂടാത്ത ഭാഗമൊന്നുമല്ല; കഴിയുന്നേടത്തോളം ചുരു

ക്കേണ്ടുന്ന ഒരത്യാവശ്യംമാത്രമാണു്," എന്ന ഗദ്യ ശൈലീകത്താവിൻെറ ഉപദേശം നമ്മുടെ ഗദ്യമെഴുത്തു കാരുടെ ശ്രദ്ധയിൽ പെടേണ്ടതാണു്.

മലയാളമണ്ണിന്റെ ലളിതമോഹനമായ മണം തിരിച്ചറിയാൻ കഴിവില്ലാത്തവണ്ണം, സംസ്കൃതപാണ്ഡിത്യ ഘ്രാണത്തിൻെറ രൂക്ഷത അദ്ദേഹത്തിന്റെ നാസേന്ദ്രിയം മരവിപ്പിച്ചിട്ടില്ലെന്നു് മലയാളഗദ്യശൈലി വിളിച്ചറിയിക്കുന്നു. "അച്ഛൻ, അമ്മ, മകൻ, കണ്ണു്, കൈയ്, കാലു് എന്നൊക്കെയല്ലാതെ പിതാവു്, മാതാവു്, പുത്രൻ, നയനം, കരം, പാദം മുതലായവയെ നിവൃത്തിയുള്ളേടത്തോളം പ്രയോഗിക്കരുതെ"ന്നാണു്, മലയാളശൈലീകത്താവിൻെറ പക്ഷം. "ആളുകൾ ചുരുക്കമൊണു്; സമ്പാദ്യം കുറവാണു്; പ്രയോഗം നടപ്പായിട്ടുണ്ടു്; ഭാഷ വെടിപ്പാക്കുക; മൂന്നനാലു വയസ്സിനിളപ്പമാണു്," എന്നും മററുമുള്ള പ്രയോഗങ്ങളിൽ മലയാളഭാഷയുടെ സവിശേഷത കണ്ടറിയുവാൻ അദ്ദേഹത്തിനു കഴിയുന്നു. "ആളുകൾ കുറേശ്ശെ നെററി ചുളിച്ചാലും 'ചെയ്യായ്‌വാൻ,' 'ചെയ്യാസ്സിൽ' എന്നീ ലഘുമനോഹരങ്ങളായ പ്രയോഗങ്ങളെ പുനഃപ്രചരിപ്പിക്കാനാണു് ഭാഷാസ്നേഹികൾ പരിശ്രമിക്കേണ്ടതു്," എന്ന ഖ്യാപനം, മാരാരിൽ മുന്നിട്ടുനില്ക്കുന്ന മലയാളിത്തത്തിൻെറ മുഴക്കമൊണു്.

മലയാളശൈലിയുടെ ഊടുപാവുകൾ ഉറപ്പിക്കാൻ പുറപ്പെട്ട മാരാർ സംസ്കൃതത്തിന്റേയോ ഇംഗ്ലീഷിന്റേയോ നിയമങ്ങൾ അന്ധമായി അനുവത്തിക്കയല്ല ചെയ്തതു്. മലയാളത്തിൻെറ സ്വരൂപത്തിനും സവിശേഷതകൾക്കും ഇണങ്ങുംവണ്ണം ആവക നിയമങ്ങളിൽ ഭേദഗതി ചെയ്യാൻ അദ്ദേഹം ഉത്സുകനാണു്. മലയാളവാക്യങ്ങളിൽ സംഹിതയുടെ പ്രവത്തനം എങ്ങനെയെന്നു ചർച്ചചെ

യ്യുന്ന ആദ്യഭാഗംതന്നെ ഇതിന്നു തെളിവാണ്. "ഇന്ത്യയിലുള്ള ദരിദ്രരുമവശരുമായ ഗ്രാമീണരെയുദ്ധരിപ്പാനുള്ള ശാന്തവും സദ്യഃഫലവുമായ ഒരേയൊരുപായം ഖാദിയല്ലാതെ വേറെയൊന്നില്ലയെന്നാണെൻെറയുറച്ചയഭിപ്രായം," എന്നു് മാല കോത്തെഴുതുന്ന സംസ്കൃതമട്ടും, "ഇന്ത്യയിൽ ഉള്ള ദരിദ്രരും അവശരും ആയ ഗ്രാമീണരെ ഉദ്ധരിപ്പാൻ ഉള്ള ശാന്തവും സദ്യഃഫലവും ആയ ഒരേ ഒരു ഉപായം ഖാദി അല്ലാതെ വേറെ ഒന്നു് ഇല്ല എന്നു് ആണു് എൻെറ ഉറച്ച അഭിപ്രായം," എന്നു് മുറിച്ചു മുറിച്ചെഴുതുന്ന ഇംഗ്ലീഷ്മട്ടും അദ്ദേഹം തിരസ്കരിക്കുന്നു. അപ്രധാനസ്ഥാനങ്ങളിൽ സംഹിതയും സന്ധിയും ചെയ്തും പ്രധാനസ്ഥാനങ്ങളിൽ വേർതിരിച്ചുമാണു് മലയാളികൾ സംസാരിക്കാറെന്നും എഴുതേണ്ടതു മറിച്ചല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടുന്നതു നോക്കുക.

"കിങ്സ് ഇംഗ്ലീഷ് വായിക്കുവാൻ മാത്രം ഇംഗ്ലീഷ് ഭാഷയിൽ പാണ്ഡിത്യം ശ്രീ കുട്ടികൃഷ്ണമാരാർ നേടിക്കഴിഞ്ഞിട്ടില്ലെ"ന്നു് അവതാരികാകത്താവു് പ്രസംഗവശാൽ പറഞ്ഞതിൻെറ അത്ഥം എന്തായിരുന്നാലും, ഇംഗ്ലീഷിലെ നല്ല ഗദ്യശൈലിയുടെ മാനദണ്ഡങ്ങൾ മനസ്സിലാക്കി മലയാളഭാഷയ്ക്കിണങ്ങുന്ന മട്ടിൽ അവ സ്വീകരിക്കുന്നതിന്നും മലയാളമാനദണ്ഡങ്ങൾ ഇംഗ്ലീഷ്മാനദണ്ഡങ്ങളുമായി തട്ടിച്ചുനോക്കി ആക്ഷേപങ്ങൾ നിർണ്ണയിക്കുന്നതിന്നും വേണ്ടത്ര ആംഗലഭാഷാപാണ്ഡിത്യം അദ്ദേഹത്തിന്നുണ്ടെന്നതിന്നു് ഇപ്പുസ്തകത്തിലെ പല ഭാഗങ്ങളും തെളിവുകളാണു്. ഇംഗ്ലീഷ്ശൈലിയുടെ കൈയേററംകൊണ്ടു് മലയാളഗദ്യത്തിൻെറ മലയാളിത്തം നഷ്ടമാവുന്നതു തിരിച്ചറിയാൻ കഴിയാത്തവണ്ണമുള്ള നിഷ്ണാതത്വം ഇംഗ്ലീഷ്ഭാഷയിൽ അദ്ദേഹത്തിന്നുണ്ടായിട്ടില്ലാ

യിരിക്കാം. അതുതന്നെയാണ് മലയാളശൈലിയുടെ കെട്ടു പണിയിൽ അദ്ദേഹത്തിൻെറ കൈകൾക്കു ബലം നല്കി യതെന്ന് എനിക്കു തോന്നുന്നു. എന്തെന്നാൽ, കടലിന്റെ ആഴങ്ങളിൽ മുഴുകിപ്പോയവർക്കാണ് കരകയറാൻ കഴി വില്ലാതാവുന്നത്.

മലയാളശൈലിയുടെ കാട്ടുകയററം കണ്ടുണ്ടായ അമർഷം മാരാർ സ്വകൃതിയിൽ ഉടനീളം പ്രകടിപ്പിച്ചിട്ടുണ്ട്. ചിലപ്പോൾ ഈ അമർഷം മൂർച്ച്യുള്ള പരിഹാസത്തിന്റെ അകമ്പടിയോടെയാണ് പുറത്തുവരുന്നത്. ദോഷങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ കേരളപാണിനിക്കും പരിഹാസത്തിൻെറ പരിധിയിലേക്കു കടക്കേണ്ടിവന്നിട്ടുണ്ട്. സാഹിത്യസാഹ്യത്തിൻെറ മുഖവുരയിൽ അദ്ദേഹം പറയുന്നു: "ദോഷങ്ങളെ പ്രതിപാദിക്കുന്ന ഘട്ടങ്ങളിൽ ചിലേടത്തു് വാചകം കുറെ ബലപ്പെടുകയും ഹാസ്യരസം സ്ഫുരിക്കയും ചെയ്യുന്നുണ്ടെങ്കിൽ അതിലേക്കുത്തരവാദി, വിഷയഗൗരവം വിദ്യാർത്ഥികൾക്കു വെളിപ്പെടുത്തിക്കൊടുക്കാനുള്ള ശ്രദ്ധാധിക്യംമാത്രമാകുന്നു." ഈ ശ്രദ്ധാധിക്യംതന്നെയാണ് മാരാരുടെ പരിഹാസത്തിൻെറയും പിമ്പിലുള്ളതു്. ഗദ്യകാരന്മാരുടെ നിർലജ്ജവും നിരങ്കുശവുമായ പോക്കിൽ ഗ്രന്ഥകാരനുള്ള അസഹിഷ്ണുത പ്രകാശിക്കുമ്പോൾ, സഹജമായ നമ്മബോധം ഒരിടത്തും മങ്ങിപ്പോകുന്നില്ല. ചില ഫലിതങ്ങൾ പൊട്ടിച്ചു നമ്മെ ചിരിപ്പിക്കാനും അദ്ദേഹത്തിനു കഴിയുന്നു. "ഗുരുവായൂരമ്പലത്തിലേയ്, ആ ദീപാരാധനയ്ക്കു നട തൊറന്നങ്ങ്ട് നോക്ക്യാ എന്തൊരു കുണ്ടിതാ!" എന്ന് ഭക്തിഭരിതഹൃദയയായി പറഞ്ഞ അന്തർജ്ജനത്തിൻെറയും, നാട്ടുപ്രമാണിയായ മാന്യനോട്ട് "അവിടുന്നുതന്നെയാണ് ഈ നാട്ടിലെ ഘാതകൻ!" എന്നു പ്രശംസിച്ചു പറഞ്ഞ

ഗ്രാമീണന്റെയും, വൈദ്യൻെറയടുക്കൽ ചെന്നു് "എന്റെ മേൽ ആബാലവൃദ്ധം ഒരു ചൊറി വൈദ്യരേ!" എന്നു് ആവലാതി പറഞ്ഞ രോഗിയുടെയും കഥ നമ്മെ ചിരിപ്പിക്കാതിരിക്കില്ല.

ഗദ്യശൈലീകർത്താവിൻെറ വാദമുഖങ്ങൾ എല്ലാം നിങ്ങൾക്കു സ്വീകാര്യമായെന്നു വരില്ല; വിപ്രവാദാർഹങ്ങളായ ചില സ്ഥാനങ്ങളിൽ അങ്ങിങ്ങായി ഉടക്കുന്നുണ്ടാവാം. ഇംഗ്ലീഷിൻെറ മർദ്ദനമേററു ചുളിപ്പോയ വാക്കുകളും പ്രയോഗങ്ങളും തേടിപ്പിടച്ച കൂട്ടത്തിൽ നിരപരാധികളായ ചില രൂപങ്ങൾകൂടി പെട്ടുപോയിട്ടുണ്ടെന്നു തോന്നുന്നു. 'ചൊവ്വായെ' 'രൂപാസ്സു്' 'അണാസ്സു്' മുതലായ രൂപങ്ങൾ പുതിയ 'പേനാ'ക്കാരുടെ ഒരുമ്പാടൊന്നുമല്ല. ഭാഷയിൽ ഇന്നും ചുരുക്കമായിട്ടെങ്കിലും അവശേഷിക്കുന്ന ദീർഘാന്തശബ്ദങ്ങളുടെ അനാലജിയിൽനിന്നുയിക്കൊള്ളുന്ന രൂപങ്ങളാണവ. അതുപോലെ, മാവ്വിനെ അപശബ്ദകോടിയിൽ തള്ളുന്നതും മാറിൽനിന്നു മാവ്വിനെ നിഷ്പാദിപ്പിക്കാൻ 'ഇകോ യണചി' എന്ന പാണിനീയസൂത്രത്തിൽ പിടികൂടുന്നതും നല്ല പന്തിയല്ല. മാറുവളർന്നു മാവ്വാകയോ, മാർവ്വു ചുരുങ്ങി മാറാകയോ ഏതാണുണ്ടായതെന്നു് നിശ്ചയിക്ക എളുപ്പമല്ലെങ്കിലും, രണ്ടും സുശബ്ദങ്ങൾതന്നെയെന്നു വേണം കരുതുക. ഈവക നോട്ടപ്പിഴകൾ എടുത്തുപറയാനല്ല ഇവിടെ ഉദ്ദേശിക്കുന്നതു്. അവ നിസ്സാരാംശങ്ങളെമാത്രം സംബന്ധിക്കുന്നവയാണൊന്നും മാരാരുടെ കൃതിയുടെ വിലയും നിലയും അവ അല്പംപോലും താഴ്ത്തുന്നില്ലെന്നുമാണിവിടെ ഊന്നിപ്പറയാൻ ഞാൻ ആഗ്രഹിക്കുന്നതു്.

മലയാളഗദ്യത്തിനു് മാരാർ ചെയ്ത സേവനം തീർച്ചയായും ലക്ഷണഗ്രന്ഥരചനയിൽ ഒതുങ്ങിനില്ക്കുന്നില്ല.

അദ്ദേഹത്തിൻെറ ലക്ഷ്യനിർമ്മാണരൂപമായ സേവനം പരിഗണിക്കാതിരിക്കുന്നതു് ഒന്നാംകിടയിലുള്ള ഒരു തെററായിരിക്കും. ലക്ഷണയുക്തമായ ഗദ്യത്തിനു് മാതൃകകളാണു് അദ്ദേഹത്തിൻെറ കൃതികളെല്ലാം. താൻ ചൂണ്ടിക്കാട്ടിയ ശൈലീഭംഗങ്ങളോ മററു വൈകൃതങ്ങളോ തനിക്കുതന്നെ പററിപ്പോയിട്ടില്ലെന്ന യാതൊരു തൻമതിപ്പും അദ്ദേഹത്തിനില്ലെന്നു് ഗദ്യശൈലിയുടെ അവസാനത്തിൽ പറയുന്നുണ്ടെങ്കിലും, പ്രസംഗിക്കുന്നതു സ്വയം പ്രവർത്തിക്കാനും അദ്ദേഹത്തിനു കഴിയുമെന്നു് അദ്ദേഹത്തിൻെറ കൃതികൾ തെളിയിക്കുന്നു. ഗദ്യശൈലിയിലെ മാനദണ്ഡങ്ങൾക്കൊത്തുപിടിച്ചാലും അദ്ദേഹത്തിൻെറ ഗദ്യം അളവിൽ കുറഞ്ഞുപോകുമെന്നു തോന്നുന്നില്ല.

വ്യക്തിത്വം, ആത്മാർത്ഥത, ജീവദ്ഭാഷയോടുള്ള സമ്പർക്കം എന്നിവയാണു് നല്ല ഗദ്യശൈലിയുടെ ഗുണങ്ങളെന്നു് പ്രശസ്തഗദ്യസാഹിത്യവിമർശകനായിരുന്ന എം. പി. പോൾ ഒരിക്കൽ പ്രസ്താവിച്ചു. ഈ മൂന്നും തികഞ്ഞ ഗദ്യത്തിനുദാഹരണം തേടുമ്പോൾ നാം മാരാരുടെ കൃതികളിൽ ചെന്നുചേരാതിരിക്കില്ല. അനേകകർത്തൃകങ്ങളായ ഏതാനും ഖണ്ഡികകൾ പെറുക്കി നിരത്തിയാൽ അവയിൽ മാരാരുടേതു ചൂണ്ടിക്കാട്ടാൻ, ഇന്നത്തെ പ്രമുഖഗദ്യകാരന്മാരുടെ ശൈലികളുമായി പരിചയമുള്ള ഏതൊരാൾക്കും നിരായാസം സാധിക്കുമെന്നു തോന്നുന്നു. സ്വാശയങ്ങൾക്കില്ലാത്ത ഗൗരവം ഭാഷയിൽ ആരോപിക്കുക, ചിന്തയുടെ ദാരിദ്ര്യം ഭാഷാടോപത്തിൽ മറച്ചുപിടിക്കുക തുടങ്ങിയ ഗതികേടുകളൊന്നും ഗദ്യകാരനായ മാരാർക്കു നേരിടുന്നില്ല. പലരുടെ കൈയിൽ കയറിയിറങ്ങി ശോഭകെട്ടു്, മൂരാത്ത കത്തിക്കൊപ്പമായ ചില പദപ്രയോഗങ്ങളിട്ടു പന്താടുന്ന പതിവും

മാരാക്കില്ല. സ്വതന്ത്രചിന്തയും സ്വതന്ത്രഗതിയും മാരാരുടെ ഗദ്യത്തിൻെറ വ്യക്തിമുദ്രകളാണ്.

അവസാനമായി, മലയാളഗദ്യശൈലിയുടെ ചട്ടവും ചിട്ടയും ശരിപ്പെടുത്താൻ മാരാർ ചെയ്ത ശ്രമങ്ങൾ എത്രകണ്ടു ഫലിച്ചു എന്നൊരു ചോദ്യമുണ്ടാവാം. ഇതിന് ആശാഭംഗത്തിൻെറ മ്ലാനത പുരണ്ട ഒരുത്തരമായിരിക്കില്ലേ കിട്ടുന്നതെന്നു ഞാൻ ആശങ്കിക്കുന്നു. "ശ്രീ കുട്ടികൃഷ്ണമാരാരുടെ പരിശ്രമം വിഫലമാവുകയേ ഉള്ളു" എന്നു സഞ്ജയൻ പറഞ്ഞതു്, 'തോന്നിയവാസപ്രസ്ഥാനത്തിൻെറ കോമരങ്ങളെ' സംബന്ധിച്ചാണെങ്കിലും, ആ പ്രവചനം മലയാളത്തിലെ എഴുത്തുകാരിൽ സാമാന്യേന സത്യമായിത്തീരുകയാണു ചെയ്തതെന്നു പറയാം. എങ്കിലും, ചുരുക്കം ചിലരിലെങ്കിലും ഒരു വ്യാകരണമനസ്സാക്ഷി കുത്തിവയ്ക്കാൻ 'മലയാളശൈലി'ക്കു കഴിഞ്ഞിട്ടുണ്ടെന്നു ഞാൻ ഊഹിക്കുന്നു. മാരാർ ഇട്ടുതന്ന ചരടുകൾ തുടന്നു ഗദ്യം രചിക്കാൻ ആത്മാർത്ഥമായി ആരും ശ്രമിച്ചിട്ടില്ലെന്നതാണ് വാസ്തവം. അങ്ങനെയൊരു പരീക്ഷണം അദ്ദേഹത്തിൻെറ നിർദ്ദേശങ്ങൾ തീർച്ചയായും അർഹിക്കുന്നുണ്ടു്. 'മലയാളശൈലി'യിലെ പദവാക്യപ്രമാണങ്ങളുടെ ബലിപീഠത്തിലെ തീക്കനൽകൊണ്ടു് നമ്മുടെ ഗദ്യകാരന്മാരുടെ അധരങ്ങളെ സ്പർശിക്കാൻ കഴിഞ്ഞാൽ അവർ എത്ര മഹത്തായും മനോജ്ഞമായും നമ്മോടു സംസാരിക്കുമായിരുന്നു. മലയാളഭാഷയുടെ കഴിവുകളുടെ അതിവിപുലമായ ഒരു മണ്ഡലത്തിലേക്കാണ് മാരാർ മലയാളഗദ്യകാരന്മാരെ ആഹ്വാനം ചെയ്യുന്നതു്. അവർ എത്രയും വേഗം അതിൽ കടന്നു് അവിടം സ്വായത്തമാക്കുന്നുവോ, അത്രയും അവക്കു നല്ലതാണ്; വായനക്കാരായ നമുക്കും നല്ലതാണ്.

കെ. അയ്യപ്പപ്പണിക്കർ

# സാഹിത്യനിരൂപണത്തെപ്പററി

മലയാളസാഹിത്യത്തിലെ ഏററവും ശുഷ്കമായ വിഭാഗം നിരൂപണമാണെന്നു പറയാം. ദീർഘമായ ഒരു ചരിത്രമോ ക്രമാനുഗതമായ ഒരു വളർച്ചയോ അതിനില്ല. അറുപതോ എഴുപതോ കൊല്ലത്തിനുമുമ്പു മാത്രമാണ് ഇങ്ങനെ ഒന്നുംകൂടി സാഹിത്യത്തിൻെറ വകുപ്പിൽപ്പെട്ടുമെന്നു നമുക്കു മനസ്സിലായിത്തുടങ്ങിയതു്. സാഹിത്യസൃഷ്ടിയും സാഹിത്യാസ്വാദനവും അതിനു മുമ്പും ഉണ്ടായിരുന്നു. പക്ഷേ, ശ്രദ്ധാപൂർവ്വമുള്ള പഠനങ്ങളോ അഭിപ്രായപ്രകടനങ്ങളോ ഉണ്ടായിരുന്നതായി കാണുന്നില്ല. ആ നില ഇപ്പോൾ അല്പം ഭേദപ്പെട്ടിട്ടുണ്ട്. സംതൃപ്തി തരുന്നില്ലെങ്കിലും ആശ തരുന്നുണ്ടെന്നു പറയാവുന്ന നില വന്നു ചേർന്നിട്ടുമുണ്ട്. വാരികകളിൽ പ്രത്യക്ഷപ്പെടുന്ന പുസ്തകാഭിപ്രായങ്ങളിൽ സിനിമനിരൂപണങ്ങളുടെ മാതൃകയിൽ കെട്ടും മട്ടും കഥയും ഒക്കെ വിവരിക്കുന്ന ഒഴുക്കൻസമ്പ്രദായമാണു കൂടുതലും കാണുന്നതു്. എങ്കിലും സാഹിത്യകാരന്മാരെയും കൃതികളെയുംകുറിച്ചുള്ള വിദഗ്ദ്ധപഠനങ്ങളും വല്ലപ്പോഴും വരാറുണ്ട്. അത്രയും നന്നു്.

ഈ അറുപതുകൊല്ലത്തെ വളർച്ചയ്ക്കു കാരണക്കാരായവർ പ്രധാനമായും അഞ്ചു പേരാണു്: എ. ആർ. രാജരാജവർമ്മ, പി. കെ. നാരായണപിള്ള, എ. ബാലകൃഷ്ണപിള്ള, കുട്ടികൃഷ്ണമാരാർ, ജോസഫ് മുണ്ടശ്ശേരി.

ഇവരിൽ ആദ്യത്തെ രണ്ടുപേർ ഒന്നാം തലമുറയിൽ പെട്ട ന്നു. അവരുടെ പ്രധാനചർച്ചാവിഷയം സാഹിത്യത്തി ൻെറ പ്രധാനഘടകങ്ങളും വിഭാഗങ്ങളുംമാത്രമായിരു ന്നില്ല. സംസ്കൃതാലങ്കാരികന്മാരുടെ വഴിപിടിച്ചുള്ള സാ ങ്കേതികപഠനങ്ങളും ഭാഷയിലെ ആദ്യകാലപ്രവണതക ളുടെ അപഗ്രഥനങ്ങളും ആണ് അവരുടെ മുഖ്യസംഭാവ നകൾ. സമകാലീനജീവിതത്തെയും അന്നത്തെ സാഹിത്യ പ്രസ്ഥാനങ്ങളെയും അവർ പ്രധാനവിഷയങ്ങളായി കണക്കാക്കിയോ എന്നു സംശയമാണ്. എങ്കിലും പ്രാസ വാദം മുതലായ കാൎയ്യങ്ങളിൽ ഒരു പുതിയ സമീപനം അവർ അവലംബിച്ചതായി പറയാം.

തൊട്ടടുത്ത തലമുറയിൽ പെട്ട ബാലകൃഷ്ണപിള്ളയും, എം. പി. പോളും, മുണ്ടശ്ശേരിയും സമകാലീനസാഹിത്യ ത്തിൻെറ നിരൂപകന്മാരെന്ന നിലയിലാണു പ്രശസ്തരാ യതു്. തികച്ചും നവീനമായ ഒരു നിരൂപണപദ്ധതി അ വർ അവതരിപ്പിക്കുകയുണ്ടായി. 1930-നുശേഷം ഭാഷാ സാഹിത്യത്തിൽ ഊറിത്തെളിഞ്ഞുവന്ന മുഖ്യധാരകളെ യെല്ലാം അവർ സശ്രദ്ധം വീക്ഷിച്ചു. ഭാരതീയാചാൎയ്യ ന്മാരും പാശ്ചാത്യനിരൂപകന്മാരും അവക്കു മാൎഗ്ഗനിർദ്ദേശം നല്കി. ദണ്ഡിയെയും അരിസ്റ്റോട്ടിലിനെയും ഒരേ പേജിൽ ഉദ്ധരിക്കാൻ അവർ ധൈൎയ്യപ്പെട്ടു. ചിലപ്പോൾ ഈ ഉദ്ധാരണകൗതുകം കുഴപ്പത്തിൽ ചെന്നെത്തിയിട്ടുമുണ്ടു്. പുതിയ സാഹിത്യസൃഷ്ടികളുടെ അടിസ്ഥാനമായ കാവ്യാ ദർശങ്ങളെ അവർ വ്യാഖ്യാനിച്ചു. വ്യാഖ്യാനത്തിൽ വന്ന ചിന്താക്കുഴപ്പം അതിൻെറ അടിസ്ഥാനത്തിൽ വളൎന്നു വന്ന സാഹിത്യത്തിനും ഉണ്ടായി. പുരോഗമനസാഹിത്യ ത്തിൻെറ വകുപ്പിൽ പെടുന്ന കൃതികൾക്കെല്ലാം ഇങ്ങനെ ഒരു വൈകല്യം സംഭവിച്ചുപോയിട്ടുണ്ടു്. ഇതൊരു നിർ

ഭാഗ്യകരമായ അവസ്ഥയാണ്. പക്ഷേ, സാഹിത്യരംഗത്തു ചൂടും വെളിച്ചവും അവർ വരുത്തി. സൃഷ്ടിരംഗം ഊർജ്ജസ്വലമായി. പുതിയ എത്രയോ സിദ്ധാന്തങ്ങൾ വന്നു. എത്രയോ പരീക്ഷണങ്ങൾ സാഹിത്യലോകത്തു പരിവത്തനം വരുത്തി. ഇനി പരീക്ഷിക്കാൻ പുതുതായി ഒന്നുമില്ല എന്ന നിലവരെ എത്തി. എല്ലാ പരീക്ഷണങ്ങളും ഫലവത്തായില്ല. എങ്കിലും ഈ കാലഘട്ടത്തിലെ ഉത്തമങ്ങളായ സർഗ്ഗാത്മകകൃതികൾ തിരഞ്ഞെടുത്തു പരിശോധിച്ചാൽ ബാലകൃഷ്ണപിള്ളപ്രസ്ഥാനത്തിൻെറ പല അംശങ്ങളും അവയിൽ കാണാമെന്നതിനു തക്കമില്ല. കാളിദാസാദികളോടുള്ളതിനേക്കാൾ അവയ്ക്കുടുപ്പം പാശ്ചാത്യസാഹിത്യകാരന്മാരോടാണ്. ഗദ്യസാഹിത്യത്തിൻെറ വളർച്ചയ്ക്ക് ഇതു് അനുപേക്ഷണീയമായിരുന്നു താനും. നോവൽ, ചെറുകഥ, നാടകം, നിരൂപണം, ഉപന്യാസം— ഇങ്ങനെ പലയിനം സാഹിത്യസൃഷ്ടികളും ഈ പ്രസ്ഥാനത്തോടൊപ്പം തഴച്ചുവളന്നിട്ടുണ്ട്.

പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളുടെ സ്വാധീനത്തിൽ വളന്നുവന്ന ഈ പ്രസ്ഥാനത്തെ നിശിതമായി വിമശിച്ചവരും കുറവല്ല. വാല്മീകി, വ്യാസൻ, കാളിദാസൻ മുതലായവരുടെ കൃതികളും ഭരതൻ, ദണ്ഡി മുതലായവരുടെ സിദ്ധാന്തങ്ങളും ശ്രദ്ധയായി പഠിച്ച് അതിൽനിന്നു വ്യക്തമാക്കി എടുത്ത ഒരു പുതിയ വീക്ഷണവുമായി മുന്നോട്ടുവന്നയാളാണ കുട്ടികൃഷ്ണമാരാർ. തികച്ചും സ്വതന്ത്രവും മൗലികവും ആയ ഒരു രീതിയാണ് അദ്ദേഹത്തിനുള്ളതു്. പഴയതിനോട്ട് അന്ധമായ ആരാധനാഭാവമില്ല. പുതുമയുടെ പുറകെ ഓടിപ്പോകലില്ല. തനിക്കു തോന്നുന്നവ അന്തസ്സോടെ പറഞ്ഞുവയ്ക്കുക; മാത്രമല്ല, തനിക്കു തോന്നാത്തവ പറയാതെയും ഇരിക്കുക. ഇതാ

ണെന്നു തോന്നുന്നു മാരാരുടെ പ്രത്യേകത. കുട്ടിക്കുഴപ്പുകൾ തീരെ ഇല്ല. എല്ലാ കാര്യങ്ങളെക്കുറിച്ചും ഒരഭിപ്രായം തട്ടിവിടണമെന്ന വ്യഗ്രതയും മാരാക്കില്ല. തനിക്കുള്ള അഭിപ്രായങ്ങൾ സുചിന്തിതമാക്കി വയ്ക്കാൻ അദ്ദേഹം ശ്രദ്ധിക്കാറുണ്ട്. 'സാഹിത്യസല്ലാപ'ത്തിൽ അന്തരീക്ഷത്തിലൂടെ എന്ന ലേഖനത്തിൽ അദ്ദേഹം പറയുന്നതു നോക്കു: "സാഹിത്യനിരൂപണത്തിൻെറ പരമാധിഷ്ഠാനത്തിൽനിന്നു നോക്കുമ്പോൾ കവിയുടെ മഹത്വത്തിനുള്ള മാപകതത്വം, അദ്ദേഹത്തിൻെറ കൃതികളുടെ തുകയല്ല, തൂക്കമാണെന്നു സമ്മതിക്കേണ്ടിവരും; ആ തൂക്കത്തിൻെറ കേന്ദ്രസ്ഥാനം അദ്ദേഹത്താൽ സുന്ദരമായി ആവിഷ്കരിക്കപ്പെട്ട ആത്മോന്നതിയുമായിരിക്കും. സ്വജീവിതത്തിലെമ്പാടും ആത്മോന്നതി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുക എന്നതു് ഋഷിമാർ മാത്രം ആശിക്കുന്ന ഒരു സിദ്ധിയാണ്. അതിനാൽ, മഹാകവി ഋഷിയായിരിക്കണമെന്നൊരു വാദം പുറപ്പെട്ടുവിക്കാത്തേടത്തോളംകാലം—'നാനൃഷിഃ കവിഃ' എന്ന വാദംതന്നെ ഇതെഴുതുന്ന ആൾക്ക് അഹിതമല്ല—ഒരാളുടെ രചനാവിസ്തൃതിയെ ചങ്ങലപിടിച്ചളന്നു മഹാകവിത്വം കല്പിക്കുന്നതിനർത്ഥമില്ല; ഒരാളെഴുതിയ നാലു വരിയിൽനിന്നായാലും നാലുലക്ഷം വരിയിൽനിന്നായാലും അയാളുടെ ആത്മവത്ത ഏതു മണ്ഡലത്തിലെത്തിയിരിക്കുന്നു എന്നു സൂക്ഷിച്ചുനോക്കിയിട്ടാണു നാമതു നിശ്ചയിക്കേണ്ടതു്. കവി, കവിതയിൽ, കാലംശത്തിലേ കലാകാരനാകേണ്ടൂ—മുക്കാലംശത്തിലും മനുഷ്യോൽക്കർഷത്തിൻെറ ചിഹ്നമായിരിക്കയാണു വേണ്ടതു്."

ഇതൊരു വ്യക്തമായ നിലപാടാണ്. ഉള്ളൂരിൻെറ കർണ്ണഭൂഷണത്തെക്കുറിച്ചു മുണ്ടശ്ശേരി പറഞ്ഞ അഭിപ്രായങ്ങളെ അപഗ്രഥിക്കുമ്പോഴും മാർക്സിൻെറ പ്രേരകശക്തി

യെക്കുറിച്ചുള്ള എ. ബാലകൃഷ്ണപിള്ളയുടെ പ്രസ്താവനകളെ വിമർശിക്കുമ്പോഴും ഇതുതന്നെ മാരാരുടെ അടിസ്ഥാനസമീപനം. സാഹിത്യം ഭാഷാപരമായ മൂല്യമാണെന്നു കെ. ഭാസ്കരൻനായർ അഭിപ്രായപ്പെട്ടതിനെ വിശകലനം ചെയ്ത് ആ വീക്ഷണത്തിൻെറ പരിമിതികൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്നതും ഈ നിലപാടിൽ നിന്നുതന്നെ. ശാശ്വതമൂല്യങ്ങളുടെ ശാശ്വതികത്വത്തെപ്പററി എം. പി. പോളിനെതിരായി വാദിക്കുമ്പോഴും ഈ വ്യക്തതയും ദാർഢ്യവും മാരാർനിരൂപണങ്ങളിൽ കാണാം.

ഈ സമ്പ്രദായത്തിനു് ഒഴിവാക്കാൻ വയ്യാത്ത ചില പരിമിതികളുണ്ടു്. ജീവിതത്തിലെ ചില സങ്കീർണ്ണപ്രശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ആധുനികസാഹിത്യരൂപങ്ങൾ വേണ്ടവിധത്തിൽ മനസ്സിലാക്കാൻ സാദ്ധ്യമായില്ലെന്നുവരും. കാളിദാസാദികൾ ഉത്തമകൃതികൾ രചിച്ചിട്ടുള്ള സ്ഥിതിക്കു് എന്തിനിത്രയധികം ക്ഷുദ്രകൃതികൾ ഉണ്ടാവുന്നു എന്നൊരക്ഷമ സ്വാഭാവികമായി തോന്നാം. രണ്ടാംതരം സാഹിത്യകാരന്മാരോടു ശുണ്ഠിയും ശണ്ഠയും കൂടുന്നതിനും ഇതു കാരണമാകാം. കുഞ്ചൻനമ്പ്യാരുടെ കൃതികൾ മാരാക്കു രസിക്കാൻ സാധിക്കുന്നില്ല എന്നതുതന്നെ തെളിവു്. പക്ഷേ, ഈ പരിമിതികൾകൊണ്ടു ചില ഗുണങ്ങളുമുണ്ടു്. രസിക്കുന്നതു ശരിക്കു രസിക്കാൻ കഴിയുന്നു എന്നതാണവയിൽ പ്രധാനം.

ഈ പരിമിതികളിൽനിന്നും ഗുണങ്ങളിൽനിന്നും ഒരുപോലെ സ്വതന്ത്രമായ ഒരു സമീപനമാണു് മുണ്ടശ്ശേരിയുടെ കൃതികളിൽ കാണുന്നതു്. പൗരസ്ത്യകാവ്യസിദ്ധാന്തങ്ങളോടുള്ള സാമാന്യം അവഗാഢമായ പരിചയം, പാശ്ചാത്യസാഹിത്യാചാര്യന്മാരോടുള്ള ആഭിമുഖ്യം, പല

നിലപാടുകളിൽനിന്നു് ഓരോ കൃതിയും കാണാനുള്ള കഴിവു്, പഴയതും പുതിയതുമായ സാഹിത്യരൂപങ്ങൾ സ്വാഗതം ചെയ്യാനുള്ള വിശാലമനസ്കത, ഒരുപക്ഷേ, ആവശ്യത്തിലധികം ഊക്കേറുന്ന ഒരു ഗദ്യശൈലി— ജോസഫ് മുണ്ടശ്ശേരി എന്ന നിരൂപകനെപ്പററി ഓർമ്മിക്കുമ്പോൾ മനസ്സിൽ തെളിഞ്ഞു വരുന്ന ചില കാര്യങ്ങളാണിവ. ഗുണങ്ങളുടെ പരഭാഗമായ ദോഷങ്ങൾ ഏററവും വെളിപ്പെട്ടുപോകുന്ന ഒരു സമീപനരീതിയാണു് മുണ്ടശ്ശേരി അവലംബിച്ചിട്ടുള്ളതു്. വിശ്വാസദാർഢ്യത്തെക്കാളേറെ ആവേശം, ആസ്വാദനതല്പരതയെക്കാൾ അല്പം മീതെ നില്ക്കുന്ന സിദ്ധാന്തസ്ഥാപനവ്യഗ്രത—ഉന്നം പിഴച്ചാലും ഊറ്റം കുറയ്ക്കാത്ത സംഹാരശക്തി—ഇവയായിരിക്കും ദോഷങ്ങളായി സാധാരണ കാണുന്നവ. കാവ്യപീഠികയുടെ ആരംഭത്തിൽ സംഗീതത്തെപ്പററി പറഞ്ഞതും മററും ഇതിനു തെളിവു തരുന്നുണ്ടു്. കാലത്തിനൊത്തു മാറാവുന്ന ഒരു വിശ്വവീക്ഷണം അദ്ദേഹത്തിനു സ്വന്തമായുണ്ടു്, പരസ്പരം പൊരുത്തപ്പെടാൻ മടി കാണിക്കുന്ന എത്രയോ പ്രമാണങ്ങൾ അദ്ദേഹം ഉദ്ധരിച്ചും അല്ലാതെയും പ്രദർശിപ്പിച്ചിട്ടുണ്ടു്. വാദവും പ്രതിവാദവും ഒരുപക്ഷേ, മറന്നുപോയേക്കാവുന്ന വായനക്കാരൻ, ഒരിക്കലും മറന്നുപോകാത്തതു് ആ ഗദ്യഭൈരവി മാത്രമായേക്കാം.

തനിക്കഭിമതരായവരെപ്പററി എഴുതുമ്പോൾ ശരിയായി കാര്യം പറയുകയും തനിക്കിഷ്ടപ്പെടാത്തവരെപ്പറ്റി എഴുതുമ്പോൾ തെററു പറയുകയും ചെയ്യുന്ന നിരൂപകന്മാരുണ്ടു്. ആ കൂട്ടത്തിൽ മുണ്ടശ്ശേരിയേയും കണക്കാക്കാം. 'മാനദണ്ഡ'ത്തിൽ കാളിദാസൻെറ മേഘഗീതത്തെപ്പറ്റി എത്ര മനോഹരമായി എഴുതിയിരിക്കുന്നു! ആശാനെപ്പ

ററി എഴുതിയിട്ടുള്ള വിമർശനങ്ങളിൽ തികഞ്ഞ ഉത്തരവാദിത്വബോധവും സൂക്ഷ്മദൃഷ്ടിയും കാണിക്കാൻ മുണ്ടശ്ശേരിക്കു കഴിഞ്ഞിട്ടുണ്ടെന്നും സമ്മതിക്കാതെ തരമില്ല. ഒരു സത്യാന്വേഷണബുദ്ധി അവയിൽ കാണാം. എന്നാൽ, മററു പലപ്പോഴും സ്ഥിതി മറിച്ചാണ്. അടിസ്ഥാനമൂല്യങ്ങളെപ്പററി മനസ്സിൽ അവ്യക്തത ഉണ്ടാകുമ്പോൾ അഭിപ്രായങ്ങൾ ചഞ്ചലങ്ങളാവും, ഒരനുപാതബോധം പുലർത്താനാവാതെ വരും. സമകാലീനരായ ചിലരെപ്പററി മുണ്ടശ്ശേരി പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇതിനു തെളിവാണ്. കാളിദാസനും കാലത്തിൻെറ ദാസനാണെന്നു സ്ഥാപിക്കാൻ എന്തെല്ലാം വാദങ്ങൾ അദ്ദേഹം കൊണ്ടുവന്നു; അവസാനം അവയെല്ലാം ഒരു ശൈലീവിശേഷംമാത്രമായി അവശേഷിക്കുന്നു. നിലയില്ലാത്ത കയങ്ങളിൽപോലും എടുത്തു ചാടുന്ന ആ തൻേറടവും ഉത്സാഹവും ശ്രദ്ധേയമാണ്; കയത്തിൽക്കിടന്നു നീന്തിത്തുടിക്കുകയും വെള്ളം കുടിക്കുകയും ചെയ്യുന്ന ആ കാഴ്ച മനോഹരവും.

"ഓരോ കാവ്യത്തേയും അതതിൻെറ അന്തരീക്ഷത്തിൽ കാണുക, അതതിൻെറ അന്തർഭാഗത്തോളം ഈക്ഷിക്കുകയും ചെയ്യുക"—ഇതാണ് ഒരു വിമർശകൻ എന്ന നിലയിൽ താൻ ചെയ്യുന്നതു് എന്നു് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ട്. ഈ പ്രകടനപത്രികയിൽനിന്നു വ്യതിചലിക്കാതിരുന്നെങ്കിൽ മുണ്ടശ്ശേരി മലയാളത്തിലെ ഏററവും വലിയ, ഏററവും നല്ല നിരൂപകനാകുമായിരുന്നു. ഏതായാലും, അദ്ദേഹം അതിനിടവരുത്തിയില്ല. അദ്ദേഹത്തിൻെറയും നമ്മുടെയും പൊതുനഷ്ടം. എങ്കിലും, പുരോഗമനസാഹിത്യപ്രസ്ഥാനത്തിലെ പ്രഗത്ഭന്മാരായ കവികളുടെയും കാഥികന്മാരുടെയും ഒപ്പം തലയുയർത്തി

നിന്നു മലയാളത്തിലെ ആധുനികവിമർശനസാഹിത്യത്തി ൻെറ വെന്നിക്കൊടി പറത്താൻ അദ്ദേഹത്തിനു കഴി ഞ്ഞു—അതുതന്നെ ഒരു വലിയ നേട്ടം.

ഏതാനും സാഹിത്യവിമർശകരും കുറെ ഗ്രന്ഥങ്ങ ളും നമുക്കുണ്ടായിട്ടുണ്ട്—പക്ഷേ, നിരൂപണസാഹിത്യ ത്തിന്റെ പൂർണ്ണമായവളർച്ചയ്ക്ക് അനുപേക്ഷണീയമായപല തും ഇനി ഉണ്ടാകേണ്ടതായുണ്ട്. മലയാളസാഹിത്യത്തിന്റെ അടിസ്ഥാനസ്വഭാവങ്ങളെ വിശകലനംചെയ്ത് ഒരു സമ ഗ്രമായ വീക്ഷണം തരുന്ന നിരൂപണഗ്രന്ഥങ്ങൾ നമുക്കി പ്പോഴില്ല. സംസ്കൃതത്തിലെ വിമർശനസാഹിത്യം ആ ഭാഷയിലെ സർഗ്ഗാത്മകകൃതികളുടെ അടിസ്ഥാനത്തിൽ രൂപമെടുത്തവയാണ്. പാശ്ചാത്യസാഹിത്യനിരൂപണം യൂറോപ്യൻ ഭാഷകളിലെ സർഗ്ഗാത്മകസാഹിത്യത്തിൻെറ വളർച്ചയോടൊത്തു രൂപംകൊണ്ടതാണ്. അരിസ്റ്റോട്ടലി ൻെറയും മററും സാഹിത്യസിദ്ധാന്തം ഹോമർ, ഈസ് കിലസ്, സൊഫോക്ലീസ് ആദിയായവരുടെ കലാ സൃഷ്ടികളുടെ പഠനത്തിന്റെ ഫലമായിട്ടുണ്ടായതാണല്ലോ. ഇംഗ്ലീഷിലെയും തലമുതിർന്ന നിരൂപകന്മാർ ആ ഭാഷ യിലെ മുഖ്യകൃതികളെ അവലംബിച്ചുള്ള പഠനങ്ങളാ ണ് നടത്തിയിട്ടുള്ളതു്. മലയാളത്തിലെ സർഗ്ഗാത്മകസാ ഹിത്യത്തിൻെറ അടിസ്ഥാനത്തിൽ വേണം നമുക്കും ഒരു നിരൂപണസിദ്ധാന്തം രൂപീകരിക്കാൻ, ബാലകൃഷ്ണപി ള്ളയുടെ ഉല്പതിഷ്ണുത്വവും വിശാലവീക്ഷണവും മുണ്ടശ്ശേ രിയുടെ ഉത്സാഹപ്രകർഷവും ഊർജ്ജസ്വലതയും മാരാരു ടെ സൂക്ഷ്മചിന്തയും ആർജ്ജവവും കൈവശമായ ഒരാൾ ക്കുമാത്രമേ ഒരുപക്ഷേ, ഇത്തരം ഒരു മഹായജ്ഞം ആരം ഭിക്കാൻ കഴിയൂ. ചെറുശ്ശേരിയേയും, പൂന്താനത്തേയും, തുഞ്ചനേയും, കുഞ്ചനേയും, സി. വി. രാമൻപിള്ളയേയും,

ചന്തുമേനോനേയും എല്ലാം അവരവർഹിക്കുന്ന സ്ഥാനത്തു കാണാൻ കഴിയുന്ന ഒരു വീക്ഷണം അതിൽനിന്നു് ഉണ്ടാകും. റഷ്യയിലും അമേരിക്കയിലും ഒടുവിലുണ്ടായതു് എന്താണോ അതാണു് ഏററവും നല്ല സാഹിത്യസിദ്ധാന്തം എന്നു നാം കരുതുന്നതു കഷ്ടമാണു്. പുതിയ രൂപവും ശൈലിയും എല്ലാം നമുക്കിവിടെ ഉണ്ടാകാൻ കഴിയുമെന്നു വിശ്വസിക്കേണ്ട കാലമായി. തമിഴ്, സംസ്കൃതം, ഇംഗ്ലീഷ്, ഇനി ഒരുപക്ഷേ, ഹിന്ദി ഈ വൈദേശികഭാഷകളുടേയും സാഹിത്യങ്ങളുടേയും സ്വാധീനത്തിൽ പെട്ടുകിടക്കാനേ മലയാളത്തിനു കഴിയുകയുള്ളോ? അങ്ങനെ കിടന്നാൽ, നമുക്കു നേരിട്ടു ജീവിതാനുഭവങ്ങൾ വ്യാഖ്യാനിക്കാൻ സാധ്യമല്ലാതാവും—ഒരു 'സെക്കൻഡ് ഹാൻഡ്' ദർശനമേ നമുക്കു വളർത്തിയെടുക്കാൻ പററുകയുള്ളു എന്നും വരും.

ബാലകൃഷ്ണപിള്ള, മുണ്ടശ്ശേരി, മാരാർ ഇവരുടെ അടുത്ത തലമുറയിലുള്ള വിമർശകന്മാർ ഈ കാര്യം ശ്രദ്ധിക്കുന്നുണ്ടോ? ഉണ്ടെന്നു പറയാൻതക്ക തെളിവു കാണുന്നില്ല. കഴിഞ്ഞ പത്തുപന്ത്രണ്ടു കൊല്ലക്കാലത്തു്, നമ്മുടെ നിരൂപകന്മാരുടെ ശ്രദ്ധയെ ആകർഷിച്ച വിഷയങ്ങളെന്തൊക്കെ എന്നു് ഓർമ്മിക്കുക: സോഷ്യലിസ്റ്റ് റിയലിസം, രൂപഭദ്രത, സിംബലിസം നല്ലതോ ചീത്തയോ, കഥകളി കേരളീയമാണോ, സാഹിത്യത്തിൽ സ്തംഭനമുണ്ടോ, കവിതയുടെ കൂമ്പ് അടഞ്ഞോ തുറന്നോ, കവിതയ്ക്കു ഭാവി ഉണ്ടോ, ജി. ശങ്കരക്കുറുപ്പ് കവിയാണോ—ഈ വിഷയങ്ങളെപ്പററി വന്നതും വന്നുകൊണ്ടിരിക്കുന്നതുമായ അഭിപ്രായങ്ങൾ എല്ലാം പ്രായേണ ഉപരിപ്ലവങ്ങളാണു്. 'അവനൊരു നിരൂപകൻ, അവനെ കൊല്ലുക' എന്നു കവികളും 'അയാളൊരു കവി, അയാളെ തല്ലുക' എന്നു

നിരൂപകന്മാരും ആക്രോശിച്ചാൽ രംഗം എത്ര ബീഭത്സമായിരിക്കും! കവിയെ പേടിച്ച് ഇല്ലം ചുട്ടുന്ന നിരൂപകരും നിരൂപണം വായിച്ചു ബോധം കെട്ടുന്ന കവിയും സാഹിത്യത്തിനു് ഒരു ശാപംതന്നെ. അതിൽനിന്നു മോചനം നേടിയേ പററൂ. അപൂർണ്ണവികസിതമാണു നമ്മുടെ ഭാഷാസാഹിത്യം—ഒരു 'വ്യാവസായിക'സമാധാനം കുറേനാളത്തേക്കെങ്കിലും നിലവിൽ വരുത്തണം. പല സാഹിത്യസംഘടനകളും അടുത്തകാലത്തു തകർന്നുവീണില്ലേ? വ്യക്തിവിദ്വേഷത്തെ തത്വസംഹിതയാക്കിയതിൻെറ ഫലമാണതു്; ആശയപരമായ കടുംപിടിത്തം സദ്വാസനകളെ ശ്വാസംമുട്ടിച്ചതിൻെറ ഫലമാണതു്.

തായാട്ട് ശങ്കരൻ

# സാഹിത്യത്തെക്കുറിച്ച് ശ്രീ മാരാർ

"ആ കാളിദാസനെ നോക്കു; അദ്ദേഹം രാജകീയ പാരമ്പര്യത്തിൻെറ യുഗത്തിൽ പിറന്ന കവിയാണ്. പക്ഷേ, അദ്ദേഹം ഒരൊററ രാജാവിന്നുവേണ്ടി മംഗള ശ്ലോകമെഴുതീട്ടില്ല. അതിലും വലിയ കാര്യങ്ങൾ—മനു ഷ്യസമുദായത്തെ ഒട്ടുക്കാശ്ലേഷിക്കുന്ന കാര്യങ്ങൾ—അദ്ദേ ഹത്തിന്നു പറയാനുണ്ടായിരുന്നു. രാജവാഴ്ച ഭാരതത്തിൽ കിടന്നു തകർത്തിട്ടും അദ്ദേഹം, രാജവാഴ്ചയുടെ അധഃപത നംവരെ പ്രതിപാദിച്ചുകളഞ്ഞു."

(രൂപഭദ്രത—പേജ് 66)

"കാളിദാസൻ ഇതിവൃത്തത്തിൽ ചില പരിഷ്കാര ങ്ങൾ വരുത്തി, അതിൻെറ ഫലമോ, ദുഷ്യന്തൻ, കൂടുതൽ നിരപരാധനായി; ശകുന്തള കൂടുതൽ അപരാധിനിയാ യി. അപ്പോൾ ഈ സംസ്കാരമെല്ലാം വരുത്തിയതു് രാജാവിനെ നല്ല രാജാവാക്കുവാൻവേണ്ടിമാത്രമാണ്. അതിന്നുള്ള പ്രേരണ, സമകാലികനീതിയിൽനിന്നു ന്യായ മായി ലഭിച്ചിരിക്കണം, എന്നുവെച്ചാൽ സമകാലികനീ തിക്കു്, അദ്ദേഹം വഴങ്ങിയെന്നതുതന്നെ."

(മാതൃഭൂമി ആഴ്ചപ്പതിപ്പ് 1953 മെയ് 24)

ധ്രുവങ്ങളോളം അകന്നുനില്ക്കുന്ന ഈ രണ്ടഭിപ്രായ ങ്ങളും, ഭിന്നവീക്ഷണഗതിയുടെ വക്താക്കൾ പ്രകടിപ്പി ച്ചതല്ല. നമ്മുടെ ഒരു പ്രമുഖ സാഹിത്യനിരൂപകനായ

പ്രൊഫസർ മുണ്ടശ്ശേരിയുടെ രണ്ടഭിപ്രായങ്ങളാണവ. മനുഷ്യൻ സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്ന സിദ്ധാന്തത്തിൻെറ വാചാലനായ വക്താവാണല്ലോ അദ്ദേഹം. രണ്ടു സന്ദർഭങ്ങളിലായി പറഞ്ഞ ഈ രണ്ടഭിപ്രായങ്ങൾക്കു രൂപം നല്കിയതു് അദ്ദേഹത്തെ ചൂഴ്ന്നുനിന്നിരുന്ന രണ്ടുതരം സാഹചര്യങ്ങളായിരിക്കണം. അക്കാര്യങ്ങളൊന്നും ഇവിടെ പ്രസക്തമല്ല. ഈ സാഹിത്യാഭിപ്രായങ്ങൾക്കു രൂപം കൊടുത്തതു് സാഹിത്യേതരകാര്യങ്ങളായിരിക്കാൻ മതി എന്നു മാത്രമെ ഇവിടെ സൂചിപ്പിക്കുന്നുള്ളൂ.

മലയാളസാഹിത്യത്തിൽ ഒരു പ്രൊഫസർമാത്രമല്ല ഇങ്ങനെയുള്ളൂ. ഉദാഹരിക്കാൻ, കൂട്ടത്തിൽ തലമുതിന്ന ഒരാളെ തൊട്ടുകാണിച്ചെന്നേയുള്ളൂ. സ്വകീയമാക്കിത്തീർത്ത ഒരു തത്വശാസ്ത്രവുമായി സാഹിത്യരംഗത്തിൽ കടന്നുവന്നവർ എണ്ണത്തിൽ കുറവാണു്. ഒരു കള്ളത്താക്കോൽ ഒപ്പം കരുതുന്നവരാണു്, അധികവുമുള്ളതു്. അധികാരത്തിൻെറ ഖജനാവിന്നു പാകത്തിൽ ഒരു വെള്ളിത്താക്കോൽകൂടി ഉൾക്കുപ്പായത്തിൻെറ അടിക്കീശയിൽ അവർ കരുതിയിട്ടുണ്ടാവും. "ഡോക്റ്റർ ജിക്കിളും, മിസ്റ്റർ ഹൈഡു"മായി ഇങ്ങനെ മാറിമാറി വന്നിട്ടില്ലാത്തവർ നിർഭാഗ്യവശാൽ നമുക്കധികമില്ല. ഒരു കുട്ടികൃഷ്ണമാരാരുണ്ടു്. തുടന്നു് എണ്ണാൻ തുടങ്ങിയാൽ അധികം വിരലുകൾ മടക്കേണ്ടിവരില്ല.

ദീർഘകാലത്തെ പഠനവും മനനവും ജീവിതാനുഭവങ്ങളുംകൊണ്ടു് പക്വത വന്ന ഒരു സാഹിത്യസിദ്ധാന്തം രൂപവല്ക്കരിക്കയും അതു് സ്വാംശീകരിച്ചതിന്നുശേഷം മാത്രം സാഹിത്യരംഗത്തിലേക്കിറങ്ങുകയും ചെയ്ത ആളാണു് ശ്രീ മാരാർ. പലക്കും സാഹിത്യം ഒരു വിശ്രമവി

നോദമോ, ഡിവിഡണ്ടിന്നുള്ള മൂലധനനിക്ഷേപമോ ആണ്. ശ്രീ മാരാക്കാവട്ടെ അതൊരു ജീവിതതപസ്യയാണ്. അക്കാരണംകൊണ്ടുതന്നെ സാഹിത്യത്തെ അതിൻെറ എല്ലാ വശങ്ങളും ചികഞ്ഞുനോക്കി വിശകലനം ചെയ്ത് അദ്ദേഹം പഠിച്ചിട്ടുണ്ട്. സ്വകീയമാക്കിത്തീർത്ത ആ സിദ്ധാന്തങ്ങളുടെ സമർത്ഥനമാണ് മാരാരുടെ ഇതഃപര്യന്തമുള്ള സാഹിത്യജീവിതം.

എന്താണ് സാഹിത്യം? ഇതരകലകളുമായി അതിന്നുള്ള സാജാത്യവൈജാത്യങ്ങളെന്ത്? എന്തുകൊണ്ട് സാഹിത്യം ആസ്വാദ്യമാകുന്നു? ഭാവരൂപശില്പങ്ങളെന്നാലെന്ത്? ജീവിതഗന്ധിയായ സാഹിത്യമെന്നതിന്നർത്ഥമെന്ത്? സൗന്ദര്യം വസ്തുനിഷ്ഠമൊ, ആത്മനിഷ്ഠമൊ? സത്യസൗന്ദര്യങ്ങളുടെ പരസ്പരബന്ധമെന്ത്? സാഹിത്യമൂല്യങ്ങൾക്കു ശാശ്വതികത്വമുണ്ടോ? ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് വിട്ടുവീഴ്ചയില്ലാതെ ചിന്തിച്ച് എല്ലാറ്റിനും കൂടി ഒരു പൊതുകേന്ദ്രബിന്ദു കണ്ടെത്താൻ ശ്രീ മാരാക്കു സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ 'സാഹിത്യവിദ്യ' എന്ന കൊച്ചുപുസ്തകം സാഹിത്യസംബന്ധിയായ പഠനത്തിൽ താല്പര്യമുള്ള ആക്കും ഒരു വഴികാട്ടിയത്രെ. ലഘുനിരൂപണങ്ങളുടെ സമാഹാരമായ 'കൈവിളക്ക്' കാട്ടുകയറിപ്പോയ സാഹിത്യാസ്വാദനതൃഷ്ണയോട്ട് 'ഇതിലെ, ഇതിലെ,' എന്നു് വിരൽചൂണ്ടുന്ന ഒരു ഭദ്രദീപവുമാണ്. 'സാഹിത്യസല്ലാപം' 'ചർച്ചാവേദി' 'ദന്തഗോപുരം' 'ഹാസസാഹിത്യം' എന്നീ പുസ്തകങ്ങൾ കൂട്ടിച്ചേർത്താൽ മാരാർ കയറിയിരിക്കുന്ന നിലപാട്ടുതറ, എല്ലാ അവ്യക്തതകളും നീങ്ങി നമുക്ക് തെളിഞ്ഞുകാണാം. ഇടക്കാലത്തായി സാഹിത്യത്തിൻെറ സ്വഭാവത്തെക്കുറിച്ച് ഒട്ടേറെ സിദ്ധാന്തങ്ങളും അഭിപ്രായങ്ങളും നമ്മുടെ

ചർച്ചാവേദികളിലും പത്രരംഗങ്ങളിലും തുടരെ, തുടരെ, പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. അമരവാണിയിലും, ആംഗലഭാഷയിലും ഗുളികപ്രായത്തിൽ ഉരുട്ടിവെച്ച നിർവ്വചനങ്ങൾ അവർ നമ്മെക്കൊണ്ട് നിർബ്ബന്ധിച്ച് വിഴുങ്ങിച്ചിട്ടുണ്ട്. തന്നവക്കാവട്ടെ, കിട്ടിയവക്കാവട്ടെ, അവ ദഹിച്ചതുമില്ല. ഇവയിൽനിന്നെല്ലാം ഭിന്നമായി ശ്രീ. മാരാർ എന്തോ ഒരപൂർവ്വദർശനം അവതരിപ്പിച്ചുവെന്ന് ഇവിടെ വിവക്ഷയില്ല. ആളും തരവും നോക്കിയുള്ള ബുദ്ധിപരമായ വ്യഭിചാരമോ സ്വാംശീകരിക്കാത്ത തത്വചിന്തകളെച്ചൊല്ലിയുള്ള പരതന്ത്രതയൊ മാരാരിൽ കാണില്ല എന്നേ ഇവിടെ സൂചിപ്പിക്കുന്നുള്ളു. തൻേറതാക്കിക്കഴിഞ്ഞിട്ടില്ലാത്ത യാതൊന്നും, അദ്ദേഹം മററുള്ളവക്ക് വിളമ്പിക്കൊടുക്കാറില്ല. കല, കലക്കുവേണ്ടിയോ ജീവിതത്തിന്നുവേണ്ടിയോ; രൂപമോ ഭാവമോ പ്രധാനം; എന്നിങ്ങനെ ഇടക്കിടെ പൊട്ടിവിരിയുന്ന അമിട്ടുകളുടെ വണ്ണശബളതയിൽ അദ്ദേഹത്തിൻെറ കാഴ്ച മങ്ങിപ്പോകാറില്ല. പൂരപ്പറമ്പിലെ ചെപ്പടിക്കളികളിൽ മുഴുകി നേരം പോക്കിയ പലരും, ആ തിരക്കിൽ ചിററമ്പലം മാത്രം കണ്ട് മടങ്ങിപ്പോകുമ്പോൾ, ശ്രീകോവിലിൻെറ ഗർഭഗൃഹത്തിന്നുള്ള കവാടം തുറന്നു നോക്കി സാക്ഷാൽ പ്രതിഷ്ഠയെന്തെന്നു കണ്ടല്ലാതെ അദ്ദേഹം ഒരിക്കലും തിരിച്ചു പോകാറില്ല.

സാഹിത്യം ഒരു വിദ്യാഭ്യാസമാണെന്നത്രെ മാരാരുടെ നില. ജ്ഞാനവിജ്ഞാനപ്രധാനമായ വിദ്യയാണത്. ഈ നിലപാട്ട് എല്ലാവക്കും സ്വീകാര്യമാവില്ല. തന്മൂലം എത്രയെത്ര സമകാലീനസാഹിത്യകാരന്മാരുമായി അദ്ദേഹത്തിന്ന് ഒററക്ക് എതിരിടേണ്ടിവന്നിട്ടുണ്ടെന്നോ. ശ്രീമാന്മാർ എം. ആർ. നായർ, എം. പി. പോൾ,

ഡോ. ഭാസ്കരൻ നായർ, പി. ദാമോദരൻപിള്ള, പ്രൊഫസർ ശങ്കരൻ നമ്പ്യാർ, പ്രൊഫസർ മുണ്ടശ്ശേരി, എം. ബാലകൃഷ്ണപിള്ള, ആററൂർ, ചങ്ങമ്പുഴ, എന്നീ സാഹിത്യപ്രമാണികളെ പോക്കു വിളിച്ചും, എററിവീഴ്ത്തിയും കൊണ്ടാണു് മാരാരുടെ ആദ്യത്തെ നിരൂപണഗ്രന്ഥമായ സാഹിത്യസല്ലാപം ഒരു വ്യാഴവട്ടത്തിന്നു മുമ്പു പുറത്തു വന്നതെന്ന കാര്യം ശ്രദ്ധേയമാണു്.

കൂട്ടത്തിൽ ഒരു സംഭവം എടുത്തുപറയേണ്ടതായുണ്ടു്. അക്കാലത്തു് ഡോക്ടർ ഭാസ്കരൻനായർ ആഭാടകോലാഹലങ്ങളുടെ അമ്പാരിയിൽ ഒരു നവീനസാഹിത്യസിദ്ധാന്തം എഴുന്നള്ളിക്കുകയുണ്ടായി. ശ്രീ നായരുടെ സ്വായത്തമായ ശ്രുതിമോഹനവും, വർണ്ണശബളവുമായ ഗദ്യശൈലിയിൽ പലരുടേയും കണ്ണുഞ്ചിപ്പോയിരുന്നു. തന്മൂലം അതൊരു വെറും പളുങ്കുകുമിളയാണെന്നു് ഏറെപ്പേരും മനസ്സിലാക്കിയില്ല. ആ ലേഖനങ്ങൾ കലയും കാലവും എന്ന ഗ്രന്ഥത്തിൽ അദ്ദേഹം എടുത്തുചേർത്തിട്ടുണ്ടു്. സമസ്വഭാവങ്ങളായ അനുഭവങ്ങളുടെ പൗനഃപുന്യമാണു് എല്ലാ കലകളുടേയും കാതലെന്നും നാനാകലകളിൽ കാണുന്ന മറേറതംശവും ആ ആവർത്തനത്തിൻെറ വടിവിനെ ഉപസ്കരിക്കുകയേ ചെയ്യുന്നുള്ളുവെന്നുമാണു് ശ്രീ നായരുടെ സിദ്ധാന്തം. ഒരേ ജാതി വാക്കുകളുടേയോ ശബ്ദങ്ങളുടേയോ വർണ്ണങ്ങളുടേയോ വടിവുകളുടേയോ വീണ്ടും വീണ്ടുമുള്ള നിപാതമാണു് സാഹിത്യത്തിൽ ഈ ആവർത്തനത്തിന്റെ അനുഭവങ്ങളെ ജനിപ്പിക്കുന്നതു്. കലാകാരന്റെ ആശയം, തത്വചിന്ത, ജീവിതനിരീക്ഷണം തുടങ്ങിയവയെല്ലാം ഇപ്പറഞ്ഞതിൽനിന്നു ഭിന്നമാണു്. അവയ്ക്കു് യഥാർത്ഥകലയുമായി ബന്ധമേതുമില്ല. ശ്രീ ഭാസ്കരൻനായരുടെ ഈ സിദ്ധാന്തം ഒരതിസമർത്ഥമായ നിബന്ധ

നരൂപത്തിൽ അവതരിപ്പിച്ചപ്പോൾ അതു് പലരേയും അമ്പരപ്പിക്കുകയും, മൂകരാക്കുകയും ചെയ്തു. എന്നാൽ ശ്രീ മാരാരുടെ നിശിതനിരീക്ഷണത്തിന്റെ സൂചിക്കുത്തേററപ്പോൾ ആ പോള പൊടിഞ്ഞു പൊലിഞ്ഞുപോയ കാഴ്ച കൗതുകകരമായിരുന്നു. 'സാഹിത്യസല്ലാപ'ത്തിലെ ഒട്ടക്കത്തെ പ്രബന്ധം 'കലയും കാലവും' എന്ന ലേഖനവുമായി ചേർത്തുവെച്ചു വായിച്ചുനോക്കുന്നതു് സാഹിത്യപഠിതാക്കൾക്കു പലതുകൊണ്ടും പ്രയോജനകരമാണു്. ഡോ. ഭാസ്കരൻനായർ ശ്രദ്ധാപൂർവ്വം കെട്ടിപ്പൊക്കി മുടിചൂടിച്ച ആ താളാവർത്തനസിദ്ധാന്തം വാമനാചാര്യരുടെ ശബ്ദനിഷ്ഠമായ ഉദാരതാഗുണമല്ലാതെ മറെറാന്നുമല്ലെന്നു് ശ്രീ മാരാർ സമർത്ഥിച്ചു. കലപ്പെന്നു പറഞ്ഞു ശ്രീ ഭാസ്കരൻനായർ തള്ളുന്ന അംശമാണു് യഥാർത്ഥസാഹിത്യമെന്നും, കലയെന്നു പറഞ്ഞു് പൂവിട്ടു പൂജിക്കുന്ന അംശമാണു് സാഹിത്യത്തിലെ കലപ്പെന്നുമാണു് ശ്രീ മാരാരുടെ പക്ഷം. പ്രതിപാദ്യമല്ല പ്രതിപാദനമാണു് സാഹിത്യകലയിലെ കാതലെന്ന ഡോക്ടരുടെ അഭിപ്രായം മാരാക്കു സ്വീകാര്യമാണു്. എന്നാൽ പ്രതിപാദനമെന്നതു് പദരചനയിലും, ഛന്ദോനിബന്ധനത്തിലും ഡോക്ടർ സങ്കോചിപ്പിച്ചുവെച്ചു. അവിടെയാണു് അദ്ദേഹത്തിന്നു പിഴവു പററിയതെന്നു് അദ്ദേഹത്തിൻെറ തന്നെ ഉദാഹരണങ്ങളെടുത്തു് മാരാർ സമർത്ഥിക്കുന്നു. കാവ്യത്തിൻെറ ആദ്യന്തസംവിധാനത്തെയാണു് പ്രതിപാദനപദം സൂചിപ്പിക്കുന്നതു്. ശബ്ദവും ലിപിയും സാഹിത്യത്തിൽ കേവലം ജ്ഞാപകങ്ങൾ മാത്രമാണു്. അർത്ഥബോധമാണു് ശരിയായ കലാവസ്തു. മറെറാരുവിധം പറഞ്ഞാൽ സാഹിത്യകാരൻ വാങ്മയമാർഗ്ഗേണ നമ്മിലേക്കു് പകർത്തിത്തരുന്ന സ്വന്തം സങ്കല്പങ്ങളാണു്,

സാഹിത്യത്തിലെ കലാവസ്തു. "കണ്വാശ്രമത്തിൽച്ചെന്നു കയറിയ ദുഷ്യന്തന്നു് പരിചരണോദ്യതയായ ശകുന്തളയിൽ ആസക്തി ജനിച്ചുവെന്ന ഭാരതകഥയെ ഒരു വൃക്ഷസേചനസന്ദർഭമാക്കി വികസിപ്പിച്ചതിൽ കാണിച്ച പ്രതിപാദനചാതുരിയിലാണു് കാളിദാസകലയുടെ അസുലഭമഹിമ കുടികൊള്ളുന്നതു്."

സാഹിത്യകാരന്റെ സങ്കല്പപുത്രിയാണു് പരമാർത്ഥകലാവസ്തുക്കൾ. അവ ഓരോ അനുവാചകനിലും ക്ഷണമാത്രസ്ഥായികളായിരിക്കും. പക്ഷേ, സങ്കല്പപാടവമുള്ള മനുഷ്യവർഗ്ഗത്തിലെ പുരുഷാന്തരങ്ങൾ നിലനില്ക്കുന്നേടത്തോളം കാലം ഈ ക്ഷണമാത്രസ്ഥായിയായ അനുഭവങ്ങൾ ആവർത്തിച്ചുണ്ടാവുന്നു. സാഹിത്യത്തിലെ ശാശ്വതികത്വം എന്നു പറയുന്നതാവട്ടെ ഈ അനുഭവത്തെ പുരുഷാന്തരങ്ങളിലേക്കു് കൈമാററം ചെയ്തുകൊടുക്കുവാനുള്ള കഴിവാണു്. സാഹിത്യം മനുഷ്യന്റെ ബോധാബോധചിത്തമണ്ഡലങ്ങളിലെ വികാരവിചാരങ്ങളെ തൊട്ടിളക്കാൻ കഴിവുള്ള ഒരു കലാവിശേഷമാണു്. ഇതരകലകൾക്കു താരതമ്യേന പരിമിതമായ വ്യാപാരമണ്ഡലമേയുള്ളു. മററു കലകളുമായി ഉപത്യകളിൽ കാണുന്ന സാദൃശ്യത്തിൽ ഭ്രമിച്ചു് അധിത്യകാഭൂമിയിലെ സർവ്വാതിശായിയായ വൈസാദൃശ്യം വിസ്മരിക്കരുതെന്നു് ശ്രീ മാരാർ താക്കീതു ചെയ്യുന്നു. ഈ നിലയ്ക്കു നോക്കുമ്പോൾ പദശബ്ദവർണ്ണങ്ങളുടെ ആവർത്തനസംവിധാനമാണു് സാഹിത്യകലയുടെ ആത്മാവെന്ന മുൻസിദ്ധാന്തത്തിന്റെ മറുതലയ്ക്കലാണു് മാരാർ നിലയുറപ്പിച്ചിട്ടുള്ളതെന്നു കാണാൻ വിഷമമില്ല. ശ്രീ മാരാരുടെ കണ്ണിൽ അതു് സാഹിത്യത്തിന്റെ ഒരു തുടക്കമേ ആവുന്നുള്ളു.

അങ്ങനെയാണെങ്കിൽ നമ്മുടെ പുരോഗമനസാഹിത്യപ്രസ്ഥാനം, രക്തദാഹം പൂണ്ട ചെന്നായ്ക്കൂട്ടംപോലെ ശ്രീ മാരാരെ പറിച്ചുകീറാൻ ശ്രമിച്ചതെന്തുകൊണ്ടാണ്? പ്രതിപാദ്യമല്ല, പ്രതിപാദനമാണ് സാഹിത്യം എന്ന നിലപാടുതന്നെ കാരണം. എന്തിനെക്കുറിച്ചു പറഞ്ഞുവെന്നതിലാണ് പുരോഗമന സാഹിത്യത്തിൻെറ നോട്ടം. അതിനെക്കുറിച്ച് എന്തു പറഞ്ഞു? എങ്ങനെ പറഞ്ഞു എന്നതിൽ മാരാരുടേയും. പ്രത്യക്ഷത്തിൽ ഇവക്കു് അത്ര വലിയ അന്തരം തോന്നില്ല. എന്നാൽ വിശകലനം ചെയ്യുമ്പോൾ ബഹുദൂരം അകന്നുപോകുന്ന രണ്ടു നിലപാടത്രെ ഇതു്.

സാഹിത്യം ജീവിതഗന്ധിയാണെന്നു് മാരാർ ഊന്നിയൂന്നി പറയുന്നു. പക്ഷേ പുരോഗമനസാഹിത്യപ്രസ്ഥാനം കാണുന്ന രീതിയിൽ, ജീവിതത്തിൻെറ ഒരു യാന്ത്രികപ്രതിഫലനം സാഹിത്യമാകുമെന്നു് മാരാർ കരുതുന്നില്ല. ദാരിദ്ര്യം, മോഷണം, വ്യഭിചാരം, രതിവൈകൃതങ്ങൾ, ധനപ്രമത്തത, അധികാരഗർവ്വം, ഇവയെല്ലാം ജീവിതയാഥാർത്ഥ്യങ്ങൾതന്നെ. ഇങ്ങനെ എത്രയെത്ര യാഥാർത്ഥ്യങ്ങൾ നമുക്കു ചുററിലും കിടന്നു് തിമക്കുന്നു? ഇവയൊക്കെ, ഒന്നു 'സന്ദേശി'ക്കുന്നതിലാണ് സാഹിത്യത്തിൻെറ ജന്മസാഫല്യമെന്നു പറയുമ്പോൾ മാരാർ അതു സ്വീകരിക്കുന്നില്ല. 'എങ്കിൽ നിങ്ങളുടെ മഹാകാവ്യങ്ങൾ ദിനപത്രങ്ങളും, മഹാകവികൾ പത്രലേഖകന്മാരുമാവണമല്ലൊ,' എന്നാണു് അവക്കു മാരാരുടെ പ്രത്യുത്തരം.

ജീവിതത്തിൻെറ നഗ്നവും കേവലബാഹ്യവുമായ ഈ വസ്തുതകൾ കാണാൻ ഒരു ക്രാന്തദർശിയൊന്നും ആവശ്യമില്ല. അതു കണ്ടെത്തിയെന്നതിൽ ഒരു കവിതാ

ത്തിന്നും, അഭിമാനിക്കത്തക്ക ഒന്നുമില്ല. എന്നാൽ ബാഹ്യ ദൃഷ്ടിക്കു് പ്രത്യക്ഷങ്ങളും പ്രത്യക്ഷപ്രായങ്ങളുമായ യാഥാർത്ഥ്യങ്ങൾക്കു പിന്നിൽ വൈകാരികവും വൈചാരികവും ആദ്ധ്യാത്മികവുമായ എണ്ണമറ്റ പരോക്ഷയാഥാർത്ഥ്യങ്ങൾ അടുക്കടുക്കായി കിടക്കുന്നു. അവ പലപ്പോഴും പ്രത്യക്ഷ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെട്ടില്ലെന്നുപോലും വരാം. ആവക പരോക്ഷയാഥാർത്ഥ്യങ്ങളാണു് സാഹിത്യത്തിൻെറ പ്രതിപാദ്യം. ജീവിതത്തിൻെറ സൂക്ഷ്മഭാവങ്ങളാണു് സാഹിത്യകാരൻെറ അക്ഷയമായ ഇതിവൃത്തം. നിത്യസമ്പന്നമാണതു്. സ്ഥൂലഭാവങ്ങളാവട്ടെ ഈ സൂക്ഷ്മാംശത്തെ ആവിഷ്കരിക്കാനുള്ള ഉപാധിമാത്രമാണു്. ഈ സൂക്ഷ്മാംശങ്ങളുടെ ആവിഷ്കരണസംവിധാനം കൊണ്ടു് സംജാതമാകുന്ന രസഭാവവ്യക്തിയാൽ അനുവാചക ഹൃദയം ആർദ്രീഭവിക്കുന്നു. ആ ആർദ്രഹൃദയത്തിൽ സംസ്കാരത്തിൻെറ മൂല്യബോധം മായാത്തവണ്ണം പതിച്ചിടുകയാണു് സാഹിത്യകാരൻെറ ധർമ്മം. സാഹിത്യം ജീവിതവിമർശമാണെന്നു പറയുമ്പോൾ ഇതാണർത്ഥം.

ഒരാൾ പട്ടിണികിടന്നു മരിച്ചുവെന്നു കേട്ടാൽ ഒരു ആശയനിവേദനം സാധിച്ചുവെന്നതിൽ കവിഞ്ഞു് ശ്രോതാവിന്നു് അനുഭവബോധം ഉണ്ടാവുന്നില്ല. ആ സംഭവത്തെ വിവിധഭാവോത്തേജകമാംവിധം സൂക്ഷ്മയാഥാർത്ഥ്യങ്ങൾ അടുക്കിവെച്ചു് അർത്ഥസംവിധാനം ചെയ്യെന്നുവെയ്ക്കുക. അപ്പോൾ അതു ഭാവോത്തേജകമായിത്തീരുന്നു. ഒട്ടേറെ പട്ടിണിപ്പാട്ടുകൾ പിറന്നു് മണ്ണടിഞ്ഞു പോയിട്ടും വള്ളത്തോളിൻെറ 'മാപ്പ്' ഇന്നും ആസ്വാദ്യമായിത്തീരുന്നതു് പ്രതിപാദ്യം പട്ടിണിമരണമാണെന്നുള്ളതുകൊണ്ടല്ല. പ്രതിപാദനത്തിൽ കാണിച്ച ഭാവസംവിധാനത്തിൻെറ മിടുക്കുകൊണ്ടാണു്. ആ കവിത ഒരു സംഭ

വത്തിൻെറ ജ്ഞാനശകലം ബുദ്ധിയിൽ നിക്ഷേപിക്കുകയല്ല, ഒരു രംഗത്തിൻെറ വികാരവിക്ഷോഭം ഹൃദയത്തിന്നു് അനുഭവപ്പെട്ടത്തിത്തരുകയാണു് ചെയ്യുന്നതു്. പുരോഗമന സാഹിത്യപ്രസ്ഥാനം 'അറിയിക്കൽ' കൊണ്ടു് സംതൃപ്തമാണു്. ശ്രീ മാരാർ അനുഭവപ്പെടലിൽ കുറഞ്ഞ ഒന്നുകൊണ്ടും സംതൃപ്തനല്ല. സംസ്കൃതസാഹിത്യത്തിൽ വിളികൊണ്ട ഗീതഗോവിന്ദത്തെ ഇതേ മാനദണ്ഡം വെച്ചളന്നു് ഒരു മൂന്നാംതരം കൃതിയായി ശ്രീ മാരാർ വിലയിരുത്തുന്നു. ആശ്ലേഷചുംബനപരമ്പരകൾ ഗാനാത്മകതയുടെ സ്വപ്നതുല്യമായ പട്ടുനൂലിൽ കോർത്തിണക്കി അവതരിപ്പിച്ച ആ ജയദേവകൃതി കാളിദാസന്റെ കുമാരസംഭവത്തിലെ എട്ടാം സർഗ്ഗംപോലെ ഹൃദയഹാരിയാവാഞ്ഞതു് എന്തുകൊണ്ടാണു്? മധുരകോമളകാന്തപദാവലിയുടെ സൗലഭ്യദൗർലഭ്യങ്ങൾകൊണ്ടല്ല. കാമോദ്ദീപകമായ അംഗപ്രത്യംഗങ്ങളെ തൊട്ടുഴിഞ്ഞു പോകുന്നതിൽ ജയദേവകവി തൃപ്തിപ്പെടുന്നു. ഭാവോദ്ദീപകങ്ങളായ സൂക്ഷ്മചലനങ്ങളെ അടുക്കിവെച്ചു് അവതരിപ്പിക്കുന്നതിൽ കാളിദാസകവി ജാഗരൂകത കാണിക്കുന്നു. അവ്യക്തങ്ങളും സങ്കീർണ്ണങ്ങളുമായ അനേകം ചിത്തവൃത്തികളെ ചികഞ്ഞെടുത്തു വേർതിരിച്ചു കാണുമാറു് ചേർത്തിവെക്കുന്ന ഈ പ്രക്രിയയ്ക്കാണു് ഭാവശില്പമെന്നു പറയുന്നതു്. ഇതിവൃത്തം അതിന്നുള്ള ഒരുപകരണംമാത്രമത്രെ. അതതു കാലദേശാവസ്ഥകൾക്കൊത്തു് ഇതിവൃത്തങ്ങൾ മാറിമാറി വന്നേക്കാം. എന്നാൽ അതിൽ ഉൾക്കൊള്ളുന്ന ഭാവബന്ധങ്ങളാവട്ടെ എന്നും എവിടേയും ഒരുപോലെയാണു്. ഈ ഭാവബന്ധങ്ങളെ പരഭാഗഭംഗി ചേർത്തുകൊണ്ടു് അടുക്കിവെക്കുന്നതിലാണു് കവിയുടെ കലാവൈഭവം കുടികൊള്ളുന്നതു്. എന്നാൽ അവിദഗ്ദ്ധഹസ്തങ്ങളാവട്ടെ ഇതി

ന്നൊന്നും ഉദ്യമിക്കാറില്ല. ഭോഗ്യഭോജനവസ്തുക്കളെ കോത്തിണക്കിക്കൊണ്ടു് അത്തരക്കാർ സ്വയം തൃപ്തിപ്പെട്ടുന്നു. ഇതിവൃത്തത്തെപ്പിടിച്ചു് സാഹിത്യമൂല്യം നിർണ്ണയിക്കുന്ന പുരോഗമനസാഹിത്യക്കാരും വർണ്ണപദച്ഛന്ദസ്സുകളുടെ ആവത്തനം മുൻനിത്തി കലാമൂല്യം വിലയിരുത്തുന്ന സ്വച്ഛകലാവാദികളും വിഗണിക്കുന്ന മൗലികമായ സാഹിത്യസത്യമാണിതു്.

പ്രഫസർ മുണ്ടശ്ശേരിയെ ഇവിടെ വീണ്ടും ഉദ്ധരിക്കട്ടെ. "വ്യക്തിജീവിതത്തിൻേറയും സാമൂഹ്യജീവിതത്തിൻേറയും അപ്പപ്പോൾ നടപ്പാവുന്ന അഥവാ നടപ്പാകേണ്ട പൊതുനീതികൾക്കാധാരമായ ശാസ്ത്രജ്ഞാനത്തിൻെറ ഉടയവൻ താനല്ലെന്നു് സാഹിത്യകാരൻ മനസ്സിലാക്കണം. ഉല്പതിഷ്ണുവായ മാനവസംസ്കാരത്തിൻെറ പ്രസരണത്താൽ പരക്കെ ജനങ്ങൾക്കുണ്ടാവുന്ന നവനീതിപ്രാത്ഥികളായ പ്രവണതകൾക്കു ജീവിതശില്പത്തിലൂടെ രൂപം കൊടുക്കാനെ കലാകാരൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളു."

(1953 ജയകേരളം വാർഷികപ്പതിപ്പു്.)

കലാകാരൻെറ സർഗ്ഗശക്തിയെന്നതിന്നു് ഇവിടെ പ്രൊഫസർ കല്പിക്കുന്ന അത്ഥം ഉടുപ്പു തുന്നാനുള്ള കഴിവു് എന്നുമാത്രമാണു്; സാമ്പത്തികനീതി അപ്പപ്പോൾ നിമ്മിച്ചുവെക്കുന്ന ആശയങ്ങൾക്കു് പാകമായ ഉടുപ്പുകൾ ഉണ്ടാക്കിക്കൊടുക്കുക. ആ ഉടുപ്പിൻെറ ആകാരം പോലും അതതു കാലഘട്ടത്തിൻെറ കൈവിരുതുകൾ നിശ്ചയിച്ചുകൊള്ളും. ഫ്യൂഡലിസം മഹാകാവ്യങ്ങളുടെ നിലയങ്കിയാണു് ചാത്തിക്കൊടുത്തതെങ്കിൽ, കാപ്പിററലിസം നോവലിൻെറ പാൻറും ചെറുകഥയുടെ ഹാററും നിമ്മി

ച്ചുകൊടുത്തു. പാവം, സാഹിത്യകാരൻ! അനുകമ്പാഹ്മാംവിധം പരതന്ത്രനും നിസ്സഹായനുമായ ഒരു ദുർബ്ബലനാണവൻ. പദവാക്യചരണദസ്സുകളുടെ സംവിധാനാധികാരംമാത്രമെ അവൻെറ ഭരണപരിധിയിൽ നീക്കിനിത്തിയിട്ടുള്ളു. പഴയ കാലത്തു് 'ദൈവവിധി'യുടെ സർവ്വാധിപത്യത്തിന്നു് വിധേയമായിരുന്നു എല്ലാം. ഇന്നാണെങ്കിൽ 'കാലഘട്ടം' എന്ന ഒരു പുതിയ ദേവത വാഴ്ചനടത്തുകയാണു്. രണ്ടുകൂട്ടരും മനുഷ്യൻെറ സ്വയംനിർണ്ണയാധികാരത്തെ നിഷേധിച്ചിരിക്കയാണു്. ചില്ലറക്കവികൾക്കും വാഗ്ജാലങ്ങളിൽ കവിഞ്ഞ കഴിവുകളൊന്നുമില്ലാത്ത സാഹിത്യകാരന്മാക്കും നില്ക്കള്ളിക്കുവേണ്ടി പണിതുറപ്പിച്ച ഈ അഭയാത്ഥികേന്ദ്രത്തിൽ കുടിപാർക്കാൻ ചെല്ലുന്നതിന്നു്, സ്വന്തമായ ഒരു ജീവിതദശ്നത്തിൻെറ പർണ്ണകുടി കെട്ടിപ്പാക്കുന്ന ശ്രീ മാരാർ സന്നദ്ധനാവാറില്ല.

ചുരുക്കത്തിൽ, അറുപത്തുനാലു കലാവിദ്യകളിൽപ്പെട്ട ഒരു വെറും കലയെന്ന നിലയ്ക്കോ സാമൂഹ്യരാഷ്ട്രീയശാസ്ത്രകാരന്മാർ കാലാകാലങ്ങളിൽ അവതരിപ്പിക്കുന്ന മുദ്രാവാക്യങ്ങളുടെ പ്രചരണോപാധി എന്ന നിലയ്ക്കോ ശ്രീ മാരാർ സാഹിത്യത്തെ കാണുന്നില്ല. അതൊരു വിദ്യാഭ്യാസമാണു്; ജ്ഞാനലബ്ധിയാണു്, മനസ്സംസ്കരണമാണു് അതിന്റെ ലക്ഷ്യം. ആശയനിവേദനമാണു് സാധാരണവിദ്യയുടെ സ്വഭാവമെങ്കിൽ ആശയാനുഭൂതിയാണു് സാഹിത്യവിദ്യയുടെ സ്വഭാവം. സാഹിത്യപരിശീലനം ചെയ്യുന്ന വ്യക്തിയുടെ അന്തഃകരണത്തിൽ ഈ അനുഭൂതി സർവ്വതോമുഖമായ ഒരു ശുദ്ധീകരണം സാധിക്കുന്നു. ജീവിതവ്യാപാരങ്ങളുടെ പിന്നിൽ അവയ്ക്കു പ്രേരകമായി വത്തിക്കുന്ന ശക്തിവിശേഷത്തെ വികസിപ്പിക്കുവാനും ആ വ്യാപാ

രങ്ങൾക്ക് ആവശ്യമായ നിയന്ത്രണം നല്ലാനുമുള്ള കഴിവാണ് മാരാരുടെ കണ്ണിൽ സാഹിത്യത്തിൻെറ മഹത്വം. അതിന്നു് ജനങ്ങളോടൊപ്പം ചിന്തിക്കുകയെന്ന വില കുറഞ്ഞ മുദ്രാവാക്യത്തെ പുച്ഛിച്ചു തള്ളുവാൻ അദ്ദേഹം സാഹിത്യകാരന്മാരെ ആഹ്വാനംചെയ്യുന്നു. പകരം ജനങ്ങളെ തൻെറ കൂടെ ചിന്തിപ്പിക്കുവാൻ സാഹിത്യകാരന്മാക്ക് കഴിവുണ്ടാകണമെന്നു് അദ്ദേഹം സിദ്ധാന്തിക്കുന്നു. ഇതു് സാദ്ധ്യമാകാത്തിടത്തു് കല കലയ്ക്കുവേണ്ടിയായിത്തീരുന്നു; സാധിക്കുമ്പോഴാകട്ടെ കല ജീവിതത്തിന്നു വേണ്ടിയായിത്തീരുന്നു. ഒററ വാക്യത്തിൽ പറഞ്ഞാൽ ജീവിതത്തിന്നുവേണ്ടിയാവണം—ആയേ തീരൂ—സാഹിത്യമെന്ന സിദ്ധാന്തത്തിന്നു് ഈ യുഗത്തിൽ കൈരളിക്കു ലഭിച്ച കാവൽഭടനാണു് ശ്രീ കുട്ടികൃഷ്ണമാരാർ.

# സാഹിത്യം എന്ത്, എന്തിന്?

—മാരാർ

## ഓജസ്സുള്ള പ്രതിപാദനം

എൻെറ ഒരു അടുത്ത സ്നേഹിതൻ—നമ്മുടെ ഇടയിൽ സുസമ്മതനായ ഒരു യുവസാഹിത്യകാരൻ—എഴുതിയ ഒരു ചെറുകഥയിൽ, അതിലെ നായികയെ വൎണ്ണിക്കുന്നേടത്തുണ്ടായിരുന്ന ഒരു വാചകമാണിത്: "ആ മുഖത്തേയ്ക്കു നോക്കുമ്പോൾ കുറെ തങ്കരശ്മികളുടെ സങ്കലനം കാണാമെന്നല്ലാതെ, അതിൽ വായും മൂക്കും മററും ഉണ്ടെന്നു തോന്നുകയില്ല."

ആ കഥ പരിശോധിക്കാൻ എനിയ്ക്കു പൂൎണ്ണാധികാരം കിട്ടിയിരുന്നതുകൊണ്ടു ഞാനാ വാചകം വെട്ടിക്കളഞ്ഞു. കണ്ണും പുരികവും മററും ഉണ്ടെന്നു തോന്നാത്ത ഒരു മൊട്ടമുഖത്തിൻെറ പ്രതീതി, അവിടെ കോഹിനൂർരത്നത്തിൻെറ ഉജ്ജ്വലരശ്മികളുടെ തിക്കിത്തിരക്കുണ്ടായാലും മാനുഷികസൗന്ദൎയ്യബോധത്തെ സഹായിയ്ക്കുകയല്ലല്ലോ ചെയ്യുക. 'മുഖചന്ദ്രൻ', 'വദനകമലം' മുതലായ ആ ചിരന്തനാലങ്കാരങ്ങളിലും ഈ ആക്ഷേപത്തിന്നു പ്രസക്തിയില്ലേ എന്നു ചോദ്യം വരാം; എന്നാൽ, അവിടങ്ങളിൽ മുഖാവയവങ്ങളുടെ സത്തയെ കടന്നു നിഷേധിയ്ക്കുലില്ലാല്ലയാൽ, അവയിൽ മുഖത്തിൻെറ ആഹ്ലാദകത്വം മാത്രമെ പ്രതീതിവിഷയമാകുന്നുള്ളു.

... ... ... ...

ഇതിൻവിധം, പുത്തനായി വല്ലതും എഴുതുമ്പോൾ അതിൽനിന്നു വന്നുകൂടുന്ന അർത്ഥമെന്താവും, അതു വായിക്കുമ്പോൾ, വായനക്കാരനുണ്ടാവുന്ന പ്രതീതി എന്താവും എന്നൊന്നും ചിന്തിക്കാതെ, വന്നപാടേ എഴുതിത്തള്ളുന്ന ഗദ്യപദ്യങ്ങളെക്കൊണ്ടു സാഹിത്യരചന കുറച്ചൊന്നുമല്ല ദുഷിക്കുന്നുള്ളു. സ്വന്തം മനോധർമ്മത്തിന്റെ ഉൽപാദനമായിട്ടല്ലാതെ, മററാരാനോ എവിടേയോ എന്തോ പറഞ്ഞുവെച്ചതിന്റെ അനുകരണമായിട്ട് എഴുതുവാനുള്ള വാസന വളരുമ്പോഴാണ് ഇത്തരം അപകടം ഏററവുമധികം പററിപ്പോകുന്നത്.

സാഹിത്യം, അതിന്റെ കലാപരമായ അംശത്തെ മുൻനിർത്തി പറഞ്ഞാൽ,പ്രതിപാദനപ്രധാനവും പ്രതീതിസാരവുമാണ്. എത്ര സാധാരണവും ബഹുചുംബിതവുമായ അർത്ഥത്തേയും വിചിത്രമായ ഒരു പുതുശൈലിയിൽ പ്രതിപാദിക്കുക എന്നതാണ് സാഹിത്യത്തിലെ കലാവിദ്യ; വായനക്കാരിൽ ഹൃദയംഗമമായ ഒരു പ്രതീതിയുളവാക്കലാണ് അതിന്റെ ഫലവും. ഇതൊന്നുകൊണ്ടു മാത്രമാണ് പലരും നല്ല നല്ല സാഹിത്യകാരന്മാർ എന്ന പ്രശസ്തി നേടുന്നത്. ആയിരമായിരമാണ്ടുകളായി ഭൂമണ്ഡലമെങ്ങും പടർന്നു വളർന്നുവരുന്ന സാഹിത്യപ്രപഞ്ചത്തിൽ അനുല്ലിഖിതപൂർവ്വങ്ങളായ ആശയങ്ങളെ ആവിഷ്കരിക്കുക എന്നതാകട്ടേ ഏതോ ചില മഹാകവികൾക്കു വല്ലപ്പോഴും മാത്രം സാധിക്കുന്ന ഒരനുഗ്രഹമാകുന്നു. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ മുതലായ നമ്മുടെ പൂർവ്വകവികൾപോലും ആദ്യം പറഞ്ഞ നിലയ്ക്കുത്രേ മഹത്തായ വിജയം നേടിയിട്ടുള്ളത്. ഇതിവിടെ എടുത്തു പറയുന്നത്, ആ കേരളകവികൂടസ്ഥന്മാരുടെ പ്രശസ്തിക്കുള്ള മാററു കുറയ്ക്കാനുദ്ദേശിച്ചല്ലാ, പ്രതിപാദനമെന്ന

പ്രസ്തുതവിഷയത്തിന്നു സാഹിത്യത്തിലുള്ള സ്ഥാനം അത്ര മഹത്തരമാണെന്നു കാണിപ്പാനാണ്.

കഴിവുള്ളേടത്തോളം കുറച്ചക്ഷരത്തിൽ കഴിവുള്ളേടത്തോളം കൂടുതൽ അത്ഥമുള്ളടക്കിക്കൊണ്ടു പ്രസന്നോജ്ജ്വലമധുരമായി വിവരിക്കുക എന്നതിനെയാണ് ഞാനിവിടെ 'പ്രതിപാദനം' എന്ന വാക്കുകൊണ്ടുദ്ദേശിക്കുന്നത്.

കാവ്യത്തിൻെറ ആത്മാവ് രീതിയാണ്, വക്രോക്തിയാണ്, ധ്വനിയാണ് എന്നൊക്കെ വിഭിന്നരീതികളിൽ വ്യാഖ്യാനിക്കുന്ന സംസ്കൃതാലങ്കാരികന്മാരെല്ലാം; ഈ ഒരൊറ്റ വിഷയത്തെ നാനാമുഖേന വിവരിക്കുകയാണ് ചെയ്തിട്ടുള്ളത്. ശബ്ദത്തിലും അത്ഥത്തിലും പ്രതിപാദനഭേദത്താൽ വരുന്ന നാനാവൈശിഷ്ട്യങ്ങളുടെ (ഗുണങ്ങളുടെ) സമാഹാരമാണ് വാമനാചാര്യരുടെ രീതി; അതുതന്നെയാണ് കുന്തളാചാര്യരുടെ വക്രോക്തിയും (വളച്ചുകെട്ടിപ്പറയൽ); ഈ പ്രതിപാദനവൈചിത്ര്യത്തിൻെറ ഫലം മുക്കാലും, വാച്യാത്ഥത്തിന്നു പുറമേ ചില അത്ഥങ്ങൾ (വ്യംഗ്യാത്ഥങ്ങൾ) കൂടി അതിൽ ഉൾക്കൊണ്ടിരിക്കുക് എന്നതാണ്— ആ വ്യംഗ്യാത്ഥങ്ങളാണ് ആനന്ദവദ്ധനാചാര്യരുടെ ധ്വനി.

ഇതിന്നു് ഒരുദാഹരണം കാണിക്കുകകൂടി ചെയ്യാം. കുമാരനാശാൻെറ നളിനി ദിവാകരനോടു പറയുന്നു:

"പഞ്ചവൃത്തികളടക്കിയനഘം
നെഞ്ചുവച്ചുരുതപോമയം ധനം
സഞ്ചയിപ്പതിനു ഞാൻ തുടങ്ങി; പി-
ന്നഞ്ചുവട്ടമിഹ പൂത്തു കാനനം."

'അഞ്ചു കൊല്ലം കഴിഞ്ഞുപോയി' എന്ന വിവക്ഷിതത്തെ 'കാട് അഞ്ചുവട്ടം പൂത്തു' എന്നു വളച്ചു പറഞ്ഞതിൽ,

ആ കഴിഞ്ഞ ഓരോ കൊല്ലത്തിലും പൂക്കാലം വരുമ്പോൾ—അതുപോലുള്ള ഏതുദ്ദീപകസന്ദർഭം വരുമ്പോഴും—നളിനി എത്രമേൽ ഉദ്ദീപിതാനുരാഗയായിപ്പോയി എന്നും അതിനെ അടക്കി തപസ്സു നേടുവാൻ എത്രമാത്രം വിഷമിച്ചു എന്നും സഹൃദയൻെറ പ്രതീതിയ്ക്കു വിഷയമാകുന്നു. ഇതിൽ വാമനാചാര്യരുടെ രീതിഘടകങ്ങളിലൊന്നായ അർത്ഥത്തിൻെറ ഓജോഗുണമാണുള്ളത്; കുന്തളാചാര്യരുടെ വക്രോക്തിയും ആനന്ദവർദ്ധനാചാര്യരുടെ ധ്വനിയും ഇതിലുണ്ടെന്ന് ഇനി എടുത്തു വിവരിയ്ക്കേണ്ടതില്ലല്ലോ.

(സാഹിത്യസല്ലാപം—യുവകവികളുടെ ഇടയിൽ, 1942 മാർച്ച്.)

★

## ജീവസ്സുള്ള നിരൂപണം

പക്ഷപാതമെന്നതു നിരൂപകന്മാർക്കു പറ്റാവുന്ന വലിയൊരു ചീത്തത്തമാണെന്ന വാദം എനിയ്ക്കില്ല. ഏതൊരു സാഹിത്യകൃതി വായിച്ചാലും ആളുകൾക്കതിനോട് അനുകൂലമോ പ്രതികൂലമോ ആയ ഒരു പക്ഷപാതം തോന്നാതിരിപ്പാൻ വയ്യാ—തോന്നിയില്ലെങ്കിൽ അവക്തിൻെറ ഗുണമോ ദോഷമോ, രണ്ടും, മനസ്സിലായില്ലെന്നാണർത്ഥം. നിരൂപകൻ തനിയ്ക്കു തോന്നിയ ആ പക്ഷപാതത്തെ വെളിപ്പെടുത്തുവാനല്ല തൂലികയെടുക്കുന്നതെങ്കിൽ, അയാൾ അനങ്ങാതിരിയ്ക്കുന്നതാണുത്തമം. നിരൂപകൻെറ പക്ഷപാതത്തിലാണ് അയാളുടെ വ്യക്തിത്വം ലയിച്ചുകിടക്കുന്നത്; വ്യക്തിത്വം കാണിയ്ക്കാത്ത യാതൊരു നിർമ്മിതിയും സജീവമായിരിയ്ക്കില്ല. നിഷ്പക്ഷമായ നിരൂപണം എന്നതിന്നർത്ഥം, നിർജ്ജീവമായ ശരീരം എന്നാണ്.

(സാഹിത്യസല്ലാപം—'അന്തരീക്ഷ'ത്തിലൂടെ, 1944 സപ്തെമ്പർ)

# ഭാഷയുടെ ആയുർവേദം

വ്യാകരണത്തെ പുച്ഛിച്ചു പറയുക എന്നത് ഇന്നത്തെ സാഹിത്യരസികന്മാർക്ക് ഒരു 'ഫാഷ'നായിത്തീർന്നിരിക്കുന്നു. ശാസ്ത്രീയയുഗമെന്നു പറയുന്ന ഇക്കാലത്തു ശാസ്ത്രദൃഷ്ടികളെന്നു പറയപ്പെടുന്ന ഈ ആളുകൾക്കു ഭാഷാശാസ്ത്രമായ വ്യാകരണംമാത്രം ഇങ്ങിനെ അവഗണനീയമായിത്തീർന്നതെന്തുകൊണ്ടാണ്? എല്ലാവർക്കും എപ്പോഴും വ്യാകരണനിയമങ്ങളെ സർവ്വാത്മനാ ശ്രദ്ധിച്ചുകൊണ്ട് എഴുതാൻ സാധിക്കില്ല; വ്യാകരണനിയമങ്ങളെ അല്പാല്പം ലംഘിക്കുന്നതുകൊണ്ടുമാത്രം ഒരു സാഹിത്യകൃതി അപകൃഷ്ടമായിപ്പോയി എന്നു വരില്ല; ലോകപ്രസിദ്ധങ്ങളായ പല കൃതികളിലും കുറച്ചൊക്കെ വ്യാകരണപ്പിഴകൾ കാണാം—ഇതൊക്കെയാണ് അവരുടെ യുക്തിവാദത്തിന്റെ ചുരുക്കം. ശരി. ഇതുപോലെ, എല്ലാവർക്കും എപ്പോഴും ആയുർവ്വേദവിധികളെ സർവ്വാത്മനാ അനുസരിച്ചുകൊണ്ടു ജീവിക്കാൻ സാധിക്കില്ല; അവയെ അല്പാല്പം ലംഘിച്ചുപോയതുകൊണ്ട് എല്ലാവരും ആയുരാരോഗ്യഹീനരായിപ്പോകുന്നില്ല; ലോകപ്രസിദ്ധരായ പല മഹാന്മാരും ആയുർവ്വേദവിധികളെ ലംഘിച്ചു ജീവിച്ചിട്ടുണ്ട്—എന്നുവെച്ചു ജീവികൾക്ക് ആയുർവ്വേദം അശ്രദ്ധേയമോ അനാദരണീയമോ ആണെന്നു വരുന്നില്ലല്ലോ.

വ്യാകരണമെന്നത് ഭാഷയുടെ ആയുർവ്വേദമല്ലാതെ മറെറന്താണ്? ഭാഷയുടെ ശരീരഘടനയേയും പ്രവർത്തനക്രമത്തേയും മർമ്മസ്ഥാനങ്ങളേയും, തദുപജീവ്യങ്ങളായ പദാർത്ഥങ്ങളുടെ രസവീര്യവിപാകപ്രഭാവങ്ങളേയും പ്രതിപാദിക്കുകമാത്രമാണല്ലോ പദവാക്യപ്രമാണങ്ങൾ—

UNIVERSITY LIBRARY

കോശവ്യാകരണാദികൾ —ചെയ്യുന്നത്. ഭാഷയ്ക്കു വ്യാകരണത്തെക്കാൾ കവിഞ്ഞ ചില ധർമ്മങ്ങളും മൂല്യങ്ങളുമുണ്ടെങ്കിൽ, ജീവിതത്തിന്നുമില്ലേ ആയുർവ്വേദത്തേക്കാൾ കവിഞ്ഞ ധർമ്മങ്ങളും മൂല്യങ്ങളും? ജീവിതത്തിൻെറ ആ മൂല്യധർമ്മങ്ങൾക്ക് ആയുർവ്വേദത്തോടെന്നപോലെ ഭാഷയുടെ മൂല്യധർമ്മങ്ങൾക്കു പദവാക്യപ്രമാണങ്ങളോടും ഒരു മത്സരമുണ്ടാകുവാൻ നിവൃത്തിയില്ല.

ഒന്നു ശ്രദ്ധിയ്ക്കണം: വ്യാകരണത്തെററു പററലും വ്യാകരണത്തെ പുച്ഛിയ്ക്കലും ഒന്നല്ല. ആദ്യത്തേതു മനുഷ്യജീവിതത്തിലെ ആയിരമായിരം പ്രമാദങ്ങളിൽ ഒരുവക മാത്രമായിരിയ്ക്കെ, രണ്ടാമത്തേതു വെറും കഥയില്ലാത്ത ധാർഷ്ട്യമത്രേ; വ്യാകരണത്തെ പുച്ഛിയ്ക്കുക എന്നത് ഒരു ഭാഷയെ പുച്ഛിയ്ക്കുക എന്നതിൽ ചുരുങ്ങിയ യാതൊന്നുമല്ല.

തങ്ങൾ വ്യാകരണത്തെ വകവെയ്ക്കുന്നില്ല എന്ന് അഭിമാനപൂർവ്വം ഉൽഘോഷിയ്ക്കുന്ന ഈ ആളുകളും, തങ്ങളുടെ അറിവും കഴിവും എത്തുന്നേടത്തോളം വ്യാകരണമനുസരിച്ചുതന്നെയാണ് എഴുതിപ്പോരാറുള്ളതെന്നത്രേ ഇതിലെ പരിഹാസ്യമായ വശം. "വണ്ടിക്കാരൻ കാളയെവണ്ടിയോടു കെട്ടുന്നു" എന്നെഴുതേണ്ടതിന്നു പകരം "വണ്ടി കാളയെ വണ്ടിക്കാരനോടു കെട്ടുന്നു" എന്നു വ്യാകരണപ്രകാരമുള്ള കാരകപ്രത്യയങ്ങളേയും മററും മാററിമറിച്ചെഴുതുന്ന ഒരാളേയും നാം ഭ്രാന്തശാലയ്ക്കു പുറത്തു കാണാറില്ലല്ലോ. പരേതനായ ജയിംസ് ജോയ്സ് എഴുതിയ "വ്യാകരണത്തിൻെറ ശ്മശാനഭൂമികളാ"യ ആഖ്യായികകളിൽപ്പോലും ഇത്തരം അവ്യാകൃതപ്രയോഗങ്ങൾ കാണുമെന്നു ഞാൻ വിശ്വസിയ്ക്കുന്നില്ല. ഉണ്ടെങ്കിൽ ആ ആഖ്യായികക

ളുടെ 'ലോകപ്രസിദ്ധി' മറ്റൊരുതരമായിരിക്കണം. പിന്നെ എന്തുണ്ട്? 'സംസ്കൃതം' എന്നെഴുതേണ്ടതിനുപകരം 'സംസ്ക്രൃതം' എന്നും 'സാമാന്യജനങ്ങൾക്കു മനസ്സിലാകണമെന്ന ഉദ്ദേശമാണ് അവർക്കുണ്ടായിരുന്നത്' എന്നെഴുതിയാൽ മതിയാകുന്നിടത്ത് ഒരു 'ഇരുന്നു'വിനെക്കൂടി വെറുതെ ചേർത്ത് '...എന്ന ഉദ്ദേശമായിരുന്നു അവർക്കുണ്ടായിരുന്നത്' എന്നും എഴുതുന്നതും മററുമാണ് അവരുടെ വ്യാകരണച്ചുട്ടുകാട്ടുകൾ! ഇവയാകട്ടെ, പലപ്പോഴും അജ്ഞതകൊണ്ടും ചിലപ്പോൾ അശ്രദ്ധകൊണ്ടും വരുന്ന പ്രമാദങ്ങളാണെന്നു വ്യക്തമാണല്ലോ. തങ്ങളുടെ ആ ദൗർബ്ബല്യങ്ങളെ കുടിയിരുത്തുവാൻ വേണ്ടിയാണ് അവർ ഈ വ്യാകരണാവജ്ഞകൊണ്ട് ഒരു മണിമാളിക പണി ചെയ്യുന്നത്.

ഇതിൻെറ ഫലമോ? വ്യാകരണജിജ്ഞാസുക്കളായ വിദ്യാർത്ഥികൾ അതിൽ മന്ദോത്സാഹരാവുകയും, അങ്ങിനെ അടുത്ത തലമുറ കുറേക്കൂടി ഭാഷാവൈകൃതങ്ങൾ വരുത്തിവെയ്ക്കുകയും അവരുടെ ഭാഷ കുറേക്കൂടി നിർജ്ജീവമാവുകയും ചെയ്യുമെന്നുമാത്രം.

(സാഹിത്യസല്ലാപം—മലയാളഭാഷയുടെ നേരെ, 1943 ഏപ്രിൽ)

## പ്രസരിപ്പുള്ള ഭാഷ

വാമൊഴിയും വരമൊഴിയും തമ്മിൽ വളരെയേറെ അന്തരമുള്ള ഒരു ഭാഷയാണ് ബങ്കാളി; ഒരുപക്ഷേ, ആ വകയിൽ ഒന്നാമത്തേതാണെന്നുതന്നെ വരാം. ആ ബങ്കാളിയിൽ സാഹിത്യപരിശ്രമം ചെയ്തു വിശ്വമഹാകവിയായി വളൎന്ന രവീന്ദ്രനാഥടാഗോർ ഒട്ടവിലൊട്ടവിൽ വാമൊഴിയിലാണ് എഴുതിവന്നതെന്നും, ഇപ്പോൾ ബങ്കാളി സാഹിത്യത്തിൽ വാമൊഴിക്കു നല്ല സ്ഥാനം ലഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്നും, എന്നല്ല, പതുക്കെക്കണ്ടു് അവരുടെ വരമൊഴി ലുപ്തപ്രചാരമായിപ്പോകുമെന്നാണ് നിരീക്ഷകന്മാരുടെ അഭിപ്രായമെന്നും അറിയുന്നു. മലയാളവും കഴിവുള്ളേടത്തോളം— എന്നുവെച്ചാൽ വ്യാകരണവും സാഹിത്യശാസ്ത്രവും സമ്മതിക്കുന്നേടത്തോളം—വാമൊഴിയിൽത്തന്നെ എഴുതിശ്ശീലിക്കണമെന്നാണ് എൻെറയും അഭിപ്രായം. എന്തുകൊണ്ടെന്നാൽ ബങ്കാളികൾ പറയുംപോലെ 'പ്രസരിപ്പ്' (ചടുലത) എന്ന ഗുണം വാമൊഴിക്കേ ഉള്ളു, വരമൊഴിക്കില്ല....

അപ്പോൾ നാം സി. വി. രാമൻപിള്ളയുടേയും കേരളവൎമ്മയുടേയും ഗദ്യശൈലിയിൽനിന്നു വിട്ടുപോരികതന്നെ വേണം. അവയെ കാഴ്ചബംഗ്ലാവിലേക്കു മാററണമെന്നു ഞാൻ പറയുന്നില്ല. അവക്കായിത്തന്നെ ഒരു ശ്രീകോവിൽ പണിചെയ്തു പ്രതിഷ്ഠാകൎമ്മം കഴിച്ചു കെടാവിളക്കും വെച്ചു വന്ദിച്ചേക്കണം. പക്ഷേ, അവയെ നാം ഒരിക്കലും അനുകരിച്ചുപോകരുത്.

ഇവിടെയാണ് തെക്കരുടേയും വടക്കരുടേയും രുചി

ഭേദങ്ങളെപ്പററിയുള്ള വാദവുംകൊണ്ടു പലരും മുന്നോട്ടു വരിക. ആലോചിച്ചാൽ, അതെത്ര തുച്ഛമായ കാര്യമാണ്! ഓരോ വ്യക്തിയും ഭിന്നരുചിയായിട്ടുള്ള ഈ ലോകയാത്രയിൽ, പ്രതിദിവസമെന്നല്ല, പ്രതിനിമിഷം, നാം എത്രയെത്ര രുചിഭേദങ്ങളെ പൊറുത്തുപോരുന്നുണ്ട്! എന്നിരിക്കെ, സാഹിത്യത്തിൽ അതെന്തുകൊണ്ടു സഹ്യമാകുന്നില്ല? ഉത്തമമായ ഒരു കൃതി വായിക്കുമ്പോൾ, ചില വാക്കുകളെമാത്രം സംബന്ധിച്ചുള്ള ഈ രുചിഭേദത്തെ ഓർത്തുകൊണ്ടിരിക്കത്തക്കവണ്ണം അത്രയ്ക്കരസികന്മാരായിപ്പോയോ മലയാളികൾ!

ഒന്നുകൂടി ചുഴിഞ്ഞുനോക്കുക: ഈ വാമൊഴി പലപ്പോഴും സാഹിത്യത്തിൻെറ ജീവപ്രധാനമായ ഒരു ഭാഗം കൂടിയാണ്. സി. വി. രാമൻപിള്ളയുടെ നാടൻകഥാപാത്രങ്ങൾക്കുള്ള ജീവനിൽ വലിയൊരു പങ്ക് അവരുടെ വാമൊഴിസംഭാഷണത്തിലാണ് കിടക്കുന്നത്; സംശയമുണ്ടെങ്കിൽ അവയെ ഗ്രന്ഥകാരൻെറ ഭാഷയിലേയ്ക്കു വിവർത്തനം ചെയ്തുനോക്കുക. ഇങ്ങിനെ സാഹിത്യത്തിൻെറ ജീവസ്പൃശിക്കൂടിയായ ആ വാമൊഴിയെ, കോശവ്യാകരണാദിവ്യവസ്ഥയനുസരിച്ചു സംസ്കരിക്കുക മാത്രം ചെയ്തു സ്വീകരിക്കുകയാണ് ഗ്രന്ഥകാരന്മാർ ചെയ്യേണ്ടത്. എന്നാലും ചിലപ്പോൾ 'ഹരിപഞ്ചാനനയുഗ്മത്തിൻെറ ദേഹത്യാഗത്തിൽ അവസാനിച്ച പ്രതികാരയജ്ഞത്തിൻെറ ധൂമം ബ്രഹ്മാണ്ഡമണ്ഡലത്തിൻെറ അനന്തതയിൽ ലയിച്ചു'' എന്ന രീതിയിൽ വല്ലപ്പോഴും എഴുതേണ്ടിവരില്ലെന്നില്ല. അതു പക്ഷേ, ഗ്രന്ഥകാരൻ അർത്ഥത്തെ കാര്യമാക്കാതെ, ശബ്ദംകൊണ്ടു 'കണ്ണും പിടിയും' കാട്ടുന്ന ചുരുക്കം സന്ദർഭങ്ങളിലേ വേണ്ടിവരൂ.

(സാഹിത്യസല്ലാപം—മലയാളഭാഷയുടെ നേരേ, 1943 ഏപ്രിൽ)

കവിത്വത്തിന്റെ വെളിപാട്ട ചിലക്ക് ചിലപ്പോ ഴുണ്ടാകുന്ന യാദൃച്ഛികപ്രതിഭാസങ്ങളിൽനിന്നാണെന്നു പല കവികളും നിരൂപകന്മാരും പ്രതിപാദിച്ചുവെച്ചിട്ടുണ്ടല്ലോ. ബുദ്ധികൊണ്ടാലോചിച്ചു പണിപ്പെട്ടു കവിത രചിക്കുന്നത് ആ യാദൃച്ഛികപ്രതിഭാസത്തിന്റെ ആവിർഭാവത്തിന്നുള്ള മാർഗ്ഗശോധനപ്രക്രിയമാത്രമത്രേ.

(സാഹിത്യസല്ലാപം—അന്തരീക്ഷത്തിലൂടെ)

★

## ഭാവശില്പവും ഇതിവൃത്തവും

മനുഷ്യനു കണ്ടറിവാനോ കയ്യൊതുക്കുവാനോ ഏറ്റവുമധികം പ്രയാസമുള്ളത് അവന്റെ ചിത്തവൃത്തികളാണ്. അവ്യക്തങ്ങളും സങ്കീർണ്ണങ്ങളുമായ ആ അനേകം ചിത്തവൃത്തികളെ പേർത്തെടുത്ത് അടുക്കടുക്കായി വേർതിരിച്ചു കാണാംമാറു ചേർത്തുവെയ്ക്കലാണ് സാഹിത്യത്തിന്റെ സാക്ഷാത്തായ ധർമ്മം—അതാണ് ഭാവശില്പവും. ഇതിന്നുള്ള ഉപകരണംമാത്രമാണ് ഇതിവൃത്തം. അത് അതാതു കാലദേശാവസ്ഥകളുടെ ഗതിക്കനുസരിച്ചിരിയ്ക്കണമെന്നേ ഉള്ളൂ. ഭാവശില്പമാകട്ടേ, മനുഷ്യഹൃദയം എന്നും എവിടെയും എങ്ങിനെയെല്ലാം പ്രവർത്തിയ്ക്കുമോ, അതിന്നനുസരിച്ചിരിയ്ക്കണം.

(കൈവിളക്ക്—രസനിഷ്പത്തി—ഭാവശില്പം, പ്രതികാര ദുർഗ്ഗ)

# സാഹിത്യസൃഷ്ടി എന്ന തൊഴിൽ
## (പ്രതിഫലത്തിൻെറ പ്രശ്നം)

ഇക്കാര്യത്തിൽ ഒരു സാഹിത്യകാരനെസ്സംബന്ധി ച്ചേടത്തോളം അഞ്ചുപത്തു വാക്കേ സമാധാനം പറയേണ്ടു. ലോകത്തിലാക്കും സ്വന്തം ശാരീരികവും മാനസികവുമായ പ്രയത്നത്തിന്നു പ്രതിഫലം വേണ്ടതുപോലെ, സാഹിത്യകാരന്നും വേണം, അയാളുടെ മാനസികവും ശാരീരികവുമായ പ്രയത്നത്തിന്നു പ്രതിഫലം. കാരണം, ഓരോ മനുഷ്യന്നും ഏറ്റെക്കുറെ സ്വന്തം കഴിവുകളെക്കൊണ്ടു വേണമല്ലോ സ്വന്തം ജീവിതത്തെ കൊണ്ടുനടക്കുക. തന്നെയും തൻെറ കുടുംബത്തെയും പുലർത്തുക എന്നതാണതാനും ഓരോ മനുഷ്യന്റേയും ഒന്നാമത്തെ കർത്തവ്യം—കഴിഞ്ഞു. ഇതിന്നെതിർ പറയുന്നവരെ—ഞാൻ വല്ലതും പറഞ്ഞു എന്നു വരേണ്ട—പാശ്ചാത്യസാഹിത്യത്തിലെ ഒരു നിരൂപകപ്രാമാണികനായ ഡെസ്മണ്ഡ് മക്കാർത്തി ഇംഗ്ലീഷിലുള്ള ഏററവും താഴ്ന്ന വാക്കിൽ നിർദ്ദേശിച്ചുകൊണ്ടു പറയുന്നു: "ഹേ അനുഗൃഹീതന്മാരായ വങ്കന്മാരേ, നിങ്ങളെ സൃഷ്ടിച്ച ഈശ്വരൻ വങ്കനായ ഒരീശ്വരനാണ്."*

സാഹിത്യം എഴുതാനും അച്ചടിയ്ക്കാനുമുള്ള കടലാ

---

* "Some bloody rascals seem to argue in a nasty way that true artists should not write for money, that means they should not sell their works. 'O, blessed idiots, the God who made you is a foolish God'...സണ്ഡേ ടൈംസിൽ (ഇംഗ്ലണ്ട്) ആർനോൾഡ് ബെന്നററിനെ നിരൂപിച്ചുകൊണ്ട് ജോർജ്ജ് എൽ. റിച്ചേർഡ് ഉദ്ധരിച്ചതിൽനിന്ന്

സ്സിനും മഷിയ്ക്കും വില വാങ്ങാം; അതച്ചടിയ്ക്കുന്ന പ്രസ്സു കാക്ക് അച്ചടിക്കൂലി വാങ്ങാം; പ്രസാധകന്മാക്ക് അതു വിററ് ആദായമുണ്ടാക്കാം; ഏജൻറുമാക്കു കമീഷനെടു ക്കാം; അതു കുട്ടികൾക്കു പഠിപ്പിച്ചുകൊടുക്കുന്ന മാസ്റ്റർ, പണ്ഡിതർ, ലക്ചറർ, മുതലായവക്കു, മാസക്കണക്കി ലായാലും, ശ്ലോകക്കണക്കിലായാലും ശമ്പളം എണ്ണി വാങ്ങാം—എല്ലാമാവാം. അതിൻെറ ആദ്യത്തെ ഉറവിട മായ സാഹിത്യകാരൻമാത്രം പ്രതിഫലത്തെപ്പറ്റി മിണ്ടി പ്പോകരുതത്രേ. മിണ്ടിപ്പോയാൽ, മുമ്പു ചൂണ്ടിക്കാണി ച്ചതുപോലെ, ചിലർ അയാളുടെ നേക്കു പുലയാട്ടും പുലഭ്യ വും പറഞ്ഞുകൊണ്ടു ചാടുകയായി!

ഇതിനു മക്കാത്തിയുടെ ആ ശകാരംമാത്രമല്ലാതെ മറ്റെന്തുണ്ടു് സമാധാനം?

... ... ... ...

സാഹിത്യകാരന്മാരുടെ ദാരിദ്ര്യം തീർത്തുകൊടു ത്താൽ ഉൽകൃഷ്ടസാഹിത്യം ഉണ്ടാകാതെ പോകുമല്ലോ എന്നു ലേശവും ആശങ്ക നടിയ്ക്കേണ്ട. സമുദായത്തിന്നു തീക്കാവുന്ന ദാരിദ്ര്യമൊന്നൊഴിച്ചാൽത്തന്നെ, ഉദ്ധതനാ യ മനുഷ്യനെ തട്ടിമറിച്ചിട്ടു മെതിച്ചു പതം വരുത്തുവാൻ വേറെ നൂറുകൂട്ടം ദുഃഖങ്ങളെ ഈശ്വരൻ കനിഞ്ഞരുളി യിട്ടുണ്ട്. അവയുടെ കാര്യം ഈശ്വരൻ നോക്കിക്കൊ ള്ളും. ദാരിദ്ര്യമാകട്ടേ, സമുദായം വരുത്തിവെച്ച കഷ്ടപ്പാ ടാണ്; അതിനെ സമുദായംതന്നെ തീക്കുകയും വേണം.

പണ്ടും സാഹിത്യകാരന്മാർ പ്രായേണ ദാരിദ്ര്യ ത്തിൽത്തന്നെയായിരുന്നു എന്ന ചരിത്രസത്യത്തെ ഈ നിലയ്ക്കു വേണം വീക്ഷിയ്ക്കുക.

... ... ... ...

ലേഖകന്മാർക്കു പറയത്തക്ക പ്രതിഫലം കൊടുക്കത്തക്കവണ്ണം നമ്മുടെ സാഹിത്യം ഇനിയും അഭിവൃദ്ധിപ്പെട്ടിട്ടില്ലെന്നാണല്ലോ നാം പറഞ്ഞുതുടങ്ങിയത്; അത്രയ്ക്ക് അഭിവൃദ്ധിപ്പെടാത്തതിനുള്ള കാരണങ്ങളിൽ പ്രധാനം, സാഹിത്യകാരന്മാർക്കു പറയത്തക്ക പ്രതിഫലം കൊടുത്തുതുടങ്ങായ്കയുമാണ്. എന്തുകൊണ്ടെന്നാൽ, ആലോചിക്കാനും ആവിഷ്കരിക്കാനും കഴിവുള്ളവരും പേരച്ചടിച്ചുകണ്ടു മോഹം തീർന്നവരുമായ ആളുകൾ, ആ വഴിക്കിനി ഗതി തുടർന്നാൽ അത്യാവശ്യമായ കാര്യമൊന്നും നടക്കാൻ പോകുന്നില്ലെന്നു കണ്ടു മററു വഴി പിടിക്കുന്നു; പകരം, കുറേ ക്ഷുദ്രലേഖകന്മാർ എപ്പോഴും മുൻപന്തിയിൽ അണിനിരക്കുന്നു.

അങ്ങിനെ പരസ്പരാശ്രയമുള്ള ഒരു കെണിക്കുടുക്കാണിത്. എന്നിരിക്കിലും നമുക്കതിനെ അഴിച്ചുനീക്കുക തന്നെ വേണമല്ലോ. അതിനുപായമെന്ത്?

... ... ... ...

പൊതുജനങ്ങൾക്കു സാഹിത്യത്തിൻെറ വില മനസ്സിലാക്കിക്കൊടുക്കുകയാണ് ശരിയായ പരിഹാരമാർഗ്ഗമെന്നു വരുന്നു. സാഹിത്യം വളരെ വിശേഷപ്പെട്ട ഒരു സാധനമാണെന്നുമാത്രം മനസ്സിലാക്കിക്കൊടുക്കുകയല്ല, താൻ വായിക്കണമെന്നു വിചാരിക്കുന്ന പുസ്തകമേതും വിലകൊടുത്തു സ്വന്തമായി വാങ്ങുവാൻ കഴിവുള്ളവരെയെല്ലാം ശീലിപ്പിക്കുകയാണ് വേണ്ടത്; പുസ്തകങ്ങൾ ഇരവൽ കൊടുക്കുകയും വാങ്ങുകയും ചെയ്യുന്ന ഓരോരുവനും ഓരോരിക്കലും ചെയ്യുന്നതു, ഗ്രന്ഥകാരനിൽ നിന്ന് ഓരോ പുസ്തകത്തിൻെറ വില കവൎന്നെടുക്കുകയാണെന്ന ബോധം അവരിൽ വേർപിടിപ്പിക്കുക

യാണ് വേണ്ടത്. കുട ചെരിപ്പു മുണ്ടു കുപ്പായം മുതലായ ശാരീരികോപകരണങ്ങൾ ഇരവൽ വാങ്ങുന്നതു പോലെതന്നെ ലജ്ജാകരമാണ്, മാനസികോപകരണമായ പുസ്തകം ഇരവൽ വാങ്ങലും എന്നു നമ്മുടെ വായനക്കാർക്കു പരക്കെ തോന്നിത്തുടങ്ങണം. പുസ്തകം ഇരവൽ ചോദിച്ചാൽ, ഇപ്പോൾ പലരും ഫൗണ്ടൻപെന്നും മററും ചോദിക്കുന്നവരോടു പറയുന്നതുപോലെ, 'ഞാനതാർക്കും ഉപയോഗിക്കാൻ കൊടുക്കാറില്ല' എന്നു മുഖത്തു നോക്കി തീർത്തുപറയുന്നതിൽ മര്യാദകേടില്ലെന്നു വരണം. ഇരവൽവാങ്ങലിൽ എപ്പോഴും രണ്ടു കക്ഷിയുള്ളതിൽ ഏതെങ്കിലുമൊരാൾക്ക് ഈ ഉറപ്പുണ്ടായാൽ മതിയാകുന്നതുകൊണ്ട്, ഈ നല്ലനടപ്പു നാട്ടിൽ പ്രചരിപ്പിക്കാൻ എളുപ്പവും കൂടും.

... ... ... ...

മേല്പറഞ്ഞ സൗശീല്യം നാട്ടിൽ നടപ്പായാൽമാത്രമേ, നമ്മുടെ നാട്ടിലെ സാഹിത്യകാരന്മാർക്കു രക്ഷയുള്ളൂ— ഗവമ്മേണ്ടിൻേറയും "കമലാസ്മിതചന്ദ്രികയിൽ സമുല്ലസിക്കുന്നവ"രുടേയും സാഹായ്യം മിക്കപ്പോഴും സേവാവലംബമാകാവുന്നതിനാൽ, അതു മിക്കപ്പോഴും ക്ഷുദ്രഗ്രന്ഥങ്ങൾക്കായിരിക്കും; പൊതുജനങ്ങൾക്കാകട്ടെ, മറെറന്തു കുററമുണ്ടെങ്കിലും, ഈയൊരബദ്ധം പററാനിടയില്ല.

പിന്നെ, മനശ്ശാസ്ത്രപരമായി നോക്കിയാൽ, പുസ്തകം വേണ്ടുംപോലെ വായിച്ചുമനസ്സിലാക്കുവാൻ, അതു വിലകൊടുത്തു വാങ്ങുകയാണ് കൂടുതൽ നല്ലത്. ആ നിലയ്ക്കു ശരിയായ സാഹിത്യാസ്വാദനത്തിനും തന്മൂലമായ സാഹിത്യാഭിവൃദ്ധിക്കും ഈ പ്രസ്ഥാനം അത്യാവശ്യമാണുതാനും.

(സാഹിത്യസല്ലാപം—കലാ-കമലാവിവാദം, 1942 ഡിസംബർ)

# വൃത്തികേടുകളും സാഹിത്യവും

വൃത്തികേടുകളേയും കഷ്ടപ്പാടുകളേയും കാണാതെ കഴിപ്പാൻവേണ്ടി സാഹിത്യത്തിലേയ്ക്കു കേറിവരുന്ന വായനക്കാരോടു സാഹിത്യകാരന്നു പറയാനുള്ളതു 'നിങ്ങൾക്കു വീടു മാറിപ്പോയി' എന്നാണ്. "എന്റെ നിർമ്മാണോപകരണം മനുഷ്യജീവിതമാണ്. അതാകട്ടേ, വൃത്തികേടുകളും കഷ്ടപ്പാടുകളും നിറഞ്ഞതുമാണ്. ജീവിതത്തിൽ ആവകയൊന്നും ശ്രദ്ധിയ്ക്കാതെ കണ്ടപാട്ടിനു നടന്നുകളയുന്ന നിങ്ങൾക്ക് അതൊക്കെ കാണിച്ചുതരിക എന്നത് എന്റെ ധർമ്മങ്ങളിലൊന്നാണ്. നിങ്ങളുടെ മനസ്സിനെ മയക്കിക്കിടത്തുവാനല്ല, ഉയിർത്തെഴുന്നേല്പിയ്ക്കുവാനാണ് ഞാനിവിടെ ഇരിയ്ക്കുന്നത്."

ഇവിടെ വായനക്കാരന്ന് ഒരൊററച്ചോദ്യമേ മറുത്തു ചോദിയ്ക്കുവാനുള്ളു: "ഒടുക്കം ഞങ്ങളെ മടുപ്പിച്ചിരിക്കുമോ?" ഇതിന്നു വരുന്ന സമാധാനത്തിനനുസരിച്ചിരിയ്ക്കുന്നു കവിയുടെ വിജയവും പരാജയവും. തന്റെ നിർമ്മാണങ്ങളിൽ കഷ്ടപ്പാടുകളേയും വൃത്തികേടുകളേയും മാത്രമായോ, സ്വസ്ഥതകളേയും പരിശുദ്ധികളേയും മാത്രമായോ ചിത്രീകരിയ്ക്കുന്ന കലാകാരൻ വായനക്കാരെ മടുപ്പിയ്ക്കാതിരിയ്ക്കാൻ നിവൃത്തിയില്ല; അവയോരോന്നിനും പരഭാഗശോഭ വരുത്തുവാൻ എതിർനിറംകൂടി ചേർക്കാതെ കലാവിദ്യയാവുകയില്ല.

(സാഹിത്യസല്ലാപം—സാഹിത്യസല്ലാപം 1,
1944 ഡിസംബർ.)

## മഹാകവികളും കാലവും

ലോകചരിത്രം എങ്ങിനെയൊക്കെ മാറിമറിഞ്ഞാലും മനുഷ്യനിൽ മാറാതെ നില്ക്കുന്ന ചില വികാരോദയങ്ങളും വിചാരക്രമങ്ങളും ആത്മീയമൂല്യങ്ങളും മററുമുണ്ട്. അവയെ വിചിത്രരീതിയിൽ മേളിപ്പിച്ചുകൊണ്ടുള്ള ചില സങ്കല്പവിശേഷങ്ങൾ ആസ്വദിയ്ക്കാൻ കിട്ടുന്നത് അവന്ന് എന്നും ആനന്ദകരവും ആശ്വാസപ്രദവും ആത്മോല്ക്കർഷകവുമാണ്. അത്തരം ഉൽകൃഷ്ടസങ്കല്പങ്ങൾ എവിടെനിന്നും എങ്ങിനെയും നേടാവുന്നവയല്ല; പത്തുവരി പദ്യമോ ഗദ്യമോ എഴുതാറായവൎക്കെല്ലാം സൃഷ്ടിച്ചുവെപ്പാൻ കഴിയുന്നവയല്ല അത്തരം സങ്കല്പങ്ങൾ. അതിന്നു കഴിവുള്ള കവികൾ വല്ലപ്പോഴും വല്ലേടത്തും മാത്രമേ ഉണ്ടാവാറുള്ളൂ. അങ്ങിനെ ലോകചരിത്രത്തിൽ സുദുർല്ലഭരായ ചില മഹാവ്യക്തികളാണ് കാളിദാസാദിമഹാകവികൾ. അവരുടെ കൃതികളുടെ നേൎക്കു ലോകം, തെരുതെരെ പുറപ്പെട്ടുകൊണ്ടിരിയ്ക്കുന്ന മറ്റു പുത്തൻകൃതികളെയെല്ലാം തള്ളിനീക്കി, തൃഷ്ണയോടെ പാഞ്ഞുചെല്ലുന്നു; കാലഭേദംകൊണ്ടു ഭാഷയ്ക്കും മററും പലപല മാററങ്ങൾ വന്നിട്ടുകൂടി, ലോകം തജ്ജ്ഞമ്മന്യന്മാരുടേയും വ്യാഖ്യാതാക്കന്മാരുടേയും സാഹായ്യത്തോടുകൂടി അങ്ങോട്ടുതന്നെ പാഞ്ഞുചെല്ലുന്നു. ഇതു കണ്ടിട്ടു നമ്മുടെ പുതുപ്രസ്ഥാനക്കാർ അരിശംകൊള്ളുകയാണ്. "ഈ പഴയ കവികൾക്ക് ഇന്നത്തെ തലമുറയുടെ അഭിരുചിയെ നിയന്ത്രിപ്പാൻ എന്തവകാശം?" ശരിയാണ്, അവൎക്കതിൽ ഒരവകാശവുമില്ല. പക്ഷേ, ആയിരമായിരം തലമുറകളുടെ അഭിരു

ചികൾ നിരന്തരമായി അവരുടെ അട്ടക്കലേയ്ക്കു തീർത്ഥയാത്ര പോകുന്നതിന് അവരെന്തു പിഴച്ചു? അതേ, എന്തു പിഴച്ചു?

വാസ്തവത്തിൽ ഇങ്ങിനെയല്ല ചോദ്യം പുറപ്പെടേണ്ടത്; "അവർ അന്നന്നത്തെ അഭിരുചികളെ മാത്രമല്ലാതെ ഈ ആയിരം തലമുറയുടെ അഭിരുചിയെക്കൂടി തൃപ്തിപ്പെടുത്തുമാറുള്ള കൃതികൾ രചിയ്ക്കാനെന്തേ?" എന്നാണ്. അതവരുടെ കുററംതന്നെ; പക്ഷേ, അവർ ആ ചതിയും ചതിച്ചു പണ്ടേ കടന്നുകളഞ്ഞില്ലേ! ഇനി ഇന്നുള്ളവരെങ്കിലും ആ പണ്ണി പററിച്ചുകളയാതിരിപ്പാൻ നമ്മൾ ശ്രദ്ധിയ്ക്കുക!!

(സാഹിത്യസല്ലാപം—സാഹിത്യസല്ലാപം III, 1945 ആഗസ്റ്റ്.)

★

## സത്യവും സൗന്ദര്യവും

കലാകാരൻ താൻ സത്യമെന്നു കരുതുന്ന കാര്യത്തെയാണ് സുന്ദരമായി പ്രതിപാദിയ്ക്കുന്നത്; അയാളുടെ സത്യബോധം എത്രത്തോളം വിപുലവും അഗാധവുമാണോ, അത്രത്തോളമാണ് കൃതി സുന്ദരമാവുന്നതും. ഏറെക്കുറെ തത്തുല്യമായ സത്യബോധമുള്ളവക്ക് അതു സുന്ദരമായി അനുഭവപ്പെട്ടും. തദ്വ്യതിരിക്തമായ സത്യബോധത്തിൽ നില്ക്കുന്നവക്കാകട്ടേ, അതിൽ സൗന്ദര്യാസ്വാദവും അത്രയ്ക്കുത്രയ്ക്കു സ്വല്പമായിരിയ്ക്കും. ഒരേ ആൾക്ക് ഒരുകാലത്തു സുന്ദരമായിത്തോന്നിയ കൃതിതന്നെ കാലാന്തരത്തിൽ അസുന്ദരമായിത്തോന്നുന്നതും അയാളുടെ സത്യബോധത്തിനുണ്ടാവുന്ന വളർച്ചകൊണ്ടത്രെ.

(സാഹിത്യവിദ്യ—സത്യവും സൗന്ദര്യവും)

# കവി—മനുഷ്യോൽക്കർഷ ത്തിൻെറ ചിഹ്നം

സാഹിത്യനിരൂപണത്തിൻെറ പരമാധിഷ്ഠാനത്തിൽ നിന്നു നോക്കുമ്പോൾ കവിയുടെ മഹത്ത്വത്തിന്നുള്ള മാപകതത്വം, അദ്ദേഹത്തിന്റെ കൃതികളുടെ തുകയല്ല തുക്കമാണെന്നു സമ്മതിക്കേണ്ടിവരും; ആ തൂക്കത്തിൻെറ കേന്ദ്രസ്ഥാനം അദ്ദേഹത്താൽ സുന്ദരമായി ആവിഷ്കരിക്കപ്പെട്ട ആത്മോന്നതിയുമായിരിക്കും. സ്വജീവിതത്തിലെമ്പാടും ആത്മോന്നതി പ്രകാശിപ്പിച്ചുകൊണ്ടിരിക്കുക എന്നത് ഋഷിമാർമാത്രം ആശിക്കുന്ന ഒരു സിദ്ധിയാണ്. അതിനാൽ, മഹാകവി ഋഷിയായിരിക്കണമെന്നൊരു വാദം പുറപ്പെട്ടുവിക്കാത്തേടത്തോളം കാലം—"നാനൃഷിഃ കവിഃ" എന്ന വാദംതന്നെ ഇതെഴുതുന്ന ആൾക്ക് അഹിതമല്ല—ഒരാളുടെ രചനാവിസ്തൃതിയെ ചങ്ങല പിടിച്ചളന്നു മഹാകവിത്വം കല്പിക്കുന്നതിന്നർത്ഥമില്ല; ഒരാളെഴുതിയ നാലു വരിയിൽനിന്നായാലും നാലു ലക്ഷം വരിയിൽനിന്നായാലും അയാളുടെ ആത്മവത്ത ഏതു മണ്ഡലത്തിലെത്തിയിരിക്കുന്നു എന്നു സൂക്ഷിച്ചു നോക്കിയിട്ടാണു നാമതു നിശ്ചയിക്കേണ്ടത്. കവി, കവിതയിൽ, കാലംശത്തിലേ കലാകാരനാകേണ്ടു—മുക്കാലംശത്തിലും മനുഷ്യോൽക്കർഷത്തിൻെറ ചിഹ്നമായിരിക്കുയാണു വേണ്ടത്.

(സാഹിത്യസല്ലാപം—'അന്തരീക്ഷ'ത്തിലൂടെ, 1944 സപ്തെമ്പർ)

## സാഹിത്യത്തിൻെറ പരമലക്ഷ്യം

സാഹിത്യവിദ്യയുടെ ലക്ഷ്യം ജ്ഞാനലബ്ധിയാണ്, മനസ്സംസ്കാരമാണ്, സാഹിത്യപരിശീലനം ചെയ്യുന്ന വ്യക്തിയുടെ അന്തഃകരണവൃത്തികളിൽ സർവതോമുഖമായ ഒരു ശുദ്ധികർമ്മം നടത്തലാണ്. ഈ ശുദ്ധികർമ്മത്തിന്റെ മട്ടെന്തെന്ന കാര്യത്തിൽ അഭിപ്രായഭേദം വരാം, വന്നിട്ടുമുണ്ട്. സമ്പത്തിന്റെ ഉൽപാദകന്മാർ ഉപഭോക്താക്കൾ എന്നീ രണ്ട് ആജന്മശത്രുക്കളായ വർഗ്ഗങ്ങൾ തമ്മിലുള്ള തീരാപ്പോരാണ് സുദീർഘമായ മനുഷ്യചരിത്രത്തിന്റെ കഥാവസ്തു എന്ന ദ്വൈതസിദ്ധാന്തം ഗ്രഹിപ്പിച്ച് അതിൽ വിജയം നേടുവാൻ ഉല്പാദകവർഗ്ഗത്തെ ഒരുക്കിക്കൊണ്ടു വരികയാണ് സാഹിത്യത്തിന്റെ—എന്നല്ല ലോകത്തിലുള്ള എല്ലാറ്റിൻേറയും—പരമലക്ഷ്യമായിരിക്കേണ്ടതെന്നു വിശ്വസിക്കുന്ന ഒരു രാഷ്ട്രീയകക്ഷിയുണ്ട്. മറിച്ച്, സർവ്വചരാചരങ്ങളുടേയും ജീവസ്ഫുരണങ്ങളെ പിന്നിൽ നിന്നു തെളിച്ചുകൊണ്ടിരിക്കുന്നത് ആദ്ധ്യാത്മികമായ മഹത്ത്വാകാംക്ഷയാണ് എന്നു ഗ്രഹിപ്പിച്ച് അതനുസരിച്ചു ജീവിക്കുവാൻ ഒരുക്കിക്കൊണ്ടു വരികയാണ് ആ ശുദ്ധികർമ്മം എന്ന അദ്വൈതസിദ്ധാന്തക്കാരുമുണ്ട്. ഇനിയും ചില സിദ്ധാന്തങ്ങളുമുണ്ടാവാം, അവയുടെ വ്യാഖ്യാനത്തിൽ പിന്നെയും പല പക്ഷഭേദങ്ങളുമുണ്ടാവാം. എന്നാലും സാഹിത്യത്തിൻെറ ജോലി മനുഷ്യൻെറ മനസ്സംസ്കാരമണ്ഡലത്തിലാണ് എന്നുള്ളേടത്തോളം ഇവരെല്ലാവരും യോജിക്കുന്നു.

ആവിധം സംസ്കരിക്കപ്പെടത്തക്കവണ്ണം അയാളെ

പാട്ടിലാക്കി നിർത്തുവാനുള്ള ഒരുപായംമാത്രമാണ് സാഹിത്യത്തിലെ കല...

കല എന്തെന്ന് അനുഭവിച്ചറിയുകയല്ലാതെ ലക്ഷണം പറഞ്ഞൊപ്പിക്കാൻ വയ്യാത്തതാണെങ്കിലും, "സംവിധാനഭംഗിയാണ് കല" എന്നത് ഒരുവിധം വ്യാപകമായ ലക്ഷണമാണ്—ചെണ്ട, മദ്ദളം മുതലായവയിന്മേലുള്ള അടികളുടെ താളക്രമാനുസാരിയായ സംവിധാനമാണ് വാദ്യകല; അംഗചലനങ്ങളുടെ താളാനുസാരിയായ സംവിധാനമാണ് നൃത്തകല; സ്വരങ്ങളുടെ വിചിത്രസംവിധാനമാണ് സംഗീതകല; നിറങ്ങളുടേയും വരകളുടേയും വിചിത്രസംവിധാനമാണ് ആലേഖ്യകല. ഈ വിധം പദങ്ങളുടെ—വാക്കുകളുടെ—താളാനുസാരിയും വിചിത്രോചിതവുമായ സംവിധാനഭംഗിയാണ് സാഹിത്യകല എന്നും പറയാം...

എന്നാൽ സാഹിത്യത്തിലെ കല അവിടെനിന്നു തുടങ്ങുന്നേയുള്ളു, അവിടെ അവസാനിക്കുന്നില്ല. വാക്കുകളുടെ ഏകലക്ഷ്യം അർത്ഥബോധനമാണ്. അതുകൊണ്ട് അർത്ഥങ്ങളുടെ—വർണ്ണ്യവസ്തുക്കളുടെ—സമുചിത സംവിധാനമാണ് അടുത്ത പടി. ഒരുദാഹരണം മുഖേന പറഞ്ഞാൽ ദുഷ്യന്തൻ കണ്വാശ്രമത്തിൽ ചെന്നു കേറിയപ്പോൾ അവിടെ പരിചരണോദ്യതയായി വന്ന ശകുന്തളയിൽ ആസക്തനായി എന്ന ഭാരതകഥാവസ്തുവെ, വിസ്തൃതമായ ആ വൃക്ഷസേചനസന്ദർഭമായി വികസിപ്പിച്ചതാണ്, 'അഭിജ്ഞാനശാകുന്തളം' ഒന്നാമങ്കത്തിലെ അർത്ഥസംവിധാനത്തിലുള്ള കല.

അവിടെയും അവസാനിക്കുന്നില്ല. ലോകത്തിലുള്ള ഓരോ വസ്തുവും ശ്രദ്ധിക്കപ്പെട്ടാൽ നമ്മുടെ അന്തഃകരണത്തിൽ ചില ഭാവങ്ങളേയും ചിന്തകളേയും ഉണർത്തുവാൻ

മതിയായവയാണല്ലോ. ആ ഭാവചിന്തകളെ ഉണർത്തത്തക്ക വണ്ണമാണ് കവികൾ അതാതു വസ്തുക്കളെ വർണ്ണിക്കുന്നതും. അപ്പോൾ കാവ്യത്തിലെ വർണ്ണനകൾകൊണ്ടു നമ്മുടെ ഹൃദയത്തിൽ തെരുതെരെ കിളർന്നുവരുന്ന ഭാവചിന്തകളുടെ സംവിധാനഭംഗിയാണ് സാഹിത്യത്തിലെ അങ്ങേ അററത്തെ കല എന്നു പറയണം.

ഇതുതന്നെയാണ് സുസംവിഹിതമായ രസഭാവധ്വനി. അതിനാൽ...രസഭാവധ്വനിയും മററും കലാനുഭൂതിയുടെ 'കേളികൊട്ടു'ല്ല, അതിൻെറ പരിപൂർണ്ണനിർവ്വഹണമാണ്. അവിടുന്നങ്ങോട്ടു പിന്നെ വല്ലതുമുണ്ടെങ്കിൽ അതു മനസ്സംസ്കരണവുമാണ്.

മററു കലകളും ഇങ്ങനെ വിശകലനം ചെയ്താൽ ഈ ഭാവത്തോളംതന്നെ എത്താറില്ല. പക്ഷേ, അവയിൽ ഭാവോദയമല്ലാതെ വിചിത്രഭാവങ്ങളുടെ സംവിധാനഭംഗിയില്ല. അതിലും മോശമാണ് ചിന്തോദയത്തിൻേറയും ചിന്താസംവിധാനത്തിൻേറയും കഥ. അതിനാൽ പഞ്ചവാദ്യം, തായമ്പക മുതലായ വാദ്യവിധാനങ്ങൾക്കു കേവലം ദൃഷ്ടാപവും ചിത്രകലക്കും മററും ഒട്ടൊട്ടു സ്പർശിക്കുവാൻമാത്രം സാധിക്കുന്നതുമായ ഭാവചിന്താസംവിധാനത്തിൻെറ ഉത്തുംഗശൃംഗത്തിലാണ് സാഹിത്യത്തിലെ കല വാഴ്ചകൊള്ളുന്നത്. അതിന്റെ അടിസ്ഥാനമായ പദവാക്യങ്ങളിലെ കലയാകട്ടെ വാദ്യഗീതങ്ങളുടെ സർവ്വസ്വമായ കലയിൽനിന്നു തുടങ്ങുകയും ചെയ്യുന്നു.

മനസ്സിൽ ഗണ്യമായ ഒരു ഭാവസംവിധാനവുമുണ്ടാക്കാതെ അഥവാ അനപേക്ഷിതങ്ങളായ—തന്മൂലം അനുചിതങ്ങളായ—ഭാവസംവിധാനങ്ങൾ ഉണ്ടാക്കിക്കൊണ്ടു

പോകുന്നതുകൊണ്ടാണ്, ശബ്ദഭംഗിയും അർത്ഥഭംഗിയുമെല്ലാം ഉണ്ടായിരുന്നിട്ടുകൂടി പല കൃതികളും ഭാഷണങ്ങളും മുഷിപ്പനായിപ്പോകുന്നത്—പൊതുഭാഷയിൽ 'ബോർ' എന്നു പറയപ്പെടുന്നത്; അല്ലാതെ കേവലം ചില വ്യാകരണത്തെറ്റുകളോ രചനാഭംഗിക്കുറവുകളോ ഉള്ള കൃതികളല്ല. അത്തരം ന്യൂനതകൾ ഭാവസംവിധാനത്തെ സ്പർശിക്കുന്നില്ലെങ്കിൽ, പ്രായേണ സാരമില്ല.

അങ്ങിനെ, നമ്മുടെ മനസ്സിൽ ബോധാവസ്ഥയിലും അബോധാവസ്ഥയിലുമുള്ള പലതിനേയും കുത്തിപ്പൊക്കി ഉചിതമായി സംവിധാനം ചെയ്തു കാണിച്ചു നമ്മുടെ അന്തഃകരണത്തെ സംസ്കരിക്കുകയാണ് സാഹിത്യകാരൻ ചെയ്യുന്നത്. അതേ, ജീവിതവ്യാപാരങ്ങളുടെ പിന്നിൽ അവയ്ക്കു പ്രേരകമായി വർത്തിക്കുന്ന ശക്തിവിശേഷത്തെ വികസിപ്പിക്കുവാനും ആ വ്യാപാരങ്ങൾക്ക് ആവശ്യമായ നിയന്ത്രണം നൽകുവാനുമുള്ള കഴിവാണ് സാഹിത്യത്തിൻെറ പരമലക്ഷ്യം.

ഇതുതന്നെയാണ് സാഹിത്യത്തിനു ജീവിതത്തോടുള്ള ബന്ധവും. സാഹിത്യവും ജീവിതവുമായുള്ള ബന്ധത്തെ ഈയൊരു നിലയിലേ നിർവ്വചിപ്പാൻ നിവൃത്തിയുള്ളു. അതിനാൽ സാഹിത്യകാരൻ "ജനങ്ങളോടൊപ്പം ചിന്തിക്കുവാനല്ല യത്നിക്കുന്നതും യത്നിക്കേണ്ടതും—ജനങ്ങളെക്കൊണ്ടു തൻെറകൂടെ ചിന്തിപ്പിക്കുവാനാണ്" എന്നുകൂടി കൂട്ടത്തിൽ പറയട്ടെ.

അതുകൊണ്ടു സാഹിത്യനിരൂപകൻ പര്യാലോചിക്കേണ്ടത് "കല കലയ്ക്കു വേണ്ടിയോ മററു വല്ലതിനും വേണ്ടിയോ" എന്നല്ല, "വിദ്യ വിദ്യയ്ക്കുവേണ്ടിയോ, സംസ്കാരം സംസ്കാരത്തിനു വേണ്ടിയോ" എന്നാണ്.

എന്നിട്ട, വിദ്യയും സംസ്കാരവും അവയ്ക്കു വേണ്ടിയല്ല വയററിനു വേണ്ടിയാണ്, ഒരുറുപ്പിക സമ്പാദ്യമുള്ളവനു പത്തുറുപ്പിക സമ്പാദ്യമുള്ളവരോട്ട തീരാപ്പക വളത്തു വാൻ വേണ്ടിയാണ് എന്നു തീച്ച്പ്പെട്ടത്തുകയാണെങ്കിൽ അങ്ങിനെ തീർച്ചപ്പെട്ടത്തട്ടെ!

(സാഹിത്യവിദ്യ—സാഹിത്യവിദ്യ)

★

## യുദ്ധവും സത്യവും

ഏതു സമരത്തിലും സത്യാസത്യങ്ങൾ അസങ്കീണ്ണമായി വേർതിരിഞ്ഞുനിന്നു യുദ്ധം വെട്ടുകയുണ്ടായിട്ടില്ല; ഉണ്ടെങ്കിൽ, "സത്യം ജയതി നാനൃതം" എന്ന ആപ്തവാക്യമനുസരിച്ചു സത്യം പണ്ടെന്നോ വിജയിച്ചരുളിയേനേ. പകരം, സത്യാസത്യങ്ങൾ രണ്ടുഭാഗത്തും താരതമ്യേന ഇടകലൻ നിന്നിട്ടേ ഏതു യുദ്ധവും നടന്നിട്ടുള്ളു, നടക്കുന്നുമുള്ളൂ. അങ്ങിനെ ഒരിടത്തു സത്യത്തിൻെറ ഒരംശം ജയിയ്ക്കുന്നതോടുകൂടി, അതോടിടകലൻ അസത്യവും ജയിച്ചുകളയുന്നു; തോററ ഭാഗത്തെ സത്യം വീണ്ടും യുദ്ധസന്നദ്ധമാവുന്നു. ഇങ്ങിനെയാണ് തുടരെത്തുടരെ യുദ്ധങ്ങളുണ്ടായിക്കൊണ്ടിരിയ്ക്കുന്നത്.

(സാഹിത്യവിദ്യ—സത്യവും സൗന്ദര്യവും)

# സാഹിത്യവും സമുദായാഭിവൃദ്ധിയും

ഹൃദയസംവാദജന്യമായ രസഭാവവ്യക്തിയാൽ ആർദ്രമായ വായനക്കാരുടെ ഹൃദയത്തിൽ സംസ്കാരത്തിൻെറ മുദ്ര മായാത്തവണ്ണം പതിപ്പിച്ചിട്ടുകയാണ് കവികളുടെ ധർമ്മം. അതുതന്നെയാണ് കവികൾക്കു സമുദായാഭിവൃദ്ധിയിലുള്ള പങ്കും. സമുദായാഭിവൃദ്ധിയെന്നത് നിഷ്കൃഷ്ടമായ അർത്ഥത്തിൽ, വ്യക്തികളുടെ സംസ്കാരപ്രതിഷ്ഠയല്ലാതെ മറെറാന്നുമല്ലല്ലോ. അതു സാധിപ്പാൻ കവികൾക്ക് ഈയൊരു വഴിയല്ലാതെ വേറെയെന്തുണ്ട്? "ഇനിമേലിൽ ഇന്നവിധം പ്രവർത്തിച്ചുകൊള്ളണ"മെന്ന് ഒരു ശാസനപത്രം കൊടുത്ത് ആളുകളെക്കൊണ്ട് അനുസരിപ്പിക്കാൻ തക്ക അധികാരശക്തിയൊന്നും അവർക്കില്ലല്ലോ. കവികളുടെ ഈ സാംസ്കാരികപ്രവർത്തനം വളരെ ഗൂഢവും അഗാധവുമായ മാർഗ്ഗത്തിലൂടെയാകയാൽ, അത് ഇന്നു വിതച്ചു, നാളെ മുളച്ചു വളർന്നു, മററന്നാൾ കൊയ്തെടുക്കാവുന്ന ഒരെളുപ്പക്കൃഷിയൊന്നുമല്ല. സാഹിത്യത്തെ ആ നിലയ്ക്കുള്ള ഒരു താൽകാലികപ്രവർത്തനമായി വീക്ഷിച്ചുകൊണ്ട് ഇന്നു പുറപ്പെടുന്ന നിരൂപണങ്ങളെല്ലാം ആകാവുന്നതിലധികം നിരർത്ഥകങ്ങളാണ്.

(സാഹിത്യവിദ്യ—കല ജീവിതത്തെ എങ്ങിനെ സ്പർശിക്കുന്നു.)

# യാഥാർത്ഥ്യങ്ങൾ സാഹിത്യത്തിൽ

ജീവിതയാഥാർത്ഥ്യങ്ങൾ ഹൃദയസ്പൃക്കുകങ്ങൾ തന്നെ, വാദമില്ല. പക്ഷേ അവ പ്രത്യക്ഷമായി അനുഭവപ്പെട്ടു മ്പോഴേ ആ ഫലം ചെയ്യുന്നുള്ളൂ. അവയെപ്പററി പറഞ്ഞു കേൾക്കുമ്പോൾ അവ ചെവിയിൽ വീണു ചെവിയിൽ ത്തന്നെ വററിപ്പോവുന്നു. നാം ഒരുനാൾ രാവിലെ ഉണ ന്നുമ്മറത്തു വരുമ്പോൾ, അവിടെ കുത്തുമുറികളേററു ചോ രയിൽ മുഴുകിക്കിടക്കുന്ന ഒരു ശവം കണ്ടുപോയാൽ പെ ട്ടെന്ന് അടിമുടി ഒന്നു നടുങ്ങിപ്പോവും; അതു നമ്മുടെ അന്തഃകരണത്തിൽ ജീവിതകാലത്തോളം മാഞ്ഞുപോകാ ത്ത ഒരു പാടുണ്ടാക്കിയിടുകയും ചെയ്യും. മറിച്ച്, ഒരു ദിനപത്രത്തിന്റെ പ്രഭാതപ്പതിപ്പിൽ, എവിടെയോ ഒരു വലിയ കുടുംബത്തിലെ എല്ലാ അംഗങ്ങളേയും രാത്രി ഏതോ ഭ്രാന്തന്മാർ ചെന്നു കുത്തിക്കൊലപ്പെടുത്തിയിരി ക്കുന്നു എന്നു പോത്തൻ മേല്ക്കുറിപ്പുകളോടുകൂടി ഭംഗിയാ യി റിപ്പോർട്ടു ചെയ്തിട്ടുള്ളതു വായിച്ചാലും, നമുക്കു ഹൃദ യാസ്വാസ്ഥ്യമേശാതെ ചായ കുടിക്കാൻ സാധിക്കും. ഇത് ഒരിക്കലും ഹൃദയശൂന്യതയല്ല, ജീവിതസ്വഭാവമാണ്. ഭൂമണ്ഡലത്തിൽ അന്നന്നു നടക്കുന്ന കലാപങ്ങളേതും പറ ഞ്ഞുകേട്ടാൽ, നമ്മുടെ വീട്ടിലും അയൽപക്കത്തും നടന്നാ ലത്തെപ്പോലെ അനുഭവപ്പെട്ടുവാൻ തുടങ്ങുകയാണെങ്കിൽ പ്പിന്നെ, ഈ ലോകത്തിൽ ഒരു നിമിഷംപോലും ജീവി ക്കുക ദുസ്സഹമായിത്തീരുമല്ലോ.

അങ്ങിനെ, പ്രത്യക്ഷത്തിൽ സജീവങ്ങളായ ജീവിത യാഥാർത്ഥ്യങ്ങൾ ഭാഷയിൽ പ്രതിബിംബിച്ചു വരുമ്പോൾ നിർജ്ജീവങ്ങളും അസൽപ്രായങ്ങളുമായിപ്പോകുന്നു. ഈ

പാഴ്‌വേല ചെയ്യലാണ് സാഹിത്യത്തിന്റെ മുഖ്യധമ്മ മെന്നോ! ആലോചനകൊണ്ടു കനം വെയ്ക്കാത്ത വാക്കുകൾ അടക്കമില്ലാതെ കാററത്തു പാറിനടന്നു കണ്ണിലും മൂക്കിലും കേറി ജനദ്രോഹം ചെയ്യുന്നു എന്നുമാത്രമേ അപ്പറയുന്നതിനത്ഥമുള്ളു.

പിന്നെയെന്താണ് സാഹിത്യത്തിലെ ജീവിതയാഥാത്ഥ്യം? ഭൗതികപ്രപഞ്ചത്തിൽ ബാഹ്യദൃഷ്ടിയ്ക്കു പ്രത്യക്ഷങ്ങളും പ്രത്യക്ഷപ്രായങ്ങളുമായ യാഥാത്ഥ്യങ്ങളെപ്പറ്റിയാണല്ലോ മുകളിൽ പറഞ്ഞതു്. അവയെ ആരുമാക്കും കാണിച്ചുകൊടുക്കേണ്ടതില്ല. എന്നാൽ ആ പ്രത്യക്ഷയാഥാത്ഥ്യങ്ങൾക്കു പിന്നിൽ പരോക്ഷമായി എണ്ണമററ യാഥാത്ഥ്യങ്ങൾ അടുക്കടുക്കായി കിടക്കുന്നുണ്ട്—വൈകാരികം, വൈചാരികം, ആദ്ധ്യാത്മികം എന്നിങ്ങിനെ. അവ പലപ്പോഴും പ്രത്യക്ഷയാഥാത്ഥ്യങ്ങൾക്കു വിപരീതമാണെന്നുപോലും വരാം. ആവക പരോക്ഷയാഥാത്ഥ്യങ്ങളാണ് സാഹിത്യത്തിലെ പ്രതിപാദ്യവിഷയം. കാരണം, വിചാരശീലന്മാരും ക്രാന്തദർശികളും ചൂണ്ടിക്കാണിച്ചുകൊടുക്കുമ്പോൾ മാത്രമേ അവ സാമാന്യദൃഷ്ടികൾക്ക് ഒരുനോക്കു കാണാൻ കിട്ടുകയുള്ളു. തലമുടി കഴുത്തിൽ ചുററി മുറുക്കി കൊലചെയ്യപ്പെട്ട ഒരു യുവതിയുടെ ശവം ദൃഷ്ടിയിൽ പെടുമ്പോഴും, ബ്രൗണിങ്ങിന്റെ "പൊർഫീറിയയുടെ കാമുകൻ" എന്ന കൃതി വായിയ്ക്കുമ്പോഴും നമ്മൾ കാണുന്നതു് ഒരേ ഒരു യാഥാത്ഥ്യമല്ല. അങ്ങിനെയൊരു യുവതീശവം കണ്ടാൽ നാം ആ കൊലയാളിയെ ശപിയ്ക്കും; എന്നാൽ പൊർഫീറിയയുടെ കാമുകന്റെ ആ ചെയ്തിയെപ്പററി, അയാൾതന്നെ പറയുംപോലെ, "ഈശ്വരൻപോലും ഇതുവരെ ഒരുവാക്കും പറഞ്ഞിട്ടില്ല."

കുറെക്കൂടി സാധാരണമായ മററൊരുദാഹരണമെടുക്കാം. നിങ്ങൾക്ക് ഒരു യാത്രയിൽ തീവണ്ടിയാപ്പീസിൽ വെച്ചു മൂന്നാംക്ലാസ്സുകാരുടെ ഇരിപ്പുമുറിയിലെ ഒരഴുക്കുമൂക്കിൽക്കിടന്ന് ഒരു മനുഷ്യൻ മരിച്ചുപോകുന്നതു കാണാനിടയായി എന്നു വിചാരിക്കുക. തീർച്ചയായും ആ പ്രത്യക്ഷയാഥാർത്ഥ്യം നിങ്ങളുടെ ഹൃദയത്തെ ഏറെക്കുറെ സ്പർശിച്ചേക്കും. എന്നാലും, എവിടെയും അനാദരിക്കപ്പെട്ടുവാൻ സമ്മതിക്കാത്ത ആ മൃത്യുവിന്റെ മുമ്പിൽ നിങ്ങൾ അനുകമ്പയുടേതായ രണ്ടു വാക്കു സമർപ്പിച്ചു എന്നേ വരൂ. ഒരുവേള കാര്യാന്തരവ്യഗ്രതയാലോ മറേറാ അത്രപോലും നിങ്ങൾ ചെയ്തില്ലെന്നും വരാം. എന്നാൽ ഒരു കവി ആ മൃത്യുവിൽ പരോക്ഷമായി അടങ്ങിയിരിക്കുന്ന കുറെ യാഥാർത്ഥ്യങ്ങളെ എടുത്തുകാട്ടുമ്പോൾ—

"മേലാൾക്കു പൂമ്പട്ടുകിടക്കു തുന്നി-
ക്കൂട്ടുന്നതിന്നാരുടെ കൈ കഴച്ചു,
ഏതോ മരത്തിൻ പൊളിയാണവന്നു
കിടച്ചതാഹന്ത, കിടന്നു ചാവാൻ!"

"കിടാങ്ങളെക്കിഞ്ചന പുല്കുവാനോ,
പിതാക്കൻതൻ തൃക്കഴൽ കൈതൊഴാനോ,
നല്ലാതിമെയ്യോടവസാനയാത്ര-
യുൽബാഷ്പദൃക്കാല്പരചെയ്യുവാനോ
തരപ്പെടാതാത്തരുണൻ..."

എന്നും മററും വർണ്ണിച്ചുകേൾക്കുമ്പോൾ—മട്ടു മാറുന്നു. അതു നിങ്ങളെ ബലാൽ ആകർഷിക്കുകയും കുറച്ചൊക്കെ ചിന്തിപ്പിക്കുകയും ചെയ്യും.

പ്രത്യക്ഷയാഥാർത്ഥ്യത്തിൻെറ തൊട്ടപ്പുറത്തുള്ളതൊന്നാണ് ഈ ഉദാഹരിച്ചത്. ഇവിടുന്നങ്ങോട്ട് ഓരോ

സംഭവത്തിൻേറയും പിന്നിൽ സൂക്ഷ്മതര-സൂക്ഷ്മതമങ്ങളായി ഒട്ടേറെ യാഥാത്ഥ്യങ്ങളുണ്ട്—തത്വജ്ഞാനിയുടെ അദ്വൈതസിദ്ധാന്തത്തോളം ചെന്നെത്തുന്ന യാഥാത്ഥ്യങ്ങൾ. കവികൾ പലപ്പോഴും അതുവരെ ചെന്നെത്താറുമുണ്ട്. ഭൂമണ്ഡലത്തിൽ പ്രഭാതംതോറും അസംഖ്യേയമായി വിരിഞ്ഞു വിലസി വൈകുന്നേരം വാടി വീണു കരിയുന്ന പൂക്കളിലൊന്നിനെ നോക്കിനോക്കി വിചാരിച്ചു വിചാരിച്ചു നമ്മുടെ ഒരു കവി ഇവിടെയെത്തിയല്ലോ:

"ഒന്നല്ലി നാമയി, സഹോദരരല്ലി പൂവേ,
ഒന്നല്ലി കയ്യിഹ രചിച്ചതു നമ്മെയെല്ലാം."

ഈ യാഥാത്ഥ്യാവിഷ്കരണം മനോഹരമായിരിക്കണമെന്നു വേറെ പറയേണ്ടതില്ല. പറയുന്നതെന്തും കലാഭംഗിയോടെ വേണമെന്നതു സാഹിത്യത്തിൻെറ തലയിലെഴുത്താണല്ലോ. മറിച്ച്,

"പ്രാതഃപ്രഫുല്ലമാം പൂവന്തിനേരത്തു
ചേതപ്പെട്ടുംപോലെ മാനുഷജീവിതം."

എന്നിങ്ങിനെ നീതിസാരമട്ടിൽ നൂറുവരി എഴുതിയാലും അത് ആ വാടിക്കരിഞ്ഞ പൂവിൻെറ അവശിഷ്ടംപോലെ നിസ്സാരമായേ വരൂ.

(സാഹിത്യവിദ്യ—ജീവിതയാഥാത്ഥ്യം)

## രസനിഷ്പത്തി

...ലോകസാധാരണമായ രീതിയിലല്ല സാഹിത്യരസത്തിൻെറ അഭിവ്യക്തി. ഒരാൾ മറെറാരാളുടെ നേരെ 'എടാ മൂഢാ വാടാ' എന്നലറുന്നതു കേട്ടാൽ അയാളുടെ ദ്വേഷ്യം നമുക്കനുഭവപ്പെട്ടും—എന്നാൽ അത്തരം കുറേ പഴിവാക്കുകളെ കോർത്തുണ്ടാക്കുന്ന കൃതിയിൽ അത്രമാത്രംകൊണ്ടു രൗദ്രരസം വ്യഞ്ജിയ്ക്കുകയില്ല; ഒരാൾ "അയ്യോ ആവൂ ഈശ്വരാ" എന്നു നിലവിളിയ്ക്കുന്നതു കേട്ടാൽ അയാൾക്കു ദുഃഖമുണ്ടെന്നു നമുക്കനുഭവപ്പെട്ടും—എന്നാൽ അത്തരം കുറേ വിലാപമൊഴികൾ കോർത്തുണ്ടാക്കുന്ന കൃതിയിൽ അത്രമാത്രംകൊണ്ടു കരുണരസം വ്യഞ്ജിയ്ക്കുകയില്ല. ഇതുകൊണ്ടാണ്, നമ്മുടെ പല പഴയ കൃതികളിലും ഭഗവന്നാമമാലയുണ്ടായിട്ടും അവയിൽ ഭക്തിഭാവം വ്യഞ്ജിയ്ക്കുന്നില്ലെന്നും, പല പുതിയ കൃതികളിലും മുതലാളിനിന്ദയും തൊഴിലാളിസ്തുതിയുമുണ്ടായിട്ടും അവയിൽ സാഹിത്യോൽകർഷമില്ലെന്നും പറയപ്പെട്ടുന്നത്. കലാവിദ്യയിലെ രസനിഷ്പത്തി, വിഭാവാനുഭാവവ്യഭിചാരികളുടെ സംയോഗത്താലാണെന്നത്രേ, വികാരജനകങ്ങളായ വാക്കുകളുടെ ആവർത്തനംകൊണ്ടാണെന്നല്ല, ശാസ്ത്രസിദ്ധാന്തം. ഒരുദാഹരണത്തെ മുൻനിർത്തി വിവരിക്കാം:

"ഗീതാന്തരേഷു ശ്രമവാരിലേശൈഃ
കിഞ്ചിൽ സമുച്ഛ്വാസിതപത്രലേഖം
പുഷ്പാസവാഘൂർണ്ണിതനേത്രശോഭി
പ്രിയാമുഖം കിമ്പുരുഷശ്ചുചുംബ."*

കുമാരസംഭവം, 3–8

* പാട്ടുന്നതിന്നിടയ്ക്കൊക്കെ, വിയർപ്പുനീർപ്പൊടിപ്പുകളാൽ പത്തിക്കീററ് ഒട്ടൊട്ടു കുതിർന്നു പുഷ്പാസവപാനത്താൽ കണ്ണുകലങ്ങി വിളങ്ങുന്ന പ്രിയതമയുടെ മുഖത്തെ കിംപുരുഷൻ കടന്നു ചുംബിച്ചു.

ഏന്ന കാളിദാസപദ്യത്തിൽ ഒരൊററച്ചുംബനം കൊണ്ടു രതിഭാവം വ്യഞ്ജിയ്ക്കുമ്പോൾ,

"ശ്ലിഷ്യതി കാമപി, ചുംബതി കാമപി,
കാമപി രമയതി രാമാം,
പശ്യതി സസ്മിതചാരുതരാമപ-
രാമനുഗച്ഛതി വാമാം."*

—ഗീതഗോവിന്ദം, 4-8

എന്നതിലെ ആശ്ലേഷചുംബനാദിപരമ്പരകൊണ്ടുപോലും അതു വ്യഞ്ജിയ്ക്കുന്നില്ല. കാരണം, ആദ്യത്തേതിൽ ഭാവവ്യക്തി വരുന്നത്, മതിയായൊരു വിഭാവവിശേഷത്തോടു—ഗീതശ്രമവാരിലേശാദികളാൽ സവിശേഷം ഉദ്ദീപകമായ പ്രിയാമുഖത്തോടു—ചുംബനരൂപമായ അനുഭാവവിശേഷത്തെ ഉചിതമായി സംയോജിപ്പിച്ചതുകൊണ്ടാണ്; രണ്ടാമത്തേതിൽ കവിയ്ക്കു് അങ്ങിനെയൊരു നോട്ടമേ ഇല്ല. ഇതിൻവിധം വിഭാവാനുഭാവങ്ങളെ (കാര്യകാരണങ്ങളെ എന്നു പറയാം) യഥോചിതം സംയോജിപ്പിയ്ക്കാതെകണ്ടുള്ള കാമപ്രസ്താവങ്ങൾക്കുള്ള പേർ മറെറാന്നാണ്—ശൃംഗാരാഭാസം.

(കൈവിളക്ക്—രസനിഷ്പത്തി: ഭാവശില്പം—ഗീതഗോവിന്ദം)

---

* ഒരുവളെ പുണരുന്നു, ഒരുവളെ മുകരുന്നു, ഒരു രമണിയെ രമിപ്പിയ്ക്കുന്നു, പുഞ്ചിരിക്കൊള്ളുന്ന ഒരു സുന്ദരിയെ നോക്കുന്നു, ഒരു വാമയെ പിൻതുടരുന്നു.

## അത്ഥസംവിധാനം

കവി* അപ്പപ്പോൾ കയ്യിൽപ്പെട്ട വിഷയവുമെടുത്തു വന്നപാട്ട കവിതയെഴുതി എന്നല്ലാതെ, അതുകൊണ്ടു നമ്മെ വല്ലതും മനസ്സിലാക്കണമെന്നുദ്ദേശിച്ചിട്ടില്ല; തൻെറ പക്കലുള്ള മനോഹരപദങ്ങളേയും അലങ്കാരകല്പനകളേയും നമ്മെ കേൾപ്പിയ്ക്കണമെന്നതിൽക്കവിഞ്ഞ് ഒന്നും കവി കരുതിയിട്ടില്ല. നാമാ കേട്ടതാകട്ടെ, "ചെവിയിൽ വീണു ചെവിയിൽത്തന്നെ വററുന്നു."

കവിതയ്ക്ക് ഇതു പോരാ എന്നു പറവാൻ ആക്കും അധികാരമില്ല; അതു മതി എന്നു വിശ്വസിയ്ക്കുന്നവർ പലരുമുണ്ടുതാനും. എന്നാൽ മഹാന്മാരായ കവികൾ ചെയ്യുന്നത് അങ്ങിനെയല്ല എന്നു തീർത്തുപറയാം. അവർ നമ്മെ വല്ലൊരുകാര്യവും മനസ്സിലാക്കുവാൻവേണ്ടിയാണ് കവിതയെഴുതാനൊരുമ്പെട്ടുന്നത്. ആ മുഖ്യകാര്യം അങ്ങു വെട്ടിത്തുറന്നുപറകയല്ല, അതിലെത്തിയാലേ നമ്മുടെ ഉള്ളുണ്ടു ശമിയ്ക്കു എന്നു വരത്തക്കവണ്ണം മററത്ഥങ്ങളെ ഘടിപ്പിച്ചു നമ്മുടെ ചിത്തവൃത്തികളെ ഇളക്കിവിട്ടുകയാണ് അവർ ചെയ്യുക: ഭൌതികജീവിതത്തിൻെറയും ചിന്താലോകത്തിൻെറയും പല ഭാഗത്തുനിന്നും പലതുമെടുത്ത് യൌക്തികമായും പരഭാഗശോഭയോട്ടുകൂടിയും വിന്യസിയ്ക്കുക എന്ന ഈ നിമ്മാണശില്പത്തിന്ന് 'അത്ഥസംവിധാനം' എന്നു പേർ പറയട്ടെ. (സംസ്കൃതാലങ്കാരികന്മാർ സന്ധിസന്ധ്യംഗാദി വിവരണംകൊണ്ട് ഇതാണ് കുറിയ്ക്കുന്നതെന്നു ഞാൻ വിചാരിയ്ക്കുന്നു.) ആ അത്ഥസംവി

---

* "പുഷ്പവൃഷ്ടിയിൽ" ശ്രീ. വെണ്ണിക്കുളം.

ധാനത്തിൻെറ ഘടനാവൈശിഷ്ട്യംമൂലം നാം, കവിയുടെ സമർത്ഥനത്തിൽ എത്തുന്നതിനുമുമ്പുതന്നെ, അതിനാൽ അപഹൃതചിത്തരായിച്ചമയുന്നു.

(കൈവിളക്ക്—അർത്ഥസംവിധാനം: രൂപശില്പം—പുഷ്പവൃഷ്ടി)

★

നാം ജീവിതപ്രശ്നങ്ങളുടെ മുമ്പിൽ കയ്യും കാലും കുഴഞ്ഞ് അവശരായി വീഴുമ്പോൾ, അതൊക്കെ മറപ്പിച്ചുകളയുന്നതല്ല, ആ പ്രശ്നത്തെപ്പററിത്തന്നെ ചിന്തിപ്പാനും പോംവഴി കാണുവാനും തക്ക കരുത്തും കഴിവുമുണ്ടാക്കുന്നതാണ് ഏററവും നല്ല കവിത എന്നു ഞാൻ കണ്ടു.

(പലതും പലതും—എനിക്കു് ഏററവും ഇഷ്ടപ്പെട്ട കവി)

## കവിയും സിദ്ധാന്തങ്ങളും

വാസ്തവത്തിൽ, സുസ്ഥാപിതങ്ങളും ചിരന്തനങ്ങളുമായ ചില സിദ്ധാന്തങ്ങളെ—ആസ്തികതയായാലും മാർക്സിസമായാലും— മുന്നിൽ നിരത്തിവെച്ചിരിക്കുകയാണോ കവികളുടെ കുലവൃത്തി? അതോ, വായനക്കാരുടെ ഹൃദയങ്ങളെ ഉഴുതുമറിച്ച് ഏതുൽകൃഷ്ടസിദ്ധാന്തത്തെയും കാക്കുന്നതക്ക ചോദ്യങ്ങളെ നട്ടുവളർത്തുകയോ? മനുഷ്യമനസ്സ് അതാതു പരിസ്ഥിതിയിലും പാരമ്പര്യത്തിലും കുടുങ്ങിക്കിടന്ന് ആലോചനാശൂന്യമായി കഴിയുകയാണു്; അതിൻെറ ആ കെട്ടുപാടുകളെ അഴിച്ചുകൊടുത്ത് ആലോചനകളെ, ചോദ്യങ്ങളെ, വിളിച്ചുണർത്തിവിടുകയാണ് കവി ചെയ്യേണ്ടത്; അത്രയേ വേണ്ടുതാനും. സ്വന്തം ആലോചനകളെ മററൊരാൾ അയാൾക്കു തോന്നിയേടത്തു കൊണ്ടുപോയി കെട്ടിയിടുന്നതിനെ പൊറുത്തുകൊള്ളുന്നവനല്ല 'മനനശീലനായ' മനുഷ്യൻ. അങ്ങേ അററം, കവി ഒരു സിദ്ധാന്തപക്ഷം സ്ഥാപിക്കുകയാണെങ്കിൽത്തന്നെ, അവിടെയല്ല അയാളുടെ വിജയധ്വജം നാട്ടേണ്ടത്; ആ സിദ്ധാന്തപക്ഷത്തിലെത്താതെ നിവൃത്തിയില്ലെന്നു വരുമാറ് അയാൾ വായനക്കാരുടെ എതിർചിന്തകളുമായി യുദ്ധം വെട്ടിയേടത്താണ്. മഹാഭാരതത്തിൻെറ ഒടുവിൽ 'ഭാരതസാവിത്രി' എന്ന ആ നാലു ശ്ലോകമെഴുതിയതുകൊണ്ടല്ല വ്യാസൻ കവിയായത്, ആ തത്ത്വോപദേശങ്ങളെ ഉൾക്കൊള്ളാറാകത്തക്കവണ്ണം ആയിരമായിരം ശ്ലോകങ്ങൾകൊണ്ടു മനുഷ്യഹൃദയത്തെ അതിൻെറ ഗ്രന്ഥികളെല്ലാം അഴിഞ്ഞുപോമ്മാറു മഥിച്ച് അതിൽ പടന്നുപിടിക്കുന്ന പല ആലോചനകളെ കിളപ്പിച്ചുവിട്ടതുകൊണ്ടാണ്.

(രാജാങ്കണം—നമ്മുടെ വിധുരവിലാപകാവ്യങ്ങൾ, 1945 ജനവരി)

## ഭാവവും രൂപവും

ഭാവരൂപങ്ങൾ ഇങ്ങിനെ വേർതിരിച്ചു പറയാവുന്ന രണ്ടു വസ്തുക്കളല്ല—വിശകലനസൌകര്യത്തിന്നു വേണ്ടി വേർതിരിച്ചു പറയാമെന്നേ ഉള്ളൂ. ഒരു കവിതയെടുത്ത് അതിലെ ഭാവമിന്നത് രൂപമിന്നത് എന്ന് അറുത്തുമുറിച്ചു പങ്കിടുക വയ്യ. പലപ്പോഴും ഭാവംതന്നെ രൂപം, രൂപംതന്നെ ഭാവം എന്നുവരും. ഒരു വാക്യം, ഒരു വാക്ക് എന്നിവപോലും ഭാവത്തെ—കവിയുടെ അന്തസ്സു ബാലിശത്വം മുതലായവയെ—വെളിപ്പെടുത്തുന്നവയായിരിക്കും. ഒരേ മൂലകൃതിക്കു രണ്ടാൾ ചെയ്ത തർജ്ജമകളെടുത്തു സൂക്ഷിച്ചുനോക്കുക. കാവ്യത്തിൻെറ ഭാവമാകെ മറെറാരു കവിയുടേതായിരുന്നിട്ടും, ഈ വിവർത്തകന്മാർക്കുള്ള ആത്മഭാവങ്ങളുടെ ഭേദംനിമിത്തം ആ തർജ്ജമകൾ നമ്മളിലുണ്ടാക്കുന്ന ഭാവങ്ങൾക്കു വ്യക്തമായ അന്തരം കാണും. ഭാവത്തിന്നുൽകർഷമില്ലാത്ത കവി രൂപവിധാനത്തിൽ എന്തു പാടുപെട്ടിട്ടും കാര്യമില്ല, അയാൾ ഒന്നനങ്ങിയാൽ അയാളുടെ ഭാവം വെളിപ്പെടുകതന്നെ ചെയ്യും. രൂപവിധാനത്തോളംമാത്രം ചെല്ലുന്ന കണ്ണുകൾ ആ ഭാവത്തെ കണ്ടു എന്നു വരില്ലെന്നേ ഉള്ളൂ.

അതിനാൽ കവിയുടെ ഭാവമാണ് സാഹിത്യത്തിൽ സർവ്വപ്രധാനമായ കാര്യം. ബാക്കിയേതും ഇതിനെ അപേക്ഷിച്ച് ഉൽകൃഷ്ടവുമാകാം, അപകൃഷ്ടവുമാകാം. പാശ്ചാത്യസാഹിത്യങ്ങളിൽനിന്നിറക്കുമതി ചെയ്തു നമ്മുടെ ചില നിരൂപകന്മാർ കൊണ്ടുനടന്നു വില്ക്കുന്ന ഏത് 'ഇസ'വും നല്ലതോ ചീത്തയോ ആകുന്നത്, അതുപയോഗപ്പെടുത്തുന്ന കവിയുടെ ആത്മഭാവമനുസരിച്ചിരിക്കും; സംസ്കൃതസാഹിത്യത്തിൽനിന്നു പെറുക്കിയെടുക്കാവുന്ന ഏതുല്ലേഖരീതി

യുടെ കഥയും ഇതുതന്നെ. അലങ്കാരശാസ്ത്രവ്യവസ്ഥയനുസരിച്ച് ഉത്തമനായകന്മാർ എന്നു പറയാവുന്ന പല കൃതികളിലേയും കഥാപാത്രങ്ങൾ നമുക്കിന്ന് അരോചകമായിട്ടുള്ളത് നമുക്കൊക്കെ നന്മയോട് മടുപ്പു വന്നിട്ടല്ല, അവ നന്നായിക്കാണിക്കത്തക്ക ആത്മഭാവം ആ കവികൾക്കില്ലാഞ്ഞിട്ടാണ്.

(കൈവിളക്ക്—നിരൂപണപ്രപഞ്ചം:സങ്കേതങ്ങൾ—കാവ്യപീഠിക)

★

...അർത്ഥപ്രതീതി ജനിപ്പിയ്ക്കാൻ വേണ്ടതിൽ കവിഞ്ഞ പദപ്രയോഗം കലയിൽ എപ്രകാരം ത്യാജ്യമോ, അപ്രകാരം ആസ്വാദകനു വസ്തുപ്രതീതി ജനിപ്പിയ്ക്കാൻ വേണ്ടതിൽ കവിഞ്ഞ യാഥാതഥ്യവും ത്യാജ്യമത്രേ.

(ദന്തഗോപുരം—റിയലിസം നാടകത്തിൽ)

## സാഹിത്യനിരൂപണം

ഒരു നിരൂപണം ഗ്രന്ഥത്തിനുള്ള പ്രശംസയോ അഭിശംസയോ എന്നതു നിസ്സാരകാര്യമാണ്. അതു നിരൂപകനുതന്നെ പ്രശംസയാകുന്നുണ്ടോ അഭിശംസയാകുന്നുണ്ടോ എന്നേ നോക്കേണ്ടൂ. അതായത്, അതു നിരൂപകന്റെ അഭിപ്രായാദർശങ്ങൾക്കു ഭംഗിയായി പ്രതിനിധീഭവിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ് കാര്യം. കവിയുടെ പഠിപ്പും അനുഭവങ്ങളും ചിന്താശക്തിയും ആദർശവുമെല്ലാം പോയ വഴിക്കോ അതിന്നടുത്തുകൂടിയോ ആണ് സഹൃദയന്റേയും വഴിയെങ്കിൽ, നിരൂപണം ഗ്രന്ഥത്തിനും കുറെയൊക്കെ പ്രതിനിധീഭവിക്കുന്നു എന്നുവരാം. പക്ഷേ ആ യാദൃശ്ചികത്വം ഒരു കണക്കിലും നിരൂപണത്തിനു പ്രമാണമല്ല. ഗ്രന്ഥത്തിനു പ്രതിനിധീഭവിക്കുക എന്നതു വ്യാഖ്യാനത്തിന്റെ മാർഗ്ഗമാണ്. അതിനെപ്പററി വഴിയേ പറയാം.

പക്ഷേ ഇങ്ങിനെയൊന്നുമല്ല നിരൂപണത്തെപ്പററി പലരുടേയും ധാരണയും പ്രചാരവേലയും. "കൃതികളുടെ ഗുണദോഷങ്ങളെ നിഷ്പക്ഷബുദ്ധിയോടേ വേർതിരിച്ചു കാണിച്ച്, ഇന്നതു നല്ലത്, ഇന്നതു ചീത്ത എന്നു വിധിച്ചു സൽഗ്രന്ഥങ്ങളെ പ്രചരിപ്പിക്കുകയും ദുർഗ്രന്ഥങ്ങളെ നിരോധിക്കുകയും ചെയ്യുകയാണ് യഥാർത്ഥനിരൂപകന്റെ ധർമ്മം" എന്നു പറഞ്ഞു പിടിപ്പിച്ച് "അങ്ങിനെ സ്വധർമ്മം നിറവേററുന്ന നിരൂപകന്മാരെ ഇന്നു കാണുന്നില്ലല്ലോ" എന്നു ചിലർ വിഷാദിക്കുന്നതു കാണാം.

സാഹിത്യകൃതികളെ വിചാരണചെയ്ത് അപ്പീലി

ല്ലാത്ത വിധിയെഴുതാൻ പോന്ന നിരൂപകൻ എന്നൊരത്ഭുതസൃഷ്ടി ഇന്നോളം ഉണ്ടായിട്ടില്ല. ഇനിയുണ്ടാവുമെന്നും തോന്നുന്നില്ല. തൻേറടമുള്ള യാതൊരു നിരൂപകനും ആ വിധികർത്തൃത്വം കൊതിച്ച് എഴുതാൻ തുടങ്ങരുത്; എഴുതിയാൽ ആരും അയാളെ വകവെക്കാൻ പോകുന്നുമില്ല. ഉദാഹരണം വേണമോ: സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള സി. വി. രാമൻപിള്ളയുടെ കൃതികളെ വളരെയൊക്കെ അധിക്ഷേപിച്ചിട്ടുണ്ടെന്നു കേട്ടിട്ടുണ്ട്; സാഹിത്യപഞ്ചാനനൻ പി. കെ. നാരയണപിള്ള കുമാരനാശാൻെറ കൃതികളേയും കുറേ അധിക്ഷേപിച്ചിട്ടുണ്ട്. എന്നിട്ട ലോകം ആ വിധികളെ അംഗീകരിച്ചുവോ? സി. വി. കൃതികളും ആശാൻകൃതികളും ഇന്നും ആരാധിക്കപ്പെടുന്നു, വീണ്ടും നാനാമുഖേന നിരൂപണം ചെയ്യപ്പെടുന്നു. അവയെ ഈ രണ്ട പ്രസിദ്ധനിരൂപകന്മാർ എങ്ങിനെ ആസ്വദിച്ചു എന്ന നിലയ്ക്കുമാത്രമേ, ഇവരുടെ നിരൂപണങ്ങൾക്കു വല്ല വിലയും ഉണ്ടെങ്കിലുള്ളു. അത്രമാത്രമേ ഏതു നിരൂപകനും ആശിയ്ക്കേണ്ടതുമുള്ളു.

കുറച്ചുകൂടി ഇങ്ങോട്ടു പോന്നാൽ മറെറാരുദാഹരണം: പരേതനായ എം. ആർ. നായർ (സഞ്ജയൻ) കേരളക്കരയിലുണ്ടായ നിരൂപകന്മാരിൽ അഗ്രേസരനും ഫലിതസാഹിത്യസമ്രാട്ടുമാണെന്നാണല്ലോ വെപ്പ്. അദ്ദേഹം മലയാളസാഹിത്യത്തിൽ ചങ്ങമ്പുഴക്കവിത എന്നൊന്നു കുരുപ്പെട്ടതുമുതൽ അതിനെ അടിയ്ക്കടി അപഹസിച്ചധിക്ഷേപിച്ച് അടിച്ചമർത്തിപ്പോന്നു—തൻെറ അകാലദേഹവിയോഗംവരെ. എന്നിട്ടുണ്ടായതോ—ചങ്ങമ്പുഴക്കവിത എന്നു കേട്ടാൽ കേരളീയരൊക്കെ ചെവിപൊത്തിത്തുടങ്ങുകയാണോ ഉണ്ടായത്? ഒന്നു കണ്ണുമിഴിച്ചു നോക്കി പറയൂ, അതുതന്നെയാണോ ഉണ്ടായത്? അല്ല

എങ്കിൽ, "രാഷ്ട്രീയവും ദാർശനികവും കലാപരവും സാമ്രാജ്യികവുമായ പല മേഖലകളിലും നിരൂപകബുദ്ധിയെ ബഹുമുഖമായി പ്രസരിപ്പിച്ചു പോന്ന" ആ സഞ്ജയനും പോലും ദുർലഭമായ വിധികർത്തൃത്വത്തെ മററു വല്ല നിരൂപകനും കിനാവിലെങ്കിലും ആശിക്കേണമോ!

നിരൂപകൻ നിഷ്പക്ഷമതിയായിരിക്കണമെന്ന ഉപദേശം നന്ന്. നിരൂപകൻ മാത്രമല്ല മനുഷ്യരായിജ്ജനിച്ചവരൊക്കെ സ്വീകരിക്കേണ്ടുന്ന ഒരുപദേശം തന്നെയാണത്. ഇതുപോലെ, മനുഷ്യത്വത്തിനു വേണ്ടതായിഗ്ഗണിച്ചിട്ടുള്ള എല്ലാ വിശിഷ്ടഗുണങ്ങളും നിരൂപകന്മാർക്കും ഉപദേശിച്ചു കൊടുക്കാവുന്നവതന്നെ.

II

നിരൂപകത്വത്തിന്റെ അവശ്യഘടകമായി എപ്പോഴും ഉറക്കെയുറക്കെ എടുത്തെടുത്തു പറയാറുള്ള ഒരു ഗുണം പിന്നെ നിഷ്പക്ഷതയാണ്. വിധികർത്താക്കളെ സംബന്ധിച്ചേടത്തോളം, അങ്ങിനെയൊന്നു പറയുന്നത് ഒരു പക്ഷേ യുക്തമാവാം. എന്നാൽ, മുമ്പുദാഹരിച്ചതുപോലെ നിരൂപകൻ ഒരിക്കലും വിധികർത്താവാവലില്ല. അയാൾ ഒരഭിഭാഷകൻ മാത്രമാണ്. നിരൂപകൻെറ സ്വന്തം പക്ഷപാതത്തെ ആവിഷ്കരിക്കാനല്ലാതേകണ്ട് ഒരു നിരൂപണവുമില്ല. കൂട്ടത്തിൽ ചിലർ നിഷ്പക്ഷതാനാട്യം നടിക്കാറുണ്ടെങ്കിൽ, അതവർ സ്വപക്ഷപാതത്തോടു കാണിക്കുന്ന വഞ്ചനമാത്രമാണ്. ഈ നിഷ്പക്ഷതാനാട്യം ചിലപ്പോൾ വിനയനാട്യത്തിലും കവിഞ്ഞതായി കണ്ടിട്ടുണ്ട്.

ഇതിൻെറ നേക്കു, തീർച്ചയായിട്ടും, ആ നിഷ്പക്ഷതാവാദികളുടെ വക ഒരാക്രമണമുണ്ടാവണമല്ലോ—ഉണ്ടാ

യിട്ടുമുണ്ട്. ഒരിടത്ത് ഉള്ള ഗുണം കാണാസ്സയും ഇല്ലാത്ത ദോഷം കാണുകയും, മറെറാരിടത്ത് അതു രണ്ടും മറിച്ചു കാണുകയും ചെയ്യുന്നതാണ് പക്ഷപാതം; അതാണ് അരുതെന്നു പറയുന്നത് എന്നൊരാൾ (മംഗളോദയത്തിൽ ശ്രീ. കുററിപ്പുഴ). അദ്ദേഹത്തിൻെറ ഭാവം, സാഹിത്യത്തിൽ ഗുണമിന്നത് ദോഷമിന്നത് എന്നു തീർച്ചപ്പെട്ട് തയാറായിരിപ്പുണ്ട്; നിരൂപകൻ അതെടുത്തു വിഴുങ്ങുകയേ വേണ്ടൂ എന്നാണ്. പക്ഷേ, ഭാഗ്യവശാലോ ദൌർഭാഗ്യവശാലോ ഇന്നുവരെ യാതൊന്നും തീർച്ചപ്പെട്ടിട്ടില്ല. ഒരാൾ ഒന്നു ഗുണമായി വിചാരിച്ചാൽ, തൊട്ടപ്പുറത്തുണ്ട് അതു ദോഷമാണെന്നു വിചാരിക്കുന്ന ആൾ. ആശാൻെറ 'നളിനി'യിലെ

"സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും
ചന്തമാർന്നരുളി നില്ക്കുമോമലേ,
ഹന്ത, ധന്യമിഹ നിൻെറ ജീവിതം"

എന്ന ശ്ലോകം, ഭർത്താവിനോടൊപ്പം ഒരു കാമുകനുകൂടി ഭോഗവിഷയമായ ഒരു സ്ത്രീയിൽ ധന്യത കാണുകയാൽ നിന്ദ്യമാണെന്നൊരാൾ; നളിനിയുടെ സൂക്ഷ്മതമമായ അന്തർഗ്ഗതത്തെ—തൻെറ ഈശ്വരയോഗനിഷ്ഠയോടൊപ്പം തന്നിൽ പ്രേമമുൾക്കൊള്ളുന്ന വല്ലഭന്ന് ആത്മസമർപ്പണം കൂടി ചെയ്തുകൊള്ളുവാനുള്ള ഗാഢാഭിലാഷത്തെ—ആവിഷ്കരിക്കുന്ന ആ ശ്ലോകം ഒരു സാഹിത്യരത്നമാണെന്നു മറെറാരാൾ. ഇതുപോലെ, പത്തോ നൂറോ ആണോ ഉദാഹരണം! അല്ലാ, ആയിരമായിരം! അപ്പോൾ, ഈ നിഷ്പക്ഷതാവാദത്തിനർത്ഥം, ഒരാൾ ഗുണവും ദോഷവുമായി വിചാരിക്കുന്നവയെ മററാരും മറിച്ചു വിചാരിച്ചു പോകരുതെന്ന ഉഗ്രശാസനമാണ്!

മറെറാരു നിഷ്പക്ഷതാവാദി പറയുന്നു: കലയെസ്സംബന്ധിച്ച പരമവും സവ്വസമ്മതവുമായ ചില സത്യങ്ങളുണ്ടെന്നും, നിരൂപകൻ തന്റെ എല്ലാ പക്ഷപാതങ്ങളും അടക്കിപ്പിടിച്ച് ആ ശാശ്വതസത്യങ്ങളെ മുൻനിർത്തി അവയുടെ വെളിച്ചത്തിൽ വേണം കലാകൃതികളെ നിരൂപണം ചെയ്യാൻ എന്നും ('സുവർണ്ണഹാര'ത്തിൽ ശ്രീ ഗോവിന്ദൻകുട്ടിനായർ). തൊട്ടപ്പുറത്തു, മറ്റൊരു സാഹിത്യകലാകോവിദൻ ഇരുന്നു പറയുന്നു: "കവിക്കും നിരൂപകന്നും സ്വീകരിക്കാൻ തക്ക ഒരു സനാതനലാവണ്യനിയമസംഹിത ഇല്ലേ ഇല്ല" എന്ന് ('പ്രസന്നകേരള'ത്തിൽ ശ്രീ എ. ബാലകൃഷ്ണപിള്ള). ഇവിടെത്തന്നെയിതാ, ധ്രുവാന്തരമുള്ള രണ്ടു പക്ഷം. ഇവയിൽ നിങ്ങൾ ഏതെടുക്കും? നിങ്ങളുടെ നൈസർഗ്ഗികവും ആർജ്ജിതവുമായ സംസ്കാരത്തിനൊത്തവണ്ണം—അഥവാ, ഈ രണ്ടാലൊരു പക്ഷം പറഞ്ഞ ആളോടു നിങ്ങൾക്കു മുമ്പേ ഉള്ള മതിപ്പിനൊത്തവണ്ണം— അവയിലൊരു പക്ഷത്തോടു നിങ്ങൾക്കൊരു ചായ്‌വുണ്ടാവുന്നു. അതാ, നിങ്ങൾ പക്ഷപാതിയാവുക കഴിഞ്ഞു. പിന്നെ ആ പക്ഷപാതത്തിലൂടെ മാത്രമേ നിങ്ങൾക്കു പുരോഗമിപ്പാൻ കഴിയൂ.

ഇനി, ഈ മൌലികകാര്യത്തിൽത്തന്നെ മൂന്നാമതൊരു പക്ഷം: സാർവ്വകാലികവും സാർവദൈശികവുമായ ചില കലാസത്യങ്ങളുണ്ടെന്നതു വാസ്തവംതന്നെ; പക്ഷേ, അടുത്ത പീടികയിൽചെന്നു വാങ്ങിക്കൊണ്ടുപോരാൻ കിട്ടുന്ന സാധനങ്ങളല്ല അവ. "വിഭാവാനുഭാവസഞ്ചാരിസംയോഗാദ്രസനിഷ്പത്തിഃ" എന്ന ഭാരതസൂത്രവും "കാവ്യസ്യാത്മാ ധ്വനിഃ" എന്ന ആനന്ദവർദ്ധനസൂക്തവും മററും ആ ശാശ്വതസത്യങ്ങളുടെ പ്രഖ്യാപനങ്ങൾതന്നെ, സംശ

യമില്ല. പക്ഷേ, അവയും അവയുടെ വ്യാഖ്യാനങ്ങളും ഉരുവിട്ടുവെച്ചതുകൊണ്ട് ഒരു ഫലവുമില്ല. അചിന്ത്യപ്രഭാവങ്ങളായ ചില മന്ത്രങ്ങൾ സിദ്ധിവരുത്തുവാൻ, അവയുടെ ഋഷിയും ഛന്ദസ്സും ന്യാസവും ധ്യാനവും പഠിച്ചുവെച്ചതുകൊണ്ടായില്ല, ദീർഘകാലത്തെ ഉപാസനതന്നെ വേണമല്ലോ. അതുപോലെ, ഭരതാദിനിർദ്ദിഷ്ടമായ ഈ സാഹിത്യോപനിഷത്തു കണ്ടുകിട്ടുവാൻ പലകാലം ഏകാന്തശ്രദ്ധയോടേ ഗഹനമായ സാഹിത്യാധ്വാവിലൂടേ സഞ്ചരിക്കണം. ആ തീർത്ഥയാത്രയിൽ നിങ്ങൾക്ക് ഒരൊററ നേതാവേ ഉള്ളു: സാഹിത്യലോകത്തിലെ പക്ഷഭേദങ്ങളിൽ ഏതാനും ചിലതിനോട്, അല്ലെങ്കിൽ അവ പ്രതിനിധീഭവിക്കുന്ന മഹാവ്യക്തികളോട്, നിങ്ങൾക്കുണ്ടാവുന്ന ചായ്‌വുമാത്രം. പലപ്പോഴും ആ പക്ഷമാണ് കലയുടെ ശാശ്വതസത്യം എന്നുപോലും നിങ്ങൾക്കു വിചാരിക്കാനിടവരും. ഏതായാലും നിങ്ങളുടെ മനസ്സാക്ഷി കാണിക്കുന്ന ആ വെളിച്ചത്തിലൂടെമാത്രമേ നിങ്ങൾക്കു മറേറതു പരമലക്ഷ്യത്തിലും എത്തിച്ചേരാൻ സാധിക്കൂ.

... ... ...

"സാഹിത്യനിരൂപകന്മാരൊക്കെ ഇങ്ങിനെ പക്ഷപാതികളായാൽ, അവർ മുഖേന കാവ്യത്തിൻെറ ഗുണദോഷമറിവാൻ കാത്തിരിക്കുന്ന സാധാരണക്കാർ വഴി പിഴപ്പിക്കപ്പെടില്ലേ? അതിനുമാത്രം അവരെന്തു പിഴച്ചു?" എന്ന് ഒരു ചോദ്യം കേൾക്കുന്നു. മറുപടി എളുപ്പമാണ്: ഒരൊററ മനുഷ്യജീവിയുമില്ല അങ്ങിനെ നിരൂപകമുഖം നോക്കിയിരിക്കുന്നവനായിട്ട്. ഓരോരുത്തനും സ്വസ്വപക്ഷപാതങ്ങൾ ചൂണ്ടിക്കാണിക്കുന്ന വഴിയി

ലൂടേ പുരോഗമിയ്ക്കുകയാണ്; ആ ഗതിയിൽ എതിരേ കണ്ടെത്തുന്ന അനുകൂലങ്ങളും പ്രതികൂലങ്ങളുമായ ഇതരപക്ഷപാതങ്ങളെക്കൊണ്ട് സ്വപക്ഷത്തിനു കരുത്തിയററുക മാത്രമേ ചെയ്യുന്നുള്ളു. സാധാരണക്കാർ ഏതു വമ്പൻ നിരൂപകനേയും ഏറെയൊന്നും വകവെയ്ക്കുന്നില്ലെന്നതിലേയ്ക്ക് ഉദാഹരണങ്ങൾ മുമ്പുതന്നെ പറഞ്ഞുകഴിഞ്ഞു.

അതുകൊണ്ട് 'ലോകത്തെ ഒരടിയ്ക്കു നന്നാക്കിക്കളയാ'മെന്നുവെച്ച് ആരും നിഷ്പക്ഷതക്കുപ്പായവുമിട്ടു നടക്കേണ്ട. നിങ്ങൾക്ക് ഏതേതു കവിയിലും കാവ്യത്തിലും ആശയസംഘാതത്തിലും ഗുണം കാണുവാൻ സാധിയ്ക്കുന്നുവോ, ആ ഗുണം അന്യരുടെ ദൃഷ്ടിയിൽ ദോഷമാണെങ്കിൽക്കൂടി, അവയുടെ പക്ഷത്തിലേയ്ക്കു ചാഞ്ഞു നിന്നു കൊള്ളുക; ആ ഗുണപക്ഷപാതത്തെ തുറന്നു സമ്മതിച്ചു കൊള്ളുക; അതിനുവേണ്ടി പടവെട്ടിക്കൊള്ളുക.

"എന്നിരിയ്ക്കിലും, ചിലർ ചിലരെ വാഴ്ത്താറുള്ളതു പോലെ, വ്യക്തിപരമായ നിസ്സംഗതത്വത്തോടേ (Detachment)വസ്തുമാത്രനിഷ്ഠമായി ചിന്തിച്ചു നിരൂപണം ചെയ്തു കൂടേ?" തുലോം അസാധ്യമാണ്. എന്തുകൊണ്ടെന്നാൽ ആൎക്കും തന്റെ വ്യക്തിപരമായ കഴിവിന്നും അഭിരുചിയ്ക്കു മൊത്തവണ്ണമേ ഒരു കലാവസ്തുവിനെ കാണുവാനും ആസ്വദിപ്പാനും സാധിയ്ക്കു. അതനുസരിച്ചേ എഴുതുവാനും സാധിയ്ക്കു. ഏങ്കിലും ഒരാൾ സ്വപക്ഷപാതത്തെ ആവുന്നത്ര ഒതുക്കി, വസ്തുസ്വരൂപം മാത്രം വിവരിയ്ക്കാൻ നോക്കുകയാണെങ്കിൽത്തന്നെ, അതിനു വ്യാഖ്യാനമെന്ന പേരാണുചിതം, നിരൂപണമെന്നല്ല. ഏതെങ്കിലും ഒരു കൃതിയെടുത്തു പഴയരീതിയിൽ വിഭാവാനുഭാവാദികൾ ഇന്നിന്നവ, സന്ധിസന്ധ്യംഗാദികൾ ഇന്നിന്നവ, രീതി ശയ്യാ

പാകാദികൾ ഇന്നിന്നവ എന്നിങ്ങിനെ സമസ്തമായും ഇന്നിന്ന പദ്യങ്ങളിൽ ഇന്നിന്ന അലങ്കാരങ്ങളും വ്യംഗ്യങ്ങളും എന്നിങ്ങിനെ വ്യസ്തമായും വിവരിയ്ക്കുന്നതും; പുതിയ രീതിയിൽ റിയലിസം, സിംബോളിസം, മിസ്റ്റിസിസം, ലഘ്വാക്ഷേപഹാസം, ഉഗ്രാക്ഷേപഹാസം, ഡെപ്ത്, വികാരാത്മകത മുതലായ പാശ്ചാത്യസങ്കേതങ്ങളെ വാരിവിതറി വിവരിയ്ക്കുന്നതുമെല്ലാം വ്യാഖ്യാനമെന്ന പേരിനെയാണ് അർഹിയ്ക്കുന്നത്.

(സാഹിത്യവിദ്യ—നിഷ്പക്ഷനിരൂപണം)

## നൈഷധീയചരിതം

### (ഒരു മഹാകാവ്യത്തിലെ ഔചിത്യഭംഗങ്ങൾ)

നളൻെറ പ്രണയദൂതനായ ഹംസത്തെ ഒരു വിദഗ്ദ്ധനായി ചിത്രീകരിപ്പാൻ ശ്രീഹർഷൻ ശ്രമിയ്ക്കായ്കയില്ല; നമ്മോക്തികളെക്കൊണ്ടു കന്യകയുടെ ആഭിമുഖ്യം സമ്പാദിച്ചു, പ്രാസംഗികമെന്ന ഭാവത്തിൽ കാമുകൻെറ ഗുണങ്ങളെ പ്രശംസിച്ച്, അവളുടെ ഹൃദയത്തെ വശീകരിപ്പാൻ ശ്രമിയ്ക്കുക എന്നുള്ളേടത്തോളം അതു വിജയോന്മുഖമായി നടത്തിയിട്ടുമുണ്ട്.

എന്നാൽ, താമസിയാതെ ആ വൈദഗ്ദ്ധ്യമെല്ലാം കൈവിട്ട് ആ ഹംസം, കന്യകയെ ലജ്ജാവിവശയാക്കി തിരിഞ്ഞോടിയ്ക്കാൻ മതിയായ വത്തമാനങ്ങൾ പറഞ്ഞു തുടങ്ങുന്നു: ''ഞങ്ങൾ മഹാമേരുവിൽ നിന്നിറങ്ങിച്ചെന്നു വില്ലാററിൻനീർത്തുള്ളികൾ ചിന്നിയ ചാമരോപമങ്ങളായ ചിറകുകളെക്കൊണ്ട് ആ നളനുപന്നു രതികേളികാലത്തു വീശിക്കൊടുക്കാറുണ്ട്.'' (III-22) പിന്നാലെ ഇതിലും കവിഞ്ഞ ഗ്രാമ്യോക്തികളും വരുന്നു. (III-34)

ഇതിലും, തുടന്നു 41-45 ശ്ലോകങ്ങളിലും നളനിപ്പോൾ പല ഭാര്യമാരുണ്ടെന്നുപന്യസിച്ചിട്ടുള്ളത് ആ പ്രണയദൂതനെ പാമരപ്രായനാക്കിയിരിയ്ക്കുന്നു. ഒന്നാമതു നളന്നന്ന് ഒരു ഭാര്യയും ഉണ്ടായിരുന്നില്ല; ഉണ്ടെന്ന്, ഒന്നാം സർഗ്ഗത്തിൽ നായകനെ സവിസ്തരം വർണ്ണിയ്ക്കുന്ന ഈ കവി തന്നെയും പറയുന്നില്ല. എന്നല്ല, ദമയന്തിയ്ക്കുള്ള സൗന്ദര്യാദിഗുണങ്ങളെ കേട്ടപ്പോൾമാത്രമാണ് നളൻ കാമാധീനനായിത്തുടങ്ങിയത് എന്നു വിസ്തരിയ്ക്കുന്ന ഭാഗത്തിനു,

നളൻ അതിനു മുമ്പോ പിമ്പോ അന്യയെ കാമിച്ചിട്ടില്ലെന്നുവരെ താല്പര്യവുമുണ്ടല്ലോ. ഇനി മറിച്ചാണെങ്കിൽത്തന്നെ, ഒരു കന്യകയ്ക്കു് ഒരു പുരുഷനിൽ പ്രേമമുദിപ്പിപ്പാനുള്ള ഉപായം ആ യുവാവിന്നിപ്പോൾ പല ഭാര്യമാരുണ്ടെന്നു പറയലല്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? ശ്രീഹർഷന്റെ അരയന്നത്തിനുമാത്രം.

പക്ഷേ—നളന്റെ ഭാഗ്യമെന്നു പറയട്ടെ—ഇതൊക്കെക്കേട്ടിട്ടും ആ ദമയന്തി മനംമട്ടത്തു കടന്നുപോയില്ലെന്നുമാത്രമല്ല, പ്രതിസന്ദേശാവസരത്തിൽ അവളൊട്ടും കുറയ്ക്കുന്നുമില്ല: "എന്റെ കാര്യം നൈഷധനോടു പറയുന്നത്, അദ്ദേഹം അന്തഃപുരസംഭോഗങ്ങളാൽ ആവോളം സന്തുഷ്ടനായിരിക്കുന്ന സമയത്താവരുതേ. വെള്ളം കുടിച്ചു മതിവന്നിരിക്കുന്നവന്നു, സ്വാദും സുഗന്ധവും കുളിർമയുമുള്ള ജലധാരയും രുചിക്കുകയില്ലല്ലോ." (III-39) സ്വസൗഭാഗ്യപ്രശംസയുൾക്കൊള്ളുന്ന വേശ്യാജനോചിതമായ ഇത്തരം കാമോക്തികളിൽ, നമ്മുടെ കഥകളിസാഹിത്യകാരന്മാരിൽച്ചിലരേ ശ്രീഹർഷനോടു കിടമത്സരത്തിനു ചെല്ലാനുള്ളു.

എന്നാൽ, ഈ ഘട്ടത്തിൽവെച്ചു ശ്രീഹർഷന്നുള്ള ഉഗ്രപാണ്ഡിത്യത്തിന്റെ ചവിട്ടടിയിൽനിന്നു ലോകജ്ഞത ഒന്നു തലപൊക്കി നോക്കി എന്നു തോന്നുന്നു; അദ്ദേഹം തുടർന്നെഴുതിയിരിക്കുന്നു: "ദമയന്തി ഇപ്രകാരം പറയുമ്പോൾ ലജ്ജ കൈവിട്ടു എന്നതു നമുക്ക് അനൗചിത്യമായിത്തോന്നാം; പക്ഷേ, അവൾക്കു ഭ്രാന്തുകേററി ഇങ്ങിനെയോരോന്നു പറയിച്ച കാമനുണ്ട്, അതിന്റെ നിർദ്ദോഷതയിൽ സാക്ഷിയായിട്ട്." (III-97)

മനുഷ്യസ്വഭാവത്തിന്റെ സബോധാവസ്ഥയി

ലെങ്ങും നില്ക്കക്കള്ളി കിട്ടാതെ, ഉന്മാദാവസ്ഥയിൽക്കൂടെ ന്നു രക്ഷപ്പെട്ടുവാൻ കണ്ട സന്ദർഭം!

"ഏതവളാണ് രാത്രിയിൽ നളനെ സ്വപ്നം കാണാറുള്ളത്? ഏതവളാണ് ഗോത്രസ്ഖലിതത്തിൽ (പേർ മാറിവിളിക്കലിൽ) അദ്ദേഹത്തെ വിളിക്കാറുള്ളത്? ഏതവളാണ്, രതിയിൽ ഭർത്താവിനെ അദ്ദേഹമായി ധ്യാനിച്ചു തനിക്കു കാമമുളവാക്കാറുള്ളത്?" (I-30) എന്നും മററും മുപ്പാരിലുള്ള സർവ്വസാധ്വികളേയും അപവദിച്ചിട്ടും നളന്റെ സൗന്ദര്യത്തിനു പൂർത്തിവരുത്തിയ കവി, അദ്ദേഹത്തെ സർവ്വഗുണസമ്പൂർണ്ണനാക്കിയിരിക്കുന്നതിങ്ങിനെയാണ്: "ബ്രഹ്മാവു നളൻെറ ഗുണങ്ങളെ എണ്ണി വരച്ച വരകളല്ലേ, അദ്ദേഹത്തിൻെറ കോടി കോടി രോമങ്ങളെന്ന പേരിൽ കാണപ്പെടുന്നത്! ദോഷമില്ലായ്കയെ കുറിക്കുന്ന സുന്നങ്ങളല്ലേ, അദ്ദേഹത്തിൻെറ രോമകൂപങ്ങളെന്ന പേരിൽ കാണപ്പെടുന്നത്!" (I-21) ഇതിൽ കവി വല്ല പിശുക്കും കാണിച്ചിട്ടുണ്ടെങ്കിൽ നളൻെറ ദേഹത്തിൽ സ്ഥലം പോരാഞ്ഞിട്ടു ബാക്കി മനുഷ്യരുടെ ശരീരകോടികളിൽ തുടൻപോയ നളനുള്ള ഗുണങ്ങളുടേയും ദോഷാഭാവങ്ങളുടേയും കുറിപ്പുകളാണ്, അവരുടെയെല്ലാം കോടി കോടി രോമങ്ങളും രോമകൂപങ്ങളും എന്നു പറയാതിരുന്നതു മാത്രമാണ്.

അത്ര പെരുത്ത ഗുണപൂർത്തികൊണ്ടു വീർപ്പുമുട്ടുന്ന നളൻ, ദിക്പാലന്മാർ വന്നു 'ഞങ്ങൾ അർത്ഥികളാണ്' എന്നു പറഞ്ഞുകേട്ടതോടേ, "ഇവരുടെ അഭിലഷിതം ഇന്നതെന്നറിയുവാൻ എന്താണ് വിദ്യ? ചോദിക്കാതെ തന്നെ അതു കൊടുപ്പാൻ എന്താണ് വിദ്യ? ഒരാൾ അർത്ഥിയാണെന്നറിഞ്ഞിട്ടും, അതിന്നതെന്നു പറഞ്ഞുകേൾക്കുവാൻ കാത്തിരിക്കുന്നവൻ നിന്ദ്യൻതന്നെ!" (V-83)

എന്നിങ്ങിനെ വദാന്യതയിൽ മറുകണ്ടം ചാടി വാഗ്ദാനം ചെയ്യുന്നു: "നിങ്ങൾ ഈ എളിയവനിൽനിന്നാഗ്രഹിയ്ക്കുന്നത് അങ്ങേ അററം ജീവിതമോ അതിനപ്പുറം വല്ലതുമോ ആയാലും, അതുകൊണ്ട് ഈയുള്ളവൻ തൃപ്പാദങ്ങളെ അർച്ചിച്ചുകൊള്ളട്ടെ. അതെന്താണെന്നു പറയുവിൻ." (V-97) പക്ഷേ അവരാവശ്യപ്പെട്ടുന്നത് ദൗത്യമാണെന്നറിഞ്ഞപ്പോൾ, ഇങ്ങിനെ തിരിച്ചടിയ്ക്കുവാനും ഒരു കൂസലുമുണ്ടായില്ല: "എല്ലാവരുടേയും മനോഗതമറിയുന്നവരാണ് നിങ്ങൾ, എന്നാലും എൻെറ മുഖ്യകാര്യത്തിനു വിരുദ്ധമാമ്മാറു ഞാൻ മിണ്ടാതിരുന്നുകൂടാ. തുറന്നു പറയുന്നതിലുള്ള ലജ്ജയും കൊള്ളാം; എന്തായാലും ഞാൻ വിരോധിവാക്യം നിഷേധിയ്ക്കാഞ്ഞതുകൊണ്ടു സ്വീകരിച്ചു എന്നു വന്നുപോകരുത്." (V-105) പിന്നീടു ദേവന്മാരുടെ പ്രശംസാപരങ്ങളായ ചാടുവാക്യങ്ങൾ കേട്ടപ്പോൾ അദ്ദേഹം നിഷ്പ്രയാസം ആ ദൌത്യത്തെ അംഗീകരിയ്ക്കുകയും ചെയ്തു.

ഇത്തരം ചാപല്യങ്ങൾ തന്നെയാണ് നളൻെറ ആ കോടികോടി ഗുണങ്ങളെങ്കിൽ, അവയെ കുറിയ്ക്കുന്ന ആ ദേഹരോമങ്ങളെക്കൊണ്ട് അവയുടെ അതിതുച്ഛത കൂടി കവി സൂചിപ്പിച്ചിരിയ്ക്കുമോ എന്നു ചോദിച്ചാൽ, അതൊരവിനയമായിപ്പോവില്ല.

കാമംമൂലം ഭ്രാന്തുകേറുന്നതിൽ നായികയെക്കാൾ ഒട്ടും പിന്നിലല്ല നായകനും എന്നു, തുടർന്നുണ്ടായ ദൌത്യാവസരത്തിൽ കവി കാണിയ്ക്കുന്നുണ്ട്. സാമദാനോക്തികൾകൊണ്ടൊന്നും ദമയന്തി ദിക്പാലന്മാരെ സ്വീകരിപ്പാൻ കൂട്ടാക്കുന്നില്ലെന്നായപ്പോൾ ആ ദൂതൻ ഭേദദണ്ഡങ്ങൾ പറഞ്ഞുനോക്കുന്നു: "ഇന്ദ്രൻെറ അപ്രീതിമൂലം ശചീദേവി സന്നിധാനം ചെയ്യാഞ്ഞാൽ, രാജാക്കന്മാ

രുടെ പരസ്പരമത്സരംമൂലം നിൻെറ സ്വയംവരം സമരമായിത്തീരില്ലേ? അഗ്നിദേവൻ കത്തുവാൻ കൂട്ടാക്കാഞ്ഞാൽ, നിൻെറ വിവാഹം എങ്ങിനെ അഗ്നിസാക്ഷികമായി നടക്കും? യമൻ വല്ല ബന്ധുക്കളേയും മരിപ്പിച്ചു പുലയാക്കിയാൽ, സ്വയംവരം പാഴായിപ്പോവില്ലേ? വരുണൻ കോപിച്ചാൽ, കന്യാദാനത്തിൽ നിൻെറ അച്ഛന്ന് എങ്ങിനെ വെള്ളം കിട്ടും? (IX-78-82) ഇത്യാദി. ഈ വാക്കുകൾ കേൾക്കേണ്ട താമസം, അതപ്പാടേ വിശ്വസിച്ചു ദമയന്തി ശോകാന്ധയായി ബുദ്ധി പതറി, പെരുമുറ കരഞ്ഞുതുടങ്ങുന്നു, നളനെ വിളിച്ചു വിലപിക്കുന്നു, മരണം പ്രാർത്ഥിക്കുന്നു. അപ്പോൾ നളനും തൻെറ ഇന്ദ്രദൂത്യം മുതലായവയൊക്കെ വിസ്മരിച്ച്, "തന്നെ നളൻമാത്രമായും അവളെ തൻെറ കലഹാന്തരിതയായ പത്നിയായും വിചാരിച്ച് അറിയാതെ പ്രണയാശ്വാസനങ്ങൾ തുടങ്ങുന്നു. ഇതിനു കുറച്ചുമുമ്പു നളൻെറ കാമനിയന്ത്രണവൈഭവത്തെപ്പററി, ഏതാണ്ടസ്ഥാനത്തിൽ, "വിവേകധാരാശതംകൊണ്ടു വെട്ടപ്പാക്കപ്പെട്ട സജ്ജനങ്ങളുടെ അന്തഃകരണത്തെ കാമം കടന്നു കലക്കിക്കളയില്ലല്ലോ" (VIII-54) എന്നു താൻ പറഞ്ഞുവെച്ചതിനെ കവി താൻതന്നെ നിശ്ശേഷം നിഷേധിക്കുന്നു. അതെന്തായാലും, ഗ്രാമ്യതയിലോളം ചെന്ന ആ പ്രണയപ്രാർത്ഥനാപ്രകാരങ്ങളെല്ലാം ഒരുമട്ടു കഴിഞ്ഞപ്പോൾ "അല്ല, ഞാനെന്തേ എന്നെ ഒളിച്ചുവെക്കാതിരിപ്പാൻ! ഇന്ദ്രൻ ഇതിൽ എന്നെപ്പററി എന്തു വിചാരിക്കും! ഞാനെൻെറ പേർ വെറുതേ പറഞ്ഞും കളഞ്ഞ് ഇന്ദ്രൻെറ ഈ വൻകാര്യം കൈവിട്ടുവല്ലോ!" (IX-121,122) എന്നെല്ലാം വിലപിക്കുന്നു. ആ ഘട്ടത്തിൽ നളനെ ആശ്വസിപ്പിക്കുവാൻ ആ ദിവ്യഹംസം പെട്ടെന്നു വരേണ്ടിവന്നു. അനന്തരം നളൻ തൻെറ

ഈ ചാപല്യത്തെ പഴിച്ചേയ്ക്കാവുന്ന ആളുകളെ ആദ്യമേ അങ്ങോട്ടു ശകാരിച്ചും വെച്ചു, മധ്യസ്ഥന്റെ നിലയിൽ ദൌത്യം തുടരുന്നു.

ഒരന്യന്റെ മുമ്പിൽവെച്ചു ദമയന്തി "ഉൽഭ്രമന്തിയായും സ്ഖലന്മതിയായും" (ഭ്രാന്തു കേറി ബുദ്ധി പതറി) ചെയ്ത ആ വിലാപവും ഔചിത്യത്തിനാധീനമല്ലെന്നു പറയേണ്ടതില്ലല്ലോ.

ഈ ചാപല്യപ്രകടനങ്ങൾകൊണ്ടു നായികാനായകന്മാരുടെ അനുരാഗാതിശയം വെളിപ്പെടുത്തി എന്നാവാം കവിയുടെ കൃതാൎത്ഥത; പക്ഷേ, ആ അനുരാഗത്തിന്റെ ചുഴലിക്കാററിൽ അവരുടെ, വിശേഷിച്ചും നായകന്റെ, സംയമഗുണം കരിയിലപോലെ പറന്നുപോയിരിക്കുന്നു; അതൊന്നുമാത്രമാണുതാനും, നളോപാഖ്യാനത്തിലെ ഈയൊരുവശത്തു വെളിപ്പെടുന്ന നായകഗുണം. ബാക്കി ഗുണങ്ങളെല്ലാം കവിയുടെ ശപഥമാത്രത്തിൽ അധിഷ്ഠിതങ്ങളാണ്. അതുണ്ടോ സഹൃദയന്മാരുടെ ഉള്ളിൽ തട്ടുന്നു, വിശേഷിച്ചും ആ ശപഥം അത്രമേൽ അതിശയോക്തിദൂഷിതമായിരിക്കെ!

ഇതെല്ലാം കാണുമ്പോൾ, നമ്മുടെ നളചരിതം ആട്ടക്കഥയുടെ നേൎക്ക് എനിയ്ക്കുള്ള ബഹുമാനം പേൎത്തും പേൎത്തും വൎദ്ധിയ്ക്കുന്നു. ഉണ്ണായിവാരിയർ പല ദിക്കിലും—രചനയിൽ പോലും—ശ്രീഹൎഷനെ ആദരപൂൎവ്വം അനുവൎത്തിച്ചിട്ടുണ്ടെന്നു വ്യക്തമാണ്; എന്നിട്ടും ഇത്തരം ഔചിത്യലംഘനങ്ങളൊന്നും, ലേശവും, അദ്ദേഹത്തിന്നു പററിപ്പോയിട്ടില്ലതാനും.

ഉദാഹരണത്തിന് ഈ ഒടുവിൽപ്പറഞ്ഞ സന്ദൎഭം മാത്രം നോക്കുക:

"...വൃന്ദാരകവരരെ നിന്ദചെയ്യോരു നിന-
ക്കിന്നാരൊരുവൻ തുണ? എന്നാലതറിയണം!
ഇന്ദ്രയമശിഖിപാശികൾ ഇന്നു
ചൊന്ന വാക്കിനില്ലാദരം എന്നു
വന്നതിൻ കാരണം വന്നോ-
രെന്നിലുള്ള നിന്ദ നിർണ്ണയം.
ഇന്ദ്രാദിയോടു ചൊൽവേനന്യം നിയോഗിച്ചെന്നാൽ
സന്ദേഹമില്ലവർകൾ നിന്നേയും കൊണ്ടുപോമേ!"

എന്നു നളൻ ഭേദദണ്ഡങ്ങൾ പറഞ്ഞുതുടങ്ങിയപ്പോൾ ആ ധീരനായികയ്ക്കു് ഒരു കൂസലുമുണ്ടായില്ല; അവളുടെ ധൈര്യമിതാണു്:

"പതിദേവതമാരനവധി ഭുവി കേ,ളതിലൊ-
ന്നല്ലോ ഞാൻ
ചതി ദേവതകൾ തുടന്നീടുകിലോ, ഗതിയാ-
ക്കവെനിതലേ!"

ഇത്രയും പറഞ്ഞതിൽനിന്നുതന്നെ നൈഷധീയ ചരിതത്തിലെ രസഭാവസ്ഥിതി ഊഹ്യമാണു്.

രസഭാവങ്ങളെ, അവയുടെ വിഭാവാനുഭാവാദികളുടെ എണ്ണം പറഞ്ഞു വിവരിക്കുന്ന സംസ്കൃതാലങ്കാരിക രീതി പ്രയോജനകാരിയല്ല. അവരുടെ രീതിയിൽ, കൃതിയിലില്ലാത്ത വിഭാവാദികളും അതിലുണ്ടെന്നു വിവരിക്കുക എളുപ്പമാണു്. അതിലേറെ എളുപ്പമാണു്, വൈരസ്യപ്രദമാംവണ്ണം വിഭാവാദികളുടെ എണ്ണമൊപ്പിച്ചുവെച്ചു കാണിച്ചു കാവ്യം രസമയമായി എന്നു സമത്ഥിക്കുക. ഈ ഒടുവിൽപ്പറഞ്ഞതിന് ഒരൊന്നാന്തരം തെളിവാണു് നൈഷധീയചരിതം. ആലങ്കാരികന്മാർ നിർദ്ദേശിച്ച കാവ്യലക്ഷണങ്ങളെ താൻ എണ്ണമൊപ്പിച്ചു വെച്ചിട്ടു

ള്ളത് ആരും കാണാതെ പോയ്പോകേണ്ട എന്നു കരുതി യാവാം, കവി പലതിനേയും ഒന്നിലധികം ശ്ലോകങ്ങ ളിൽ എടുത്തു വിസ്തരിച്ചുകൂടി ചെയ്തിട്ടുണ്ട്. രണ്ടാം സർഗ്ഗ ത്തിൽ അരയന്നം ദമയന്തിയോടു നളന്റെ പത്തു കാമാവ സ്ഥകളെ എണ്ണിയെണ്ണിപ്പറയുന്നതും മററും നോക്കുക.

(103–104)

അതിനാൽ, ആ വിഭാവാദികൾതന്നെയായ കഥാ പാത്രങ്ങളേയും അവരുടെ മനോവാക്കായകർമ്മങ്ങളേയും സന്ദർഭഘടനകളേയും ഔചിത്യദൃഷ്ട്യാ നിരൂപണം ചെയ്തി ട്ടാണ് രസഭാവവ്യക്തി നിശ്ചയിക്കേണ്ടത്. അപ്പോൾ മുകളിലുദാഹരിച്ച ദയനീയങ്ങളായ ഔചിത്യഭംഗങ്ങളെ ക്കൊണ്ടുതന്നെ നൈഷധീയചരിതത്തിലെ രസഭാവങ്ങ ളുടെ നിലയെന്തെന്നു വ്യക്തമായല്ലോ.

(രാജാങ്കണം—നൈഷധീയചരിതം, 1940 മാർച്ച്.)

## രാമൻെറ ഏകപത്നീവ്രതം

നമ്മുടെ ഇതിഹാസപുരാണങ്ങളിൽ പതിവ്രതകളുടേയും പാതിവ്രത്യമാഹാത്മ്യംകൊണ്ടു സാധിച്ച വൻകാര്യങ്ങളുടേയും കഥകൾക്കു ദൗർലഭ്യമില്ല. എന്നാൽ, ഒന്നിലധികം ഭാര്യമാരുണ്ടെന്നു പറയപ്പെട്ടിട്ടില്ലെങ്കിലും, നളൻ സത്യവാൻ മുതലായവരുടെ ഏകപത്നീവ്രതത്തെപ്പററി നാം ശ്രദ്ധിക്കണമെന്ന് ആ ഇതിഹാസപുരാണകർത്താക്കന്മാർ ആഗ്രഹിച്ചിട്ടില്ലെന്നു തോന്നുന്നു.

വാല്മീകിരാമായണത്തിലെ നായകനായ രാമൻെറ ഏകപത്നീവ്രതംമാത്രം നമ്മുടെ ശ്രദ്ധയിൽ കൊണ്ടുവരപ്പെട്ടിരിക്കുന്നു. രാജാക്കന്മാരും പ്രഭുക്കന്മാരും മററും പത്തുനൂറായി ഭാര്യമാരെ വെച്ചുകൊണ്ടിരുന്ന അക്കാലത്തും രാമൻ തൻെറ ഏകപത്നിയെ പരിത്യജിച്ചിരിക്കുമ്പോൾകൂടി രണ്ടാമതു വിവാഹം ചെയ്തില്ലെന്നുമാത്രമല്ല, താൻ ചെയ്ത അശ്വമേധയാഗത്തിൽ പത്നിയുടെ ആവശ്യം നിറവേററിയത്, ആ പരിത്യക്തപത്നിയുടെ സ്വർണ്ണപ്രതിമകൊണ്ടാണുതാനും.

എന്നിരിക്കിലും, സീതയുടെ പാതിവ്രത്യം എപ്രകാരം ലോകോത്തരമെന്നു പ്രശംസിക്കപ്പെടുന്നുവോ, അപ്രകാരംതന്നെ പ്രശംസാർഹമാണോ രാമൻെറ ഏകപത്നീവ്രതവും? രാമൻ തികഞ്ഞ ചാരിത്രശീലംകൊണ്ടുതന്നെയാണോ ആവിധം ഏകപത്നീവ്രതനായത്, അതോ ദൈവഗത്യാ അപ്രകാരമായതോ?

... ... ... ...

അനുകൂലമായ പരിസ്ഥിതിയില്ലായ്കയാലോ അപേക്ഷിപ്പാൻ ആളില്ലായ്കയാലോ ചാരിത്രനിഷ്ഠരായിക്കഴിയുന്ന സ്ത്രീകളുണ്ട്, പുരുഷന്മാരുണ്ട്; ആത്മോൽക്കർഷത്താൽ മനസ്സിനു ചാപല്യം തട്ടാതെ ചാരിത്രനിഷ്ഠരായിക്കഴിയുന്നവരുമുണ്ട്—ഇവയിൽ ഏതിനത്തിലാണ്, വാസ്തവത്തിൽ, രാമൻ നിലകൊള്ളുന്നത്?

സീതയെസ്സംബന്ധിച്ചേടത്തോളം ഇത്തരം ഒരു സംശയത്തിന്നേ ഇടയില്ല. അവളെ ത്രൈലോക്യവിജയിയായ രാവണൻ അന്യക്കു ദുഷ്പ്രാപവും സർവ്വകാമസമൃദ്ധവുമായ ലങ്കാനഗരിയിൽ കൊണ്ടുവെച്ച് ഒരു വർഷം മുഴുവൻ അവളോടു തൻെറ മുഖ്യമഹിഷിയായിരിപ്പാൻ കെഞ്ചിയപേക്ഷിച്ചുകൊണ്ടിരുന്നുവല്ലോ. രാവണൻ സ്വന്തം ബലപരാക്രമങ്ങൾകൊണ്ട് അത്രമേൽ ഭയങ്കരനായാലും, സ്ത്രീകൾക്ക് കാമ്യൻതന്നെയായിരുന്നു. വാല്മീകിരാമായണം സുന്ദരകാണ്ഡത്തിൽ, രാവണാന്തഃപുരത്തിൽ സുഖനിദ്രകൊള്ളുന്ന സുന്ദരീനിവഹത്തെ വർണ്ണിയ്ക്കുന്നേടം ഒന്നു വായിച്ചുനോക്കുക:

"രാജർഷിപിതൃഗന്ധർവ്വദൈത്യർതൻ മടവാർകളും
രാക്ഷസപ്പെൺകൊടികളുമവങ്കൽക്കാമമാണ്ടവർ;
ആ സ്ത്രീകളെല്ലാം, പോർ തേടും രാവണൻ കൊണ്ടു-
പോന്നവർ;
കാമമോഹാൽ മതിമറന്നങ്ങു വന്നവരാം ചിലർ.

അതിൽ സ്വയം വീര്യഗുണാൽബ്ബലേന
കീഴാക്കിയോളായൊരു പെണ്ണുമില്ലാ;
ഇല്ലന്യപൂർവ്വാന്യസകാമമാരു,–*
മാ ശ്രേഷ്ഠയാം മൈഥിലപുത്രിയെന്യേ."

---

* മുമ്പ് അന്യൻെറ ഭാര്യയായിരുന്നവളും, അന്യനിൽ കാമമുള്ളവളും.

പത്തു തല ഇരുപതു കൈ മുതലായ ഭയങ്കരവൈരൂപ്യ ങ്ങളൊന്നും വാല്മീകി വർണ്ണിച്ച രാവണന്നില്ലെന്നു സുന്ദ രകാണ്ഡം വായിച്ചാലറിയാം—രാവണൻെറ കൈകളെ വർണ്ണിയ്ക്കുന്നേടങ്ങളിൽ കവി ദ്വിവചനമേ പ്രയോഗിച്ചി ട്ടുള്ളു. രാവണൻെറ പുരുഷോചിതമായ സർവ്വലക്ഷണപൂ ർത്തിയെപ്പററി, രാമഭക്തനായ ഹനൂമാൻതന്നെ പറയുന്ന തു നോക്കുക:

"അഹോ രൂപ,മഹോ ധൈര്യ,മഹോ നെഞ്ഞൂ,–
ക്കഹോ ദ്യുതി!
അഹോ രാക്ഷസരാജാവിൻ സർവ്വലക്ഷണപൂർത്തിയും!
അധർമ്മമിത്ര വമ്പിച്ചിട്ടില്ലെന്നാലീയരക്കർകോൻ
രക്ഷിതാവായിരുന്നേനേ സേന്ദ്രമാമുമ്പർനാടിനും!"

സീതയ്ക്കാകട്ടേ, രാമൻ വന്നു തന്നെ വീണ്ടുകൊണ്ടുപോകു മെന്നാശിപ്പാൻ വളരെയൊന്നും ഇല്ലായിരുന്നുതാനും. എ ന്നിട്ടും, സീത തല നിവർത്തി രാവണനെ ഒന്നു നോക്കുക പോലും ഉണ്ടായിട്ടില്ല. അതിനാൽ സീതയ്ക്ക് രാമനോട് ഈ വാക്കുകൾ അകത്തൊരു ചുളുല്യമില്ലാതെ തീർത്തുപ റയാം:

"ഗാത്രസ്പർശം വശക്കേടാലല്ലോ പററീ മമ പ്രഭോ;
അതെൻെറയിച്ഛയാലല്ലാ; കുററം ദൈവത്തി–
നാണതിൽ.
എനിയ്ക്കധീനമെൻചിത്തമിതോ, നില്പൂ ഭവാങ്കലേ;
മെയ്യിൻ പരാധീനതയിലെന്തു ചെയ്യുമശക്ത ഞാൻ?"

നേരേമറിച്ചു, ദണ്ഡകാരണ്യത്തിൽവെച്ചു രാവണ ഭഗിനിയായ ശൂർപ്പണഖ വന്നു വിവാഹപ്രാർത്ഥന ചെയ്ത പ്പോൾ, രാമൻ അവളോടു പറഞ്ഞതെന്താണ്:

"ഭദ്രേ, ഞാൻ വേട്ടിരിപ്പോനാണോമൽബ്ഭാര്യ-
യെനിയ്ക്കിവൾ!
നിന്മട്ടുകാരാം സ്ത്രീകൾക്കോ, സപത്നിച്ചേച്ച് സങ്കടം.
എന്നാലെൻ സോദരനിവൻ സുശീലൻ പ്രിയദർശനൻ
ഭാര്യയില്ലാത്തവൻ ശ്രീമാൻ വീരൻ ലക്ഷ്മണനെന്നവൻ,
അപൂർവ്വി,* ഭാര്യ വേണ്ടുന്നോൻ, തരുണൻ, പ്രിയ-
ദർശനൻ;
നിനക്കീയഴകിന്നൊത്ത ഭർത്താവായിബ്ഭവിച്ചിടും."

അവളോട് ഈ പ്രയോഗമെടുത്തത് ഒരു നേരംപോക്കിനുവേണ്ടിയാണെന്നു രാമൻ പിന്നീടു പറയുന്നുണ്ട്. എന്നാൽ രാമൻ പ്രകൃത്യാ ഒരു പരിഹാസശീലനായിട്ടല്ല രാമായണകഥയിൽ കാണപ്പെടുന്നത്. എന്നിരിയ്ക്കെ അപരിചിതയായ ഒരു സുന്ദരി തൻെറ മുമ്പിൽ വിവാഹപ്രാർത്ഥനയുംകൊണ്ടു വന്നപ്പോൾ, അവളെ കുറച്ചുനേരംകൂടി അവിടെയിട്ടു വട്ടംതിരിയ്ക്കുവാനും, അവളുടെ ഭാവഭേദവിലാസങ്ങൾ കാണുവാനുമുണ്ടായ കൗതുകമല്ലേ, ഇത്രയും ബാലിശമായ ഒരു പരിഹാസവാക്കു പറവാൻ രാമനെ പ്രേരിപ്പിച്ചത്? മററെന്താണ്, പുരുഷന്മാർ സുന്ദരിമാരായ യുവതികളുടെ മുമ്പിൽ ഫലിതക്കാരും വാചാലന്മാരുമായിച്ചമയുന്നതിൻെറ രഹസ്യം? രാമൻെറ ഈ പരിഹാസകൗതുകം, ആദ്യം അവൾ വന്നു സംസാരിച്ചുതുടങ്ങിയപ്പോൾത്തന്നെ തെല്ലൊന്നു വെളിപ്പെടായ്കയില്ല:

"നിന്നെയുണ്ടറിവാൻ മോഹം: ചൊ,ല്ലാ,രാരുടെയാ-
ണു നീ?
ചാർവ്വംഗി നീ രാക്ഷസിയാണെന്നു തോന്നുന്നതില്ല മേ.
നിമിത്തമെന്തു നീയിങ്ങു വരുവാൻ? ചൊല്ലു വാസ്തവം."

---

* അവിവാഹിതൻ.

പക്ഷേ, രാമന്റെ ഈ മനോവൃത്തി അറിഞ്ഞതനുവത്തിയ്ക്കത്തക്ക വൈദഗ്ദ്ധ്യം ശൂപ്പ്ണഖയ്ക്കില്ലാഞ്ഞതുകൊണ്ട്, അവൾ വളരെ വേഗത്തിൽ ക്ഷോഭിച്ചു കായ്യം മുഴുവൻ വഷളാക്കിക്കളഞ്ഞു. നേരേമറിച്ചു കുറേക്കൂടി ക്ഷമയോടും വൈദഗ്ദ്ധ്യത്തോടും കൂടിയാണ് അവൾ പെരുമാറിയിരുന്നതെങ്കിൽ, എന്തായിരിയ്ക്കും സംഭവിയ്ക്കുക എന്ന് ഈശ്വരന്നറിയാം! ഈയൊരു വിചാരത്താലാവണം, മഹാകവി കാളിദാസൻ രഘുവംശത്തിൽ

"സാ സീതാസന്നിധാവേവ തം വവ്രേ കഥിതാന്വയാ
അത്യാരൂഢോ ഹി നാരീണാമകാലജ്ഞോ മനോഭവഃ"

എന്നു ശൂപ്പ്ണഖയുടെ അകാലജ്ഞതയെ എടുത്തു പറഞ്ഞത്; സീത അരികത്തില്ലാത്ത ലാക്കിലാകേണ്ടിയിരുന്നു ശൂപ്പ്ണഖയുടെ ഈ സ്വകാമസിദ്ധിയ്ക്കുള്ള പരിശ്രമം എന്ന താൽപയ്യാത്ഥത്തോളം അനുരണനമുള്ളതാണല്ലോ ഈ പദ്യം. സ്ത്രീപുരുഷമാത്രസാമാന്യമായ ഈ സമത്ഥനമേ കാളിദാസൻ രാമനെസ്സംബന്ധിച്ചും പ്രയോഗിയ്ക്കാൻ കണ്ടിട്ടുള്ളുവെങ്കിൽ പിന്നെ രാമന്നുള്ള ചാരിത്രത്തിന്റെ കഥയെന്താണ്!

... ... ... ...

കൂടാതെ, ചാരിത്രത്തിന്റെ അടിസ്ഥാനം സ്നേഹമാണ്, കാമമല്ല. സ്നേഹം കാമത്തിന്മേൽ നടത്തുന്ന നിയന്ത്രണാധികാരമാണ് ചാരിത്രം; കാമം എപ്പോഴും ചാരിത്രത്തെ കവച്ചു കടക്കാനേ നോക്കൂ. രാമന്നാകട്ടേ, സീതയുടെ നേക്കു സ്നേഹത്തേക്കാളേറെ കാമമാണുണ്ടായിരുന്നതെന്നു, സീതാപഹരണത്തിനുശേഷമുള്ള എല്ലാ സന്ദർഭത്തിലും വെളിപ്പെട്ടു കാണുന്നുണ്ട്.

വാസ്തവത്തിൽ, ഒരു ധീരോദാത്തനെസ്സംബന്ധിച്ചേ

ടത്തോളം ഭാര്യാപഹർത്താവിൻെറ നേക്കുള്ള അമർഷമല്ലാതെ മററൊരു വികാരവും മുന്നിട്ടുനില്ക്കുക വയ്യാത്ത ഒരു കാലഘട്ടമാണത്; എന്നാൽ രാമൻെറ ഹൃദയത്തിൽ എപ്പോഴും—ദണ്ഡകാരണ്യത്തിൽ അലഞ്ഞുനടക്കുമ്പോഴും, പരമരമണീയമായ പമ്പാസരസ്സു കണ്ടപ്പോഴും, ഋശ്യമൂകത്തിൽ വർഷാകാലം കഴിച്ചുകൂട്ടിയപ്പോഴും, വാനരപ്പടയോടുകൂടി ദക്ഷിണസമുദ്രതീരം പ്രാപിച്ചപ്പോഴും, എല്ലാം—കാമമാണ് മുന്നിട്ടു നിന്നിരുന്നതെന്നു, തത്സന്ദർഭങ്ങളിൽ സ്വന്തം അനുജൻെറ അടുക്കലുണ്ടായ വിലാപങ്ങളിൽ സുവ്യക്തമാണ്.

“മാലില്ലോമലകന്നെന്നു, മാലില്ലാ കട്ടതോർത്തുമേ,
എനിയ്ക്കിതേ മാൽ: അവൾതൻ പ്രായം പോവുകയ-
ല്ലയോ!—
എന്നു നൽത്തൊണ്ടിനേർച്ചുണ്ടുള്ളവൾ തൻ വദനാം-
ബുജം,
ആത്തൻ രസായനംപോലേ, തെല്ലുയർത്തി നുകർന്നിടും!
തങ്ങിവിങ്ങിപ്പനന്തേങ്ങടയ്ക്കൊത്തതാം തൽ കുചദ്വയം
പുല്ലുന്നേരം തുളുമ്പിക്കൊണ്ടെങ്കലെന്നൊന്നു ചേർന്നിടും!”

ഇത്തരം കാമപരമായ മനോവൃത്തിമൂലമാണ്, രാമൻ രാവണവധാനന്തരം മുന്നിൽ കൊണ്ടുവരപ്പെട്ട സീതയുടെ വിഷണ്ണാവസ്ഥ കാണെക്കാണെ അരിശംമൂത്ത് ആവിധമൊക്കെ പരുഷങ്ങൾ പറഞ്ഞത്, കാമജന്യമായ അഭ്യസൂയയിൽനിന്നല്ലാതെ, സ്നേഹത്തിൽനിന്ന് അത്തരം വാക്കുകൾ അപ്പോൾ പുറപ്പെടുക വയ്യാ:

“ചാരിത്രസംശയം പ്രാപിച്ചെന്മുന്നിലമരുന്ന നീ,
നേത്രരോഗിയ്ക്കു ദീപം പോ,ലെനിയ്ക്കഹിതയേററവും

(ഉപമയുടെ താൽപര്യം ശ്രദ്ധിക്കണം: കേട്ട ദീപത്തിനല്ല, രോഗിക്കാണ്)...

രാവണാങ്കേ വസിച്ചോൾ നീ, ദുഷ്ടൻ കണ്ണാലെ കണ്ടവൾ;
നിന്നെ തിരിച്ചെടുക്കാമോ കുലവമ്പോതിടുന്ന ഞാൻ!
എന്തിന്നോ വീണ്ടു ഞാൻ നിന്നെ,യതു കിട്ടിക്കഴി-
ഞ്ഞു മേ;
ഇല്ലൊരാസക്തി മേ നിങ്കൽ, വിട്ടുപോകാം യഥേഷ്ടമേ.

(മുൻ നിർദ്ദേശിച്ച വിലാപങ്ങളും ഈ പറച്ചിലും തമ്മിൽ എന്തന്തരം!)...

സീതേ, മനോജ്ഞദിവ്യാംഗി നിന്നെക്കണ്ടിട്ടു രാവണൻ
നീണാൾ സഹിക്കുകില്ലല്ലോ, സ്വഗൃഹത്തിൽ വസി-
ക്കുവേ."

(പക്ഷേ, ഇക്കാര്യത്തിൽ എന്തായാലും, രാമൻ മനസ്സിലാക്കിയതിനെക്കാൾ ഉയന്ന നിലയിലാണ് രാവണൻ എന്നു നമുക്കറിയാമല്ലോ.)

രാമനിലുള്ള ഈ സ്നേഹവൈകല്യത്തിൻെറ സ്വാഭാവികമായ പരിണാമംമാത്രമാണ് സീതാപരിത്യാഗം. വാസ്തവത്തിൽ ഒരു മനുഷ്യന്നു മാതാപിതാക്കന്മാരോടെന്നപോലെ ഭാര്യയോടുമില്ലേ, ചില കർത്തവ്യങ്ങൾ? പുത്രനെന്ന നിലയിൽ അച്ഛൻെറ സത്യം രക്ഷിപ്പാൻ വെമ്പിപ്പുറപ്പെട്ട രാമൻ, ഭർത്താവെന്ന നിലയിൽ ഭാര്യയുടെ മാനം—തനിക്കു തികച്ചും ബോധപ്പെട്ടുകഴിഞ്ഞ ചാരിത്രത്തെസ്സംബന്ധിച്ചുള്ള ആത്മാഭിമാനം—രക്ഷിപ്പാനും ചുമതലപ്പെട്ടവനല്ലേ? പക്ഷേ, മുൻഖണ്ഡത്തിൽ പറഞ്ഞതുപോലെ, * അച്ഛൻെറ സത്യം രക്ഷിക്കലല്ലായിരുന്നു ആ

* 'രാജാങ്കണ'ത്തിലെ 'വാല്മീകിയുടെ രാമൻ' എന്ന ലേഖനത്തിൻെറ - ആദ്യഭാഗം നോക്കുക.

രാജ്യത്യാഗത്തിന്റെ മുഖ്യലക്ഷ്യം; രാജ്യലാഭംതന്നെയായിരുന്നു. ആ രാജ്യലക്ഷ്മിയെ പരിലാളിച്ചു തന്റെ പ്രാഭവം ആസ്വദിയ്ക്കുന്നതിൽ സീത ഒരു കരടായിക്കിടക്കുന്നു എന്നു വന്നപ്പോൾ, അദ്ദേഹം അവളെ എടുത്തു ദൂരേ വലിച്ചെറിഞ്ഞു.

അങ്ങിനെ തന്റെ യശോധനത്വത്തിനുവേണ്ടി പാടുപെട്ട രാമൻ ആചന്ദ്രതാരം—രാമായണമെന്ന ആ വിശ്വമഹാകാവ്യം നിലനില്ക്കുന്നേടത്തോളം കാലം—തീരാത്ത ദുര്യശസ്സിനു പാത്രമായിച്ചമഞ്ഞു!

(രാജാങ്കണം—വാല്മീകിയുടെ രാമൻ, 1940 ജനവരി.)

## കാവ്യത്തിലെ ദുഃഖം

വിലാപകാവ്യങ്ങളുടെ സംവിധാനക്രമം, മരിച്ച ആളുടെ ഗുണങ്ങളെയും ആ മരണംകൊണ്ടു തനിക്കുണ്ടായ നഷ്ടത്തേയും മററും പററി കുറെ വിലാപവും, ഒടുവിൽ വല്ല തത്വജ്ഞാനശകലങ്ങളും ഉപന്യസിച്ച് ആശ്വാസംകൊള്ളലുമാണെന്ന് ഒരു പൊതുധാരണയുണ്ട്; സാഹിത്യശാസ്ത്രദൃഷ്ട്യാ, വിലാപകാവ്യങ്ങളിൽ സ്ഥായിയായിരിക്കേണ്ടുന്ന കരുണരസത്തെ ഒടുക്കംവെച്ചു നാടുകടത്തലാണിത്. അനുഭവത്തിലും, ഉള്ളിൽ തട്ടിയ യാതൊരു ദുഃഖവും തത്വജ്ഞാനത്താൽ ചുരുങ്ങിപ്പോയിട്ടില്ല; ഉപനിഷൽക്കാലം മുതൽ നമ്മുടെ ആളുകൾ പലപാടു ദുഃഖിച്ചിട്ടുള്ളതൊന്നും തത്വജ്ഞാനങ്ങളുടെ ദൗർലഭ്യംകൊണ്ടല്ലല്ലോ.

തത്വജ്ഞാനത്തിൻെറ പ്രതിയോഗി മിഥ്യാജ്ഞാനമാണ്, തജ്ജന്യങ്ങളായ സുഖദുഃഖാദികളല്ല. മിഥ്യാജ്ഞാനത്തിൻെറ— അവിദ്യയുടെ—പ്രഥമവിവർത്തമായ അഹന്തയെ—ഞാനെന്നഭാവത്തെ—വേരറുത്താലല്ലാതെ അതിൽനിന്നു തെരുതെരെ കിളൎന്നുവരുന്ന സുഖദുഃഖഹേതുക്കളായ മമതാദികളെ കൊയ്തൊടുക്കുവാൻ തത്വജ്ഞാനത്തെക്കൊണ്ടാവില്ല. അതുകൊണ്ടത്രേ ജ്ഞാനം നേടിയ യോഗികൾപോലും പൂർണ്ണമായ ജ്ഞാനാനുഭൂതി വരുന്നതുവരെ—അഹന്താലേശം നിലനില്ക്കുന്നേടത്തോളംകാലം— സുഖദുഃഖാദികൾക്കു വശപ്പെട്ടുപോകുന്നത്.

'ആക്കും എപ്പോഴായാലും മരണമുണ്ടല്ലോ; ദുഃഖിച്ചിട്ടു ഫലമെന്ത്? എന്നുംമററും പറഞ്ഞോ പറഞ്ഞുകേട്ടോ ആളുകൾ ആശ്വാസം കൊള്ളാറുണ്ട്, വാസ്തവം

തന്നെ. സുഖിക്കുമ്പോൾ 'സുഖിച്ചിട്ട ഫലമെന്ത്?' എന്നു വെച്ച് ആരും വിരമിക്കാറില്ലാതിരിക്കെ, ഇക്കാണിച്ച ആശ്വാസപ്രകാരത്തിന്നർത്ഥം, എനിക്കിങ്ങിനെ ദുഃഖിച്ചിരുന്നാൽ പോരാ, വേറേ സുഖം തേടണം എന്നായിത്തീരുന്നു. അല്ലെങ്കിൽ 'ദുഃഖിച്ചിട്ട ഫലമില്ലെങ്കിൽ വേണ്ട, ആ പ്രിയജനത്തെച്ചൊല്ലി ഞാൻ ആവുംവിധം ദുഃഖിക്കുകയെങ്കിലും ചെയ്യട്ടെ' എന്നുപറഞ്ഞുകേൾക്കാത്തതെന്താണ്? പരമാർത്ഥത്തിൽ, സ്നേഹമുള്ള ആളുകൾ, അറിഞ്ഞോ അറിയാതെയോ ചെയ്യുന്നത് അതുതന്നെയാണ്. അതുകൊണ്ടത്രേ, 'പാവങ്ങ'ളിലെ ആ മെത്രാൻ പ്രിയജനമൃത്യുവനുഭവിച്ചിരിക്കുന്നവരുടെ ദുഃഖത്തെ വിസ്മൃതികൊണ്ടു മറക്കുവാനല്ലാ, പ്രത്യാശകൊണ്ടു വലുതാക്കി ഗൗരവപ്പെടുത്താനാണ് ശ്രമിച്ചിരുന്നതെന്നു വിക്തോർ യൂഗോ എഴുതിയിരിക്കുന്നതു് (ഫൻതീൻ I-4). ഈ 'ദുഃഖത്തെ ഗൗരവപ്പെടുത്തലി'ലിരിക്കുന്നു വളരെക്കാര്യം. മേൽക്കാണിച്ച സാമാന്യാശ്വാസനമാകട്ടേ സ്നേഹിക്കപ്പെട്ട ആളെ, അയാൾ മരിച്ചുപോയതുകൊണ്ട്, ലോകത്തിൽ അന്നന്നു ചത്തൊടുങ്ങുന്ന പ്രാണികളുടെ കുമ്പാരത്തിലേക്കു വലിച്ചെറിയുകയാണ്. സ്നേഹമുള്ള ഹൃദയത്തിന്, ആ പ്രിയജനം മരിച്ചുപോയി എന്നതിലധികം വേദനാകരമായ വിചാരമാണത്. ആ പ്രിയജനത്തെ ലോകത്തിൽ അസംഖ്യം ജീവികൾ ജീവിക്കുംപോലെ ജീവിക്കുന്നു എന്നു വെച്ചല്ലല്ലോ അയാൾ സ്നേഹിച്ചത്.

അപ്പോൾ ദുഃഖാനുഭവത്തെസ്സംബന്ധിച്ചേടത്തോളം അജ്ഞനും വിജ്ഞനും ഒരുപോലെതന്നെയോ? അതേ, സുഖാനുഭവത്തിലെന്നപോലെ. ഒരു വ്യത്യാസംമാത്രമുണ്ട്. അജ്ഞന്റേതിനു പരപ്പു കൂടുമെങ്കിൽ വിജ്ഞന്റേതിന് ആഴം കൂടുന്നു. സുഖവും ദുഃഖവും, മൂഢന്റെ ഉത്താ

നഹൃദയത്തിൽനിന്നു ചാപല്യങ്ങളായി വഴിഞ്ഞൊഴുകുമ്പോൾ കവിയുടെ സംസ്കാരഗംഭീരമായ അന്തഃകരണത്തിലെ എല്ലാ ഭാഗത്തേയ്ക്കും ചുഴിഞ്ഞിറങ്ങുന്നു. മുക്തിയുടെ തലേ നിമിഷത്തിൽ നില്ക്കുന്ന യോഗികളുടെപോലും സ്ഥിതി ഇതാവണം. കസ്തൂർബായുടെ ഭൗതികാവശിഷ്ടത്തെ ചിതയിലേററുന്നതു നോക്കിനില്ക്കേ ഗാന്ധിജിയ്ക്കു കണ്ണൊപ്പേണ്ടിവന്നതിലുണ്ട്, മഹാകവി ടാഗ്ഗൂറിനുപോലും പകർത്താൻ പണിയുള്ള ഒരു ദുഃഖസമുദ്രം മുഴുവൻ.

... ... ... ...

ദുഃഖാത്മകമായ തപസ്സിനു വിവേകജ്ഞാനം വിഘ്നമാവില്ലെന്നു മുകളിൽ പറഞ്ഞുവല്ലോ; ആപ്പറഞ്ഞതു പരിപൂർണ്ണമാകുവാൻ, ദുഃഖം വിവേകജ്ഞാനത്തെ പരിപോഷിപ്പിയ്ക്കുകയാണ് ചെയ്യുന്നതെന്നുകൂടി ചേർത്തുപറയേണ്ടതുണ്ട്. സുഖം മനുഷ്യൻെറ ചിന്താശക്തിയെ മയക്കിയിടുകയേ ചെയ്യൂ; ദുഃഖമാണ് അതിനെ ഉൽബുദ്ധവും ഊർജ്ജസ്വലവുമാക്കുന്നത്. ഭഗവദവതാരമായ സിദ്ധാർത്ഥരാജകുമാരൻപോലും, സ്വയം സുഖിതനായിരിയ്ക്കേ, ലോകത്തിൻെറ ദുഃഖഭാരത്താൽ പ്രേരിതനായിട്ടാണല്ലോ തത്വാന്വേഷണത്തിന് ഏററുപുറപ്പെട്ടത്. കുമാരനാശാൻെറ 'ചിന്താവിഷ്ടയായ സീത' പറയുന്നു:

"അഥവാ ക്ഷമപോലെ നന്മ ചെ-
യ്തരുളാൻ നേരെറൊരു നല്ല ബന്ധുവും,
വ്യഥപോലറിവോതിടുന്ന സൽ-
ഗ്ഗുരുവും മർത്ത്യനു വേറെയില്ലതാൻ."

ഇതുകൊണ്ടുതന്നെയാണ് ആ മഹാകവി, അസാമാന്യമാംവിധം, അവിടവിടെ ദുഃഖത്തെ വാഴ്ത്തിവളർത്തിയിട്ടു

ള്ളത്; ഒരിയ്ക്കൽ അദ്ദേഹം ഇങ്ങിനെയും എഴുതിയിരിയ്ക്കുന്നു:

"ശോകത്താലിഹ'യോഗ'സംഗതി സമാ-
ധാനം തരുന്നില്ലെനി;-
യ്ക്കേകുന്നീല ചിരാനുഭൂതരസമി-
ന്നദ്ധ്യാത്മബോധം സുഖം;
ഹാ കഷ്ടം, സുഖമല്ലതാൻ സുഖവു;-മി-
ല്ലൈകാന്തികം സൌഖ്യ,മീ
ലോകപ്രീതി ദശാനിബന്ധനി;-യുപാ-
സിയ്ക്കുന്നു ദുഃഖത്തെ ഞാൻ."

(രാജാങ്കണം—നമ്മുടെ വിധുരവിലാപകാവ്യങ്ങൾ, 1949-ജനവരി.)

# സ്വാതന്ത്ര്യചിന്ത

സ്വാതന്ത്ര്യചിന്ത തീച്ച്യയായും കാമ്യംതന്നെ; പക്ഷേ, അതിന്നു സമവായകാരണമായി, വസ്ത്രത്തിന്നു നൂലെന്നപോലെ, ഒരുപകരണം വേണം—ബുദ്ധി; കാര്യകാരണബോധം, വിവേചനപാടവം, വിഷയജ്ഞാനം, ഗുരുലഘുതാബോധം എന്നുതുടങ്ങി അനേകം ഗുണങ്ങൾ തികഞ്ഞിരിക്കേണ്ട ബുദ്ധി; അഹങ്കാരോത്ഥിതങ്ങളായ രാഗദ്വേഷാദികളിൽ കെട്ടുപിണഞ്ഞും പൊട്ടിമുറിഞ്ഞും കിടക്കാതെ നീണ്ടുപോകുന്ന സ്വച്ഛമായ ബുദ്ധി.

മനുഷ്യസമുദായത്തിലെ വ്യക്തികൾക്കു ബാഹ്യരൂപത്തിൽ എത്രയധികം വ്യത്യാസങ്ങളുണ്ടോ, അതിലധികം വ്യത്യാസങ്ങൾ അവരുടെ മാനസികസ്ഥിതിയിലുമുണ്ട്; അവക്കിടയിൽ ആനമന്തന്മാർ മുതൽ മഹാപ്രതിഭന്മാർവരെ പലതരക്കാരുമുണ്ട്. ഇവരെല്ലാവരുംകൂടി ഒരുനാൾ ഒരു സ്വാതന്ത്ര്യചിന്ത നടത്തി അതനുസരിച്ചു സംസാരിപ്പാനും പ്രവത്തിപ്പാനും പുറപ്പെട്ടാൽ, അന്നു ലോകാവസാനമായി.

അല്ല, സ്വാതന്ത്ര്യചിന്തകൊണ്ടല്ല, ലോകം ഇന്നുകാണുന്നിടത്തോളമെങ്കിലും ശാന്തമായി കഴിഞ്ഞുപോകുന്നത്; പ്രസ്തുത ലേഖകൻ* പറയുംപോലെ, 'ഏതെങ്കിലും ഒരു മഹർഷിയുടേയോ മഹാത്മാവിന്റേയോ പിന്നാലെ പോകുക എന്ന ദൂഷിച്ച പാരമ്പര്യം'കൊണ്ടുതന്നെയാണ്. ഇതു ഭാരതീയരിൽമാത്രമല്ല, ഭൂമണ്ഡലത്തിലാകെ

---

* 'ചിത്രോദയം' വാരികയുടെ 1946 ഒക്ടോബർ 7-ാം തീയതിയിലെ ലക്കത്തിലുള്ള 'ഗാന്ധിമതം' എന്ന ലേഖനകത്താവിനെയാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്.

യുള്ള സ്വഭാവമാണ്. ചിന്താപരമായി ആ മഹാപ്രതിഭന്മാക്കും സാമാന്യജനങ്ങൾക്കും തമ്മിൽ വളരെയൊന്നും അടുക്കുക സാധ്യമല്ല. അവക്കു തമ്മിലുള്ള അടുപ്പം മറ്റൊരു വിഷയത്തിലാണ്. എല്ലാ മനുഷ്യന്റെയും അന്തഃകരണത്തിൽ, ആത്മാവിൽ, ലയിച്ചുകിടക്കുന്ന ഒരു ഗുണമുണ്ട്—മഹത്വാകാംക്ഷ. അതുള്ളതുകൊണ്ട്, ആ മഹത്വത്തിന്റെ മൂർത്തീഭാവങ്ങളായ മഹർഷിമാരേയും മഹാത്മാക്കളേയും അവർ ക്ഷണത്തിൽ കണ്ടറിയുന്നു. തങ്ങൾക്കറിയാമെങ്കിലും അനുഷ്ഠാനത്തിൽ വരുത്താൻ സാധിച്ചിട്ടില്ലാത്ത സത്യം ദയ സ്നേഹം ത്യാഗം മുതലായവയുടെ പൂർണ്ണരൂപം അവരവിടെ കാണുന്നു. അവയോടു കഴിയുന്നിടത്തോളം സാത്മ്യംപ്രാപിക്കാനുള്ള അന്തഃപ്രചോദനംകൊണ്ട് അവർ ആ മഹാത്മാക്കളെ ആരാധിക്കുന്നു. ഇങ്ങിനെയാണ് ലോകത്തിൽ മതപ്രസ്ഥാനങ്ങളും മററും വളന്നുവരുന്നത്. അത്തരം പ്രസ്ഥാനങ്ങൾ, ഗതാനുഗതികരും സ്വാത്ഥതല്പരരുമായ സാമാന്യജനങ്ങളുടെ കൈപ്പെരുമാററംകൊണ്ടു കാലക്രമത്താൽ ദുഷിച്ചുവരുമ്പോൾ വീണ്ടും മറെറാരു മഹാത്മാവു ജന്മമെടുക്കുന്നു—ആവിധം വന്നണയുന്ന മഹാത്മാക്കളാണ് 'സ്വതന്ത്രചിന്തകന്മാർ' എന്ന ആ മഹത്തായ നാമധേയത്തെ അർഹിക്കുന്നത്. പരമാത്ഥത്തിൽ അവർപോലും, തങ്ങളുടെ പൂർവ്വഗാമികളായ മഹാത്മാക്കളെ അനുവത്തിക്കുകയേ ചെയ്യുന്നുള്ളു—പൂർവ്വഗാമികളുടെ ചിന്തകളെ മാറിവന്ന പരിസ്ഥിതിക്കൊത്തവണ്ണം പരിഷ്കരിക്കുന്നതിലും, പ്രസ്ഥാനത്തിൽ കാലത്താൽ വന്നുപെട്ടു വേരുറച്ച പാഴ്‌വിചാരങ്ങളെ തിരിച്ചറിഞ്ഞ് അകററിക്കളയുന്നതിലുമാണ് അവരുടെ സ്വതന്ത്രചിന്ത പ്രവത്തിക്കുന്നത്.

(ചർച്ചായോഗം—സ്വതന്ത്രചിന്തയുടെ ഗതി)

## സംസ്കൃതപഠനം

...*താങ്കൾ ചൂണ്ടിക്കാണിച്ചതിൻവിധം, ‘‘ഇന്ത്യയിലെ ഇന്നത്തെ രാഷ്ട്രീയഗതി ഹിന്തുക്കളെസ്സംബന്ധിച്ച സംസ്കൃതപഠനത്തെ ആവശ്യപ്പെടുന്നുണ്ടെന്ന് ഈയിടെ സർ എസ്. വരദാചാരി ഉൾപ്പെടെ പലരും എടുത്തുപറഞ്ഞ’’ ആശയഗതിയോടു ഞാൻ യോജിക്കുന്നുമില്ല. ഇന്ത്യയിൽ ജനിച്ചു വളൎന്നു ജീവിക്കുന്ന ഏതൊരുവനും, ഹിന്തുവും മുസ്ലീമും ക്രിസ്ത്യനും എല്ലാം, തൻെറ നാട്ടിലെ ചിരന്തനമായ സംസ്കാരത്തിൻെറ നിധാനക്ഷേത്രമെന്ന നിലയിൽ സംസ്കൃതഭാഷയുമായി—ചുരുങ്ങിയപക്ഷം അതിലുള്ള മഹാഗ്രന്ഥങ്ങളുടെ വിവൎത്തനങ്ങളുമായിട്ടെങ്കിലും—ആവുന്നത്ര പരിചയം നേടേണ്ടതാണ് എന്നാണ് വാദമെങ്കിൽ, അതു തികച്ചും ശരിയാണ്. എന്നാൽ രാഷ്ട്രീയഗതിയെ മുൻനിൎത്തി ഹിന്തുക്കൾ സംസ്കൃതം പഠിക്കണമെന്ന വാദം ക്ഷുദ്രമാണ്. എന്നുവേണ്ട ഇന്ത്യാക്കാരായ മററു വൎഗ്ഗക്കാരിൽനിന്നു ഹിന്തുക്കളെ വേർതിരിക്കുന്നതായ യാതൊരു സവിശേഷവ്യവസ്ഥയും നമുക്കു പാടില്ല, ഇന്നത്തെ രാഷ്ട്രീയഗതിയെ വെച്ചുനോക്കുമ്പോൾ വിശേഷിച്ചും. ഇയ്യിടത്തെ നമ്മുടെ ക്ഷേത്രപ്രവേശനനിയമം എല്ലാ ഹിന്തുക്കൾക്കും എന്നതിനുപകരം എല്ലാ മനുഷ്യൎക്കും എന്നാകേണ്ടിയിരുന്നു എന്നാണ് എൻെറ പക്ഷം. മഹാത്മാഗാന്ധിയുടെ നിത്യപ്രാൎത്ഥനാസമ്മേളനങ്ങളിൽ—അവയെക്കാൾ പരിശുദ്ധമായ ഒരു ക്ഷേത്രം ഇന്നു ലോകത്തിൽ വേറെയേതുള്ളൂ!—എന്നപോലെതന്നെ

---

* ഒരു പത്രാധിപക്കുള്ള കത്തിൻെറ രൂപത്തിൽ പ്രസിദ്ധീകരിച്ച ഒരു ലേഖനത്തിൻെറ ഒരു ഭാഗമാണിവിടെ ചേൎക്കുന്നത്.

എല്ലാ ഹൈന്ദവക്ഷേത്രങ്ങളിലും ഏതുമനുഷ്യനും സ്വച്ഛന്ദം പ്രവേശിക്കാമെന്നാകേണ്ടിയിരുന്നു നിയമം. ശരിയാണ്, പണ്ടൊരുകാലത്തു മുസ്ലിംകൾ ഹൈന്ദവക്ഷേത്രങ്ങളെ തച്ചുതകർത്തിട്ടുണ്ടാവാം; ഇന്നും, പക്ഷേ, വല്ലവരും അതിന്നാഗ്രഹിക്കുന്നുണ്ടാവാം. എന്നാൽ അതിനുള്ള പരിഹാരം അക്കൂട്ടരെ പുറമേ തടഞ്ഞുനിർത്തുകയല്ല അവരെയെല്ലാം, വേണമെങ്കിൽ, സ്വന്തം ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ അനുവദിക്കാത്തേടത്തോളം കാലം, "അക്രോധേന ജയേൽ ക്രോധം" എന്നു തുടങ്ങിയ മഹാപ്രമാണങ്ങളടങ്ങിയ സംസ്കൃതഭാഷ പഠിപ്പാൻ ഹിന്ദുക്കൾ എങ്ങിനെ അർഹരാകും?

ഇവിടെ ക്ഷേത്രങ്ങൾ വിശ്വാസികൾക്കുള്ളതല്ലേ എന്ന ചോദ്യത്തിനു സ്വാഗതംതന്നെ. എന്നാൽ വിശ്വാസികൾക്ക ക്ഷേത്രം കൂടിയേ കഴിയൂ എന്നില്ല; അവിശ്വാസികളെക്കൂടി വിശ്വാസികളാക്കി മാററുവാൻ ശക്തമായിരിക്കണം ക്ഷേത്രം...

അതെന്തായാലും രാഷ്ട്രീയങ്ങളായ ഗതിവിഗതികളെ നോക്കി ആളുകൾ സംസ്കൃതം പഠിക്കുകയോ പഠിക്കാതിരിക്കുകയോ ചെയ്യു എന്ന അധഃപതനംകൂടി ആ മഹത്തായ ഭാഷക്കു നേരിടാതിരിക്കട്ടെ എന്ന്, അതിൻെറ ഒരാരാധകനെന്ന നിലയിൽ ഞാൻ പ്രാർത്ഥിക്കുന്നു.

(പലതും പലതും— ...പത്രാധിപക്കൊരു കത്ത്)

# മനുഷ്യത്വവും സംസ്കാരവും

...പ്രാകൃതമനുഷ്യനിലുള്ള രാഗദ്വേഷാദികളായ എല്ലാവികാരങ്ങളും അതാതു സമയത്ത് അനിയന്ത്രിതമായി തള്ളിപ്പൊങ്ങിവരുന്നു. ദയയെങ്കിൽ ദയതന്നെ അങ്ങേയററത്തോളം; പകയെങ്കിൽ പകകൊണ്ടൊരു പ്രളയവും. അവ അവനെക്കൊണ്ടു ചിലപ്പോൾ വീരോചിതമായ ത്യാഗം ചെയ്യിയ്ക്കും—വെള്ളപ്പൊക്കത്തിൽ ഒലിച്ചു പോകുന്ന ഒരു സാധുസ്ത്രീയെ രക്ഷിപ്പാൻവേണ്ടി അവൻ ആ മൃത്യുപ്രവാഹത്തിലേയ്ക്കു കൂസലില്ലാതെ കുതിച്ചുചാടും. ചിലപ്പോൾ അന്ധമായ ക്രൂരതയും ചെയ്യിയ്ക്കും—മറ്റൊരു പുരുഷനോട് ഇണക്കം കാണിച്ച സ്വന്തം ഭാര്യയെ അവൻ പൈശാചികമായി കൊത്തിനുറുക്കിയേയ്ക്കും. ഒരേ ഭാവത്തിന്റെ സൗമ്യവും രൗദ്രവുമായ രൂപഭേദങ്ങളാണിവ; അവയ്ക്ക് ഒററപ്പേർ പറയുന്നതാണുചിതം. അതു 'സംസ്കാര'മെന്നായാൽ പററില്ലെന്നു നാം കണ്ടു. 'മനുഷ്യത്വ'മെന്നായാലോ? ആ വാക്കിനേയും നാം സാധാരണമായി സൗമ്യവശത്തിനാണ് ഉപയോഗിയ്ക്കാറെങ്കിലും സ്വാഭാവികമായി അതിൽ മറേറ വശം കൂടി ഉൾപ്പെട്ടിരിയ്ക്കുതന്നെ ചെയ്യുന്നു. തന്റെ നേരെനിന്ന് അപമാനകരമായ വാക്കുകൾ പറഞ്ഞ മുഖത്ത് ഒരാൾ കേറിയടിയ്ക്കുന്നുവെങ്കിൽ, അതും 'മനുഷ്യത്വം'തന്നെയാണ്. അതിനുതന്നെയാണല്ലോ നാം മിക്കപ്പോഴും 'പൗരുഷ'മെന്നു പേർ പറയാറ്.

എന്നാൽ, ഏതുവിധവും അതു 'സംസ്കാര'മെന്നു പറയാവുന്നതല്ല. ഈവക പ്രകോപനങ്ങളുണ്ടാവുമ്പോഴും ഒരാൾക്കു സഹിഷ്ണുത കാണിപ്പാൻ ധൈര്യമുണ്ടാകുന്നുവെ

ങ്കിൽ, അതാണ് സംസ്കാരം. ചിലരതിനെ ഭീരുത്വ മെന്നു വിളിച്ചേയ്ക്കും; അതുകൂടി സഹിപ്പാനുള്ള കഴി വാണ് സംസ്കാരം.

അപ്പോൾ, മനുഷ്യത്വത്തിനു സൗമ്യവും രൗദ്രവുമായ രണ്ടു വശമുള്ളതിൽ രൗദ്രവശത്തിന്മേൽ നടത്തുന്ന നിയ ന്ത്രണത്തിൻെറ പരിണതഫലമാണ് സംസ്കാരം; വേ ണമെങ്കിൽ, നിയന്ത്രിതമായ മനുഷ്യത്വമാണ് സംസ്കാ രം എന്നു പറയാം.

ഈ ലോകം, നാളെയല്ലെങ്കിൽ മററന്നാൾ നന്നായേ ക്കാമെന്നാശിക്കാനുള്ള ഒരൊറ്റ ഉപാധി, നമ്മളെല്ലാവരി ലും—പണ്ഡിതപാമരഭേദമെന്യേ, ധനികദരിദ്രഭേദമെ ന്യേ—ഏറെക്കുറെ ആ മനുഷ്യത്വമുണ്ടെന്നുള്ളതാണ്; എന്നാൽ ഇത്രയും കാലമായിട്ടും ഈ ലോകം നന്നായിച്ച മയാഞ്ഞത് എല്ലാ മനുഷ്യരിലും ആ സംസ്കാരം പരന്നു പിടിക്കാതിരുന്നതുകൊണ്ടാണ്. ഇതാണ് മനുഷ്യത്വവും സംസ്കാരവും തമ്മിലുള്ള വ്യത്യാസം. ഏതു ക്രൂരമനു ഷ്യനും മനഃപരിവത്തനം വരുത്താൻ സാധിക്കും, ആ വഴിക്കുമാത്രമേ ലോകത്തിൽ ശാന്തി വളത്താൻ സാധി യ്ക്കു എന്ന ഗാന്ധിജിയുടെ സിദ്ധാന്തത്തിന് അത്ഥമി താണ്.

... ... ... ...

ചുരുക്കിപ്പറഞ്ഞാൽ, അന്യക്കുപകാരം ചെയ്യുന്നതി നെ എന്നതിലധികം അന്യക്കപകാരം ചെയ്യാതിരിക്കുന്ന തിനെ ആശ്രയിച്ചാണ് സംസ്കാരമിരിക്കുന്നത്; പ്രവൃ ത്തികൊണ്ടോ വാക്കുകൊണ്ടോ മുഖഭാവംകൊണ്ടുപോലു മോ അന്യരെ ദ്രോഹിക്കുയോ അവമാനിക്കുയോ അനാദ രിക്കുപോലുമോ ചെയ്യാൻ തോന്നാത്തവിധം മനുഷ്യമന

സ്സിനുണ്ടാകുന്ന ഒരു ശീലമാണ് സംസ്കാരം. സ്വാഭിമാനം സഹിഷ്ണുത മുതലായ അനേകം ഉൽകൃഷ്ടഭാവങ്ങളുടെ സമ്മേളനഫലമായേ അതുണ്ടാവൂ.

(പലതും പലതും—എന്താണീ സംസ്കാരം)

★

നിരൂപകന്റെ നോട്ടം മുഖ്യമായി പതിയേണ്ടതു സംസ്കാരപ്രദർശനത്തിലും അതിന്റെ ശില്പഭംഗിയിലുമാണ്—പ്രാക്തനമോ അധുനാതനമോ ആയ ഏതു കൃതിയെസ്സംബന്ധിച്ചും. അവയിലെ തത്തൽക്കാലസാമൂഹ്യാവസ്ഥാസൂചനകൾ അയാൾക്ക് ആനുഷംഗികവിഷയങ്ങളേ ആകാവൂ. എന്തുകൊണ്ടെന്നാൽ അവ തത്തൽക്കാലികരായ കവികളുടെ കൃതികളിൽ ഒരുപകരണമെന്ന നിലയിൽ അപരിഹാര്യമായും ചിലപ്പോൾ അനൈച്ഛികമായിപ്പോലും വന്നുകൂടുന്ന സ്വഭാവവിശേഷംമാത്രമാണ്. മിക്കപ്പോഴും അതു കാണിക്കുലാവില്ല കവിയുടെ താൽപര്യവിഷയം, സംസ്കാരപ്രദർശനത്തിന്റെ ശില്പഭംഗിയായിരിക്കും. അതിനാൽ ചരിത്രഗവേഷകൻപോലും, തനിക്കു കലാശില്പത്തിൽ മുഖ്യമായ നോട്ടമില്ലെന്നുവന്നാൽ, തന്റെ ഗവേഷണഗതിയെ സാഹിത്യകൃതികളിൽനിന്നു വഴിതിരിച്ചുകൊണ്ടുപോകേണ്ടതാണ്. മറിച്ചായാൽ, ശില്പഭംഗിയിൽ നിഗൂഹിതമായ കവിതാൽപര്യം കണ്ടെത്തുന്നതിൽ അയാൾ വഞ്ചിതനായിപ്പോകും.

(പലതും പലതും—ദുഃഷന്തൻ)

## കലയും സദാചാരവും

ഈശ്വരൻ ഒരു കയ്യിൽ കലാവിദ്യയും മറേറതിൽ സദാചാരവുമായി എഴുന്നള്ളിവന്ന് അതിലേതെങ്കിലു മൊന്ന് എടുത്തുകൊൾവാൻ അരുളിച്ചെയ്താൽ—നമ്മുടെ ആസ്ഥാനകവി പണ്ടൊരിയ്ക്കൽ പറകയുണ്ടായി—"ഞാൻ കലാവിദ്യയാണെടുക്കുക" എന്ന്. എന്നോടാണ് ആ ഈശ്വരൻ വന്ന് ഇങ്ങിനെ പറഞ്ഞതെങ്കിൽ ഞാൻ ഇതാണ് പറയുക: "നിങ്ങളുടെ അക്കയ്യിലുള്ളത് കലാവിദ്യയല്ല, ഇക്കയ്യിലുള്ളത് സദാചാരമല്ല, നിങ്ങളൊട്ട് ഈശ്വരനുമല്ല; ദയവിചാരിച്ചു വഴി മാറി നില്ക്കു."

കലാഭംഗിവേണോ അതോ സദാചാരം വേണോ എന്ന ഈ ചോദ്യം, സാഹിത്യത്തിൽ രൂപം വേണോ അതോ ഭാവം വേണോ, അലങ്കാരം വേണോ അതോ ധ്വനി വേണോ, ശബ്ദം വേണോ അതോ അർത്ഥം വേണോ എന്നെല്ലാം ചോദിയ്ക്കുംപോലുള്ള മറെറാരസംബന്ധമാണ്. ശബ്ദാർത്ഥങ്ങളും അലങ്കാരധ്വനികളും ഭാവരൂപങ്ങളും കലാസദാചാരങ്ങളും സാഹിത്യത്തിൽ വേർതിരിഞ്ഞു നില്ക്കുന്നവയോ നിൽക്കാവുന്നവയോ അല്ല; ചില സാങ്കേതികകാര്യങ്ങളെപ്പററി വ്യവഹരിപ്പാനുള്ള സൌകര്യത്തിനുവേണ്ടി ഇവയെ വേർതിരിച്ചു പറയാറുണ്ടെന്നതു വാസ്തവംതന്നെ; അതു കണ്ടമ്പന്ധാളിച്ചു, കലാഭംഗിയേയും സദാചാരത്തേയും പകുത്തു രണ്ടു കയ്യിലായി വെച്ചുകാണിയ്ക്കാമെന്നു വിചാരിയ്ക്കുന്നവൻ ഒരു ബുദ്ധിയുള്ള മനുഷ്യൻപോലുമല്ല, പിന്നെയല്ലേ അയാൾ ഈശ്വരനാവുക!

എന്നാൽ, നമ്മുടെ ഭാഷയിൽ സദാചാരമെന്ന പദത്തെ തുലോം സങ്കുചിതമായ ഒരർത്ഥത്തിലാണ് ഉപയോഗിക്കാറ്. സംസ്കൃതത്തിൽ അതിനു കുറേക്കൂടി വിപുലമായ ഒരർത്ഥമാണുള്ളത്—സത്തുക്കളുടെ, സജ്ജനങ്ങളുടെ, നടപ്പ്. ഋഷിമാർക്കു ശ്രുതിസ്മൃതികളെപ്പോലെ സദാചാരവും ഒരു ധർമ്മപ്രമാണമാണ്. അതിനെപ്പോലും വേദവ്യാസൻ 'മഹാഭാരതം' ശാന്തിപർവ്വത്തിൽ (260, 262) ചോദ്യംചെയ്യുന്നുണ്ട്:

"സദാചാരോ മതോ ധർമ്മഃ, സന്തസ്ത്വാചാരലക്ഷണാഃ,
സാധ്യാസാധ്യം കഥം ശക്യം, സദാചാരോ
ഹ്യലക്ഷണഃ." ×

തുടന്ന് അദ്ദേഹം ഇത്രകൂടി പറയുന്നു:

"പ്രനഷ്ടഃ ശാശ്വതോ ധർമ്മഃ സദാചാരേണ
മോഹിതഃ" +

എന്നിരിക്കെ പലപ്പോഴും സദാചാരമെന്നതുകൊണ്ട് ലക്ഷിക്കപ്പെടുന്ന ആ ശാശ്വതമായ ധർമ്മത്തെയാണ് ഞാനിവിടെ ഉദ്ദേശിച്ചിട്ടുള്ളതെന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു. ഇതിനെത്തന്നെയാണ് ഇന്നത്തെ ഭാഷയിൽ ജീവിതത്തിലെ ശാശ്വതമൂല്യങ്ങൾ എന്നു പറയുന്നതും.

(പലതും പലതും—സനാതനധർമ്മം, അഥവാ ശാശ്വതമൂല്യം)

---

× സദാചാരമാണ് ധർമ്മമെന്നു പറയുന്നു, സത്തുക്കളെ അറിയേണ്ടത് ആചാരംകൊണ്ടുമാണ്. അപ്പോൾ ഏതുകൊണ്ട് ഏതു സമർത്ഥിക്കാം? അതിനാൽ സദാചാരം പ്രമാണമല്ല.

+ സദാചാരത്താൽ വഞ്ചിതമായി ശാശ്വതമായ ധർമ്മം നശിച്ചുപോയി.

## ശാശ്വതമൂല്യം

സാഹിത്യകാരൻ ഈ ലോകസമാധാനപ്രസ്ഥാനത്തെപ്പോലുള്ള ക്ഷണികസദാചാരങ്ങളെയല്ല, അഹിംസാസിദ്ധാന്തത്തെപ്പോലുള്ള ശാശ്വതമൂല്യങ്ങളെ ലക്ഷ്യം വെച്ചാലേ, അയാളുടെ കൃതികൾക്കു കലാപരമായ മേന്മയുണ്ടാവൂ...... ലോകസ്നേഹമെന്ന ഈ ശാശ്വതമൂല്യത്തെ മുറുകെപ്പിടിച്ച്, അതിന്റെ മറുവശത്തുള്ള പക എന്ന ശാശ്വതശാപത്തെ എതിർക്കാനാണ് ലോകപ്രശസ്തരായ സാഹിത്യകാരന്മാരൊക്കെ അണിനിരന്നിട്ടുള്ളത്. നമ്മുടെ ചിരസമ്പത്തായ മഹാഭാരതംതന്നെ അതിനുള്ള ആദ്യോദാഹരണം: തൻെറ അച്ഛനെ കടിച്ചുകൊന്ന തക്ഷകനെ വംശത്തോടെ ചുട്ടുമുടിപ്പാൻ ഒരു യാഗം നടത്തിവന്ന ജനമേജയനെ ശാന്തനാക്കുവാൻവേണ്ടി പറഞ്ഞുകൊടുക്കപ്പെട്ടതാണല്ലോ ഭാരതകഥയാകെ. എന്റെ ചുരുങ്ങിയഗ്രന്ഥപരിചയത്തിൽ നിന്നു വിക്തോർ യൂഗോ ടോൾസ്റ്റോയി എന്നിവരെക്കൂടി ഇവിടെ എടുത്തുപറയട്ടെ. യൂഗോവിനും ടോൾസ്റ്റോയിക്കും തമ്മിൽ ചരിത്രപുരുഷനായ നെപ്പോളിയൻെറ മഹത്വത്തെസ്സംബന്ധിച്ച് എത്രതന്നെ അഭിപ്രായഭേദമുണ്ടെങ്കിലും, ലോകസ്നേഹത്തിൻെറ കാര്യത്തിൽ അവരെല്ലാം ഒരൈക്യമുന്നണിയായി നിരന്നിട്ടുണ്ടെന്നു ഞാൻ കാണുന്നു—ഒരു മിനിമം പരിപാടിയിൽ ഒരു മാനിഫെസ്റ്റോ എഴുതിയുണ്ടാക്കി ആളുകളെക്കൊണ്ട് മനമല്ലാമനസ്സോടേ ഒപ്പിടുവിച്ചുണ്ടാക്കിയ ഐക്യമുന്നണിയല്ല, സ്വാനുഭവങ്ങളുടെയും സ്വചിന്തനങ്ങളുടെയും ഫലമായി ഒരു മാക്സിമം പരിപാടിയിൽ തനിയേ ഒരുമിച്ചുചേൎന്ന ഐക്യമുന്നണി.

അപ്പോൾ ഒററവാക്കിൽ ഒതുക്കിപ്പറഞ്ഞാൽ, സ്നേഹമാണ് ലോകജീവിതത്തിലെ ശാശ്വതമൂല്യം. ആ സ്നേഹത്തിനാകട്ടേ, ഒരൊററ ആളെയെങ്കിലും ഉള്ളഴിഞ്ഞു സ്നേഹിയ്ക്കുലിൽനിന്നു തുടങ്ങി, ലോകരെ മുഴുവൻ, സർവ്വപ്രാണികളെയും, സ്നേഹിയ്ക്കാൻ സാധിയ്ക്കുന്നതുവരെ സുവിശാലദീർഘമായ ഒരു പുരോഗതിമാർഗ്ഗമാണുള്ളത്. സ്വാർത്ഥത്തിനുവേണ്ടി സ്നേഹിയ്ക്കുലിൽനിന്നതു തുടങ്ങുന്നു; സ്നേഹത്തിനുവേണ്ടി സ്വാർത്ഥത്യാഗം, സ്വാത്മത്യാഗം പോലും, ചെയ്യുക എന്നതിൽ അവസാനിയ്ക്കുന്നു.

(പലതും പലതും—സനാതനധർമ്മം, അഥവാ ശാശ്വതമൂല്യം)

## വ്യക്തിത്വമാണ് കാര്യം

കലാകാരൻ സാമൂഹ്യപശ്ചാത്തലത്തിൽനിന്നു താനുൾക്കൊള്ളുന്ന വസ്തുതകളെ രൂപപ്പെടുത്തിവെക്കുകയാണ് ചെയ്യുന്നതെന്നതു വാസ്തവംതന്നെ; എന്നാൽ കലാകാരന്മാർ, മററു മനുഷ്യരെപ്പോലെതന്നെ, സാമൂഹ്യപശ്ചാത്തലത്തിലെ ഓരോ വസ്തുതയേയും ഉൾക്കൊള്ളുന്നത് ഒരേവിധത്തിലല്ല. ഓരോ വസ്തുതക്കും നാനാവശങ്ങളുണ്ടാവും; അവയിൽ വിഭിന്നങ്ങളും വിരുദ്ധങ്ങളുമായ ഏതെങ്കിലും ചില വശങ്ങൾ മാത്രമേ മിക്കവരും ഉൾക്കൊള്ളുന്നുള്ളു. ഉഴവാൻ ചെല്ലുന്നൊരു കൃഷിക്കാരനു വയലിൽ മുളച്ചുനില്ക്കുന്നൊരു ചെടി പറിച്ചുനീക്കേണ്ട കളയാവാം, ഉഴുതമർത്തേണ്ട വളമാവാം; അതേ ചെടി മരുന്നന്വേഷിക്കുന്ന ഒരു രോഗിക്കു സിദ്ധൌഷധമാവാം; ഒരു പൂന്തോട്ടക്കാരനു തന്റെ തോട്ടത്തിനു കൊതിച്ച ഒരലങ്കാരവും. ഒരൊററച്ചെടിയുടെ കഥ ഇതാണെങ്കിൽ, ലോകത്തിലെ വിവിധവസ്തുക്കളുടെ വിവിധവശങ്ങളിൽനിന്ന് ഓരോരുവനും തൻെറ അഭിരുചിക്കും ആവശ്യത്തിനുമൊത്തവയെ മാത്രമേ ഉൾക്കൊള്ളുന്നുള്ളുവെന്നും അവ തമ്മിൽ പലപ്പോഴും വിരുദ്ധങ്ങളാവാമെന്നും തുലോം വ്യക്തമാണല്ലോ. ഇതിലും വിചിത്രതരമാണ് ലോകസംഭവങ്ങളെ ഉൾക്കൊള്ളുന്ന കഥ. ഉദാഹരണം വളരെ വേണ്ട. ലോകചരിത്രത്തിൽ നെപ്പോളിയൻെറ പരാക്രമമെന്ന വസ്തുതയെ ലോകസാഹിത്യകാരന്മാരായ യൂഗോവും ടോൾസ്റ്റോയിയും ഉൾക്കൊണ്ടു വിവരിച്ചിട്ടുള്ളത് ഒരേ വിധമാണോ എന്നാലോചിച്ചുനോക്കുക (‘പാവങ്ങൾ’, ‘യുദ്ധവും സമാധാനവും’ എന്നീ ഗ്രന്ഥങ്ങളിൽ). അതു

പോലെ വാട്ടർല്ലൂയുദ്ധത്തിൽവെച്ചു നെപ്പോളിയന്നുണ്ടായ അത്യന്തപരാജയം യൂഗോവിൻെറ ദൃഷ്ടിയിൽ വെറുമൊരു യാദൃച്ഛികസംഭവമായിരിക്കെ, ഇംഗ്ലണ്ടുകാരായ സാഹിത്യകാരന്മാരുടെ ദൃഷ്ടിയിൽ വെല്ലിങ്ടൻെറ ലോകോത്തരമായ യുദ്ധവൈദഗ്ദ്ധ്യമായിരിക്കുന്നു.

നെപ്പോളിയൻബോണാപ്പാർട്ട് വാട്ടർല്ലൂയുദ്ധം മുതലായ വലിയ വസ്തുതകളെസ്സംബന്ധിച്ചു മാത്രമല്ല, ഏതു ചെറിയ മനുഷ്യനെയും ഏതു ചെറിയ സംഭവത്തെയും സംബന്ധിച്ചും ഇതുതന്നെയാണ് സ്ഥിതി. ഏതു മനുഷ്യനേയും, അയാളിൽനിന്നു താന്താങ്ങൾക്കുണ്ടായ വിവിധാനുഭവങ്ങളെ മുൻനിർത്തി, നൂറാളുകൾ നൂറുതരത്തിൽ കാണുന്നു. ആ നൂറുവശവും അയാൾക്കുള്ളതാവാംതാനും. എന്നോടു ചീത്തയായി പെരുമാറിയ ആൾ ആകെ ചീത്തയൊന്നുമല്ല; ആക്കുവേണ്ടി അയാളങ്ങിനെ പെരുമാറിയോ ആയാൾക്കു മഹാനാവാം. എനിക്കു ഗുണംവരുത്തിയ സംഭവത്തിൻെറ ദോഷവശവും, ദോഷംവരുത്തിയതിൻെറ ഗുണവശവും എനിക്കു കാണാൻ വിഷമമുണ്ട്, കണ്ടാലും നിസ്സാരമായിട്ടേ കാണാൻ കഴിയൂ.

ഈ സാമാന്യതയിൽ കലാകാരനുള്ള വിശേഷം, അയാൾ ഏതിലും സാമാന്യക്കാർ കാണുന്നതിലധികം വശങ്ങൾ കാണും, കാണണം, എന്നുള്ളതുമാത്രമാണ്. അപ്പോഴും രണ്ടു കലാകാരന്മാരുടെ വീക്ഷണം രണ്ടുതരമായേ വരുതാനും.

ചുരുക്കത്തിൽ ഒരു വസ്തുത എങ്ങിനെയിരിക്കുന്നു എന്നതല്ല കാര്യം—അതിൻെറ ചില വശങ്ങൾമാത്രം ഉൾക്കൊള്ളുന്ന നമുക്കാർക്കും വാസ്തവത്തിൽ അതെന്താണെന്നറിഞ്ഞുകൂടെന്നുതന്നെ പറയാം; നാമതിനെ എങ്ങിനെ എത്രത്തോളം ഉൾക്കൊണ്ടിരിക്കുന്നു എന്നതാണ് കാര്യം—

എന്നുവെച്ചാൽ അതിൻെറ നാനാവശങ്ങളെ ഉൾക്കൊള്ളത്തക്ക കഴിവുകളടങ്ങിയ നമ്മുടെ വ്യക്തിത്വമാണ് കാര്യമെന്നർത്ഥം.

(ദന്തഗോപുരം—വ്യക്തിയാണ് പ്രധാനം.)

★

## അകവും പുറവും

മഹാകവി വള്ളത്തോൾ യുവകവികളോട് ഉപദേശിക്കുന്നതു കേട്ടിട്ടുണ്ട്, 'നിങ്ങൾ പ്രകൃതിയെ എപ്പോഴും ഉറ്റുനോക്കിക്കൊണ്ടിരിക്കണം; ഓരോന്നു കാണുമ്പോഴും അതിനെപ്പറ്റി ഒരാശയമുണ്ടാക്കിവെച്ചു ശീലിക്കണ'മെന്ന്. നാലപ്പാട്ടാകട്ടേ അങ്ങിനെ ഒരുപദേശം കൊടുക്കേണ്ട ഘട്ടം വന്നാൽ പറയുക, എമേഴ്സനോ മറേറാ പറഞ്ഞിട്ടുള്ളതുപോലെ, 'നിങ്ങൾക്ക് അനശ്വരമായ ഗ്രന്ഥമെഴുതേണമോ, എങ്കിൽ നിങ്ങളുടെ തൂവലിനെ സ്വന്തം ജീവരക്തത്തിൽ മുക്കുക' എന്നുമാത്രമാണ്. വള്ളത്തോൾ 'പുറത്തേക്കു നോക്കു' എന്നുപദേശിക്കുമ്പോൾ, നാലപ്പാട്ട് 'അകത്തേക്കു നോക്കു' എന്നനുശാസിക്കുന്നു. ഒരാൾ വിചിത്രവും ഉജ്ജ്വലവും മനോഹരവുമായ കാഴ്ച കാണിക്കുമ്പോൾ, മറേറ ആൾ മങ്ങിയതും എല്ലാം കെട്ടിമറിഞ്ഞു കൂടിക്കുഴഞ്ഞു കിടക്കുന്നതും തലചുററിച്ചുകളയുന്നതുമായ ഒരു ഭാഗത്തേക്കു നിങ്ങളെപ്പിടിച്ചു തിരിച്ചുനിർത്തുന്നു. 'ആ ഭാഗത്ത് അതിന്റെയെല്ലാം ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഒരു ശാശ്വതജ്യോതിസ്സുണ്ട്, അതിനെ കണ്ടെത്തുവാൻ ശ്രമിക്കുക, അതിന്റെ ഒരു പ്രതിബിംബം മാത്രമാണ് ഈ വിചിത്രോജ്ജ്വലമായ ബാഹ്യപ്രപഞ്ചം' എന്നാണ് അദ്ദേഹത്തിൻെറ ഭാവം.

(പലതും പലതും—എനിക്ക് ഏററവും ഇഷ്ടപ്പെട്ട കവി)

## നാടകത്തിലെ റിയലിസം

മററെല്ലാ കലയുമെന്നപോലെ നാടകാഭിനയവും ധ്വന്യാത്മകതയിലേയ്ക്കുതന്നെ പുരോഗമിയ്ക്കണം. നാടക സംവിധായകന്മാർ അരങ്ങത്തു ഞൊററുകണ്ടം, ചായപ്പീടിക, ഡിസ്പെൻസറി, കാലിത്തൊഴുത്ത്, വെയ്ക്കോൽക്കുണ്ട, അതാതുകൊല്ലത്തെ മാതൃഭൂമി കലണ്ടർ മുതലായവ പ്രദർശിപ്പിയ്ക്കാനല്ല ശ്രദ്ധിയ്ക്കേണ്ടത്; നാടകകാരന്മാരുടെ സാഹായ്യത്തോടുകൂടി, ഭാവാത്മകങ്ങളായ, സംഘർഷാത്മകങ്ങളായ രംഗങ്ങൾ സൃഷ്ടിയ്ക്കാനും, ആ രംഗങ്ങളെ വിചിത്രമായും ഏകാഗ്രമായും നിബന്ധിച്ച് ഇതിവൃത്തഗതിയ്ക്കു കെട്ടുമുറുക്കം വരുത്താനുമാണ്. (ഇതു പറയുക വളരെ എളുപ്പം. ചെയ്തുകാണിപ്പാൻ നന്നെ പാടുപെടണം, വാസനാബലവും വേണം.) വലിയൊരു കാടിനേയോ ചെറിയൊരുദ്യാനത്തെത്തന്നെയോ കുറിപ്പാൻവേണ്ടി അരങ്ങത്തു നാലു തുപ്പോ ചിത്രത്തിരശ്ശീലകളോ ഒരുക്കുന്നതിനുപകരം അത്തരം ഒരു കാട്ടിലോ ഉദ്യാനത്തിലോ ചെന്നെത്തിയ ഒരാളുടെ ഭാവാവിഷ്കരണംകൊണ്ട് അതു സാധിയ്ക്കുന്നതിലാണ് വിജയമിരിയ്ക്കുന്നത്.

എന്നല്ല, കവിഞ്ഞ യാഥാതഥ്യം പലപ്പോഴും ചിരിയുണ്ടാക്കിയേയ്ക്കും. പ്രഹസനങ്ങളിൽ അതു കൊള്ളാം. നാടകത്തിലാവുമ്പോൾ അതൊരപകടമാണ്. സംസ്കൃത നാട്യശാസ്ത്രകാരന്മാർ അരങ്ങത്തുവെച്ച് അനുകരിപ്പാൻ പാടില്ലാത്ത ചില അവസ്ഥകളുടെ ഒരു പട്ടിക തയ്യാറാക്കിയിട്ടുണ്ട്—യുദ്ധം, മരണം, മദ്യപാനം മുതലായി—അതവർ പാപഭയംകൊണ്ടോ ആചാരഭക്തികൊണ്ടോ പറഞ്ഞതല്ല, ആ വകയിൽ അഭിനയകലയില്ലെന്നു കണ്ടതുകൊണ്ടു പറഞ്ഞതാണ്. പല്ലുതേപ്പ്, ഷേയ്‌വിങ്ങ്,

ചായകുടി, സിഗരററുവലി മുതലായവ അരങ്ങത്തുവെച്ചു ചെയ്യുന്നതു വളരെ റിയലിസ്റ്റിക്കായി ഇന്നു പലരും ധരിച്ചുവെച്ചിട്ടുണ്ട്. അവ, വാസ്തവത്തിൽ ചായകുടിക്കാനോ പുകവലിക്കാനോ സൗകര്യമില്ലാതെ മിഴിച്ചിരിക്കുന്ന സദസ്യരെ കൊതിപ്പിക്കാനും അറപ്പിക്കാനും മാത്രമേ കൊള്ളൂ.

നടനോ നടിയോ അരങ്ങത്തുനിന്നു പെരുമുറെ കരഞ്ഞിട്ടു സദസ്യരിൽ കരുണരസം വ്യഞ്ജിപ്പിക്കാമെന്നാഗ്രഹിക്കുണ്ട. മറിച്ചു പലപ്പോഴും അതു സദസ്സിൽ പൊട്ടിച്ചിരിയാണ് ജനിപ്പിക്കുക എന്നു വരാം; വന്നിട്ടുണ്ട്. കരയാൻ വേണ്ട സന്ദർഭമുണ്ടാക്കി ഒരു തുള്ളി കണ്ണുനീർ പുറപ്പെട്ടവിക്കുന്നത്, ഒരു തേങ്ങൽ തേങ്ങുന്നത്—ഇതൊക്കെയാണ് കരുണരസവ്യക്തിക്കു വേണ്ടത്.

നാടകത്തിൽ സംഗീതവും ആത്മഗതവും വർജ്ജ്യമാണെന്നു നാം മുമ്പൊക്കെ വാശിപിടിച്ചു വാദിച്ചതിനെ ഇനി ദുരഭിമാനം വിചാരിക്കാതെ പിൻവലിക്കേണ്ടിയിരിക്കുന്നു.

ഒട്ടക്കം ഒരു കാര്യംകൂടി: 'കലയിലെ റിയലിസ'മെന്നുവെച്ചാൽ ഒരുതരം 'തൊലിപൊളിച്ചുകാട്ട'ലാണെന്നു പറഞ്ഞുകേൾക്കുന്നു. ശരിയായിരിക്കാം. പക്ഷേ, അതിന്റെ ഫലം ദയനീയമാണ്. ഓരോന്നും അതാതിന്റെ പാകമെത്തുമ്പോൾ തൊലിനീങ്ങി പുറത്തുവരട്ടെ എന്നു വെച്ചടങ്ങാതെ, പനിനീർപ്പൂമൊട്ടിനെ കടന്നു തൊലി പൊളിച്ചാൽ അതിൽ സുന്ദരമായ ആ പൂവിനെ കാണില്ല. കോഴിമുട്ടയുടെ തൊണ്ടു പൊളിച്ചുനോക്കിയാൽ അതിലൊരു കൊഴുത്ത സാധനമല്ലാതെ കോഴിക്കുഞ്ഞുണ്ടാവില്ല.

(ദന്തഗോപുരം—റിയലിസം നാടകത്തിൽ)

# വിശുദ്ധമായ ചിരി

"സത്യം ശിവം സുന്ദരം എന്നു വാഴ്ത്തത്തക്കതായൊരു ചിരി ലോകത്തിലുണ്ടെങ്കിൽ അത് ഇളംപൈതലിൻെറ നറുംപുഞ്ചിരിയാണ്; അതിനോടടുക്കുന്ന മറ്റൊന്നുകൂടിയുള്ളത്, അരുമക്കിടാങ്ങളുടെ കൗതുഹലചേഷ്ടകൾ കണ്ടിട്ടു മുതിന്നവക്കുണ്ടാകുന്ന പുഞ്ചിരിയും" എന്നു വല്ല മഹാന്മാരും പറഞ്ഞിട്ടുണ്ടോ എന്നറിഞ്ഞുകൂടാ; ഇല്ലെങ്കിൽ ആരെങ്കിലും അതൊന്നു പറഞ്ഞുവെയ്ക്കേണ്ടതാണ്.

പിഞ്ചുകിടാവിൻെറ ഇളം പുഞ്ചിരി, താനപ്പോൾ വിട്ടുപോന്ന അഭൗതികലോകത്തിൽനിന്നു സ്മാരകമായി കൊണ്ടുവരുന്നതാവാം. അതു കുറച്ചുനാൾക്കുള്ളിൽ ഐഹികജീവിതത്തിരക്കിൽ കൈവിട്ടുപോകും. പോയാൽ പ്പിന്നെ ജീവകാലത്തൊരിയ്ക്കലും അവന്നതു വീണ്ടുകിട്ടുലില്ല. തുടൎന്നുള്ള ജീവിതത്തിൽ കാൎയ്യകാരണഭേദത്താൽ പല ചിരികളും മനുഷ്യന്നുണ്ടാവാനുണ്ട്. ജീവിതമത്രയും ദുഃഖത്രയാഭിഹതമാകയാൽ, അവൻ എന്തു കാരണത്തിനും ചിരിയ്ക്കാൻ നോക്കുന്നു; കരച്ചിലിന്നുപകരംകൂടി ചിരിവെയ്ക്കാൻ നോക്കുന്നു. അവയിൽച്ചിലത് അപസ്മാരച്ചിരിപോലെ രോഗലക്ഷണമാണ്, ചിലത് ആരോഗ്യലക്ഷണമെങ്കിലും ആപൽക്കരമാണ്, ചിലത് തുച്ഛഭാവങ്ങളാൽ കലുഷമാണ്, ചിലവമാത്രം നിർദ്ദോഷങ്ങളും സുന്ദരങ്ങളുമാണ്. എന്നാൽ എത്ര നിർദ്ദോഷമായ ചിരിയും നിശ്ശേഷം ശുദ്ധമാവലില്ല; എല്ലാററിലും അന്യൻെറ അപൎയ്യാപ്തതയിലുള്ള നിസ്സ്നേഹതയുടെ—ദ്വേഷത്തിന്റെ എന്നു പറയുന്നില്ല—ഒരു നേരിയ ലാഞ്ഛനയെങ്കിലും ഉണ്ടായിരിയ്ക്കും. ആ കൂട്ടത്തിൽ വിശുദ്ധമായ ഒരു ചിരി,

കൗമാരകൗതുഹലങ്ങൾ നോക്കിയിരിയ്ക്കുമ്പോൾ മുതിൎന്നവരുടെ മനസ്സിലുദിയ്ക്കുന്നതുതന്നെ. അതിൻെറ പിന്നിൽ സ്നേഹമേയുള്ളു; കുട്ടികളുടെ അപൎയ്യാപ്തതയുടെ നേൎക്കു പോലും വാത്സല്യമേ ഉള്ളു. സ്വന്തം കുട്ടികളുടെ നേൎക്കെന്നതിലധികം, പരൻെറ—അന്യൻെറ, ശത്രുവിൻെറ പോലും—കുട്ടികളുടെ നേൎക്കാകുമ്പോൾ അതു കൂടുതൽ വിശുദ്ധമാകുന്നു എന്നുകൂടി പക്ഷേ പറയണമായിരിയ്ക്കാം.

എന്നുകിലും, ആ വിശുദ്ധമായ ചിരിപോലും, സാമാന്യസംസ്കാരമുള്ള മനുഷ്യരെസ്സംബന്ധിച്ചേടത്തോളം അയത്നസിദ്ധമാകയാൽ നിസ്സാരമാണ്; മനുഷ്യൻ യത്നം ചെയ്തു സംസ്കാരത്തെ വളൎത്തിക്കൊണ്ടു വന്നിട്ടുവേണം അതിനെ സാരപ്പെടുത്തുക. എങ്ങിനെയെന്നാൽ, സൎവ്വലോകത്തിൻെറയും — സ്ത്രീബാലയുവവൃദ്ധന്മാരടക്കം, പണ്ഡിതപാമരന്മാരടക്കം, സൎവ്വമനുഷ്യരുടെയും—വിവിധ ചേഷ്ടകളെയും വിരുദ്ധാനുഭവങ്ങളെയും വെറും കൗമാരകൗതുഹലങ്ങളെയെന്നപോലെ നോക്കിക്കണ്ടു ചിരിയ്ക്കാവുന്ന, തത്ത്വബോധപരമായ, ഒരു നിലയിലേയ്ക്കു സ്വയം ഉയൎന്നിട്ട്. ആ ചിരിമാത്രമാണ്, അവൻ ഇളം പൈതലായിരിയ്ക്കുമ്പോൾ പൊഴിച്ച നറുഞ്ചിരിയോടുതികച്ചും തുല്യമാവുക.

(ഹാസ്യസാഹിത്യം—ഉപോൽഘാതം)

## ഹാസ്യസാഹിത്യം

### (പരിശുദ്ധമായ പരിഹാസം)

...മനുഷ്യനിൽ നർമ്മബോധത്തേക്കാൾ വളരെ കൂട്ടതലാണ് പരകുത്സനതൃഷ്ണ. രണ്ടാമത്തതു പലപ്പോഴും ആദ്യത്തതായി തെററിദ്ധരിയ്ക്കപ്പെട്ടുന്നു. നിന്ദ (ശകാരം) തന്റെനേക്കു വരുമ്പോഴേ ആളുകളതു തിരിച്ചറിയൂ. അപ്പോൾ 'ഹാസ്യരസിക'നായ കേരളീയൻപോലും പെട്ടെന്നു ഹാസ്യാനഭിജ്ഞനായിപ്പോകുന്നു. "ഇക്കാര്യത്തിൽ എൻെറ പരിമിതമായ അനുഭവത്തിൽ പെട്ടേടത്തോളം, നൂറിൽ തൊണ്ണൂറെറാമ്പതു പേരുടേയും മനസ്സംസ്കാരം ആശാജനകമല്ല" എന്ന് എം. ആർ. നായർ (സഞ്ജയൻ) പറഞ്ഞിട്ടുള്ളത് അദ്ദേഹത്തിൻെറ സൌജന്യംകൊണ്ടാണ്; നൂറിൽ നൂററിൻെറയും എന്നുതന്നെ പറയണം.

"അപ്പോൾ ഒരു വ്യക്തിയെ മുൻനിർത്തി ഹസിയ്ക്കുന്നതൊന്നും ഹാസ്യസാഹിത്യമാവില്ല എന്നല്ലേ വന്നുകൂട്ടുന്നത്?" ഏറെക്കുറെ, അതെ. എന്നാൽ മുഴുവനും അങ്ങിനെയായിക്കൊള്ളണമെന്നില്ല. ഒരു സവിശേഷവ്യവസ്ഥയിൽ വ്യക്തികളേയും പരിഹസിയ്ക്കാം. എന്തുവ്യവസ്ഥയിൽ? എം. ആർ. നായർതന്നെ തൻെറ പ്രഗല്ഭഭാഷയിൽ അതേതാണ്ട് ആവിഷ്ക്കരിച്ചിട്ടുണ്ട്; "നിങ്ങളുടെ പരിഹാസത്തിനു ലാക്കായിത്തീരുന്ന ഒരാൾക്ക് ഒരത്യാപത്തു സംഭവിച്ചു എന്നറിഞ്ഞാൽ, അതിനെക്കുറിച്ച് അയാളുടെ പരമബന്ധുവിനുള്ളതുപോലെ ഉള്ളഴിഞ്ഞ സഹതാപം നിങ്ങൾക്കുണ്ടാവുമെന്നു ധൈര്യമുണ്ടോ? ഉണ്ടെങ്കിൽമാത്രം ഹാസസാഹിത്യകാരൻെറ തൂലിക

തൊട്ടാൽമതി.'' വ്യക്തിപരിഹാസത്തിന്നൊരുമ്പെടുന്ന വക്കു കൊള്ളാവുന്ന ഒരു മാർഗ്ഗനിർദ്ദേശംതന്നെയാണിത്.

പക്ഷേ, പോരാ. ശത്രുവിന്നായാലും ഒരത്യാപത്തു സംഭവിച്ചു എന്നറിഞ്ഞാൽ സാധാരണമനുഷ്യൻ ഉള്ളഴിഞ്ഞു സഹതപിക്കും; ചിലപ്പോൾ അയാളുടെ പരമബന്ധുവിനെക്കാളധികം സഹതപിച്ചു എന്നും സഹായിക്കാൻ ചെന്നു എന്നും വരാം. ശത്രുതപങ്ങൾ ഇങ്ങിനെ അത്യാപത്തുകളാൽ നികന്നുപോയിട്ടുപോലുമുണ്ട്. ആ നിലയ്ക്കു് ആപത്തുവരുമ്പോൾ സഹതപിച്ചുകൊള്ളാമെന്നുംവെച്ച് ആരെയും പരിഹസിക്കാൻ പോകരുത്; ഒടുക്കം അയാൾക്ക് ആപത്തൊന്നും വന്നില്ലെങ്കിലോ! അതുകൊണ്ട് എം. ആർ. നായരുടെ ആ വാക്യത്തെത്തന്നെ അല്പമൊന്ന് പരിഷ്കരിക്കുന്നതു നന്ന്. 'നിങ്ങൾ ആരുടെ ഏതൊരു പന്തികേടിനെ പരിഹസിക്കാനുദ്യമിക്കുന്നുവോ, ആ പന്തികേടു നിങ്ങളുടെ പരമബന്ധുവിൽ കണ്ടാലും നിങ്ങൾ പരിഹസിക്കുമെങ്കിൽ, അതു നിങ്ങൾ എങ്ങിനെ ഏതു രീതിയിൽ ചെയ്യുമോ, അങ്ങിനെയേ, ആരെയും പരിഹസിക്കാവൂ—ഈ അച്ചടക്കം പാലിക്കാമെങ്കിൽ മതി, ഹാസ്യസാഹിത്യതൂലിക വാങ്ങുവാൻ പണം ചെലവിടുക.'

... ... ... ...

അതേ, ഒരു വ്യക്തിയെ പരിഹസിക്കണമെന്നു വന്നാൽ ആദ്യം ചെയ്യേണ്ടത് അയാളെ സ്വജനമായി ഭാവനചെയ്തു നോക്കുകയാണ്; ചിലപ്പോൾ അതിൽത്തന്നെ പരിഹാസവാസന മുക്കാലും അടിയിലൂറും, ശേഷിച്ചതു ശുദ്ധഹാസ്യമായി തെളിയുകയും ചെയ്യും.

ഇതു കുറേ പ്രയാസമുള്ള പണിയാണ്, അല്ലേ?

അതേ, പ്രയാസമുള്ള പണിതന്നെയാണ്. എന്നല്ല, പ്രയാസപ്പെട്ട നിർമ്മിച്ച ആ ഹാസ്യസാഹിത്യം വായിച്ച് ആളുകൾ പൊട്ടിച്ചിരിക്കുകയും ചിരിച്ചു മണ്ണുകപ്പുകയും ചെയ്യുവെന്നും വരില്ല—ചില മുഖങ്ങളിൽ ഒരു മന്ദഹാസം മാത്രമേ പ്രതീക്ഷിക്കേണ്ടു. ഇത്ര ചുരുങ്ങിയ പ്രതിഫലനത്തിന് ഇത്ര ചുരുങ്ങിയ പരിധിയിൽ വെച്ച് ഇത്രവലിയ പണിയെടുക്കാൻ മിക്ക ഹാസ്യസാഹിത്യസമ്രാട്ടുകൾക്കും മനസ്സുണ്ടാവില്ല. മറിച്ചു, പരിഹാസ്യവ്യക്തിയിൽ ഇല്ലാത്ത പല കുററവും കുറവുമാരോപിച്ചു പരിഹാസത്തിനു കനംകൂട്ടി പൊട്ടിച്ചിരി വളർത്താനാണ് അവരുടെ വെമ്പൽ മുഴുവൻ. ഒരുത്തനെ പരിഹസിച്ചാൽ അതു കേട്ട ചിരിക്കാൻ പതിനായിരംപേർ നാട്ടിലുണ്ടായിരിക്കുകയും ആ പതിനായിരത്തവർ ആ സമ്രാട്ടിനെ "ആ വിദ്വാൻ എന്തൊരു രസികനാണ്!" എന്നും "രസികനെന്നു പറഞ്ഞാൽ മതിയോ! ഒരു മഹാത്മാവ്!" എന്നും പുകഴ്ത്തിപ്പോരുകയും ചെയ്യുന്ന കാലത്തോളം, ആ പാരമ്പര്യം തുടൻകൊണ്ടിരിക്കുകയും ചെയ്യും.

(ഹാസ്യസാഹിത്യം—പരിഹാസചർച്ചകൾ)

## കണ്ണന്റെ അരങ്ങേററം

### (വിചിത്രഭാവനിർഭരമായ ഒരു രംഗം)

ദ്രോണാചാര്യരുടെ കീഴിൽ പാണ്ഡവരും ധാർത്ത രാഷ്ട്രരുമായ രാജകുമാരന്മാരുടെ ആയുധാഭ്യാസം കഴിഞ്ഞ്, അവരുടെ അരങ്ങേററം നടത്തുകയാണ്. നഗരത്തിനുപുറമേ വിശാലമായ ഒരൊഴിഞ്ഞസ്ഥലം നികത്തി വെടിപ്പാക്കി പൂജ കഴിച്ചു കാഴ്ചക്കാക്കിരിയ്ക്കാനുള്ള ഇരിപ്പിടങ്ങൾ നിർമ്മിയ്ക്കപ്പെട്ടു. ഭീഷ്മപിതാമഹനെ മുൻനിർത്തി ധൃതരാഷ്ട്രരും വിദുരർ മുതലായ കുരുവൃദ്ധന്മാരും, ഗാന്ധാരി കുന്തി മുതലായ അന്തഃപുരസ്ത്രീകളും, പൗരന്മാരും, ജാനപദന്മാരുമെല്ലാം ഹൃഷ്ടരായി തക്കസ്ഥാനങ്ങളിൽ വന്നിരുന്നു. കൊട്ടും മേളവും മുഴങ്ങി. അനന്തരം വസ്ത്രവും പൂണുനൂലുമെന്നപോലെ തലമുടിയും താടിയും വെളുത്ത ദ്രോണാചാര്യർ പുത്രനോടുകൂടി വന്നു രംഗപൂജ കഴിപ്പിച്ചു; ബ്രാഹ്മണരുടെ പുണ്യാഹഘോഷങ്ങൾ മുഴങ്ങി; ഭൃത്യന്മാർ ആയുധങ്ങൾ കൊണ്ടുവന്നുവെച്ചു. ആ നൂററഞ്ചു സഹോദരന്മാരും പടക്കോപ്പണിഞ്ഞു ജ്യേഷ്ഠക്രമത്തിൽ വഴിയ്ക്കുവഴിയേ പ്രവേശിച്ചു. അത്ഭുതകരമായ അമ്പെയ്ത്തു തുടങ്ങി. അമ്പുകളേററാലോ എന്നു പേടിച്ച് ആളുകൾ തല താഴ്ത്തി; ചിലർ മിഴിച്ചുനിന്നു. ആ കുമാരന്മാരുടെ രഥാശ്വഗജാരോഹവൈദഗ്ധ്യവും മററും കണ്ടു സദസ്സിൽനിന്നു കൂടെക്കൂടെ 'ബലേ-ബലേ' വിളികൾ മുഴങ്ങി.

പിന്നീടു സുയോധനനും വൃകോദരനും ഗദയേന്തി കളത്തിലിറങ്ങി; അവർ വാശിപൂണ്ടു പല പയററു മുറ

കളും കാട്ടി. കാഴ്ചക്കാർക്കിടയിൽ പക്ഷപാതഭേദംമൂലം കക്ഷിപിരിവു വരികയായി. അപ്പോൾ ബുദ്ധിമാനായ ദ്രോണാചാര്യർ പുത്രനെ അയച്ച് അവരെ പിരിച്ചുവിട്ടു. എന്നിട്ടദ്ദേഹം കളത്തിൽച്ചെന്നു മേളവാദ്യം തടഞ്ഞിട്ട് പറഞ്ഞു: "എനിക്ക് എൻെറ പുത്രനേക്കാൾ പ്രിയതരനായ അർജ്ജുനനെ കണ്ടുകൊൾവിൻ."

സ്വസ്ത്യയനം കഴിഞ്ഞു കയ്യുറയും പൊൻകവചവും നിറഞ്ഞ ആവനാഴിയും വില്ലും ധരിച്ച അർജ്ജുനൻ കളത്തിലിറങ്ങി. സദസ്സിൽ തിക്കു വർദ്ധിച്ചു. മേളവാദ്യം മുഴങ്ങി. 'ഇതാ, കുന്തീപുത്രൻ! ഇതാ, പാണ്ഡവമധ്യമൻ!' എന്നിങ്ങനെ ആളുകളുടെ ആർപ്പുവിളികൾ കേട്ടു കുന്തിയുടെ മാറിടം കണ്ണീർകൊണ്ടും മുലപ്പാൽകൊണ്ടും കുതിർന്നു. സദസ്സിലെ ഇരമ്പം കേട്ടു ധൃതരാഷ്ട്രർ വിദുരരോട് 'ഇതെന്തെ'ന്നന്വേഷിച്ചു; അർജ്ജുനൻെറ വൈഭവമാണെന്നു കേട്ടു 'ഞാൻ ധന്യനായി, അനുഗൃഹീതനായി!' എന്നു പറഞ്ഞു.

രംഗം ഒതുങ്ങിയപ്പോൾ അർജ്ജുനൻ തൻെറ വൈദഗ്ധ്യം കാണിക്കുകയായി: ആഗ്നേയാസ്ത്രംകൊണ്ടു തീയുണ്ടാക്കി, വാരുണംകൊണ്ടു വെള്ളമുണ്ടാക്കി, ഭൌമംകൊണ്ടു ഭൂമിയിലാണ്ടു, അന്തർദ്ധാനംകൊണ്ടു മറഞ്ഞു; ക്ഷണനേരംകൊണ്ടു കുറിയവനും നെടിയവനുമായി, ക്ഷണനേരങ്ങൾകൊണ്ടു തേർനുകത്തിലും തേർത്തടത്തിലും കാണപ്പെട്ടു; വട്ടം ചുററുന്ന ഒരു ലോഹവരാഹത്തിൻെറ വായിൽ ഒപ്പം അഞ്ചമ്പ് എയ്തുതറച്ചു; കയറിൽ തൂങ്ങിയാടുന്ന ഒരു കാളക്കൊമ്പിന്മേൽ ഇരുപത്തൊന്നമ്പ് എയ്തേല്പിച്ചു. ഇതുപോലെ ഖഡ്ഗാദിപ്രയോഗത്തിലും പല അത്ഭുതങ്ങൾ കാണിച്ചു.

എല്ലാം കഴിഞ്ഞ കൂട്ടത്തിലായി. സദസ്സു മന്ദീഭവിച്ചു. വാദ്യം ചുരുങ്ങി. ഒരിടത്തു ദ്രോണരെച്ചുഴന്നു പാണ്ഡവന്മാരഞ്ചുപേരും അപ്പുറത്ത് അശ്വത്ഥാമാവിനോടൊപ്പം ഞെളിഞ്ഞു നിലകൊള്ളുന്ന ദുര്യോധനനെച്ചുഴന്നു നൂററുവരും നില്ക്കുന്നു. പെട്ടെന്നു പ്രവേശനദ്വാരത്തിൽനിന്ന് ഇടിവെട്ടുപോലെ ഊക്കു കാണിയ്ക്കുന്ന ഒരു കൈകൊട്ടു കേൾക്കായി, ആളുകളാകെ അമ്പരപ്പോടെ അങ്ങോട്ടു നോക്കിയപ്പോഴുണ്ട്, വഴി മാറിക്കൊടുത്തു മിഴിച്ചുനില്ക്കുന്ന ആൾക്കൂട്ടത്തിൻെറ നടുവിലൂടേ, സഹജങ്ങളായ കവചകുണ്ഡലങ്ങളാൽ ഉജ്ജ്വലനായി വില്ലും വാളും ധരിച്ച കർണ്ണൻ അന്തസ്സിൽ നടന്നു വരുന്നു. അയാളും കുന്തി കന്യകയായിരിയ്ക്കുമ്പോഴുണ്ടായ പുത്രനാണ്. അയാൾ രംഗത്തെ മുഴവൻ നോക്കി ദ്രോണകൃപന്മാരെ ഏറെ വഴങ്ങാതെ വന്ദിച്ച്, 'ഈയാളേത്?' എന്നമ്പരന്നു നില്ക്കുന്ന സദസ്യർ കേൾക്കെ, തൻെറ അറിയാത്ത അനുജനായ അർജ്ജുനനോടു പറഞ്ഞു: "കുന്തീപുത്ര, താങ്കളിപ്പോൾ കാണിച്ച വിദ്യകളെല്ലാം കുറേക്കൂടി മെച്ചപ്പെട്ട നിലയിൽ ഞാനും കാണിയ്ക്കാം, ആളുകൾ നോക്കട്ടെ. താങ്കൾ തങ്കളെച്ചൊല്ലി അത്ഭുതപ്പെടേണ്ട!"

അയാളിതു പറഞ്ഞുതീന്നില്ല, ആളുകളൊക്കെ എമ്പാടും യന്ത്രംകൊണ്ടു പൊന്തിച്ചാലത്തെപ്പോലെ പിടഞ്ഞെഴുന്നേററു. ദുര്യോധനന്നു രസമായി; അർജ്ജുനന്നു ലജ്ജയും ക്രോധവുമുണ്ടായി. കർണ്ണൻ ദ്രോണരുടെ അനുമതിയോടുകൂടി പറഞ്ഞവിധംതന്നെ പ്രവത്തിച്ചു കാണിച്ചു. ദുര്യോധനൻ സഹോദരന്മാരോടുകൂടിച്ചെന്നു കർണ്ണനെ ആലിംഗനം ചെയ്തു പറഞ്ഞു: "മഹാബാഹോ, സ്വാഗതം! ഞാനും കുരുരാജ്യവും താങ്കളുടേതാണ്." കർണ്ണൻ ദുര്യോധനനോടു സഖ്യംമാത്രം വരിച്ചതിനു

ശേഷം, തനിയ്ക്കു് അർജ്ജുനനോട് ദ്വന്ദ്വയുദ്ധം ചെയ്താൽ കൊള്ളാമെന്നുണ്ടെന്ന് അറിയിച്ചു.

അർജ്ജുനൻ കയർത്തു: "കർണ്ണ, വിളിയ്ക്കാതെ വന്നു കേറി ചോദിയ്ക്കാതെ പറയുന്നവർക്കുള്ള ലോകങ്ങളിലേയ്ക്കു ഞാൻ നിന്നെ കൊന്നയയ്ക്കുന്നുണ്ട്."

കർണ്ണൻ പറഞ്ഞു: "ഈ രംഗം പൊതുവിലുള്ളതാണ്. താങ്കൾക്കെന്താണിതിൽ? ദുർബ്ബലന്മാരുടെ ആശ്വാസമായ ശകാരങ്ങളെക്കൊണ്ടെന്താണ്? അമ്പുകളെക്കൊണ്ടു മറുപടി പറയൂ. അപ്പോൾ ഞാൻ ക്രൂരമ്പുകളെക്കൊണ്ടു ഗുരുവിൻെറ മുമ്പിൽവെച്ചു നിൻെറ തലയെടുത്തോളാം."

അർജ്ജുനൻ ഗുരുവിൻെറയും സഹോദരന്മാരുടെയും അനുമതിയോടുകൂടി ദ്വന്ദ്വയുദ്ധത്തിന്നിറങ്ങി; കർണ്ണനും ഒരുങ്ങിനിന്നു.

ആ സമയത്ത് ആകാശത്ത്, ഇടിയും മിന്നലും മഴവില്ലും വെള്ളിൽപ്പറവകളുമായി മേഘങ്ങൾ വന്നുനിരന്നു. ആവിധത്തിൽ ദേവേന്ദ്രൻ പുത്രസ്നേഹംമൂലം ആ രംഗം കാണാൻവന്നപ്പോൾ, സൂര്യൻ തൻെറ അരികെ വന്നുകൂടിയ മേഘങ്ങളെ മുടിച്ചുവിട്ടു. അർജ്ജുനൻെറ മേൽ മേഘച്ഛായയും കർണ്ണൻെറമേൽ സൂര്യപ്രകാശവും വ്യാപിച്ചു. കർണ്ണൻെറ വശത്തു ദുര്യോധനാദികളും, അർജ്ജുനൻെറ വശത്തു ദ്രോണകൃപഭീഷ്മാദികളും—രംഗമാകെ രണ്ടുപങ്കായി. സ്ത്രീകൾക്കിടയിൽപ്പോലും പക്ഷഭേദം വന്നു. എല്ലാം മനസ്സിലായ കുന്തിയാകട്ടേ, കഷ്ടം, മോഹാലസ്യപ്പെട്ടുപോയി. വിദുരർ ചന്ദനക്കുളിർനീർ തളിച്ച് അവരെ ആശ്വസിപ്പിച്ചു. ബോധംതെളിഞ്ഞിട്ടും കുന്തി ആ ഒരുമ്പെട്ടുനില്ക്കുന്ന മക്കളെക്കണ്ട് എന്തുവേണ്ടു എന്നറിയാതെ പരിതപിച്ചു.

അപ്പോൾ കൃപർ ദ്വന്ദ്വയുദ്ധമുറയനുസരിച്ചു പറഞ്ഞു: "കർണ്ണ, കുരുവംശത്തിൽ പാണ്ഡുവിന്റെയും കുന്തിയുടെയും ഇളയപുത്രനായ അർജ്ജുനനാണ് നിന്റെ പ്രതിദ്വന്ദ്വി. മഹാബാഹോ, നീയും ഇതുപോലെ നിന്റെ വംശത്തിന്റെയും അച്ഛനമ്മമാരുടെയും പേർ പറയൂ. ഏതു രാജവംശത്തിലെ സന്തതിയാണ് നീ? അതറിഞ്ഞാൽ അർജ്ജുനൻ നിന്നോടു നേരിടുകയോ നേരിടാതിരിക്കുകയോ ചെയ്യും."

ഇതു കേട്ടപ്പോൾ കർണ്ണന്റെ മുഖം താണു; അതു മഴയേററു ചാഞ്ഞ താമരപ്പൂപോലായി. അപ്പോൾ ദുര്യോധനൻ പറഞ്ഞു: "ആചാര്യ, രാജാക്കന്മാരുടെ കുലം നിശ്ചയിക്കാൻ ശാസ്ത്രത്തിൽ ഒററവഴിയല്ല പറഞ്ഞിട്ടുള്ളു. അർജ്ജുനനു രാജാവിനോടല്ലാതെ യുദ്ധംചെയ്‌വാനിഷ്ടമില്ലെങ്കിൽ, ഞാനിതാ, ഈയാളെ അംഗരാജ്യത്ത് അഭിഷേചിക്കുന്നു."

താമസമുണ്ടായില്ല, അവിടെവെച്ചു യഥാവിധി കർണ്ണന്ന് അംഗരാജ്യാഭിഷേകം നടന്നു. അയാൾ പൊൻപീഠത്തിൽ വെൺകൊററക്കുടക്കു കീഴേ ചാമരങ്ങളാൽ വീശപ്പെട്ടുകൊണ്ടു ജയശബ്ദങ്ങൾക്കിടയിൽ ദുര്യോധനനോടു പറഞ്ഞു: "ഈ രാജ്യപ്രദാനത്തിനൊത്തവണ്ണം ഞാൻ താങ്കൾക്ക് എന്തു ചെയ്യട്ടെ? പറയൂ, ഞാൻ ചെയ്യാം."

"ഒടുങ്ങാത്ത സഖ്യമിച്ഛിക്കുന്നു."

"അങ്ങിനെയാവട്ടെ."

രണ്ടുപേരും മനംതെളിഞ്ഞ് ആലിംഗനം ചെയ്ത് അത്യന്തം സന്തോഷിച്ചു.

അപ്പോഴതാ ആ രംഗത്തിലേക്കു, വടിയൂന്നി വിറച്ചു വിയർത്തൊലിച്ച് ഉത്തരീയമിഴിഞ്ഞു കർണ്ണനെ വിളിച്ചും

കൊണ്ട് അധിരഥൻ വരുന്നു. അയാളെ കണ്ടപ്പോൾ കർണ്ണൻ വില്ലുവെച്ചു ചെന്ന് അഭിഷേകാർദ്രമായ ശിരസ്സു കൊണ്ടു നമസ്കരിച്ചു. അധിരഥൻ വസ്ത്രമിഴിയെ കുനി ഞ്ഞു 'മകനേ' എന്നു വിളിച്ച് ആശ്ലേഷിച്ചു മൂർദ്ധാവിൽ മുകന്ന്, അതിൽ കണ്ണീർകൊണ്ടു വീണ്ടും അഭിഷേകം കഴിച്ചു.

ഇങ്ങിനെ കർണ്ണന്റെ ജാതി തെളിഞ്ഞു കണ്ടപ്പോൾ ഭീമസേനൻ ഹസിച്ചു പറഞ്ഞു: "സൂതന്റെ മകനേ, നീ യുദ്ധത്തിൽ കുന്തീപുത്രന്റെ കൈകൊണ്ടു ചാവാനർഹി ക്കുന്നില്ല. നിന്റെ കുലത്തിനൊത്തവണ്ണം ചമ്മട്ടിയേന്തി ക്കൊള്ളുക. നീ അംഗരാജ്യം വാഴാനർഹനല്ല. ശ്വാവി ന്നോ യജ്ഞത്തിലെ പുരോഡാശം!"

കർണ്ണൻ ഇതുകേട്ടു ചുണ്ടു വിറച്ചുകൊണ്ട് ആകാശ ത്തു നില്ക്കുന്ന സൂര്യനെ നോക്കുകമാത്രം ചെയ്തു; ദുര്യോധന നാണ് ചാടിവന്നു ഭീമനോടു മറുത്തുപറഞ്ഞത്: "വൃകോ ദര, പറയരുതാത്തതാണ് നീ പറഞ്ഞത്. ക്ഷത്രിയന്മാ ർക്കു ബലമാണ് മേന്മ, യുദ്ധമാണ് വേല. ശൂരന്മാരുടേ യും നദികളുടേയും ഉല്പത്തി അറിവാൻ മേലാ. ഉദാഹര ണം വളരെ വേണ്ട; നിങ്ങൾതന്നെ എങ്ങിനെ ജനിച്ചു എന്നു രാജാക്കന്മാർക്കറിയാം. എന്നല്ല, ദിവ്യലക്ഷണങ്ങ ളായ കവചകുണ്ഡലങ്ങളോടുകൂടി സൂര്യനെപ്പോലെ തിള ങ്ങുന്ന ഈ നരിയെ പെററത് ഒരു മാൻപേടയാകുമോ! ഈ മനുഷ്യേശ്വരൻ അംഗരാജ്യമല്ല പൃഥ്വീരാജ്യംതന്നെ അർഹിക്കുന്നു. എന്റെ ഈ ദാനം പൊറുക്കാത്തവനാരോ അവൻ വില്ലുകുലച്ചു വരട്ടെ."

അപ്പോഴേക്കു സദസ്സിൽ വലിയ ആർപ്പും കൂക്കും 'ബലേ ബലേ' വിളികളുമായി. സൂര്യൻ അസ്തമിക്കുകയും ചെയ്തു. ദുര്യോധനൻ കർണ്ണന്റെ കയ്യുംപിടിച്ചു രംഗം വിട്ടു.

പാണ്ഡവന്മാരും ഭീഷ്മദ്രോണകൃപാദികളോട്ടുകൂടി താന്താങ്ങളുടെ ഗൃഹം പൂകി. ആളുകൾ അർജ്ജുനനെപ്പററിയും കർണ്ണനെപ്പററിയും ദുര്യോധനനെപ്പററിയും സംസാരിച്ചുകൊണ്ടു തിരിച്ചു. കുന്തിയ്ക്കു ദിവ്യലക്ഷണം ചേർന്ന കർണ്ണനെ കണ്ടറിഞ്ഞിട്ടു ശുദ്ധമായ പ്രീതി വളർന്നു. യുധിഷ്ഠിരനു, കർണ്ണനൊത്ത വില്ലാളിയില്ലെന്നുറപ്പായി.

*　　　*　　　*

കൗരവപാണ്ഡവരുടെ സാധാരണമായ ബാല്യക്രീഡയിൽ വിത്തിട്ടുകഴിഞ്ഞതും, ഭാവിയിൽ കുരുക്ഷേത്രത്തിലെ ആ മഹായുദ്ധമായി പടർന്നു പന്തലിയ്ക്കാനിരിയ്ക്കുന്നതുമായ കുടുംബമത്സരം കിളർന്ന് ഇലവിരഞ്ഞുവരുന്നതിനെയാണ് ഇതിഹാസകവി ഇവിടെ അസാധാരണമായ നാടകീയഭംഗിയോടേ കാഴ്ചയ്ക്കു വെച്ചിരിയ്ക്കുന്നത്. ആധുനികലോകത്തിലെ സിനിമാസ്ക്രീനിൽപ്പോലും നന്നായി പകർത്തിക്കാണിയ്ക്കാൻ സാധിയ്ക്കാത്തത്ര മഹത്തായൊരു സദസ്സ്; അതിൽ സംഭവങ്ങൾ, ഒന്നിനൊന്നു വ്യത്യസ്തമായി ഒന്നിനൊന്നു മേലെയായി, അടുക്കടുക്കായി, വന്നുകൊണ്ടിരിയ്ക്കുന്നു; ഓരോരിയ്ക്കലും സദസ്സിൽനിന്നുണ്ടാകുന്ന പ്രതികരണങ്ങളുടെ സൂചനകൊണ്ട് അവയ്ക്കു ജീവൻ വെപ്പിയ്ക്കുന്നു. വ്യത്യസ്തങ്ങളായ നാദങ്ങൾ പുറപ്പെടുവിയ്ക്കുന്ന എല്ലാ കമ്പികളേയും മുറുക്കിവെച്ചിട്ടുണ്ട്, അതിലേതിലും യഥാവസരം കവിയുടെ വിരൽ ചെല്ലാതെയുമില്ല.

ഇങ്ങിനെ ഭദ്രമായ ഒരു രൂപശില്പത്തിലൂടെ കവി സുഭദ്രമായ ഒരു ഭാവശില്പത്തെ ആവിഷ്കരിക്കുന്നു. ആദ്യമായി, ഭീമദുര്യോധനന്മാരുടെ ദ്വന്ദ്വയുദ്ധത്തിലൂടേ ആ കുടുംബകലഹത്തിൻെറ ഒരു മിന്നാട്ടം കാണിച്ചുവെച്ചു.

തുടന്ന് അർജ്ജുനാവതരണത്താൽ ആ എതിർകക്ഷികളിൽ ഒന്നിനുള്ള മികവിനേയും, അതു കേട്ട ധന്യത ഭാവിച്ച ധൃതരാഷ്ട്രരുടെ വാക്കിലൂടെ മറുകക്ഷിക്കുണ്ടായ ഇച്ഛാഭംഗത്തേയും വ്യക്തമാക്കി. പെട്ടെന്നതാ, ആ മറുകക്ഷിക്കും തത്തുല്യമായ മികവു കൈവരുന്നു. അങ്ങിനെ തളർന്നുനിന്ന ആ കലഹഭാവത്തെ വീണ്ടും തെഴുപ്പിച്ചു വിട്ടു. രംഗത്തിന് ഉഷാറു പിടിച്ചു. ദ്വന്ദ്വയുദ്ധോദ്യതരായ കർണ്ണാർജ്ജുനന്മാരുടെമേൽ വെയിലും നിഴലുമേററതായി വർണ്ണിച്ചപ്പോൾ, ആധുനികനാടകരംഗങ്ങളിൽ നടന്മാരുടെമേൽ നാനാവർണ്ണത്തിലുള്ള പ്രകാശമേല്പിച്ചു വരുത്തുന്ന ബാഹ്യമായ മോടി നേടുക മാത്രമല്ല കവി ചെയ്തുള്ളു, പരസ്പരപ്രതിദ്വന്ദ്വികളായ പിതൃവാത്സല്യങ്ങളെക്കൊണ്ട് ആന്തരമായ ഭാവവൈചിത്ര്യം വരുത്തുകകൂടി ചെയ്തു. എന്നിട്ട്, അവിടെയും വിരമിക്കാതെ, കുറേക്കൂടി അഗാധമായ മറെറാരു ഭാവത്തിലേയ്ക്കു കടക്കുന്നു: പരസ്പരജിഘാംസയോടേ കയർത്തുനില്ക്കുന്ന ആ രണ്ടു വീരന്മാരും ഒരേ അമ്മയുടെ മക്കളാണെന്ന പരമാർത്ഥത്തെക്കൂടി വാത്സല്യകരുണകഷായമായി ചൂണ്ടിക്കാണിക്കുന്നു. ഒരേ സ്ത്രീയിൽ സന്താനോല്പാദനം ചെയ്ത രണ്ടു പിതാക്കന്മാർ ദേവപഥത്തിൽ നിന്നു താന്താങ്ങളുടെ പുത്രന്മാരിൽ പക്ഷഭേദം കാണിക്കുമ്പോൾ, ഭൂമിയിൽ ആ രണ്ടു കുട്ടികളിലും തുല്യമായ പക്ഷപാതം കൊള്ളുന്ന ആ പെററമ്മ ഇതു കണ്ടു പൊറുക്കാതെ മോഹാലസ്യപ്പെടുന്നു.

വളരെ വളരെ അർത്ഥവത്തായ ഒരു ഭാവഘടനയാണിത്. ഇവിടെനിന്നു വളർന്നു തുടങ്ങുന്ന ആ ഭാരതകലഹം മാത്രമല്ല, ലോകത്തിൽ നടക്കുന്ന മറെറല്ലാ കലഹങ്ങളും ഒരു കണക്കിൽ ഉററ സഹോദരന്മാർ തമ്മിലുള്ളതല്ലേ. അഖിലപിതാവായ ഈശ്വരനിലോളം പോകണ

മെന്നില്ല, പുരാതനകാലത്തെ അല്പം ചില വ്യക്തികളിൽ നിന്നു പെററുപെരുകിവന്ന സഹോദരന്മാരാണല്ലോ നാമെല്ലാം. അല്പബുദ്ധികളായ നമുക്കു ഭാവനചെയ്‌വാൻ പണിയുള്ള ഈ വിദൂരപരമാർത്ഥമാണ് ഇവിടെ ഇതിഹാസകവി ഒന്നുട്ടപ്പിച്ചുവെച്ചു കാണിച്ചിരിക്കുന്നത്—ഇവിടെയിതാ, ഒരേ വയററിലിരുന്നു ജനിച്ച ജ്യേഷ്ഠാനുജന്മാർ തമ്മിലറിയാതെ ഒരു കൊടിയ കുടുംബകലഹദുരന്തത്തിന്റെ നേതൃത്വം വാശിയോടെ ഏറെറടുക്കുന്നു എന്ന്. ഇവിടെയെന്നപോലെ, ലോകകലഹങ്ങളിലെല്ലാം ഇരുകക്ഷിയോടുമുള്ള വാത്സല്യംകൊണ്ടു മിടിക്കുന്ന ഒരു ഹൃദയം അദൃശ്യമായിരുന്നു പരിതപിക്കുന്നുണ്ടാവില്ലേ!

(ഭാരതപര്യടനം—കർണ്ണന്റെ അരങ്ങേററം)

## അധികാരേച്ഛയുടെ രൂപം

...മനുഷ്യനിലുള്ള അധികാരവാഞ്ഛയുടെ മൂർത്തീഭാവമായ ദുര്യോധനൻ ആ ദ്വാപരയുഗത്തിൽമാത്രം ജീവിച്ച ഒരു വ്യക്തിയല്ല, മനുഷ്യസമുദായത്തിൽ എന്നും ജീവിച്ചുകൊണ്ടിരിക്കുന്ന ശാശ്വതാത്മാവാണ്. അയാളെ നിങ്ങൾ ചിലപ്പോൾ ദുഷ്ടനെന്നു വിളിച്ചേക്കും. എന്നാൽ അയാളാണ് ഇന്നോളം ലോകചരിത്രത്തെ നയിച്ചുപോന്നതും നയിച്ചുകൊണ്ടിരിക്കുന്നതും; അയാൾക്കാണ് നാം നമ്മുടെഏറ്റവും നല്ല സ്തുതിവചനങ്ങൾ സമപ്പിച്ചുപോന്നതും, സമപ്പിച്ചുകൊണ്ടിരിക്കുന്നതും.

ആ ശാശ്വതാത്മാവിനെ കേവലീകരിച്ചു കാണിക്കുന്നതിൽ കവി ഇവിടെ ഒരു പിശുക്കും കാണിച്ചിട്ടില്ല: എതിരാളിയിലുള്ള ഐശ്വര്യം കയ്യടക്കണമെന്നതിൽനിന്ന് അപ്പുറത്തേക്കോ, ഇപ്പുറത്തേക്കോ അയാൾക്കൊരു നോട്ടവുമില്ല; അതിനുവേണ്ടി എന്തുചെയ്‌വാനും അയാൾക്കൊരു മടിയില്ല; ആരൊക്കെ എന്തൊക്കെ എതിർ പറഞ്ഞാലും, എത്ര പരാജയപ്പെട്ടാലും അതിന്നൊരിളക്കമില്ല. പിന്നെ, അയാൾക്കധികാരം കിട്ടിയാൽ ആദ്യമായി ചെയ്യുവാനുള്ള മംഗളകമ്മം, എതിർകക്ഷിയെ അങ്ങേഅററത്തോളം അവമാനിക്കുകയാണ്. ചൂതുകളികഴിഞ്ഞ ഉടനെ ദുര്യോധനൻ പാണ്ഡവരുടെ അഭിമാനപാത്രമായ അന്തഃപുരത്തെയാണ് അവമാനിക്കേണ്ടതെന്നു കണ്ടുപിടിച്ചതും, അടിമകളുടെ സ്വത്തെല്ലാം പിടിച്ചുവാങ്ങുക എന്ന ന്യായത്തിന്മേൽ—ഈ ബുദ്ധി കണ്ണന്റെ വകയാണ്—ആ കുലീനസ്ത്രീയുടെ ഉടുവസ്ത്രത്തിന്മേൽ കൈവെപ്പിച്ചതും മറെറാന്നിനേയുമല്ലല്ലോ ഉദാഹരിക്കുന്നത്.

ലോകത്തിൽ അധികാരേച്ഛയുടെ ഈ വടംവലിക്കി

ടയിൽ പാണ്ഡിത്യങ്ങൾക്കോ ധർമ്മബോധങ്ങൾക്കോ സദ്വൃത്തികൾക്കോ ഒരു പിടിയുമില്ല. മഹാത്മാവായ ഭീഷ്മർക്കു കുരുപിതാമഹസ്ഥാനമുണ്ടായിട്ടും, അദ്ദേഹത്തിന് അതനുസരിച്ചു പ്രയോജനകരമായി വല്ലതുമൊന്നു പ്രവർത്തിപ്പാൻ അധികാരമില്ലാതെ ഉദാസീനനായി എല്ലാം ഇരുന്നു കാണേണ്ടിവന്നു. വിദുരർ ഉദാസീനനായിരിക്കാതെ കിടന്നു പിടയുന്നുണ്ടെങ്കിലും, താൻ തുച്ഛനായ ഒരു വൈശ്യാപുത്രനായിപ്പോയി. തന്മൂലം, പിതൃതുല്യനായ ആ മഹാത്മാവിനോടുതന്നെയാണ് ദുര്യോധനൻ അധികാരം കൈവന്ന ഉടനെ ആ അപമാനത്തിനുവേണ്ടി ദ്രൌപദിയെ വിളിച്ചുകൊണ്ടുവരുവാൻ ആജ്ഞാപിച്ചത്! അമ്പോ! അധികാരഗർവ്വിൻെറ ധാർഷ്ട്യത്തെ ഉദാഹരിക്കുന്നതായി ഇതിനപ്പുറം മറ്റൊന്നു ഭാവന ചെയ്‌വാൻ കഴിയുമോ! മറുവശത്ത് അയാൾക്കധീനരായ ധൃതരാഷ്ട്രാദികൾപോലും കേവലമായി അയാളെ അനുകൂലിക്കുന്നില്ല. ധൃതരാഷ്ട്രർക്കു താൻ ചെയ്യുന്നതു തെററാണെന്ന ബോധം തികച്ചുമുണ്ട്, ചിലപ്പോൾ അതനുസരിച്ചു പ്രവർത്തിച്ചുകളയുന്നുമുണ്ട്; കർണ്ണന്നു വീരധർമ്മമനുസരിച്ചുവേണം ശത്രുസംഹാരംചെയ്‌വാനെന്നുണ്ട്; ശകുനിയും ദുര്യോധനൻെറ അസൂയയെ ന്യായമായി ചികിത്സിക്കാൻ നോക്കാതേയില്ല. എന്നാൽ അപ്പോഴെല്ലാം ദുര്യോധനൻ അവരോടു തട്ടിക്കേറിയോ താൻ ആത്മഹത്യചെയ്തുകളയുമെന്നു ഭീഷണിപ്പെടുത്തിയോ എങ്ങിനെയെങ്കിലും താൻ പിടിച്ചേടത്തുതന്നെ കാര്യംവരുത്തുന്നു. ഈ അധികാരേച്ഛയുടെ ദുർഭരമായ കനപ്പാടു കാണിപ്പാനത്രേ, ദുര്യോധനനെ, ഒരേ ഗർഭപിണ്ഡത്തിൽനിന്നു പിരിഞ്ഞവരും വെവ്വേറേ വ്യക്തിത്വമില്ലാത്തവരുമായ നൂറെണ്ണത്തിൻെറ തലവനാക്കിവെച്ചത്.

എന്നുമാത്രമല്ല, 'ബ്രഹ്മാണ്ഡത്തിലുള്ളതൊക്കെ ഓരോ വ്യക്തിയിലുമുണ്ട്' എന്ന ആഷോപജ്ഞൊനമനുസരിച്ച് ഇപ്പറഞ്ഞ കൌരവപക്ഷമാകെ ഒരു കക്ഷിയിലുള്ള പലതരം വ്യക്തികൾക്കെന്നപോലെ, ഒരേ വ്യക്തിയിലുള്ള പലതരം ചിന്താഗതികൾക്കും പ്രതിനിധീഭവിക്കുന്നു; മനുഷ്യനിലുള്ള ഭാവഭേദങ്ങളെ കേവലീകരിച്ചു കാണിക്കുന്ന കാവ്യരീതി അതാണല്ലോ. അപ്പോൾ അറിവും വിവേകവും ധർമ്മബോധവുമെല്ലാം തികഞ്ഞിരുന്നിട്ടും തന്റെ അധികാരേച്ഛ പറഞ്ഞവഴിക്കുമാത്രം നടക്കുന്ന ഒരു വ്യക്തിയുടെ ചിത്രമാണ് കൌരവപക്ഷം എന്നു വരുന്നു.

... ... ...

ഈ അധികാരേച്ഛാകഥകൾ പണ്ടത്തെ രാജാധിപത്യകാലത്തെ കഥകളാണ്, പ്രജാധിപത്യത്തിന്റേതായ ഇന്നത്തെ കാലത്തെയ്ക്കൊന്നുമില്ല എന്ന് ആരും കരുതിപ്പോകേണ്ട. രാജവംശങ്ങളിൽ രണ്ടോ നാലോ ദിവസം മുമ്പു ജനിച്ചതിനെപ്പിടിച്ചുള്ളതാണ് ഈ വടംവലിയെങ്കിൽ, അതാതു നിയോജകമണ്ഡലങ്ങളിൽ വോട്ടുപെട്ടിയിൽ വീണ രണ്ടോ നാലോ അധികവോട്ടുകളെ പിടിച്ചുള്ളതാണ് ഇന്നത്തെ വടംവലികൾ എന്നൊരു വ്യത്യാസമേ ഉള്ളൂ. അതത്ര നിസ്സാരമായ വ്യത്യാസമല്ലെന്നിരിക്കിലും, ഏതിനുവേണ്ടി ഈ അധികാരം നിലകൊള്ളണമോ, ആ ജനക്ഷേമത്തിന് ഈ ചൂതുകളിയിൽ പ്രഥമപരിഗണന ലഭിക്കുന്നില്ല, തീർച്ച. ഇന്ന് അതിനെപ്പററി ധാരാളം പറഞ്ഞുകേൾക്കാമെന്നതു വാസ്തവം തന്നെ. അതു മിക്കവാറും വോട്ടുപെട്ടിയോടുള്ള ബഹുമാനം കൊണ്ടാണ്.

(ഭാരതപര്യടനം—യുദ്ധത്തിന്റെ ആയുധശാല)

# പ്രശംസനീയമായ ഒരു അന്ത്യം

യുധിഷ്ഠിരൻ കൗരവപക്ഷത്തെ ദുർജ്ജയമെന്നു വിചാരിയ്ക്കുമ്പോലെ, പാണ്ഡവന്മാർ 'ദേവന്മാക്കുപോലും ദുർജ്ജയരാണെ'ന്നു ദുര്യോധനാദികൾക്കും പലപാടറിയാം. എന്നിട്ടും അവർ ആ പാണ്ഡവദ്വേഷത്തിൽ നിന്ന്, അവസാനഘട്ടങ്ങളിൽപ്പോലും, ദൗർബ്ബല്യശങ്ക പിടിപെട്ട് ഒരൊററ അടിയും പിന്നോക്കം വെച്ചില്ല. ഭാരതയുദ്ധത്തിൽ തന്റെ പക്ഷത്തിലുള്ളവർ തൊണ്ണൂററൊമ്പതു ശതമാനവും മരിച്ച് ഏതാണ്ട് താനൊററയ്ക്കായ ദുര്യോധനനോട്ട കൃപാചാര്യർ 'ഇനിയെങ്കിലും പാണ്ഡവരോട്ട സന്ധിയായി സ്വസ്ഥമായിരിയ്ക്കു' എന്നു ശോകാതുരനായി കെഞ്ചിയപേക്ഷിച്ചു; അതു പറഞ്ഞപ്പോൾ ആ വൃദ്ധബ്രാഹ്മണൻ മോഹാലസ്യപ്പെട്ടുപോയി. ദുര്യോധനൻ അപ്പോഴാദ്യമായി ചുട്ടനെട്ടവീർപ്പോടേ അതിനെപ്പററി ആലോചിയ്ക്കുകയുമുണ്ടായി. എങ്കിലും തങ്ങൾ തമ്മിൽ ഇന്നോളം നടന്ന പിണക്കങ്ങൾക്കുശേഷം ഇനി ഇണക്കമുണ്ടാവുക സാദ്ധ്യമല്ലെന്നും, ഉണ്ടായാൽത്തന്നെ, ഈ ഭൂമിയാകെ നിഷ്കണ്ടകമായി ഭുജിച്ചിട്ട് ഇനി പാണ്ഡവപ്രസാദത്തിൻകീഴിലിരിയ്ക്കുക തനിയ്ക്കു വയ്യെന്നും തീർത്തു പറഞ്ഞു. അയാൾ തുടന്നു: "അങ്ങു സ്നേഹത്താൽ പറഞ്ഞ ഹിതവാക്യത്തെ ഞാൻ അവഗണിയ്ക്കുകയല്ല; പക്ഷേ, ഇനി സന്ധി ഉചിതമാണെന്നു തോന്നുന്നില്ല; ഒരു ക്ഷത്രിയൻ നേടേണ്ടതെല്ലാം നേടിയതിനുശേഷം എനിയ്ക്കിപ്പോൾ യുദ്ധത്തിനുള്ള കാലമായി. ക്ഷത്രിയന്നു സ്വഗൃഹത്തിൽ കിടയ്ക്കയിൽക്കിടന്നു ചാവുന്നതു നിന്ദ്യമാണ്, അധർമ്മമാണ്; ജര ബാധിച്ച് ആവലാതിയും

പറഞ്ഞു വയ്യാതെ കിടന്നു, കരയുന്ന ബന്ധുക്കളുടെ നടുക്കു വെച്ചു ചാവുന്നവൻ ആണല്ലൊ. എനിയ്ക്കുവേണ്ടി പ്രയത്നിച്ച പിതാമഹൻ ആചാര്യൻ ജയദ്രഥൻ കർണ്ണൻ ദുശ്ശാസനൻ മുതലായവരെല്ലാം ഇതാ, ചോരയിലാണ്ടു നിലത്തു കിടക്കുന്നു. അവർ തുറന്ന വഴി, ദുർഗ്ഗമമെങ്കിലും അവരുടെ പ്രയാണംകൊണ്ടുതന്നെ എനിയ്ക്കു സുഗമമായിക്കിടക്കുന്നു. അവർ ചെയ്തതന്നതിനോടുള്ള കടപ്പാടു തീർക്കേണ്ടതോർക്കുമ്പോൾ എനിയ്ക്കു രാജ്യത്തിൽ മനസ്സിരിയ്ക്കുന്നില്ല. ഈ ഗുരുഭ്രാതൃസുഹൃത്തുക്കളെയെല്ലാം വീഴ്ത്തിയിട്ടു ഞാൻ ജീവിച്ചാൽ ലോകം എന്നെ പുച്ഛിയ്ക്കും. അതുകൊണ്ടു, ലോകത്തിന് ഇത്രയെല്ലാം പരാഭവമേല്പിച്ചുകഴിഞ്ഞ ഞാൻ ഇനി വേണ്ടുംപോലെ യുദ്ധംചെയ്ത് സ്വർഗ്ഗം പൂകുകയേ ചെയ്യൂ, മറെറാന്നും ചെയ്യില്ല.''

ഒടുക്കം ഭീമസേനനുമായി ഗദായുദ്ധത്തിനേറ്റപ്പോൾ എതിരാളിയുടെ വീരവാദങ്ങൾക്ക് അയാൾ മറുപടി പറഞ്ഞു: ''ഞാൻ മുമ്പു നിങ്ങളോടു ചെയ്ത ദുഷ്കർമ്മങ്ങളെപ്പററി പറഞ്ഞുവല്ലോ, അതു മുഴുവനുമില്ല, കുറച്ചേ ചെയ്യാൻ എനിയ്ക്കു കഴിഞ്ഞിട്ടുള്ളു. കാട്ടുജീവിതം, പരഗൃഹത്തിൽ വിടുവേല, വേഷമാററം എന്നിവ നിങ്ങൾക്കു കെട്ടിയേല്പിച്ചു. ഇന്നെൻെറ ബന്ധുക്കൾ കൊലപ്പെട്ടെങ്കിൽ, ആ നാശം നമുക്കു രണ്ടുകൂട്ടർക്കും തുല്യമാണ്. ഇനി ഞാൻ യുദ്ധത്തിൽ വീഴുകയാണെങ്കിൽത്തന്നെ, അതു തുലോം ശ്ലാഘ്യമാണ്; കാലമാണ് അതിനു കാരണം. ഇന്നും എന്നെ പടക്കളത്തിൽ ധർമ്മവഴിയ്ക്ക് ജയിക്കാനാരുമില്ല. കള്ളത്തരംകൊണ്ടു ജയിച്ചാലോ. നിങ്ങൾക്ക് അകീർത്തി ഉറച്ചു. തീർച്ചയായും നിങ്ങളതിൽ പശ്ചാത്തപിയ്ക്കും. കൗന്തേയ, വെറുതെ അലറേണ്ട, യുദ്ധത്തിൽ നിനക്കുള്ള ഊക്കു കാണിച്ചോ!''

അയാൾ യുദ്ധത്തിൽ ഭീമന്റെ ചതിത്തല്ലേററു കാൽ ചതഞ്ഞു വീണു; എങ്കിലും പെട്ടെന്നു മരിച്ചില്ല. അവിടെ പിന്നീട്ട നടന്ന കലാപങ്ങളുടെ നിശ്ശബ്ദസാക്ഷിയായി കിടന്നു. ഒടുക്കം കൃഷ്ണൻ തന്ത്രത്തിൽ അയാളെ വല്ലാതെ അധിക്ഷേപിച്ചു പറഞ്ഞു: "ഈ മനുഷ്യാധമനെ ഇനി മിത്രമെന്നോ ശത്രുവെന്നോ കരുതാനില്ല; മരമുട്ടിപോലായ ഇവന്റെ മേൽ ഇനി വാക്കുകളെക്കൊണ്ടു വെട്ടിയിട്ടെന്താണ്!" ഈ അധിക്ഷേപം കേട്ടു പൊറുക്കാതെ ആ രാജാവ്, വാൽ മുറിയ്ക്കപ്പെട്ട സർപ്പത്തെപ്പോലെ, കൈ രണ്ടും നിലത്തൂന്നി ഊരകൊണ്ടു നിവർന്നിരുന്നു, പ്രാണൻ പോകുന്ന വേദന വകവെയ്ക്കാതെ, കൃഷ്ണന്റെ നേരെ പുരികം ചുളിച്ചു നോക്കിക്കൊണ്ട് ഉഗ്രമായി മറുപടി പറഞ്ഞു. അയാൾ അവസാനിപ്പിച്ചതിങ്ങിനെയാണ്: "ഞാൻ വിധിയാംവണ്ണം അധ്യയനംചെയ്തു, ദാനംചെയ്തു, ഭൂമിയടക്കി വാണു, രാജാക്കളുടെ തലയ്ക്കു മീതേ നിന്നു, മികച്ച ഐശ്വര്യവും ദേവോചിതമായ ഭോഗങ്ങളും അനുഭവിച്ചു, സ്വധർമ്മം നോക്കുന്ന ക്ഷത്രിയരിഷ്ടപ്പെട്ടുംപടിയുള്ള കൊലയുമേറ്റു—എന്റേതിനെക്കാൾ നല്ല അവസാനം ആക്കുള്ളൂ? ആക്കുള്ളൂ എൻേറതിനേക്കാൾ നല്ല അവസാനം? ഞാൻ സുഹൃത്തുക്കളോടും അനുജന്മാരോടുംകൂടി സ്വർഗ്ഗത്തിലേയ്ക്കു പോകയാണ്; നിങ്ങളോ, സങ്കല്പം കെട്ടു വിഷാദിച്ചു കഴിച്ചുകൂട്ടേണ്ടിയും വരും."

കവി തുടരുന്നു: "ധീമാനായ കുരുരാജാവ് ഇതു പറഞ്ഞു നിർത്തിയപ്പോൾ നറുമണം തിരണ്ട പുതുമലരുകളുടെ ഒരു പെരുമഴയുണ്ടായി; ഗന്ധർവ്വന്മാർ ഇമ്പം നല്കുന്ന വാദ്യം കൊട്ടി; അപ്സരസ്സുകൾ ആ രാജാവിൻെറ യശസ്സിനെക്കുറിച്ചുതന്നെ പാടി; സിദ്ധന്മാർ 'ബലേ ബലേ' എന്നാർത്തു; നറുമണമുള്ള ഒരു നനുത്ത കുളിർകാറ്റു വീശി,

ദിക്കുകളിലും ആകാശത്തും ഒരു വൈഡൂര്യപ്രഭ വ്യാപിച്ചു." കഴിഞ്ഞില്ല: "അത്ഭുതമാംമാറു ദുര്യോധനനുള്ള ഈ പൂജ കണ്ടു വാസുദേവപ്രമുഖരായ അവരൊക്കെ ലജ്ജിച്ചുപോയി."

അങ്ങിനെ ദുര്യോധനൻ വീണപ്പോൾകൂടി തൻെറ ചതഞ്ഞ കാൽ പാണ്ഡവരുടെ തലയിൽ വെച്ചുകൊണ്ടാണ് കിടന്നത്: അതിനെ ദേവലോകം ആവോളം അനുമോദിച്ചു എന്നു വർണ്ണിച്ചപ്പോൾ, കവി, 'നേശേ ബലസ്യേതി ചരേദധർമ്മം' എന്ന മാർക്കണ്ഡേയസൂക്ത*ത്തിന്റെ മറേറ അർത്ഥത്തെ—താൻ ബലത്തിനാളാണെന്നുവെച്ചു ചെയ്ത അധർമ്മംപോലും ധർമ്മമാവുമെന്നതിനെ—സമർത്ഥിക്കുകയത്രേ ചെയ്തത്. അതേ, ഉപനിഷത്തുകളോടൊപ്പം മഹാഭാരതവും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്:

"ധർമ്മസ്യ തത്ത്വം നിഹിതം ഗുഹായാം"

(ഭാരതപര്യടനം—കിരാതമൂർത്തി)

---

* 'ഭാരതപര്യടന'ത്തിലെ ആറാമത്തെ പ്രബന്ധത്തിൽ ശ്രീ. മാരാർ ഈ സൂക്തത്തെ വിശദമായി ചർച്ചചെയ്യുന്നുണ്ട്.

# അഖിലനാശത്തിൻെറ വക്കത്ത്

ഈ അറുകൊലയുടെ* കഥ പിറേറന്നു രാവിലെ പാണ്ഡവരുടെ അട്ടക്കലെത്തി. യുധിഷ്ഠിരൻ പെട്ടെന്നു മോഹാലസ്യപ്പെട്ടു. അതു തീൎന്നുണൎന്നപ്പോൾ അദ്ദേഹത്തിന്നു നിൎവ്വേദമായി. പലകാലമായി പല കഷ്ടപ്പാടും സഹിച്ചു വല്ലപാടും ഇന്നലെ കൈനേടിയ ഈ മഹാവിജയം, പകൽവെളിച്ചത്തിൽ ഒന്നു നോക്കിക്കാണുവാൻ ഇട കിട്ടുംമുമ്പേ, ഇതാ, ഒരു പരാജയമായിരിക്കുന്നു.

"ജയോയമജയാകാരോ, ജയസ്തസ്മാൽ പരാജയഃ§

പ്രമാദംതന്നെ! പ്രമാദത്തിൽക്കവിഞ്ഞ ഒരു കൊല ജീവിതത്തിലില്ല. സമുദ്രം താണ്ടി സമ്പാദ്യവുംകൊണ്ടു വരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽവെച്ചു മുങ്ങിപ്പോയി. മരിച്ചവരോ സ്വൎഗ്ഗത്തിലായി. ഇനി പാഞ്ചാലിയുടെ സ്ഥിതിയെന്താവും, വൃദ്ധനായ അച്ഛനും സഹോദരന്മാരും മക്കളുമെല്ലാം മരിച്ചിട്ട്?"

എല്ലാവരും ആ കൊലക്കളത്തിലെത്തി. ദ്രൌപദി മോഹാലസ്യപ്പെട്ടു വീണു. ഭീമസേനൻ ചെന്നു താങ്ങി.

---

* മഹാഭാരതയുദ്ധത്തിൻെറ അവസാനത്തിൽ ദുൎയ്യോധനനും വീണതിന്നുശേഷം, തങ്ങൾ ജയിച്ചു എന്നാശ്വസിച്ച് സ്വൈരമായുറങ്ങിയിരുന്ന പാണ്ഡവപക്ഷത്തിലെ, കൃഷ്ണൻ സാത്യകി പാണ്ഡവർ അഞ്ചുപേർ എന്നിവരൊഴിച്ചു മറെറല്ലാവരേയും അവരുടെ കൂടാരത്തിൽ കടന്നുചെന്ന് അശ്വത്ഥാമാവും കൃപരും കൃതവൎമ്മാവും കൂടി കൊന്നൊടുക്കി. കൃഷ്ണനും പാണ്ഡവരും സാത്യകിയും അന്നുരാത്രി കൂടാരത്തിലില്ലാതിരുന്നതുകൊണ്ടു രക്ഷപ്പെട്ടു. പക്ഷേ, ദ്രൌപതിയുടെ മക്കളും ധൃഷ്ടദ്യുമ്നനും പഞ്ചാലന്മാരുമൊക്കെ അന്നു കൊല്ലപ്പെട്ടു. ഈ അറുകൊലയെയാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്.

§ ഈ ജയം പരാജയംതന്നെ എന്നൎത്ഥം.

അവൾ സാനുജനായ യുധിഷ്ഠിരനെ നോക്കിപ്പറഞ്ഞു: "ഭാഗ്യവശാൽ, മക്കൾ ക്ഷത്രധമ്മമനുസരിച്ചു വീണുപോയി എന്നുംവെച്ചു നിങ്ങൾക്ക് ഈ നേടിയ ഭൂമിയാകെ വാണുകൊള്ളാം; അർജ്ജുന, അങ്ങയ്ക്കും ഭൂമിമുഴവൻ നേടി എന്നുവെച്ച് അഭിമന്യുവിനെ മറക്കാം; എന്നോടുകൂടി എല്ലാം മറന്നു സ്വസ്ഥമായിരിയ്ക്കാം! എന്നാൽ, എനിയ്ക്കിതു പൊറുക്കാൻ വയ്യ. ആ പാപിയായ ദ്രൌണിയെ ഇന്നു ചെന്നു കൊന്നില്ലെങ്കിൽ ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ്—ഇതു മനസ്സിലാക്കിക്കൊൾവിൻ." കാട്ടു കേറി ദൂരെയെങ്ങോ പോയ ദ്രൌണിയെ കണ്ടെത്തുക എളുപ്പമല്ലെന്നും മററും പറഞ്ഞു യുധിഷ്ഠിരൻ അവളെ ആശ്വസിപ്പിയ്ക്കാൻനോക്കി. പക്ഷേ, ദ്രൌപദി പ്രതിജ്ഞചെയ്തു: "ദ്രൌണിയുടെ ശിരസ്സിലുള്ളതായി കേൾക്കുന്ന സഹജമായ ചൂഡാമണി കൊണ്ടുവന്ന് അങ്ങയുടെ ശിരസ്സിലണിഞ്ഞു കാണണം, ഞാൻ ജീവിയ്ക്കണമെങ്കിൽ." തൻെറ ഈ നിശ്ചയം നിറവേററാൻ അവൾ ഭീമനെ പ്രോത്സാഹിപ്പിച്ചു. ഭീമൻ വില്ലുമമ്പുമെടുത്തു തേരിലേറി നകുലനെ സാരഥിയാക്കി പുറപ്പെടുകയും ചെയ്തു.

കഥയെല്ലാമറിഞ്ഞു കൃഷ്ണൻ യുധിഷ്ഠിരനോടു പറഞ്ഞു: "യുധിഷ്ഠിര, താങ്കളുടെ പ്രിയസഹോദരൻ വല്ലാത്തൊരപകടത്തിലേയ്ക്കാണ് പോയിരിയ്ക്കുന്നത്. ദ്രോണർ പുത്രന്നു ബ്രഹ്മശിരസ്സെന്ന അസ്ത്രം നല്കിയിട്ടുണ്ട്—അതു ഭൂമി മുഴവൻ ചുടും! ദ്രൌണി കോപിഷ്ഠനും ദുരാത്മാവും ചപലനും ക്രൂരനുമാണ്; ബ്രഹ്മശിരസ്സ് അറികയും ചെയ്യാം. അതുകൊണ്ടു ഭീമനെ രക്ഷിയ്ക്കണം."

ഉടനേ കൃഷ്ണയുധിഷ്ഠിരാർജ്ജുനാദികളെപ്പേരുംകൂടി കൃഷ്ണൻെറ തേരിൽ പിന്തുടൻചെന്നു. അവർ ക്ഷണ

ത്തിൽ വഴിക്കുവെച്ചു ഭീമനെ കണ്ടെത്തിയെങ്കിലും ക്രോധദീപ്തനായ അദ്ദേഹത്തെ തടഞ്ഞുനിൎത്താൻ കഴിഞ്ഞില്ല.

അശ്വത്ഥാമാവപ്പോൾ ഭാഗീരഥീകച്ഛത്തിൽ ഋഷികളോടുകൂടി ഇരുന്നരുളുന്ന കൃഷ്ണദ്വൈപായനന്റെ അടുത്തു ചെന്നുകൂടിയിരിക്കുയായിരുന്നു. മേലാകെ നെയ്യു പുരട്ടി കുശചീരങ്ങൾ ധരിച്ചിരിക്കുയാണ് അയാൾ. വില്ലേന്തി കയൎത്തുവരുന്ന ഭീമനേയും പിന്നാലെ കൃഷ്ണയുധിഷ്ഠിരാദികളേയും കണ്ടു വ്യഥിതനായി ആ ബ്രഹ്മശിരസ്സുതന്നെ പ്രയോഗിപ്പാനുറച്ചു. ഇടകൈകൊണ്ട് ഒരു പുല്ക്കോടിയെടുത്ത് ആ ദിവ്യാസ്ത്രം ആപാദിപ്പിച്ച് 'അപാണ്ഡവായ'* എന്നു പറഞ്ഞുവിട്ടു. ആ പുല്ക്കോടിമേൽ മൂന്നു ലോകവും എരിയിക്കാൻപോന്ന തീ ഉളവായി.

ദ്രൌണിയുടെ ഭാവം ആദ്യമേ കണ്ടറിഞ്ഞ കൃഷ്ണൻ അൎജ്ജുനനോടു ദ്രോണരുപദേശിച്ച അതേ അസ്ത്രം പ്രയോഗിപ്പാൻ സമയമായെന്നു പറഞ്ഞു. അൎജ്ജുനൻ തേരിൽനിന്നിറങ്ങി, ആദ്യം ആചാൎയ്യപുത്രനും പിന്നെ തനിക്കും സഹോദരന്മാൎക്കുമെല്ലാം 'സ്വസ്തിഭവിക്കട്ടെ' എന്നു പറഞ്ഞു ഗുരുദേവതമാരെ വന്ദിച്ച് 'അസ്ത്രം അസ്ത്രംകൊണ്ടടങ്ങട്ടെ' എന്നു മംഗളം സങ്കല്പിച്ച് അതു പ്രയോഗിച്ചു—അതും മറേറതുപോലെ കത്തിജ്ജ്വലിക്കുകയായി.

ഇടിമുഴക്കവും, മിന്നൽപ്പാളിച്ചയും, ഭൂകമ്പവും—സൎവ്വഭൂതങ്ങളും പേടിച്ചരണ്ടു.

അപ്പോൾ സൎവ്വഭൂതാത്മാവായ നാരദനും ഭാരതപിതാമഹനായ കൃഷ്ണദ്വൈപായനനും ആ അസ്ത്രങ്ങൾക്കു നടുക്കു മററു രണ്ടഗ്നികളെപ്പോലെ വന്നുനിന്നു—

---

* പാണ്ഡുവംശം മുടിയാൻ, എന്നൎത്ഥം.

പ്രാണഭൃദ്ഭിരനാധൃഷ്യൌ ദേവദാനവസമ്മതൌ
അസ്ത്രതേജഃ ശമയിതും ലോകാനാം ഹിതകാമ്യയാ.*

അവർ പറഞ്ഞു: "പല ശസ്ത്രങ്ങളുമറിയുന്ന കഴിഞ്ഞു പോയ മഹാരഥന്മാരും ഈയൊരസ്ത്രം മനുഷ്യരിൽ പ്രയോഗിച്ചിട്ടില്ല. നിങ്ങളെന്തേ ഈ മഹാനാശകാരിയായ സാഹസം ചെയ്യാൻ?"

അർജ്ജുനൻ അവരെ കണ്ട ഉടനേ തൻെറ അസ്ത്രത്തെ സത്വരം പ്രതിസംഹരിച്ച്, "ഭഗവാന്മാർ ഞങ്ങൾക്കും ലോകത്തിനും ഹിതം വരുത്തുമാറാകണം" എന്നപേക്ഷിച്ചു.

ബ്രഹ്മതേജോഭവമായ ആ അസ്ത്രത്തെ, ബ്രഹ്മചര്യവ്രതമനുഷ്ഠിച്ചവനല്ലാതെ പ്രതിസംഹരിക്കുക ദുഷ്കരമാണ്; ചെയ്താൽ അത് അവൻെറയും കൂട്ടുകാരുടെയും തല തെറിപ്പിക്കും. അതിനാൽ, ദ്രൌണി അതു പ്രതിസംഹരിപ്പാൻ കഴിവില്ലാതെ വാശിപിടിച്ചു നില്ക്കുകയായി.

വ്യാസൻ പറഞ്ഞു: "കുഞ്ഞേ, അർജ്ജുനൻ ദേഷ്യം കൊണ്ടോ, നിന്നെ കൊല്ലാനോ അല്ല അസ്ത്രമെയ്തത്, അസ്ത്രത്തെ അസ്ത്രംകൊണ്ടടക്കാനാണ്. അയാളതു പ്രതിസംഹരിക്കുകയും ചെയ്തു. അങ്ങിനെയുള്ള ആ അർജ്ജുനനേയും കൂട്ടരേയും നീയെന്തേ കൊല്ലണമെന്നു വിചാരിച്ചത്? ഈ ബ്രഹ്മശിരോസ്ത്രം വീണ രാഷ്ട്രത്തിൽ പന്തിരണ്ടു കൊല്ലം മഴ പെയ്യില്ല. അർജ്ജുനൻ അതറിഞ്ഞു പ്രതിസംഹരിച്ചു. നീയും ചെയ്യു. കോപമടക്കൂ, പാണ്ഡവർ നിരാമയരാവട്ടെ. നിൻെറ ചൂഡാമണിയും അവർക്കു കൊ

---

* പ്രാണികൾക്കു ചെന്നാക്രമിക്കാൻ വയ്യാത്തവരും സുരാസുരസമ്മതരുമായ അവർ, ലോകങ്ങളുടെ ഹിതമിച്ഛിച്ച് അസ്ത്രതേജസ്സിനെ ശമിപ്പിക്കാൻവേണ്ടി (വന്നുനിന്നു.)

ട്ടക്കണം. അതു കൊട്ടത്താലെ അവർ നിൻെറ പ്രാണൻ വിട്ടതരൂ.''

''പാണ്ഡവർ ഈ യുദ്ധംകൊണ്ടു നേടിയ രത്നങ്ങളിൽ ഇത്ര വിലപ്പെട്ടതൊന്നില്ല.'' ദ്രൗണി പറഞ്ഞു. ''എൻെറ ഈ ചൂഡാമണിയുണ്ടെങ്കിൽ ശസ്ത്രവ്യാധിക്ഷുധകളിൽനിന്നും ദേവദാനവനാഗരക്ഷഃപ്രഭൃതികളിൽനിന്നും ഒന്നും ഭയപ്പെടേണ്ടതില്ല. അതെനിക്കുപേക്ഷിപ്പാൻ മനസ്സില്ല. എന്നാലും ഭഗവാൻ പറഞ്ഞതുകൊണ്ടു ഞാനതു കൊട്ടത്തേക്കാം. ഇതാ മണി. എന്നാൽ എന്റെ പുല്ക്കൊടി പാണ്ഡവരുടെ സന്തതിയിലെങ്കിലും ചെന്നേശണം. അതു പ്രയോഗിച്ചതു വെറുതെയായിക്കൂട. എനിക്കതു പ്രതിസംഹരിക്കാൻ വയ്യ. ഞാനതു പാണ്ഡവരുടെ സന്തതിയിലേക്കു തിരിക്കാം. ഭഗവാൻ പറഞ്ഞതു ചെയ്തില്ലെന്നു വേണ്ട.''

വ്യാസൻ പറഞ്ഞു: ''അങ്ങിനെയാവട്ടെ. നീ അതിനപ്പുറമൊന്നും വിചാരിക്കരുത്.''

ദ്രൗണി അതു പാണ്ഡവഗർഭത്തിലേക്കു വിട്ടപ്പോൾ, ഹൃഷീകേശൻ ഹർഷംപൂണ്ട് ആ പാപിയോടു പറഞ്ഞു: ''അർജ്ജുനൻെറ പുത്രവധുവായ ഉത്തര പെററുണ്ടാകുന്ന പരീക്ഷിത്തു പാണ്ഡവവംശത്തെ നിലനിർത്തുകതന്നെ ചെയ്യും.''

ദ്രൗണി ശുണ്ഠിയെടുത്തു: ''അതുണ്ടാവില്ല. നീ പക്ഷപാതംകൊണ്ടു പറകയാണ്. എന്റെ വാക്കു മറിച്ചാവില്ല. ഞാൻ പ്രയോഗിച്ച അസ്ത്രം അവളുടെ ഗർഭത്തിലേത്തുകതന്നെ ചെയ്യും. അതിനെ രക്ഷിക്കാമെന്നു നീ കരുതേണ്ട.''

ഭഗവാൻ പറഞ്ഞു: ''ആ പരമാസ്ത്രം വീണാൽ വെറുതെയാവില്ലതന്നെ; എന്നാൽ ആ ഗർഭം ചാപിള്ള

UNIVERSITY LIBRARY

യായാലും ദീർഘായുസ്സു നേടും. നീ കാപുരുഷനും പലപ്പോഴും പാപം ചെയ്യുവനും ബാലജീവിതഘാതിയുമാണെന്നു ബുദ്ധിമാന്മാരെല്ലാം അറിഞ്ഞുകഴിഞ്ഞു. നീ അതിൻെറ ഫലം നേടുക: നീ മൂവ്വായിരത്താണ്ടുകാലം എങ്ങുമേതും അറിയപ്പെടാതെ ഈ ഭൂമിയിൽ നടക്കും. നിസ്സഹായനായി വിജനപ്രദേശങ്ങളിൽ തെണ്ടിനടക്കും. പാപാത്മൻ, സർവ്വവ്യാധികളും പിടിപെട്ടു ചോരയും ചലവും നാറിക്കൊണ്ടു കൊട്ടുംകാടുകളിൽ തെണ്ടിയലയും. പരീക്ഷിത്താകട്ടേ, ആയുസ്സു നേടി, ബ്രഹ്മചര്യമനുഷ്ഠിച്ചു, കൃപാചാര്യരിൽനിന്നു സർവ്വാസ്ത്രങ്ങളും പഠിച്ചറിഞ്ഞു, ക്ഷത്രിയധർമ്മത്തിലിരുന്ന് അറുപതാണ്ടു ഭൂമി വാഴും. ഇവക്കുശേഷം മഹാബാഹുവായ പരീക്ഷിത്ത്, ദുർബ്ബുദ്ധേ, നീ മിഴിച്ചുനില്ക്കേ, കുരുരാജാവായി വരും. ഞാനവനെ ജീവിപ്പിക്കും. എൻെറ തപസ്സിൻെറയും സത്യത്തിൻെറയും വീര്യം, നരാധമ, നീ കണ്ടുകൊൾക.''

വ്യാസനും പറഞ്ഞു: ''നീ ഞങ്ങളെ അനാദരിച്ച് ആ കട്ടപ്പം ചെയ്യുതുകൊണ്ടും, ബ്രാഹ്മണനായിട്ടും നിൻ്റെ നടപടി ഇതായതുകൊണ്ടും, ദേവകീപുത്രൻ പറഞ്ഞ ഉത്തമവാക്യം തീർച്ചയായും ഫലിക്കും.''

ദ്രൗണി പറഞ്ഞു: ''ബ്രഹ്മൻ, അവിടത്തോടുകൂടി ഞാനും മനുഷ്യരിൽ ഇരുന്നുകൊള്ളട്ടെ. ഭഗവാൻ പുരുഷോത്തമൻ സത്യവാക്കായിക്കൊള്ളട്ടെ.''

അയാൾ പാണ്ഡവക്കു ചൂഡാമണി കൊടുത്തു, മനം കെട്ട്, അവരെല്ലാം നോക്കിനില്ക്കേ, കാടു കേറി.

* * *

'ശപിക്കപ്പെട്ടവൻ' എന്ന വാക്കു മുഴുവനർത്ഥത്തിൽ വല്ലവരെപ്പററിയും പറയാമെങ്കിൽ, അതീ അശ്വത്ഥാമാ

വിനെപ്പററിയാണ്. അയാൾ നമ്മുടെ ചിരഞ്ജീവികളിൽ പ്രമുഖനുമാണ്.

അശ്വത്ഥാമാ ബലിർവ്യാസോ ഹനുമാംശ്ച
വിഭീഷണഃ
കൃപഃ പരശുരാമശ്ച സപ്തൈതേ ചിരജീവിനഃ

ആയിരമായിരമാണ്ടുകളായി സർവ്വവ്യാധികളും പിടിപെട്ടു ചോരയും ചലവും നാറി ഭൂമിയിലെ വിജനപ്രദേശങ്ങളിലും കൊട്ടുംകാട്ടുകളിലും തെണ്ടിയലയുന്ന അഥവാ, ഭഗവാൻ കൃഷ്ണദ്വൈപായനനോടൊപ്പം സർവ്വമനുഷ്യരിലും കുടികൊള്ളുന്ന, ഈ ദ്രോണപുത്രൻ ഏതാണെന്നു നിങ്ങൾ ആലോചിച്ചു നോക്കിയോ? സ്നേഹംകൊണ്ട് ഒന്നായവർ തമ്മിൽപ്പോലും കാരണാന്തരങ്ങളാൽ ഉണ്ടായിത്തീരുന്ന ദ്വേഷമത്സരങ്ങൾ ആഘാതപ്രത്യാഘാതരൂപേണ വളൎന്നുവളൎന്നു കൊടിയ യുദ്ധങ്ങളായി പരിണമിച്ചു, തലമുറകളിലൂടേ വീണ്ടും പ്രതികാരേച്ഛയായി ഈട്ടംകൂടി, തനിക്കുള്ള അനർഘമായ രത്നം പോയ്പ്പോയാലും എതിരാളിക്കു മൂലോച്ഛേദം വരുത്തിയേ നിൽക്കൂ എന്ന വാശിയായി വേരുറയ്ക്കുന്ന ആ 'പക, പക' എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ. അതിനെ, അവനെ, എപ്പോഴും എവിടേയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിനൎത്ഥം. ശ്രീയെയെന്നപോലെ ജ്യേഷ്ഠ(ചേട്ട)യേയും ഭഗവതിയായി കണ്ട* ആർഷസംസ്കാരം വ്യാസനെയെന്നപോലെ അശ്വത്ഥാമാവിനെയും ചിരഞ്ജീവിയെന്നു വാഴ്ത്തുന്നത് ഒരിക്കലും നിരൎത്ഥകമല്ല.

... ... ... ...

* വള്ളുവനാട്ടിൽ തച്ചനാട്ടുകരയിൽ ജ്യേഷ്ഠക്ക് ഒരു ക്ഷേത്രമുണ്ട്.

അന്നു കൃഷ്ണൻ അശ്വത്ഥാമാവിനു നല്കിയ ആ മൂവ്വായിരത്താണ്ടുകാലത്തെ ശാപം ഇന്നും 'കാലംകൂടി'യിട്ടില്ലതാനും. ആ ചിരഞ്ജീവി അടുത്തൊരവസരത്തിൽ നമ്മുടെ മുമ്പിൽ പ്രത്യക്ഷീഭവിക്കുകയുണ്ടായി: കഴിഞ്ഞ രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതു, ജാപ്പാൻ ദ്വീപുകളിൽ നടത്തിയ ഒരു സൌപ്തികപർവ്വത്തിനുശേഷമാണല്ലോ. അപ്പോൾ 'നഹി വൈരാണി ശാമ്യന്തി ദീർഘകാലകൃതാന്യപി*...' എന്ന യുധിഷ്ഠിരവാക്യമോർക്കുമ്പോൾ ഹൃദയം നടുങ്ങിപ്പോകുന്നു.

മനുഷ്യൻ ഇത്രയും നൂററാണ്ടുകളായി പ്രകൃതിയെ—മനുഷ്യൻെറ അന്തഃപ്രകൃതിയെയല്ല, ബാഹ്യപ്രകൃതിയെ—കീഴടക്കിക്കീഴടക്കി, പണ്ട് അശ്വത്ഥാമാവിനു വേണ്ടിവന്നേടത്തോളം ആയാസപ്പെടാതെ, അതിലും നൂറു മടങ്ങു വലിയ നാശം വരുത്താമെന്ന സ്ഥിതിയിലേക്കു പുരോഗമിച്ചിട്ടുണ്ട്; പണ്ട് ഒരുപക്ഷേ, കവിഭാവനയിൽമാത്രമിരുന്ന ബ്രഹ്മശിരോസ്ത്രം ഇന്നു നമുക്കു മറെറാരു രൂപത്തിൽ കൈവന്നു കഴിഞ്ഞുവല്ലോ. എന്നാൽ ഒരു പുല്ക്കൊടിയെടുത്തു ജപിച്ചയച്ചിട്ട് എങ്ങാനുമിരിക്കുന്ന ഒരു സ്ത്രീയുടെ വയററിലുള്ള ഗർഭത്തെപ്പോലും മുടിക്കാനുള്ള വിദ്യ ഇനിയും കണ്ടുപിടിക്കാനിരിക്കുന്നേ ഉള്ളു. അതും നാം കണ്ടുപിടിക്കും. ആ വിദ്യ അറിവുള്ള അശ്വത്ഥാമാവു ചിരഞ്ജീവിയാണല്ലോ; 'പക വീട്ടും, പക വീട്ടും' എന്നാണല്ലോ ഇന്നു വഴിനീളെ ആർത്തുവിളിക്കപ്പെടുന്ന മുദ്രാവാക്യങ്ങളും.

എല്ലാം കണ്ടുപിടിക്കട്ടെ; അതോടൊപ്പം, പ്രയോഗിച്ച അസ്ത്രത്തെത്തന്നെ നിരപായമായി പ്രതിസംഹരി

---

* വൈരം പ്രവർത്തിച്ചത് എത്രകാലം ചെന്നാലും അടങ്ങലില്ല.

പ്പാനും. അസ്ത്രംകൊണ്ടു വെന്ത ചാപിള്ളയെപ്പോലും ജീവിപ്പിച്ച് ആയുസ്സോടുകൂടിയിരുത്താനും മതിയായ ബ്രഹ്മചര്യവും തപസ്സും സത്യവുമുള്ള ആ നരനാരായണന്മാരും തക്കസമയത്തു വന്നെത്തുമെന്നു നമുക്കാശിക്കാം—സർവ്വഭൂതഹിതൈഷികളായ വ്യാസനും നാരദനും കണ്ണടച്ചില്ലിരിക്കുന്നതെന്നും. എന്തുകൊണ്ടെന്നാൽ പണ്ടു യുധിഷ്ഠിരൻ കാട്ടിൽവെച്ചു ദ്രൗപദിയോടു പറകയുണ്ടായി:

"*അഫലോ യദി ധർമ്മഃ സ്യാച്ചരിതോ ധർമ്മചാരിഭിഃ
അപ്രതിഷ്ഠേ തമസ്യേതജ്ജഗന്മജ്ജേദനിന്ദിതേ;
നിർവ്വാണം നാധിഗച്ഛേയു,ർജ്ജീവേയുഃ പശുജീവികാം."

ഭാരതയുദ്ധത്തിൽനിന്നു ശേഷിച്ച അശ്വത്ഥാമാവു ചിരഞ്ജീവിയായിട്ടും, ഇന്നും ലോകം അടിയെത്താത്ത ഇരുട്ടിലാണ്ടിട്ടില്ല, ശാന്തി നേടില്ലെന്നായിട്ടില്ല, കേവലം മൃഗജീവിതമല്ല നയിക്കുന്നതും—തീർച്ചതന്നെ, ധർമ്മചാരികൾ ചെയ്ത ധർമ്മങ്ങൾ നിഷ്ഫലമാകയില്ല.

ഇവിടെയാണ്, സത്യാഗ്രഹപ്രണേതാവായ ഗാന്ധിജിയെ ഓർത്തു നമസ്കരിക്കാനുള്ള സന്ദർഭം.

(ഭാരതപര്യടനം—യുദ്ധത്തിന്റെ പരിണാമം)

UNIVERSITY LIBRARY
18 JUN 1969
MADRAS

* ധർമ്മിഷ്ഠർ നടത്തിപ്പോന്ന ധർമ്മം നിഷ്ഫലമാണെങ്കിൽ, ഈ ലോകം നിലയില്ലാത്ത ഇരുട്ടിൽ ആണ്ടുപോയേനേ—സമാധാനമില്ല, മൃഗങ്ങളെപ്പോലെ കഴിയേണ്ടിവന്നേനെ, എങ്ങും തടസ്സങ്ങളായേനേ, ഒരു കാര്യവും നേടാഞ്ഞേനേ! അതുകൊണ്ടു ധർമ്മത്തിനു ഫലമുണ്ടെന്നു തന്നെ ഉറപ്പിച്ചോളൂ.

K50 17/9/62

# മാരാരും മലയാളസാഹിത്യവും

തൃപ്രങ്ങോട്ട കിഴക്കേ മാരാത്ത് 1900 ജൂൺ മാസം 14-ാം തീയതിയാണു് ശ്രീ കുട്ടികൃഷ്ണമാരാർ ജനിച്ചതു്. ചെറുപ്പത്തിൽ കുലവിദ്യ അഭ്യസിക്കപ്പെട്ടു, സംസ്കൃതം പഠിച്ചു. 1923-ൽ പട്ടാമ്പി സംസ്കൃത കോളേജിൽനിന്നു മദിരാശി സർവ്വകലാശാലയുടെ സാഹിത്യശിരോമണി പരീക്ഷയിൽ ജയിച്ചു. അതിനുശേഷം പതിനഞ്ചുകൊല്ലത്തോളം മഹാകവി വള്ളത്തോളിന്റെ അന്തേവാസിയായിരുന്നു—അദ്ദേഹത്തിന്റെ കൃതികളുടെ പ്രസാധകനായിട്ടും, എഴുത്തുകാരനായിട്ടും, കുട്ടികളുടെ സംസ്കൃതാദ്ധ്യാപകനായിട്ടും, ഒടുവിലെ ആറു കൊല്ലത്തോളം കേരളകലാമണ്ഡലത്തിലെ 'സാഹിത്യാചാര്യ'നായിട്ടും. 1938 മുതൽ 1961 വരെ മാതൃഭൂമി പ്രസ്സിലെ പ്രൂഫ് വായനക്കാരനായി സേവനമനുഷ്ഠിച്ചു. ഭാഷാപരിചയം, വൃത്തശില്പം, ഭാഷാവൃത്തങ്ങൾ തുടങ്ങിയ ഭാഷാശാസ്ത്രപ്രധാനമായ കൃതികളും, രഘുവംശം, കുമാരസംഭവം, മേഘസന്ദേശം തുടങ്ങിയ വ്യാഖ്യാനങ്ങളും, രാജാങ്കണം, കൈവിളക്ക്, ചർച്ചായോഗം, ദന്തഗോപുരം തുടങ്ങിയ നിരൂപണ ഗ്രന്ഥങ്ങളും കൈരളിക്കു കാഴ്ചവെച്ചതു് ഇക്കാലത്താണു്.

ശ്രീ മാരാരുടെ ഷഷ്ടിപൂർത്തിപ്രമാണിച്ചു മദിരാശിയിൽവച്ചു നടന്ന ചർച്ചായോഗത്തിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളും മാരാരുടെ കൃതികളിൽനിന്നു് തെരഞ്ഞെടുത്ത സാഹിത്യചിന്തകളുമാണു് 'മാരാരും മലയാളസാഹിത്യവും' എന്ന ഈ ഗ്രന്ഥം. ശ്രീമാന്മാർ എം. പി. ശങ്കുണ്ണിനായർ, സി. കെ. അപ്പുക്കുട്ടിഗുപ്തൻ, കെ. കുഞ്ഞുണ്ണിരാജാ, ശ്രീകൃഷ്ണശർമ്മ, കെ. എൻ. എഴുത്തച്ഛൻ, ജെ. മാതൃൂസ്, അയ്യപ്പപ്പണിക്കർ, തായാട്ട് ശങ്കരൻ എന്നിവരാണു് പ്രബന്ധകർത്താക്കൾ.

**നാഷനൽ ബുക്ക് സ്റ്റാൾ**

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

SAHITYA PRAVARTHAKA C. S. LTD. KOTTAYAM